വിശ്വാസോപനിധി

(Malayalam)

Viswasopanidhi

Published by Orthodox Theological Seminary Parish Mission

First Edition: Dec. 2015

Second Edition: Aug. 2017

No. of Copies: 1000

Cover Design: Br. Jerin Johnson

Printing: Sophia Print House, Kottayam Ph: 9947120697

Price: **Rs. 100.00**

വിശ്വാസോപനിധി

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി
കോട്ടയം

ആമുഖം

വൈദിക സെമിനാരിയുടെ ശ്രദ്ധേയമായ ഒരു പദ്ധതിയാണ് ഇടവകകൾ കേന്ദ്രീകരിച്ചു നടത്തുന്ന 'പാരിഷ് മിഷൻ.' ദശകങ്ങളായി ഇതു തുടർന്നു വരുന്നു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഒരു സംഘം വിദ്യാർത്ഥികൾ ഇടവകകളിൽ താമസിച്ച് എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും വിശ്വാസപഠന ക്ലാസ്സുകളും, സുവിശേഷ പ്രസംഗങ്ങളും, കുടുംബ നവീകരണ ധ്യാനങ്ങളും ഒക്കെ നടത്തി വരുന്നു. വിപരീതോപദേശങ്ങളുടെ സ്വാധീനം വർദ്ധിച്ചു വരുന്നു എന്നു മാത്രമല്ല, കൂടുതൽ ആകർഷകമായ നിലയിൽ അവയൊക്കെ അവതരിപ്പിക്കുകയും ചെയ്യുന്നതിനാൽ കുറേ പേർക്ക് അത്തരം നൂതന പ്രവണതകളോട് താല്പര്യം ഉണ്ടാകാനും ഇടയാകുന്നുണ്ട്. അതിനാൽ സത്യവിശ്വാസം പകർന്നു കൊടുക്കുക എന്നത് ഇടവക മിഷനിലെ പ്രധാനപ്പെട്ട സംഗതിയാണ്. ആ ലക്ഷ്യം വെച്ച് വിശ്വാസപഠനങ്ങൾ കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. സെമിനാരി അദ്ധ്യാപകർ തന്നെയാണ് അത് എഴുതിയിട്ടുള്ളതും. പിന്നീട് അവയെല്ലാം ക്രോഡീകരിച്ച് ഒരു പുസ്തകമാക്കി. അതിന്റെ ഒരു പുതിയ ആവിഷ്ക്കാരമാണ് ഈ പുസ്തകത്തിൽ നൽകിയിരിക്കുന്നത്. സത്യവിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സാധാരണക്കാരുടെ ചോദ്യങ്ങൾക്ക് ഉത്തരമായി വിശദീകരിച്ചിരിക്കുന്നത് എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ സഹായിക്കും.

തീമോത്തിയോസിന് പരിശുദ്ധനായ പൗലൂസ് ശ്ലീഹാ എഴുതിയ രണ്ടാം ലേഖനം ഒന്നാം അദ്ധ്യായം 12 മുതലുള്ള വാക്യങ്ങളിലാണ് ഈ 'ഉപനിധി' എന്ന പദപ്രയോഗം കാണുന്നത്. ശിഷ്യനായ തീമോത്തിയോസിന് പൗലൂസ് ശ്ലീഹാ ഏൽപ്പിച്ചുകൊടുത്ത വിശ്വാസപരമായ അടിസ്ഥാനങ്ങൾ എന്ന അർത്ഥമാണ് അവിടെ നൽകിയിരിക്കുന്നത്. “Good deposit” എന്നു ചില ഇംഗ്ലീഷ് തർജ്ജമകളിൽ കാണുന്നു. അപ്പോസ്തോലിക വിശ്വാസത്തിന്റെ പിൻതുടർച്ച കാത്തുസൂക്ഷിക്കാൻ പുരാതന സഭകൾക്ക് പ്രത്യേകം ബാദ്ധ്യതയുണ്ടല്ലോ. വിശ്വാസികൾ അതു മനസ്സിലാക്കുകയും വേണം. അതിലേക്കുള്ള എളിയ പരിശ്രമമാണ് ഇതിൽ നൽകിയിരിക്കുന്നത്. സെമിനാരിയിലെ അദ്ധ്യാപകരോടൊപ്പം ചില വിദ്യാർത്ഥികളും സഭാചരിത്രപണ്ഡിതനായ ശ്രീ. ഡോ. എം. കുര്യൻ തോമസും ഇതിലേക്കായി ലേഖനങ്ങൾ നൽകിയിരിക്കുന്നു. അവരോടെല്ലാം നന്ദി രേഖപ്പെടുത്തുന്നു. മുൻ പ്രിൻസിപ്പാൾ ബഹു. ഡോ. ജേക്കബ് കുര്യൻ അച്ചന്റെ വിലപ്പെട്ട നിർദ്ദേശങ്ങളും, പ്രോത്സാഹനവും കൃതജ്ഞതയോടെ സ്മരിക്കുന്നു.

സഭയുടെ സത്യവിശ്വാസം സംബന്ധിച്ച് ആർക്കും വ്യത്യസ്തമായ

അഭിപ്രായം ഉണ്ടാകാനിടയില്ല. എന്നാൽ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ വ്യത്യസ്തമായ ചില വീക്ഷണങ്ങൾ ഉണ്ടാകാനിട യുണ്ട്. അവയെ സത്യവിശ്വാസവുമായി കൂട്ടി യോജിപ്പിക്കരുത്. എന്നാലും എഴുത്തുകാർ വ്യക്തിസ്വാതന്ത്ര്യം ഉപയോഗിച്ച് എഴുതിയതിൽ കാത ലായ വ്യത്യാസങ്ങൾ കാണുന്നുവെങ്കിൽ ചൂണ്ടിക്കാട്ടാവുന്നതാണ്. അടുത്ത പതിപ്പിൽ അതു തിരുത്തുകയും ചെയ്യാം.

ഏതാനും വർഷങ്ങളായി വൈദികസെമിനാരി പഠനം പൂർത്തിയാ ക്കുന്ന ബാച്ചുകൾ അവരുടെ പഠനകാലത്തിന്റെ ഓർമ്മയ്ക്കായി സെമി നാരിയുടെ പൊതു ധാരയിൽ എന്തെങ്കിലും സംഭാവന ചെയ്യുന്നത് ശ്രദ്ധി ക്കപ്പെടുന്നുണ്ട്. മുൻ വർഷങ്ങളിൽ ചില സീഡികൾ ആയിരുന്നുവെങ്കിൽ 2015–ൽ പഠനം പൂർത്തിയാക്കിയ ശെമ്മാശ്ശന്മാർ ഒരു ഗ്രന്ഥം, ഒരു സീഡി, ഒരു കലണ്ടർ എന്നിവ സെമിനാരിയുടെ ദ്വിശതാബ്ദിയുടെ നാമത്തിൽ പുറത്തിറക്കിയതിൽ അവരെ അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം രൂപപ്പെടു ത്തുന്ന ഉദ്യമത്തിന് നേതൃത്വം വഹിച്ച പാരീഷ് മിഷൻ റിസോഴ്സ് ടീമിലെ ബഹുമാനപ്പെട്ട ടിജോ കുര്യാക്കോസ് അച്ചനെയും, സ്റ്റാൻലി ഡേവിഡ് ജെയിംസ് അച്ചനെയും, ജെറിൻ ജോൺ അച്ചനെയും, സഹശെമ്മാശ്ശ ന്മാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഇത് അനേകംപേർക്ക് പ്രയോജനപ്പെടുവാൻ ഇടവരട്ടെ എന്ന് പ്രാർ ത്ഥിച്ചുകൊണ്ട് സമർപ്പിക്കുന്നു.

ഫാ. ഡോ. ഒ. തോമസ്
പ്രിൻസിപ്പാൾ

പ്രസാധകകുറിപ്പ്

അപ്പോസ്തോലിക സഭയിൽ ആദ്യകാലം മുതൽ സത്യവിശ്വാസത്തിന്നെതിരായ പഠിപ്പിക്കലുകൾ ഉണ്ടായിട്ടുള്ളതും, അത്തരം പഠിപ്പിക്കലുകളെ സഭാപിതാക്കന്മാർ പ്രബോധനങ്ങളിലൂടെയും എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും ശക്തമായി പ്രതിരോധിച്ചിട്ടുള്ളതുമാണ്. വിശ്വാസ സമർത്ഥകന്മാർ (Apologists) എന്നപേരിൽ സത്യവിശ്വാസ സംരക്ഷകരായ പിതാക്കന്മാരെ നാം ആദരിക്കുകയും അവരുടെ പഠിപ്പിക്കലുകളെ ശ്രദ്ധാപൂർവ്വം നാം പഠിക്കുകയും പിൻതലമുറകളിലേക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്നു. സത്യവിശ്വാസത്തിന്റെ സംരക്ഷണവും, സംവേദനവും സഭയുടെ കടമയും കർത്തവ്യവുമാണ്.

സത്യവിശ്വാസത്തിൽ വിശ്വാസികളെ ഉറപ്പിക്കുന്നതിനും വിശ്വാസ സംബന്ധമായ സംശയങ്ങളും, തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു എളിയ ശ്രമമാണ് "വിശ്വാസോപനിധി" എന്ന ഈ ചെറുഗ്രന്ഥം. പഴയസെമിനാരിയുടെ ദ്വിശതാബ്ദിയുടെ ഭാഗമായി 2015-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുകയാണ്. ഈ പുസ്തകത്തിന്റെ രൂപീകരണത്തിലും പ്രസിദ്ധീകരണത്തിലും സഹായിച്ച, സഹകരിച്ച വൈദിക സെമിനാരി പ്രിൻസിപ്പൽമാർ, അദ്ധ്യാപകർ, ശെമ്മാശ്ശന്മാർ, വൈദിക വിദ്യാർത്ഥികൾ എന്നിവരോടുള്ള നന്ദി ഹൃദയപൂർവ്വം പ്രകാശിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രഥമ പതിപ്പിന്റെ പ്രസിദ്ധീകരണ ചുമതല വഹിച്ച ശെമ്മാശ്ശന്മാർ, പ്രത്യേകിച്ച് ഗ്രന്ഥത്തിന്റെ എഡിറ്റേഴ്സായി പ്രവർത്തിച്ച ഫാ. ടിജോ മണലേൽ, ഫാ. സ്റ്റാൻലി ഡേവിഡ്, ഫാ. ജെറിൻ ജോൺ എന്നിവരോടും, പുനഃപ്രസിദ്ധീകരണത്തിന് ആവശ്യമായ എഡിറ്റിംഗ് നിർവ്വഹിച്ച ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഇപ്പോൾ പാരീഷ് മിഷൻ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന ഡീക്കൻ ജോൺ മാത്യു, സെക്രട്ടറി ബിബിൻ മാത്യു, പാരീഷ് മിഷന്റെ മറ്റ് ചുമതലക്കാരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം സഭാമക്കൾക്കെല്ലാം പ്രയോജനപ്പെടട്ടെ എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

ഫാ. ഡോ. ജോസ് ജോൺ
(പാരീഷ് മിഷൻ ഡയറക്ടർ)

ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ
15-08-2017

ഉള്ളടക്കം

ആമുഖം 5

പ്രസാധകകുറിപ്പ് 7

1. ഓർത്തഡോക്സ് വിശ്വാസം 9
2. വി. സഭയും പാരമ്പര്യവും 20
3. വി. സഭയും വാങ്ങിപ്പോയവരും 26
4. വി. സഭയും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും 34
5. സ്വർഗ്ഗവും നരകവും 38
6. രക്ഷ 42
7. കുരിശിന്റെ അർത്ഥവും വ്യാപ്തിയും 50
8. ആരാധനാ സഹായികൾ 56
9. കാനോനിക നമസ്കാരം 61
10. വി. കൂദാശകൾ 66
11. വി. മാമോദീസ 71
12. വി. കുർബാന: അനുഷ്ഠാനപരമായ വിശദീകരണം 80
13. വി. കുർബാന: പ്രായോഗികത 88
14. വി. കുമ്പസാരം 95
15. വി. വിവാഹം 98
16. തൈലാഭിഷേകം 105
17. ശവസംസ്കാരം 108
18. വി. മൂറോൻ 111
19. പൗരോഹിത്യം 113
20. നോമ്പും ഉപവാസവും 126
21. പെരുന്നാളുകൾ 129
22. ഭവന കൂദാശ 137
23. പ്രത്യേക ശുശ്രൂഷകൾ 138
24. ദൈവാലയം 141
25. കുമ്പിടീൽ 151

1

ഓർത്തഡോക്സ് വിശ്വാസം

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

ഓരോ വ്യക്തിയും ഒരേ സമയം വിവിധ കുടുംബങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. അണു കുടുംബം, വിപുലമായ കുടുംബം, സഭ, രാജ്യം, ലോകം തുടങ്ങിയവ അവയിൽ ചിലതു മാത്രം. അടിസ്ഥാനപരമായി മൂന്നു തരം സഭാകുടുംബങ്ങളാണുള്ളത്. ഓർത്തഡോക്സ്, കത്തോലിക്ക, പ്രോട്ടെസ്റ്റന്റ് എന്നിങ്ങനെ തരംതിരിക്കാം. സ്വന്തം കുടുംബത്തിന്റെ വേരുകൾ അന്വേഷിക്കുന്നത് വിഭജനത്തിന്റെ മൂല്യം കൂട്ടുവാനല്ല മറിച്ച് സത്യം അറിയുവാനും അതിൽ വളർന്ന് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാക്ഷ്യം നിർവഹിക്കുവാനുമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഓർത്തഡോക്സ് സഭയെയും അതിന്റെ അടിസ്ഥാന വിശ്വാസങ്ങളെയും അന്വേഷിച്ചറിയുന്നത്.

ക്രിസ്തുവിന്റെ അനുയായികളുടെ സംഘം സഭയായി വളർന്നപ്പോൾ ആദികാലത്ത് ഓരോ പ്രാദേശികാടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങളാണ് ഉണ്ടായിരുന്നത്. ക്രമേണ വിശ്വാസ വിശദീകരണങ്ങളിൽ ഉണ്ടായ വ്യത്യാസങ്ങൾ മൂലവും വിവിധ സഭാ വിഭാഗങ്ങൾ രൂപപ്പെട്ടു. ഇന്ന് നിലവിലുള്ള സഭകളിൽ അപ്പോസ്തോലിക വിശ്വാസത്തോട് ഏറ്റവും വിശ്വസ്തത പുലർത്തി വിശ്വാസ പിന്തുടർച്ച നടത്തിയിട്ടുള്ളത് ഓർത്തഡോക്സ് സഭകളാണെന്ന് കാണുവാൻ കഴിയും.

ഓർത്തഡോക്സ് എന്ന വിശേഷണം സത്യ ആരാധനയോട് ബന്ധപ്പെട്ടതാണ്. സത്യ വിശ്വാസവും സഭയുടെ സത്യാരാധനയും വളരെ ബന്ധപ്പെട്ടതാണ്. ആദിമുതലേ സഭയുടെ ഔദ്യോഗിക ആരാധനയിലെ പങ്കാളിത്തത്തിന്റെ ഒരു പ്രധാന അടിസ്ഥാനം തന്നെ സത്യവിശ്വാസമായിരുന്നു. സത്യവിശ്വാസം ഉൾകൊള്ളുന്നവരും മാമൂദീസ സ്വീകരിച്ചവരുമാണല്ലോ സഭയുടെ ആരാധനയിൽ സംബന്ധിക്കുവാൻ അർഹതയുള്ളവർ. അതുകൊണ്ടു 'ഓർത്തഡോക്സ് ' സത്യവിശ്വാസത്തെ സംബന്ധിക്കുന്ന പദമായും മനസിലാക്കാം.

സഭകളുടെ വിഭജനം

ഓർത്തഡോക്സ് സഭാ കുടുംബത്തിൽ തന്നെ രണ്ടു വിഭാഗങ്ങളുണ്ട്. നിഖ്യാ (എ.ഡി. 325), കുസ്തന്തീനോപോലീസ് (എ.ഡി. 381), എഫേസ്സൂസ് (എ.ഡി. 431) എന്നീ ആദ്യ മൂന്നു സാർവത്രിക സുന്നഹദോസു

കൾ അവിഭജിത സഭയുടെ വിശ്വാസം ക്രോഡീകരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്തു. എന്നാൽ നാലാമത് കൂടിയ കൽക്കദോന്യ (എ.ഡി. 451) സുന്നഹദോസിൽ ഒരു അഭിപ്രായ വ്യത്യാസം ക്രിസ്തുശാസ്ത്രസംബന്ധമായി ഉണ്ടായി. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള സംയോജനത്തിന്റെ ആഴം വ്യക്തമാക്കുവാൻ സുന്നഹദോസിൽ വരുന്ന തീരുമാനം അപര്യാപ്തമാണെന്ന് ഒരു വിഭാഗം കണ്ടെത്തി. ഇതിന്റെ പേരിലുണ്ടായ വിഭജനം റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തുള്ള സഭയെയാണ് പ്രധാനമായും ബാധിച്ചത്. ഈ വിഭജനത്തിൽ കൽക്കദോന്യ സുന്നഹദോസ് തീരുമാനത്തോട് വിയോജിച്ച് നിന്നവരാണ് ഇന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നറിയപ്പെടുന്ന സഭകൾ. റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്ത് നിന്ന് ഈ സുന്നഹദോസിനെ അനുകൂലിച്ച ക്രിസ്തീയ സഭാ അംഗങ്ങൾ ഇന്ന് ബൈസന്റീയൻ ഓർത്തഡോക്സ് സഭകളെന്ന് അറിയപ്പെടുന്നു. ഈ സുന്നഹദോസിനെ അനുകൂലിച്ച റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറു നിന്നുള്ളവരും, കിഴക്കുനിന്നുള്ളവരും തമ്മിൽ വിവിധ കാരണങ്ങളാൽ പതിനൊന്നാം നൂറ്റാണ്ടിൽ വിഭജനമുണ്ടായി. അതിൽ റോം കേന്ദ്രീകരിച്ച പടിഞ്ഞാറു നിന്നുള്ളവരാണ് ഇന്ന് റോമൻ കത്തോലിക്കർ എന്നറിയപ്പെടുന്നത്. റോമൻ സഭ മിഷനറി പ്രവർത്തനത്തിലൂടെ ലോകത്തിന്റെ പലയിടങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ഈ റോമൻ കത്തോലിക്ക സഭയിലെ ചില ദുഷ്പ്രവണതകളോട് പ്രതിഷേധിച്ചാണ് പതിനാറാം നൂറ്റാണ്ടിൽ നവീകരണ സഭകളുണ്ടായത്. ഈ നവീകരണ സഭകൾ പിന്നീട് അനേക വിഭാഗങ്ങളായി പിരിയുകയും ചെയ്തു. ആധുനിക കാലത്ത് ഓരോ സുവിശേഷകന്റെ പേരിലുള്ള സ്വതന്ത്രസഭകളും കൂണുകൾ പോലെ ആരംഭിക്കയുമുണ്ടായി.

ഓർത്തഡോക്സ് സഭകൾ

മലങ്കര ഓർത്തഡോക്സ് സഭ, കോപ്റ്റിക് ഓർത്തഡോക്സ് സഭ, അർമ്മേനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭ, അന്ത്യോക്യൻ (സിറിയൻ) ഓർത്തഡോക്സ് സഭ എന്നിവയാണ് ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. കോൺസ്റ്റാന്റിനോപ്പിളിലെയും, യെരൂശലേമിലെയും, ഗ്രീസിലെയും മോസ്കോയിലെയും, സെർബിയയിലെയും, റൂമേനിയായിലെയും, ബൾഗേറിയായിലെയും, ജോർജിയായിലെയും, സൈപ്രസ്സിലെയും അന്ത്യോഖ്യയിലെയും, പോളണ്ടിലെയും, അൽബേനിയായിലെയും, ചെക്കോസ്ലോവാക്യയിലെയും, അമേരിക്കയിലെയും ഓർത്തഡോക്സ് സഭകൾ സ്വയം ശീർഷകത്വമുള്ള ബൈസന്റിയൻ ഓർത്തഡോക്സ് സഭകളാണ്. അലക്സന്ത്രിയായിലെ സ്വയം

ശീർഷകത്വമുള്ള ഗ്രീക്ക് സഭയും ഈ കുടുംബത്തിൽ പെടുന്നു. കൂടാതെ ഫിൻലണ്ടിലെയും, എസ്റ്റോണിയായിലെയും, ജപ്പാനിലേയും, ഉക്രൈനിലെയും, സീനായിലെയും ഒക്കെ ഉൾഭരണ സ്വാതന്ത്ര്യമുള്ള ഓർത്തഡോക്സ് സഭകളും ഇക്കൂട്ടത്തിൽ പെടുന്നു. ഓറിയന്റൽ ഓർത്ത ഡോക്സ് സഭകളും ബൈസന്റീയൻ ഓർത്തഡോക്സ് സഭകളും തമ്മി ലുള്ള വിശ്വാസപരമായ വ്യത്യാസം നാമമാത്രമാണ്. അതുകൊണ്ടു തന്നെ ഇരുപതാം നൂറ്റാണ്ടിലുണ്ടായ പരസ്പര സംഭാഷണങ്ങളുടെ വെളിച്ചത്തിൽ കുർബാന ഐക്യത്തിലേക്ക് അധികം വൈകാതെ എത്തി ച്ചേരുമെന്ന് കരുതുന്നു. ഈ ഓർത്തഡോക്സ് സഭകളിലെല്ലാം കൂടി ഏകദേശം മുപ്പതു കോടിയോളം വിശ്വാസികളുണ്ടെന്ന് കണക്കാക്കപ്പെ ടുന്നു.

യേശുക്രിസ്തുവിൽ വെളിപ്പെട്ടതും അപ്പോസ്തോലന്മാർ അനുഭവി ച്ചറിഞ്ഞതുമായ വിശ്വാസം തലമുറകളിലൂടെ തുടർന്നു പോകുന്നതാണ് ഓർത്തഡോക്സ് വിശ്വാസം. ഓരോ അംഗത്തിനും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കാനും ദൈവസ്വഭാവത്തിലേക്ക് വളരുവാനുമുള്ള സാഹചര്യം ഒരുക്കുന്നതുമായ ഒരു വിശ്വാസമാണിത്. കേവലം ആലോ ചനകളിലൂടെ മാത്രമല്ലെന്നും അതിലുപരിയായി ദൈവാനുഭവത്തിലൂടെ യാണ് ജീവിത രൂപാന്തരം സാധ്യമാകുന്നതെന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. ഭൂമിയിൽ തന്നെ സ്വർഗ്ഗീയാനുഭവം അക്ഷരാർത്ഥ ത്തിൽ ഒരുക്കുന്ന ആരാധനയും കൗദാശിക ജീവിതവും ഭൗതീകതയുടെ അതിപ്രസരത്തിനു നടുവിൽ സംരക്ഷണവും ആശ്വാസവുമാണ്. നിര ന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന ലോകത്തിൽ ചരിത്രത്തിലൂടെ പ്രായോഗികമായി പിന്തുടർന്നു വരുന്നതും പരിശുദ്ധ ത്രിത്വാധിഷ്ഠിത വുമായ സ്ഥായിയായ വിശ്വാസം ഒരുക്കുന്ന സുരക്ഷിതത്വവും ഉറപ്പും ഏറെ പ്രസക്തമാണ്. ഈ സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിന് സഭയ്ക്കു മുഴുവനും ചുമതലയുണ്ടെങ്കിലും എപ്പിസ്കോപ്പായും, പരി. എപ്പിസ്കോപ്പൽ സുന്നഹദോസും അക്കാര്യത്തിൽ പ്രത്യേകം പ്രതി ജ്ഞാബദ്ധമായിരിക്കുന്നു എന്നത് ഓർത്തഡോക്സിയുടെ പ്രത്യേകത യാണ്.

പുരാതന പൈതൃകം ഉള്ള റോമൻ കത്തോലിക്ക സഭയുമായി താര തമ്യപ്പെടുത്തുമ്പോൾ ഓർത്തഡോക്സ് സഭകൾക്ക് നവീകരണസഭക ളെക്കാൾ പലമടങ്ങു സാധർമ്യം കാണുവാൻ കഴിയും. എങ്കിലും മാർപ്പാ പ്പയുടെ തെറ്റിക്കൂടായ്മ, ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന അധി കാര പരിധി, പാപ്പ മാത്രമാണു പത്രോസിന്റെ ഏക പിന്തുടർച്ച, ആദ്യ പാപം സന്തതികളിലൂടെ കൈമാറ്റപ്പെടുന്ന കുറ്റബോധമാണെന്നുള്ള ചിന്ത, 'ഫിലിയൊക്കെ' അഥവാ പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ

സംബന്ധിച്ചു “പിതാവിൽ നിന്നും” എന്ന നിഖ്യാ വിശ്വാസപ്രമാണത്തി ലുള്ളതിനോടുകൂടി “പുത്രനിൽ നിന്നും” എന്നു കൂട്ടിചേർത്തത്, കന്യക മറിയാമിനെ സംബന്ധിച്ച അമലോൽഭവ വാദം, “ബസ്പൂർക്കാന” അഥവാ ദണ്ഡവിമോചന സ്ഥലം, തുടങ്ങിയ കത്തോലിക്ക സഭയുടെ വിശ്വാസ ചിന്തകൾ ഓർത്തഡോക്സിക്ക് നിരക്കുന്നതല്ല. എങ്കിലും കത്തോലിക്ക സഭയുടെ വിശ്വാസത്തിലുള്ള വൈജാത്യങ്ങളുടെ വിശ ദാംശങ്ങളിലേക്കു കടക്കുന്നതിലുപരി നവീകരണ സഭകളുടെ വിശ്വാസ രീതികൾ ഓർത്തഡോക്സ് വിശ്വാസ രീതികളിൽ നിന്നു എങ്ങനെ വ്യതി ചലിച്ചിരിക്കുന്നു എന്നതാണ് ഈ ലേഖനത്തിൽ തുടർന്നു അന്വേഷി ക്കുന്നത്. ഓർത്തഡോക്സ് വിശ്വാസത്തിൽ കാതലായത് വ്യക്തമാക്കി കൊണ്ടു ഈ അന്വേഷണം നടത്താം.

ഓർത്തഡോക്സ് വിശ്വാസത്തിന്റെ സത്ത

ഓർത്തഡോക്സ് സഭകൾ പുരാതനമായ അപ്പോസ്തോലിക സഭ യുടെ പിന്തുടർച്ചയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അപ്പോസ്തോലന്മാർ രൂപപെടുത്തിയ സഭയുടെ കാലഘട്ടങ്ങളിലൂടെയുള്ള രൂപവികാസമാണ് ഓർത്ത ഡോക്സ് സഭയിൽ കാണുന്നത്. അപ്പോസ്തോലീക വിശ്വാസ പാരമ്പ ര്യത്തോടു ഏറ്റവുമധികം വിശ്വസ്തത പുലർത്തുന്ന സഭകളാണ് ഓർ ത്തഡോക്സ് സഭകളെന്ന സത്യം വിനയത്തോടും നന്ദിയോടും സ്മരി ക്കേണ്ടതാണ്.

വിശ്വാസം ദൈവീക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണ മാണല്ലോ. സൃഷ്ടിയിലൂടെയും പ്രവാചകന്മാരിലൂടെയും ഗുരുക്കന്മാരി ലൂടെയും തന്നെത്താൻ മനുഷ്യനു വെളിപ്പെടുത്തുന്ന ദൈവം തന്റെ ഏക ജാതനായ ക്രിസ്തുവിലൂടെ സ്നേഹപൂർവ്വം വെളിപെടുത്തിയത് അനുഭവിച്ചറിഞ്ഞ് വിശ്വസിച്ച അപ്പോസ്തോലന്മാർ ഉൾപ്പെടെയുള്ള ആദിമ സഭാസമൂഹം ആ വിശ്വാസം തലമുറകളിലൂടെ കൈമാറാൻ സഭയ്ക്ക് അടിസ്ഥാനമിട്ട് ക്രമീകരണം ചെയ്തു. പരിശുദ്ധാത്മ സഹാ യത്താൽ ആ വിശ്വാസം വിവിധ രീതിയിൽ ആവിഷ്കരിച്ചതിനെ ഒരുമി പ്പിച്ച് ആണ് ഓർത്തഡോക്സ് സഭകൾ വിശ്വാസ പാരമ്പര്യമായി മന സിലാക്കുന്നത്. വി. വേദപുസ്തകവും, ആരാധനയും, വിശ്വാസപ്രമാ ണവും, സഭാപിതാക്കന്മാരുടെ എഴുത്തുകളും വിശുദ്ധന്മാരുടെ ജീവിത സാക്ഷ്യവും എല്ലാം ഈ പാരമ്പര്യത്തിന്റെ ആവിഷ്ക്കാരങ്ങൾ ആണ്.

വേദപുസ്തകവും സഭാവിശ്വാസവും

വേദപുസ്തകം ഈ വലിയ പാരമ്പര്യത്തിന്റെ ഒരു പ്രമുഖ ഘടക മാണ്. വേദപുസ്തകവും പാരമ്പര്യവും എന്ന് ഈ കാര്യത്തിൽ

വേർതിരിച്ച് ചിന്തിക്കുകയല്ല. അതേ സമയം ഈ വലിയ പാരമ്പര്യത്തിനു വിരുദ്ധമാകാത്ത ചെറു പാരമ്പര്യങ്ങൾ സഭയുടെ വികാസ പരിണാമത്തിൽ ഓരോ പ്രദേശത്തും ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. വേദപുസ്തകം, പ്രത്യേകിച്ച് പുതിയ നിയമം സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയാണ്. എന്നാൽ കത്തോലിക്കാ സഭയോട് പ്രതിഷേധിച്ച് രൂപപ്പെട്ട നവീകരണ സഭകളും അവയിൽ നിന്നുണ്ടായ സമാന്തര വിഭാഗങ്ങളും, ആധുനിക റിവൈവൽ സംഘങ്ങളും കരിസ്മാറ്റിക് സമൂഹങ്ങളും എല്ലാം "വേദപുസ്തകം മാത്രം" (Sola Scriptura) എന്ന പ്രമാണം ഉയർത്തിപിടിക്കുന്നവരാണ്. വേദപുസ്തകത്തെ ആദരപൂർവ്വം കരുതുകയും ജീവനുള്ള വചനങ്ങളുടെ അറിയിപ്പായി വായിച്ചു കേൾക്കുകയും ചെയ്യുന്ന ഓർത്തഡോക്സ് സഭ ഈ പ്രമാണം സ്വീകരിക്കുന്നില്ല. "വേദപുസ്തകം മാത്രം" എന്നത് ഊന്നൽ നൽകുമ്പോൾ വേദപുസ്തകം ഇന്നത്തെ രീതിയിൽ രൂപപ്പെട്ടിട്ടില്ലാതിരുന്ന ആദിമ ക്രിസ്തീയ സഭയുടെ ക്രിസ്തീയ ജീവിതം എങ്ങനെയായിരുന്നു എന്നത് ചോദിക്കേണ്ടിവരും.

പള്ളി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ആരംഭവും വളർച്ചയും നോക്കുമ്പോൾ അതിന്റെ ജൂബിലിക്ക് പ്രസിദ്ധീകരിക്കുന്ന ഒരു സുവനീർ മാത്രംകൊണ്ട് ആ സ്ഥാപനം സംബന്ധിച്ച സകലവും ആയി എന്ന് പറയുന്നത് അഭികാമ്യമല്ല. സുവനീറിലെ റിപ്പോർട്ടിൽ ആ സ്ഥാപനത്തിന്റെ ചരിത്രത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രവർത്തകരുടേയും എല്ലാ വസ്തുതകളും പൂർണ്ണമായി ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതുകൊണ്ട് ആ സുവനീറിലെ റിപ്പോർട്ടിൽ പറയുന്നത് അസത്യമാണെന്ന് അർത്ഥമില്ല. ഇതുപോലെയാണ് വേദപുസ്തകത്തിന്റെ കാര്യവും. യേശുക്രിസ്തു ചെയ്ത പല കാര്യവും സുവിശേഷത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതും (വി. യോഹ. 20:30, 21:25) എഴുതപ്പെടാത്ത പാരമ്പര്യങ്ങളെയും മുറുകെപിടിക്കുവാൻ പ. പൗലോസ് ശ്ലീഹായും മറ്റും ഓർമ്മിപ്പിക്കുന്നതും (2 തെസ്സ 2:15, 3:6) ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഓർത്തഡോക്സ് സഭകളിലെ ആരാധനയുടെയും കൂദാശകളുടെയും പൗരോഹിത്യത്തിന്റെയും ഒക്കെ സാധർമ്മ്യം സൂചിപ്പിക്കുന്നത് സഭയുടെ ആരംഭം മുതലുള്ള തുടർച്ചയും വികാസവുമാണ്. ഒരു പള്ളിയുടെ ജൂബിലിക്ക് ഇറക്കുന്ന റിപ്പോർട്ടിൽ ആ പള്ളിയിലെ അംഗങ്ങൾ വി. കുർബാന കർത്താവിന്റെ തിരുശരീര രക്തങ്ങളായി വിശ്വസിച്ചു സ്വീകരിക്കുന്നു എന്ന് എഴുതിയിട്ടില്ലായിരിക്കും. ഇക്കാരണത്താൽ ആ റിപ്പോർട്ട് ഒരു നൂറ്റാണ്ടിനു ശേഷം ആ പള്ളിയിൽ പെടാത്ത ഒരു കൂട്ടം ആളുകൾ ചേർന്ന് വ്യാഖ്യാനിക്കുമ്പോൾ ആ പള്ളിയുടെ ആരംഭത്തിൽ

വിശ്വാസികൾ വി. കുർബാനയെ തിരുശരീര രക്തങ്ങളായി കരുതിയിരുന്നില്ല എന്ന് പറഞ്ഞാൽ ആ പള്ളിയുടെ യഥാർത്ഥ പിന്തുടർച്ചക്കാർ അത് സ്വാഭാവികമായും നിഷേധിക്കും. ഇതുപോലെയാണ് വേദപുസ്തകം ദുരുപയോഗപ്പെടുത്തിയും ദുർവ്യാഖ്യാനങ്ങൾ നല്കിയും ആദിമസഭയുടെ വിശ്വാസ പാരമ്പര്യ തുടർച്ചയുള്ള ഓർത്തഡോക്സ് സഭാ വിശ്വാസത്തെ പലരും വിമർശിക്കുവാൻ ശ്രമിക്കുന്നത്. പരിശുദ്ധ ത്രിത്വ വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസമാണ്. പിതാവും പുത്രനും പരിശുദ്ധറൂഹായും ചേർന്ന നിത്യമായ സ്നേഹസമൂഹമാണ് ത്രിയേക ദൈവം. പിതാവ് മാറി ചരിത്രത്തിൽ പുത്രനായി വരികയായിരുന്നു. നിത്യതയിൽ പിതാവിനൊപ്പമുണ്ടായിരുന്ന ദൈവപുത്രൻ ചരിത്രത്തിൽ മനുഷ്യാവതാരം ചെയ്യുകയായിരുന്നു. പുത്രനും പരിശുദ്ധ റൂഹായും സൃഷ്ടിക്കപ്പെട്ടവരല്ല. സ്രഷ്ടാവായ പിതാവിനൊപ്പം ആരാധിക്കപ്പെടേണ്ടവർ ആണ്. പരി. ത്രിത്വത്തിൽ മൂന്ന് വ്യത്യസ്ത വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും മൂന്നുപേരും ഏക ഇച്ഛയും ദൈവത്വമെന്ന ഏക സാരാംശമുള്ളവരുമാണ്. കർത്താവിന്റെ മാമോദിസായിൽ വെളിപ്പെട്ട പ. ത്രിത്വത്തിന്റെ പ്രകാശനം - ദനഹ (വി. മത്തായി 3:13-17) കൂടുതൽ വ്യക്തമാവുകയും നിഖ്യാ വിശ്വാസപ്രമാണത്തിൽ അത് ക്രോഡീകരിക്കുകയും ചെയ്തിരിക്കുന്നു.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചുണ്ടായ പൂർണ്ണ ആളത്വമായിരുന്നു യേശുക്രിസ്തു. ദൈവപുത്രന്റെ മർത്തീകരണം ഒരു വലിയ രഹസ്യമാണ്. അവിടുന്ന് മനുഷ്യനായി കേവലം കാണപ്പെടുക മാത്രമല്ല. പൂർണ്ണമായി മനുഷ്യനായി തീരുകയായിരുന്നു. ക്രമേണ ഒരു വലിയ ഗുരുവായി തീർന്ന ഒരു മനുഷ്യൻ മാത്രമല്ലായിരുന്നു ക്രിസ്തു. അദൃശ്യനായ ദൈവത്തിന്റെ സ്വഭാവം ചരിത്രത്തിൽ വെളിപ്പെടുത്തുകയും പൂർണ്ണ മനുഷ്യത്വം എന്തെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്ത ഒരു വലിയ രഹസ്യമായ വ്യക്തിത്വമായിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും, പഠിപ്പിക്കലുകളും , ക്രൂശുമരണവും, ഉയിർപ്പും എല്ലാം രക്ഷാകരമാണ്. ക്രിസ്തു സകല നിഷേധാത്മക സ്വാധീനങ്ങളിൽ നിന്നും സ്വാതന്ത്ര്യവും ജീവന്റെ സഫലീകരണവും സാധ്യമാക്കുന്ന സമൃദ്ധമായ ജീവന്റെ ഉറവയാണ്. പാപത്തെയും മരണത്തെയുമെല്ലാം അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റവും നിർണ്ണായകമാണ്. റോമൻ കത്തോലിക്കാ സഭാ പാരമ്പര്യത്തിൽ ക്രൂശിതരൂപവും മറ്റും ധാരാളമായി ഉപയോഗിക്കുമെങ്കിലും ഓർത്തഡോക്സ് സഭകൾ ശൂന്യമായ ക്രൂശുകൾ ഉപയോഗിക്കുന്നത് ക്രിസ്തു ഉയിർത്തിരിക്കുന്നു എന്ന സത്യം നിരന്തരം പ്രഖ്യാപിക്കാനാണ്.

ക്രിസ്തുവിൽ വിശ്വസിക്കുകയും അനുഗമിക്കുകയും ചെയ്തവർ പരിശുദ്ധാത്മശക്തിയാൽ പെന്തക്കോസ്തി ദിവസം മുതൽ ഒരു സഭയായി

രൂപപ്പെട്ടു വളർന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. ദൈവത്തെ സ്നേഹിച്ചും ആരാധിച്ചും ജീവിക്കുവാനും ദൈവസ്നേഹം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തിനു വെളിപ്പെടുത്തികൊടുക്കുവാനും ക്രിസ്തുവിൽ വിളിക്കപ്പെട്ട സമൂഹമാണ് സഭ. എന്നാൽ വർത്തമാനകാലത്തെ അംഗങ്ങൾ മാത്രമുള്ള ഒരു സംഘമായി മാത്രമാണ് നവീകരണ പാരമ്പര്യത്തിലുള്ള മിക്കവരും സഭയെ കാണുന്നത്. വിശ്വാസികളായി കടന്നുപോയവരും ചരിത്രത്തിൽ ജീവിക്കുന്നവരും വരുവാനുള്ളവരും എല്ലാം ചേർന്ന് വരുന്ന വിശുദ്ധ സമൂഹമാണ് സഭ എന്നതാണ് ഓർത്തഡോക്സ് വിശ്വാസം. ഒരോ പ്രദേശങ്ങളിലും അല്ലെങ്കിൽ ഒരോ രാജ്യത്തും സ്വയം ഭരണാവകാശമുള്ള സമൂഹമായി നിലകൊള്ളുന്നത് ഐക്യത്തിനു തടസ്സമായി ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നില്ല. ഏക അപ്പോസ്തോലിക വിശ്വാസത്തിന്റെ പൂർണ്ണതയും പിന്തുടർച്ചയും സഭയുടെ ഐക്യവും അപ്പോസ്തോലികത്വവും ഉറപ്പുവരുത്തുന്നു. പാപവും കുറവുമുള്ള അംഗങ്ങൾ ഉണ്ടെങ്കിലും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പൂർണ്ണതയും പൂർത്തിവരുത്തുന്നവനുമായ സഭയുടെ തലവനായ ക്രിസ്തുവിനോടു ചേർന്ന് വിശുദ്ധിയിലേക്ക് പുരോഗമിക്കുന്ന ഒരു തീർത്ഥസംഘമായാണ് സഭയുടെ ആത്മബോധം. ക്രിസ്തുവിനെപ്പോലെ എല്ലാവർക്കും വേണ്ടി നിലകൊള്ളുന്ന ക്രിസ്തുസാന്നിധ്യമായ സഭ കാതോലികമാണ്. ലോകത്തിൽ ദൈവരാജ്യത്തിന്റെ പ്രതീകവും ഉപകരണവുമായിരിക്കുകയും അംഗങ്ങളുടെ ദൈവീകരണം ഉറപ്പാക്കുകയും ചെയ്യുവാനുള്ള നിയോഗമാണ് സഭയ്ക്കുള്ളത്.

യൂറോപ്പിലെ കത്തോലിക്കാ സഭയുടെ അധികാരകേന്ദ്രങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആരംഭിച്ച നവീകരണ ശ്രമങ്ങൾ ക്രമേണ ആവശ്യത്തിലധികം വ്യക്തികേന്ദ്രീകൃതമായ ശൈലിയിലേക്ക് നീങ്ങുകയായിരുന്നു. കൈവെയ്പ്പിനാൽ കൈമാറ്റപ്പെട്ടുവന്ന സഭയിലെ അധികാരങ്ങളെ എതിർത്ത് സഭയെ തകർത്തു ഓരോ വിശ്വാസിയെയും അധികാര കേന്ദ്രമാക്കാൻ ശ്രമിച്ചപ്പോൾ വളരെ വ്യത്യസ്തങ്ങളായ വേദവ്യാഖ്യാനങ്ങളും വിശ്വാസ പഠിപ്പിക്കലുകളും ഉണ്ടാവുകയും സഭകൾ നിരന്തരം വിഭജിക്കപ്പെടുകയും ചെയ്തു. "വേദപുസ്തകം മാത്രം" ഏക അധികാര മാർഗ്ഗനിർദ്ദേശം എന്നു കരുതി രൂപപ്പെട്ട നവീകരണസഭ ക്രമേണ അനേക വിഭാഗങ്ങളായി വിഭജിക്കപ്പെട്ടത് സഭയെ അവഗണിക്കുന്ന വ്യക്തികേന്ദ്രീകൃത ശൈലി ശക്തിപ്പെട്ടതു കൊണ്ടല്ലേ?. ബിഷപ്പും, മൂപ്പനും, ശെമ്മാശനും (ഫിലി. 1.1, യാക്കോ. 5.14) ഉൾക്കൊള്ളുന്ന സഭാശുശ്രൂഷാ ശ്രേണി ആദിമസഭയിൽ തന്നെ ആരംഭിച്ച് ക്രമേണ വികാസം പ്രാപിച്ചതാണ്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലെഴുതിയ പ. ഇഗ്നാത്തിയോസ് നൂറോനോയുടെ എഴുത്തുകൾ ഉൾപ്പെട്ട രേഖകളും

മെത്രാപ്പോലീത്ത, പുരോഹിതൻ, ശെമ്മാശൻ എന്നിങ്ങനെയുള്ള സഭയുടെ ത്രിവിധ പ്രത്യേക ശുശ്രൂഷ നേതൃത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ്. മഹാപുരോഹിതനായ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കുചേരുന്ന നേതൃത്വം എന്ന അർത്ഥത്തിൽ ഓരോ പ്രദേശത്തെയും സഭയുടെ അധ്യക്ഷനെ പുരോഹിതൻ എന്നു വിളിക്കുന്നത് മൂന്നാം നൂറ്റാണ്ടു മുതൽ കൂടുതൽ വ്യക്തമാകുന്നു. വടക്കേ അമേരിക്കയിൽ പതിനെട്ടാം നൂറ്റാണ്ടിലും മറ്റും ആരംഭിച്ച് വളർന്ന റിവൈവൽ ക്രിസ്തീയ സമൂഹങ്ങളിലും അവയുടെ തുടർച്ചയായ പെന്തക്കോസ്തു വിഭാഗങ്ങളിലും സകല വിശ്വാസികളുടെയും രാജകീയ പൗരോഹിത്യം പറഞ്ഞുകൊണ്ടു സഭയിലെ പ്രത്യേക പൗരോഹിത്യ ശുശ്രൂഷാ സംവിധാനങ്ങളോടുള്ള എതിർപ്പും വിമർശനവും ശക്തമാക്കി. എല്ലാ വിശ്വാസികൾക്കും ലഭിക്കുന്ന ആദ്യ പട്ടംകൊടയായ മാമോദീസായിലൂടെ കിട്ടുന്ന പൗരോഹിത്യ നൽവരം ഉണ്ടെങ്കിലും പ്രത്യേകം വിളിച്ച് വേർതിരിച്ചു പട്ടം നൽകുന്നത് വഴി കുറേ പേർ പ്രത്യേക ക്രിസ്തുസാന്നിദ്ധ്യ നേതൃത്വമായി പരിണമിക്കുന്നു എന്ന പുരാതന വിശ്വാസം ഓർത്തഡോക്സ് സഭകൾ നിലനിർത്തുന്നു.

ഓർത്തഡോക്സ് സഭ നിരന്തരമുള്ള പ്രാർത്ഥനാ ജീവിതവും കൂദാശാനുഷ്ഠാനങ്ങളും നിഷ്കർഷിക്കുന്നതിന്റെ ഉദ്ദേശ്യം മാമോദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച ഓരോരുത്തരും ക്രിസ്തുവെന്ന തലയോളം വളരണമെന്ന ലക്ഷ്യത്തോടെയാണ്. ഈ ദൈവീകരണ പ്രകീയ ജീവിതം മൂഴുവൻ തുടർന്നുകൊണ്ടേ ഇരിക്കേണ്ടതാണ്. ദൈവപുത്രൻ മനുഷ്യനായത് മനുഷ്യർ ദൈവപുത്രന്മാരാകേണ്ടതിനാണെന്നും, ദൈവത്തെപോലെ ആകുക അഥവാ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണു (വി. മത്തായി 5.45; 2 പത്രോസ് 1.4, 3 കൊരിന്ത്യർ 3.18) പരമ പ്രധാന ജീവിത ലക്ഷ്യമെന്നും ഓർത്തഡോക്സ് വിശ്വാസം നിഷ്കർഷിക്കുന്നു. ക്രിസ്തുവിനെപ്പോലെ കരുണയും, ത്യാഗവും, ക്ഷമയും, ദൈവ സംസർഗവുമൊക്കെയുള്ള മനുഷ്യരായി നിരന്തരം കൃപ പ്രാപിച്ചു വളരുവാനുള്ള സാദ്ധ്യത ഓരോരുത്തരിലും ഉണ്ട്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട (ഉല്പത്തി 1.26, 27) അഥവാ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സാക്ഷാത്കാരം സാധ്യമാകുന്ന ഈ ദൈവീകരണ പ്രക്രീയ ഓർത്തഡോക്സ് ആത്മീയതയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യമാണ്. ഒരു വിത്ത് വളർന്ന് മരമാകുന്നത് പോലെ ഒരു മനുഷ്യൻ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യനായി തീരുന്ന ഈ പ്രക്രിയയെ മാനുഷീകരണം എന്നും വിളിക്കാം.

എന്നാൽ ആധുനിക നവീകരണസഭകളും മറ്റും "പ്രവൃത്തിയാലുള്ള രക്ഷ" എന്നു തെറ്റായി പഠിപ്പിച്ച് ആദിമ നൂറ്റാണ്ടു മുതൽ സഭയിൽ

ശക്തമായി നിൽക്കുന്ന ഈ ദൈവീകരണ ദർശനത്തെ അവഗണിക്കുന്നു. വിശ്വാസം മാത്രം (sola fide) എന്നും, കൃപ മാത്രം (sola gracia) എന്നും ഉള്ള പഠിപ്പിക്കലുകളിലൂടെ എതിർക്കുന്നത് പുരാതന സഭകളുടെ ആത്മീയാനുഷ്ഠാനങ്ങളെയാണ്. അതേ സമയം തന്നെ ഉദ്ദിഷ്ഠകാര്യ സാധ്യത്തിനായി ഈ നൂതന വിഭാഗങ്ങളിൽ ഉപവാസവും പ്രാർത്ഥനയുമൊക്കെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പരി. പൗലൊസ് ശ്ലീഹാ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും ക്രിസ്തുവിൽ ലഭ്യമായ രക്ഷയെ ഉയർത്തികാട്ടുകയും ചെയ്യുന്നതല്ലാതെ ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടു വളരുവാനുള്ള കൃപ സ്വീകരിക്കുവാനായി ആത്മീയാനുഷ്ഠാനങ്ങൾ നടത്തുന്നതിനെ എതിർക്കുന്നില്ല. വിശ്വാസത്താലുള്ള രക്ഷയെന്നത് ഓർത്തഡോക്സ് പഠിപ്പിക്കലിലും പ്രധാനമാണ്. എന്നാൽ ഓർത്തഡോക്സ് ക്രിസ്ത്യാനി ദൈവീകരണത്തിനായുള്ള കൃപ പ്രാപിച്ചു വളരുവാൻ നിരന്തരം ദൈവത്തോട് സഹകരിക്കുവാനായി നിർവഹിക്കുന്ന ആചാരാനുഷ്ഠാനങ്ങളെ വിശ്വാസത്തിനു വിരുദ്ധമായി കാണുന്നില്ല. പ. പൗലോസ് ശ്ലീഹാ "രക്ഷക്കായി പ്രവർത്തിപ്പിൻ "(ഫിലിപ്യർ 2.12) എന്നു പഠിപ്പിക്കുന്നതും മറ്റും ഈ വെളിച്ചത്തിൽ മനസിലാക്കേണ്ടതാണ്. ഒരു പ്രത്യേക സമയത്ത് ജീവിതത്തിൽ അനുഭവപ്പെട്ട മാനസാന്തരം പൂർണ്ണ രക്ഷയായി എന്നു തെറ്റിദ്ധരിച്ചിരിക്കുന്ന നൂതന ക്രിസ്തീയ വിഭാഗങ്ങൾക്ക് ഇതിന്റെ അർത്ഥം മനസിലാക്കുവാൻ ബുദ്ധിമുട്ടായിരിക്കാം. രക്ഷ വാഗ്ദാനം ചെയ്ത് പാപമോചനച്ചീട്ട് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പല ഹീന നടപടികളിലേക്കും സഭ അധഃപതിച്ചപ്പോളാണല്ലോ മാർട്ടിൻ ലൂഥറിനെ പോലെയുള്ളവർ "വിശ്വാസത്താൽ മാത്രം" എന്നു പറഞ്ഞു കത്തോലിക്ക സഭയോടു ശക്തമായി പ്രതിഷേധിച്ചത്. അദ്ദേഹം റോമ ലേഖനം 3:28 ജർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ "മാത്രം" എന്ന അർത്ഥം വരുന്ന ALLIEN എന്ന ജർമ്മൻ വാക്ക് കൂട്ടിചേർത്തത് ഈ പശ്ചാത്തലത്തിലാണ്. വേദപുസ്തകത്തിൽ "വിശ്വാസത്താൽ മാത്രം" എന്നു പറഞ്ഞിരിക്കുന്ന ഏക ഭാഗം നിഷേധാത്മകമായ അർത്ഥത്തിൽ യാക്കോബിന്റെ ലേഖനം 2:24 – ൽ ആണ്. അവിടെ വിശ്വാസം പ്രവൃത്തികളാൽ പ്രകടമാകണം എന്ന അർത്ഥത്തിൽ പ്രവൃത്തിയാലുള്ള നീതീകരണം പറഞ്ഞിരിക്കുന്നതും ക്രിസ്തീയ വിശ്വാസത്തിൽ നിർണ്ണായകമാണ്.

വിശുദ്ധ കൂദാശകളുടെ അടിസ്ഥാനം ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. കാണാനും കേൾക്കാനും തൊടാനും പറ്റത്തക്കവിധം ദൈവപുത്രൻ മനുഷ്യനായ മഹാ രഹസ്യമാണത്. ഈ രഹസ്യത്തിന്റെ അനുഭവം ആണ് വിശുദ്ധ കൂദാശകളിലൂടെ സാധ്യമാകുന്നത്. കൂദാശകളിൽ അനുഭവിച്ചറിയാൻ കഴിയുന്ന അപ്പ വീഞ്ഞുകളും, എണ്ണയും, വെള്ളവു

മൊക്കെ ദൈവകൃപയുടെ മുഖാന്തിരങ്ങളാകുന്നു. ആദ്യകാല നവീകരണ കർത്താക്കൾ കൂദാശകളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തിയെങ്കിൽ അവരുടെ പിൻതലമുറക്കാർ കൂദാശകളെ വെറും പ്രതീകമായി അവതരിപ്പിക്കുകയും ചെയ്തു. ഇവരുടെ ആധുനിക തലമുറയുടെ നൂതന ചിന്തയിൽ മാമോദീസ തുടങ്ങിയ ശുശ്രൂഷകൾ സ്വീകരിക്കുന്ന ആളിൽ പ്രത്യേകമായ കൃപാനുഭവം ഒന്നും തന്നെ ഉണ്ടാകുന്നില്ല. എന്നാൽ വേദകൽപ്പന ഉള്ളത് കൊണ്ട് നിർവഹിക്കുന്നു എന്നു മാത്രം.

കൂദാശകളോട് എന്ന് മാത്രമല്ല ആദ്ധ്യാത്മീകതയും, പദാർത്ഥമയമായതും തമ്മിലൊരു ബന്ധവുമില്ല എന്ന തെറ്റിധാരണയിൽ ആരാധനാലയത്തിനും, തപശ്ചര്യകൾക്കും, കുമ്പിടീലിനും, ഐക്കണുകൾക്കും, കുരിശിനും, ഇതര ആരാധന പ്രതീകങ്ങൾക്കും ഒന്നും ആദരജനകമായ ഒരു പ്രത്യേകതയും ഈ നവവിശ്വാസ കൂട്ടായ്മ നൽകുന്നില്ല. പദാർത്ഥമായതെല്ലാം തിൻമയാണെന്ന് തെറ്റിദ്ധരിച്ചു ക്രിസ്തുവിന്റെ മനുഷ്യത്വത്തെ അംഗീകരിക്കാതിരിക്കുന്ന 'തോന്നൽ വാദക്കാരേ' ആദിമ സഭ അംഗീകരിക്കുന്നില്ല. (1 യോഹന്നാൻ 4:2) ആദ്ധ്യാത്മീകതയെ മനസിലും, രഹസ്യമായ ജ്ഞാനത്തിലും ഒതുക്കി പദാർത്ഥമായ കൂദാശാനുഭവങ്ങളെ പാടെ അവഗണിച്ച ജ്ഞാനവാദക്കാരേയും ആദിമസഭ പുറംതള്ളുകയായിരുന്നല്ലോ. ആദിമസഭ നേരിട്ട ഈ വിരുദ്ധനിലപാടുകളെ ഓർമിപ്പിക്കുന്ന വിശ്വാസ ശൈലിയാണ് ഓർത്തഡോക്സ് വിശ്വാസത്തെ വേദവിരുദ്ധമായി ചിത്രീകരിക്കാൻ ശ്രമിക്കുന്ന നൂതന "ക്രിസ്തീയ" വിഭാഗക്കാർ പിന്തുടരുന്നത്. ഇതിന്റെ അനന്തരഫലമായി ഈ ലോകത്തിലെ തിന്മകളിൽ നിന്നെല്ലാം പിൻമാറുന്ന നിഷ്ക്രിയത്വവും നിസംഗതയും വർധിക്കുന്നു. അതേ സമയം തന്നെ സ്വന്തം ആർഭാടങ്ങൾ വർദ്ധിപ്പിക്കുന്ന സമൃദ്ധിയുടെ സുവിശേഷം വേണ്ടുവോളം ആസ്വദിക്കുകയും ചെയ്യുന്നു.

യുഗാന്ത്യം സംബന്ധിച്ചും മരണാനന്തരാനുഭവം സംബന്ധിച്ചും വളരെ പ്രത്യാശനിർഭരമായ വിശ്വാസം ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസത്തിലുണ്ടെങ്കിലും അവയുടെ സുദീർഘമായ വിശദീകരണങ്ങൾ സാധാരണ നടത്തിക്കാണുന്നില്ല. ക്രിസ്തുവിന്റെ പ്രത്യക്ഷത, പൊതുവായ ഉയിർപ്പ്, ന്യായവിധി, ദൈവത്തോടൊപ്പമുള്ള നിത്യത തുടങ്ങിയവയൊക്കെയാണ് യുഗാന്ത്യ ചിന്തയുടെ ഉള്ളടക്കം. തന്റെ വലിയ മഹത്വത്തോടെ വരുവാനിരിക്കുന്നവനും. "തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായിലും" ഉള്ള വിശ്വാസവും "മരിച്ചുപോയവരുടെ ഉയിർപ്പിലും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുവേണ്ടിയുള്ള പ്രത്യാശയും" എല്ലാ ദിവസവും നിഖ്യാ വിശ്വാസ പ്രമാണത്തിലൂടെ നാം ഉറപ്പിച്ച് പറയുകയും ചെയ്യുന്നതാണല്ലോ. എന്നാൽ

നൂറ്റാണ്ടുകളായി റിവൈവൽ ക്രിസ്തീയത പ്രചരിപ്പിച്ച് വരുന്ന യുഗാന്ത്യ ചിന്തയിൽ ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ ക്രിസ്ത്യാനികൾ അവനോട് ചേരുവാൻ പെട്ടെന്ന് ആകാശത്തിലേക്ക് എടുക്കപ്പെടുകയും അവശേഷിക്കുന്നവർ ഭൂമിയിൽ പീഡിപ്പിക്കപെടുകയും ചെയ്യുന്നതിന്റെ ആക്ഷരിക വിശദാംശംങ്ങളുമുണ്ട്. 1 തെസലോനീക്യർ 4.16–17 ന്റെ അപ കടകരമായ ഈ ആക്ഷരിക വ്യാഖ്യാനം ആദ്യ പതിനെട്ടു നൂറ്റാണ്ടുക ളിൽ പരിചയമില്ലാതിരുന്ന വിശ്വാസ വ്യാഖ്യാനമാണ്. ക്രിസ്തുവിന്റെ പോലും പഠിപ്പിക്കലിനെതിരായി തന്റെ പ്രത്യക്ഷതയുടെ തീയതി കൃത്യ മായി പറഞ്ഞു പ്രവചിക്കുന്ന രീതിയും ഈ കൂട്ടരിൽ പലരും അവലം ബിച്ചു കാണുന്നു.

ഓർത്തഡോക്സ് വിശ്വാസത്തോടുള്ള മമത തീവ്രവാദമോ വർഗീയ തയോ അല്ല. മതതീവ്രവാദവും മതവിരുദ്ധമായ സെക്കുലർ ചിന്തയും ഒഴിവാക്കേണ്ടതാകുന്നു. ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം പ്രായോഗികമായി അനുഭവിക്കുമ്പോൾ വിശുദ്ധിയുടേയും നീതിയുടേയും സമാധാനത്തിന്റെയും ഫലങ്ങൾ പുറ പ്പെടുവിക്കാനുള്ള വേരുകൾ ശക്തീകരിക്കപ്പെടും. ഈ വിശ്വാസാനുഭവ ത്തിൽ വേരൂന്നി ഇതര സഭകളോടും മതങ്ങളോടും മത രഹിത ലോക ത്തോടും ബന്ധപ്പെട്ട് ദൈവരാജ്യത്തിന്റെ വെളിച്ചം ഈ ലോകത്തിന് നൽകുവാനുള്ള നിയോഗമാണ് ഓർത്തഡോക്സ് ക്രിസ്തീയ സഭയ്ക്കു ള്ളത്.

2

വി. സഭയും പാരമ്പര്യവും

ഫാ. ഡോ. റെജി മാത്യു

പലരും ഓർത്തഡോക്സ് സഭകളെ പാരമ്പര്യസഭ എന്ന് വിളിക്കാറുണ്ട്. ഇത് മിക്കപ്പോഴും ഈ സഭകളുടെ ദീർഘ ചരിത്രവും പൈതൃകവും കണക്കിലെടുത്താണ്. എന്നാൽ ഇതിന് വിപരീതമായും ചിലർ ചിന്തിക്കാറുണ്ട്. അവർ ഇതിനെ വ്യാഖ്യാനിക്കുന്നത് പ്രയോഗലുപ്തമായ പുതിയ കാലത്തിന് എതിരായ ഒന്നായിട്ടാണ്. മറ്റു ചിലർ വി. വേദപുസ്തകത്തിൽ അവിടുന്നും ഇവിടുന്നും ചില പരാമർശങ്ങൾ എടുത്ത് സഭാ പാരമ്പര്യത്തിന് എതിരായി വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ ഈ രണ്ട് ചിന്താധാരകൾക്കും ഇടയിൽനിന്ന് വളരെ ദീർഘവും സൂക്ഷമവുമായ ഒരു പ്രതിപാദനം ആവശ്യമാണ്.

പാരമ്പര്യം എന്നാൽ എന്താണ്?

പാരമ്പര്യം എന്നതിന്റെ മൂലം ഒരാളിൽനിന്ന് മറ്റൊരാളിലേയ്ക്ക് "കൈമാറുക", എന്നതാണ്. റിലേ ഓട്ടത്തിൽ കൈമാറുന്ന ദണ്ഡിനോടുപമിക്കാം. എന്നാൽ പൗലോസ് ശ്ലീഹാ സ്പഷ്ടമായി പറയുന്നു തനിക്ക് ലഭിച്ചവ താൻ കൈമാറുന്നു എന്ന് (1 കൊരി 11:2, 23; 15.1, 3).

ഓരോ ഓർത്തഡോക്സ് വിശ്വാസിയും തനിക്ക് ലഭിച്ച ആദ്ധ്യാത്മിക പൈതൃകം എന്തെന്ന് എണ്ണിയാൽ വളരെ കാണും. എന്നാൽ അവയെ പ്രധാനമായ 5 ശീർഷകങ്ങളിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയാണ്.

1. വേദഗ്രന്ഥാനുസരണ പൈതൃകം

പൈതൃകമായി ലഭിച്ച വേദചുരുളുകളാണ് എറ്റവും പ്രധാനം. ഇതിൽ ആദ്യ ഭാഗം പഴയനിയമകാലത്തെതാണ്. യഹോവയിൽനിന്ന് വാഗ്ദാനങ്ങൾ ലഭിച്ച വിശ്വാസികളുടെ പിതാവ് അബ്രഹാമിൽ ഇതിന് ആരംഭം കുറിക്കുന്നു. അവൻ ബിംബങ്ങളെയും അന്ധവിശ്വാസങ്ങളെയും ഉപേക്ഷിച്ച് ജീവനുള്ള ദൈവത്തെ പിൻപറ്റുവാൻ പരിശീലിച്ചു. അബ്രഹാമിനു ശേഷം യിസഹാക്ക്, യാക്കോബ്, യോസഫ് മുതലായവരിലൂടെ തുടർന്ന് മോശയും ന്യായാധിപന്മാരും ഇസ്രായേൽ രാജാക്കന്മാരും കഴിഞ്ഞ് പ്രവാചകന്മാരിൽ പ്രമുഖരായവരിലൂടെ കടന്ന് പോകുന്ന പഴയനിയമകാലം ഏറെ സമ്പുഷ്ടമാണ്.

സുവിശേഷങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ലഭിക്കുന്ന വളരെ

ഗൗരവമായ മറ്റൊരു പുതിയനിയമ പാരമ്പര്യം നമുക്കുണ്ട്. ഇത് മുൻപുള്ളതിലും പ്രാധാന്യമുള്ളതാണ്. കാരണം പഴയനിയമത്തിൽ മറവായിരുന്ന ക്രിസ്തുവിനെക്കുറിച്ച് ഇവിടെ വെളിവായി കാണുന്നു. ഇങ്ങനെ തലമുറകൾ കൈമറിഞ്ഞ് ലഭിച്ചിരിക്കുന്ന ശക്തമായ ഒരു വിശ്വാസമാണിത്. ഇതിനെ നമുക്ക് വേദഗ്രന്ഥാനുസരണമായ പൈതൃകം എന്ന് വിളിക്കാം. പുതിയ നിയമത്തിൽ കാണുന്ന 27 ഗ്രന്ഥങ്ങൾ ഏതൊക്കെയാണെന്നതിനെപ്പറ്റി അന്ത്യതീർപ്പു കല്പിച്ചത് അലക്സാന്ത്രിയായിലെ വി. അത്താനാസിയോസാണ്. പാരമ്പര്യമില്ല എന്നു പറയുന്ന സഭകൾ പോലും വേദപുസ്തകത്തെ സംബന്ധിച്ച് ഈ പാരമ്പര്യമാണ് ഇന്ന് പിൻതുടരുന്നത്. ഇത് കുടുംബത്തിനും വ്യക്തി ജീവിത്തിനും മുതൽക്കൂട്ടാകുന്ന അമൂല്യ നിധിയായി കാത്തുസൂക്ഷിക്കാം.

2. വിശ്വാസപരവും സിദ്ധാന്തപരവുമായ പൈതൃകം

പുതിയനിയമ കാലം മുതൽ തുടങ്ങിവന്ന് ആദ്യ 5 നൂറ്റാണ്ടുകളിലെ പൊതു സുന്നഹദോസുകളിലൂടെ നാം കൈമുതലാക്കുന്ന ആദ്യകാല സഭയുടെ ചിന്തകളും ആധികാരിക പ്രഖ്യാപനങ്ങളും വിശ്വാസപരവും സിദ്ധാന്തപരവുമായ പൈതൃകത്തിൽ ഉൾപ്പെടുന്നു. ദൈവ സ്വഭാവം, യേശുക്രിസ്തുവിന്റെ സ്വഭാവം, പരിശുദ്ധ റൂഹായുടെ ആളത്വം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഇന്ത്യയിലെ സഭാ സ്ഥാപകൻ തോമാശ്ലീഹാ യേശുവിനെക്കുറിച്ച്. "എന്റെ കർത്താവും എന്റെ ദൈവവും" എന്ന് സാക്ഷിത്വം നൽകി. എന്നാൽ പിന്നീട് വന്ന പല തെറ്റായ പഠിപ്പിക്കലുകളും കൂടുതൽ വിഷയപരമായ ദീർഘ പഠനങ്ങൾക്ക് നിർബന്ധിക്കുന്നതായിരുന്നു. ഉദാഹരണത്തിന് 4-ാം നൂറ്റാണ്ടിലെ ഒരു പുരോഹിതൻ കൂടിയായിരുന്ന അറിയൂസിന്റെ "ക്രിസ്തു പിതാവാം ദൈവത്തെക്കാൾ ഒരു പടി താണവൻ" എന്ന ഉപദേശമാണ് നിഖ്യാ സുന്നഹദോസ് (എ.ഡി. 325) വിളിച്ച് കൂട്ടുന്നതിന് പ്രേരിതമായത്. അതിൽ നിന്ന് ഉത്ഭൂതമായ 'നിഖ്യാ വിശ്വാസ പ്രമാണം' ഏറ്റു പറയുന്നതിലൂടെ നാം നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം തലമുറകളായി പരിപാലിക്കുന്നു.

3. ആരാധനാപരമായ പൈതൃകം

മൂന്നാമത്തെ പൈതൃകം ആരാധനപരമായ പൈതൃകമാണ്. ഓർത്തഡോക്സ് സഭയുടെ ആരാധന സത്യവിശ്വാസ ആരാധന എന്നാണ് അറിയപ്പെടുന്നത്. ഗ്രീക്ക് ഭാഷയിൽ "ഓർത്തോ" എന്നാൽ ശരിയായത് എന്നും "ഡോക്സാ" എന്നാൽ സ്തുതി, മഹത്വം എന്നുമാണ് അർത്ഥം. ആകയാൽ ഓർത്തഡോക്സ് എന്നത് ശരിയായ സ്തുതിപ്പ് എന്ന് തർ

ജ്ജമ ചെയ്യാം. ഓർത്തഡോക്സ് സഭയെ “സ്തുതി ചൊവ്വാക്കപ്പെട്ട സഭ” എന്നു പറയുന്നത് ഇക്കാരണത്താലാണ്.

നമ്മുടെ ആരാധന എന്നാൽ കേവലം കുറച്ച് അപേക്ഷകൾ മാത്ര മല്ല മറിച്ച് മാലാഖമാരെ പോലെ ദൈവിക നടത്തിപ്പുകളെയും കരുത ലുകളെയും പ്രതി സ്തുതികളർപ്പിക്കുക കൂടിയാണ്. നമ്മുടെ ആവശ്യ ങ്ങൾക്കുവേണ്ടി മാത്രമുള്ള പ്രാർത്ഥന അല്ല നമ്മുടെ ആരാധന. മറിച്ച് സഹജീവികൾക്കും പ്രകൃതിക്കും നാമുമായ് ബന്ധപ്പെടുന്ന എല്ലാറ്റിനും വേണ്ടി ഉള്ളതാകുന്നു. ഈ രീതിയിൽ ഒരു ആരാധന പുതിയ നിയമ കാലം മുതലേ ആരംഭിച്ചു (മർക്കോസ് 14:17-31; 1 കോരി. 11; 17-34). എന്നാൽ ഇന്ന് കാണുന്ന ഈ ആരാധന ക്രമം നൂറ്റാണ്ടുകളായി പിതാ ക്കന്മാരിലൂടെ രൂപം പ്രാപിച്ചതാണ്. ഇന്ന് പല ഇതര സഭകളും ഓർത്ത ഡോക്സ് സഭയുടെ ആരാധന രീതിയെ അഭിനന്ദിക്കുകയും നമ്മുടെ ആരാധനയുടെ ചില ഘടകങ്ങൾ അവർ സ്വീകരിക്കുകയും ചെയ്യുന്നു ണ്ട്. ആകയാൽ ഒരു ഓർത്തഡോക്സ് വിശ്വാസിയുടെ ജീവിതം അവന്റെ ആരാധന പാരമ്പര്യത്തിൽ നിന്ന് യാതൊരു വിധത്തിലും വിഭിന്നമായി കാണുവാൻ സാധിക്കുകയില്ല.

4. ആചാരങ്ങളും ശീലങ്ങളും

പാരമ്പര്യത്തെ കുറിച്ച് പറയുമ്പോൾ നാലാമതായി പറയുവാൻ ആഗ്ര ഹിക്കുന്നത് ആചാരങ്ങളെയും ശീലങ്ങളെയും കുറിച്ചാണ്. ഉദാഹരണ ത്തിന് കുഞ്ഞുങ്ങൾക്ക് ആത്മീക ശിക്ഷണം നൽകുന്നത്, വിവാഹ കൂദാശ - ശവസംസ്കാരം ഇവയുടെ ഒക്കെ രീതികളാണ് ഇവ ദേശാ ന്തരീകമായ വ്യത്യാസങ്ങളോടെയാണ് അനുഷ്ഠിച്ച് വരുന്നത്; കാലദേശ വ്യത്യാസങ്ങൾ കണക്കിലെടുത്താണ് പിൻതുടരുന്നത്.

5. സമ്പ്രദായങ്ങളും മൂല്യങ്ങളും

ഓരോ വിശ്വാസിയുടെയും സമ്പ്രദായങ്ങളും സ്വഭാവങ്ങളും മൂല്യ ങ്ങളും തലമുറയായ് കൈമാറി വരുന്ന പാരമ്പര്യത്തിന്റെ ഭാഗമാണ്. ഇതിൽ വേദപുസ്തക രചനകാലം മുതൽ പിൻതുടർന്ന് വരുന്നവയും ഉണ്ട്. ചിലതൊക്കെ കാലകാലങ്ങളായ് പിൻതുടർന്ന് വരുന്നവയാണ്. ഉദാഹരണത്തിന് “കഷ്ടതയുടെ നടുവിലുള്ള ദൈവീക സന്തോഷം” എന്നത് ഒരു ക്രിസ്തീയ പാരമ്പര്യമാണ്.

ക്രിസ്തു തന്റെ പൂർവ്വ പിതാക്കന്മാരുടെ പാരമ്പര്യം പിൻതു ടർന്നുവോ?

ഓർത്തഡോക്സ് സഭയേയും സഭയുടെ പാരമ്പര്യത്തെയും വിമർശി

ക്കുന്നവർ സാധാരണ ചോദിക്കാറുണ്ട് ക്രിസ്തു പാരമ്പര്യങ്ങൾ കാത്തു സൂക്ഷിച്ചിരുന്നുവോ എന്ന്?

ഒരു യഹൂദഗ്രാമമായ നസ്രേത്തിൽ വളർന്നവനായ ക്രിസ്തു ഒരു യഹൂദനായി തന്നെയാണ് ജീവിച്ചത്. അദ്ദേഹം എട്ടാം ദിവസം പരിച്ഛേദനയേറ്റു; എല്ലാ പ്രധാന പെരുന്നാളുകൾക്കും ഗലീല മുതൽ യേരുശലേം വരെയുള്ള ദീർഘദൂരം യാത്ര ചെയ്ത് യെരുശലേം ദേവാലയത്തിൽ പോയി സംബന്ധിച്ചിരുന്നു. എല്ലാ ശാബത് ദിവസങ്ങളിലും സുന്നഗോഗ് ആരാധനയിൽ സംബന്ധിച്ചിരുന്നു. അവിടെ തന്റെ മുൻഗാമികൾ ചെയ്തു വന്നിരുന്നതുപോലെ പഴയനിയമഭാഗം വായിക്കുകയും അവയെ വ്യാഖ്യാനിക്കുകയും ചെയ്തു; ദേവാലയ നികുതി അടച്ചിരുന്നു; തന്റെ മരണശേഷം യഹൂദ ശവസംസ്കാര മുറ അനുസരിച്ച് തന്നെ സംസ്ക്കാരം ചെയ്യപ്പെടുകയും ചെയ്തു.

അതുകൊണ്ട് നമുക്ക് ചുരുക്കത്തിൽ വ്യക്തമായി പറയുവാൻ സാധിക്കും - ക്രിസ്തു പാരമ്പര്യങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നും, തന്റെ പൂർവ്വികരുടെ പാരമ്പര്യങ്ങളെ ബഹുമാനിച്ചിരുന്നു എന്നും, എന്നാൽ അതേ സമയം തന്നെ തെറ്റായ അനുഷ്ഠാനങ്ങളെയും രീതികളെയും താൻ ചോദ്യം ചെയ്തു വന്നിരുന്നു. പരീശന്മാരുടെയും സാദൂക്യരുടെയും വ്യാഖ്യാന രീതിക്ക് എതിരെ ശക്തമായി പ്രതികരിച്ചിരുന്നു. ക്രിസ്തുവിന് നിർബന്ധമായിരുന്നു. "വചനം മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നത് ആകണം. അല്ലാതെ അകറ്റുന്നതാകരുത് എന്ന്". അർത്ഥമില്ലാത്ത അപ്രസക്തമായ അനുഷ്ഠാനങ്ങൾക്ക് ക്രിസ്തു വലിയ ശ്രദ്ധ നൽകിയിരുന്നില്ല. അതിന് ഉദാഹരണങ്ങളാണ് ഭക്ഷണത്തിന് മുമ്പുള്ള നിർബന്ധമായ കൈ കഴുകൽ, പൊതു സ്ഥലങ്ങളിൽ വച്ചുള്ള സഹായ വിതരണം (മർക്കോ 7:1– 9)

ഇവ എല്ലാം വ്യക്തമായി നമ്മോട് പറയുന്നത്, പാരമ്പര്യങ്ങളിലെ നല്ല അംശങ്ങൾ ക്രിസ്തു എപ്പോഴും മാനിച്ചിരുന്നു എന്നുള്ളതാണ്. എന്നാൽ അതേസമയം സാദൂക്യരുടെയും പരീശന്മാരുടെയും കള്ള പ്രമാണങ്ങൾക്കും പൊള്ളയായ അനുഷ്ഠാനങ്ങൾക്കും എതിരായി ഉറച്ച നിലപാടുകൾ യേശു സ്വീകരിച്ചിരുന്നു.

മതം മറ്റുള്ളവന്റെ മുമ്പിൽ കാഴ്ച വസ്തുവാക്കേണ്ടുന്ന ഒരു സംഗതിയല്ല മറിച്ച് സാധാരണക്കാരനായ മനുഷ്യനെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കുന്ന ഉപാധിയാണ് മതം എന്നും യേശു പഠിപ്പിച്ചു.

നമുക്ക് നമ്മുടെ പൂർവ്വികരുടെ പാരമ്പര്യങ്ങൾക്ക് മാറ്റം വരുത്തുവാൻ സാധിക്കുമോ? – പൂർവ്വികരുടെ പാരമ്പര്യങ്ങൾ മാറ്റി കുറിക്കുവാൻ കഴിയുമോ?

ഇത് ഏറെ ചിന്തനീയം എന്നാൽ വളരെ സങ്കീർണ്ണവുമായ ഒരു ചോദ്യമാണ്. ഇതിനുള്ള മറുപടിക്കായി ക്രിസ്തുവിലേയ്ക്ക് തന്നെ നോക്കാം. യേശു പ്രവാചകന്മാരെയും നിയമങ്ങളെയും അനുസരിച്ചു, യേരുശലേം ദേവാലയ സന്ദർശനവും – സുന്നഗോഗ് ആരാധനയിലെ പങ്കാളിത്തവും വേദവായനയും യേശുവിന് പതിവായിരുന്നു. മോശയും ഏലിയാവും അനുഷ്ഠിച്ചതുപോലെ 40 ദിവസത്തെ നോമ്പ് അനുഷ്ഠാനവും എല്ലാം മാറ്റം കൂടാതെ അനുഷ്ഠിച്ച് പോന്നു. എന്നാൽ അതേ സമയം താൻ ചില പാരമ്പര്യങ്ങൾ പൊളിച്ചെഴുതി; കാരണം ഇങ്ങനെയുള്ള ചില പാരമ്പര്യങ്ങളും ആചാരങ്ങളും പൊയ്മുഖങ്ങൾ സൃഷ്ടിക്കുവാനും കപടത വർദ്ധിപ്പിക്കുവാനും മാത്രമേ ഉപകരിക്കൂ.

ഇതുപോലെ നാമും ചില പൊളിച്ചെഴുത്തുകൾ നടത്തേണ്ടത് അനിവാര്യമാണ് എന്നാൽ നാം കാത്തു സൂക്ഷിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമായ ചില പാരമ്പര്യങ്ങളും രീതികളും നമുക്കുണ്ട്. നാം ആദ്യം ചിന്തിച്ച രണ്ട് ഗണത്തിൽപ്പെടുന്ന പാരമ്പര്യങ്ങൾ (വേദപുസ്തകപരവും വിശ്വാസപരവുമായവ) നാം സംരക്ഷിക്കേണ്ടവയാണ്. അവ വളരെ അടിസ്ഥാനപരവും ഗുണലക്ഷണപരവുമാണ് (ethos). അവയിൽ ഒന്നും നമുക്ക് കൂട്ടിച്ചേർക്കുവാനോ, ഒട്ടും തന്നെ കുറക്കുവാനോ സാധിക്കുകയില്ല. എന്നാൽ കാല–ദേശ ഭാഷാ സംസ്കൃതികൾക്ക് അനുസരിച്ച് അവയെ തർജ്ജമ ചെയ്തു കൊടുക്കുവാൻ നാം ബാധ്യസ്തരാണ്. ആശയ വിനിമയ രംഗത്തെ പുത്തൻ സൗകര്യങ്ങൾ നാം ഇതിനായി വിനിയോഗിക്കേണ്ടതാണ്.

എന്നാൽ 3 ഉം 4 ഉം ഗണത്തിൽ മേൽ വിവരിച്ച പാരമ്പര്യങ്ങൾക്ക് മാറ്റം സാദ്ധ്യമാണ്. വളരെ അർത്ഥ സമ്പന്നമായ ഒരു ആരാധന പാരമ്പര്യം നമുക്ക് കൈമുതലായി ഇരിക്കേ അവയെ നാം ജീവിക്കുന്ന നമ്മുടെ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ എത്രമാത്രം സംവേദന ക്ഷമമാക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

സംശയം ഇല്ലാതെ നമുക്ക് പറയാൻ കഴിയും ഇവ രൂപം പ്രാപിച്ച് വന്ന മദ്ധ്യപൂർവ്വ പൗരസ്ത്യദേശത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനേക ഘടകങ്ങളുടെ സ്വാധീനം ഇവയിൽ വന്നിട്ടുണ്ട്. എന്നാൽ ഇവയിലെ അടിസ്ഥാന വിശ്വാസപരമായ സത്യങ്ങൾക്ക് ആരാധന പരമായ മൂല്യങ്ങൾക്കും യാതൊരു വീഴ്ചയും വിഘ്നവും വരുത്താതെ നമ്മുടെ ഇന്ത്യൻ സംസ്കൃതിക്ക് ചേരും വിധം അവയെ ഒന്ന് പുനർക്രമീകരിക്കുക എന്നത് ശ്രമകരമാണ്.

ഈജിപ്ഷ്യൻ ആരാധന അറബിയിലാണ്. അവയിൽ സംബന്ധിക്കുമ്പോൾ ഒരു പക്ഷേ നമുക്ക് തോന്നിപോകും നാം ഏതോ മുസ്ലീം പള്ളിയിലാണ് നിൽക്കുന്നത് എന്ന്. എന്നാൽ അങ്ങനെയല്ല. അവർ അവരുടെ പൂർവ്വികരുടെ പാരമ്പര്യങ്ങൾക്കോ അനുഷ്ഠാനങ്ങൾക്കോ വിശ്വാസങ്ങൾക്കോ എതിരല്ല. അതുപോലെ സ്വന്ത ഭാഷയിൽ സ്വന്തം നാടിന്റെ സാമൂഹിക സാസ്കാരിക പാരിസ്ഥിതികൾക്ക് അനുസൃതമായി അവയെ ഉൾക്കൊള്ളാൻ ഒരു ശ്രമം അനുപേക്ഷണിയമാണ്.

നാലാമത്തെ ഗണത്തിൽ നാം വിവരിച്ച പാരമ്പര്യങ്ങളായ സമ്പ്രദായങ്ങൾക്കും മൂല്യങ്ങൾക്കും ഒരോ വിശ്വാസിയുടെയും ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറ്റം ആവശ്യമാണ്. ഉദാഹരണത്തിന് വേഷം മുൻകാലങ്ങളിൽ ക്രിസ്ത്യൻ സ്ത്രീകൾ ചട്ടയും മുണ്ടും ധരിച്ചിരുന്നു. എന്നാൽ ഇന്ന് എല്ലാവരും സാരിയിലേക്കും മറ്റ് പുതുയുഗ വസ്ത്ര ശൈലിയിലേയ്ക്കും ചേക്കേറിയിരിക്കുന്നു.

പാരമ്പര്യങ്ങളെയും അവയുടെ മാറ്റത്തെയും കുറിച്ച് പറയുമ്പോൾ ഒരു കാര്യം നാം പ്രത്യേകം ഓർത്തിരിക്കണം ആരാധനപരമായ പാരമ്പര്യങ്ങളുടെ അടിസ്ഥാന തത്ത്വങ്ങൾക്ക് യാതൊരു കാരണത്താലും മാറ്റത്തിന് ഇടം കൊടുക്കരുത്. പ്രത്യേകിച്ച് ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനമായ ത്രിത്വവിശ്വാസം; യേശുക്രിസ്തു ലോകരക്ഷകൻ എന്ന അസന്ദിഗ്ധമായ വിശ്വാസം, കൂദാശകളിലൂടെ ലഭിക്കുന്ന ആത്യന്തികമായ രക്ഷാകരമായ അനുഭവം; ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള പ്രതീക്ഷകൾ, മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ എന്നിവയ്ക്ക് ഒന്നും ഒരുവിധ മാറ്റവും ഉണ്ടാകരുത് എന്നാൽ ലഘു പ്രധാനമായ ഭാഷാമാറ്റം, വസ്ത്രധാരണം, വാസ്തുശില്പം പെരുന്നാൾ ആചരണം എന്നിവ സന്ദർഭോചിത മാറ്റങ്ങൾക്ക് വശംവദമാകാവുന്നതാണ്.

മതം മനുഷ്യന്റെ ഉള്ളിലാകണം പുറമോടിയിൽ ഒതുങ്ങരുത്. ഒരിക്കലും ഒരു ഓർത്തഡോക്സ് വിശ്വാസിയുടെ ജീവിതം പ്രകടനപരമായി ഒതുങ്ങരുത് മറിച്ച് പാരമ്പര്യങ്ങളെ ഹൃദയപൂർവ്വം ഉൾക്കൊള്ളണം. കുളത്തിൽ കെട്ടിക്കിടക്കുന്ന ജലം പോലെയാകാതെ ഒഴുക്ക് വെള്ളത്തിന്റെ സുലഭത അതിനെ സമീപിക്കുന്നവർക്ക് നൽകുന്ന ഊഷ്മളത പോലെയാകട്ടെ നമ്മുടെ പാരമ്പര്യങ്ങൾ.

യേശുവിന്റെ വിശ്വവിഖ്യാതമായ ഉപദേശം ശ്രദ്ധിക്കൂ: “മനുഷ്യൻ ശാബതിനു വേണ്ടിയല്ല മറിച്ച് ശാബത് മനുഷ്യനു വേണ്ടിയുള്ളതാണ്.

3

വി. സഭയും വാങ്ങിപ്പോയവരും

ഫാ. ഡോ. ജേക്കബ് കുര്യൻ

വാങ്ങിപ്പോയവരുടെ സ്ഥിതി

വാങ്ങിപ്പോകുന്നവർ ഒരു നിദ്രയിലേക്കോ, പൂർണ്ണമായ വിശ്രമത്തിലേക്കോ ആണ് കടക്കുന്നതെന്നു ചിന്തിക്കുകയാണെങ്കിൽ, അവസാന നാളിലെ ന്യായവിധിയുടെ ഏക മാനദണ്ഡം അവരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിലെ ജീവിതം മാത്രമാണ്. അപ്പോൾ പിന്നെ അവർക്കുവേണ്ടി മറ്റുള്ളവർ എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നുചോദിച്ചേക്കാം. നവീകരണ ചിന്താഗതിയുടെ പ്രധാന ലക്ഷ്യം ഇങ്ങനെയായിരിക്കും. ഓർത്തഡോക്സുകാരും റോമൻ കത്തോലിക്കരും അല്പം വ്യത്യസ്തമായ രീതിയിലാണ് വാങ്ങിപ്പോയവരുടെ സ്ഥിതിയെ കാണുന്നത്. വാങ്ങിപ്പോകുന്നവർ നിദ്രയിലേക്കോ പൂർണ്ണവിശ്രമത്തിലേക്കോ അല്ല പോകുന്നത്. പ്രത്യുത സ്ഥലകാലപരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്. പ്രസ്തുത 'സ്ഥിതിവിശേഷം' ആണ് സഭയുടെ അദൃശ്യമായ വശം. സഭ, ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ മാത്രം സമൂഹം അല്ല. അതിൽ ജീവനുള്ളവരും വാങ്ങിപ്പോയവരുമായ വിശ്വാസികൾ അംഗങ്ങളാണ്. വേദപുസ്തക വെളിച്ചത്തിൽ ഇതിനെക്കുറിച്ച് ഇനിയും ചിന്തിക്കാം.

1. എഫേസ്യ 1:23, കൊലോസ്യ 1:18, 24, എഫേ. 4:4, കൊലോ. 3:15 എന്നീ ഭാഗങ്ങളിൻപ്രകാരം ക്രിസ്തുവിന്റെ ശരീരമാണ് സഭ; എഫേസ്യ 5:22-27 ൻപ്രകാരം ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ; എഫേസ്യ. 2:19-22; 1 കൊരി 3:16-17; 6:19 എന്നീ ഭാഗങ്ങളിൻപ്രകാരം ദൈവത്തിന്റെ മന്ദിരമാണ് സഭ. ക്രിസ്തു പണിയുവാൻ വന്നതും (മത്താ. 16:18). ക്രിസ്തു ഒരുക്കുവാൻപോയ അനേകം വാസസ്ഥലങ്ങളുള്ള പിതാവിന്റെ ഭവനവും (യോഹ. 14:2) ആണ് സഭ. അപ്പോൾ ക്രിസ്തുവുമായി അഭേദ്യബന്ധം പുലർത്തുന്ന സഭയും ക്രിസ്തുവിനോടൊപ്പം മരണത്തിനതീതമായി സ്ഥിതിചെയ്യണം. ആ സഭയിലെ അംഗങ്ങളും അങ്ങനെയുള്ള അനുഭവം യാഥാർത്ഥ്യമാക്കിയവരായിരിക്കണം. അതുകൊണ്ട് സഭയിൽ വാങ്ങിപ്പോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഉൾപ്പെടുന്നു.

2. എഫേസ്യ 2:20-22ൽ "അപ്പോസ്തോലന്മാരും പ്രവാചകന്മാരും

എന്ന അടിസ്ഥാനത്തിൽ" പണിയപ്പെടുന്ന ആലയമായി വി. സഭയെ കാണുന്നു. ഈ അപ്പോസ്തലന്മാരും പ്രവാചകന്മാരും വാങ്ങിപ്പോയല്ലോ. എന്നിട്ടും ആ അടിസ്ഥാനത്തിൽ പണിയപ്പെടുന്നു എന്നുപറയുന്ന സഭ വാങ്ങിപ്പോയവരും ഉൾപ്പെടുന്നതാണെന്നല്ലേ സൂചന?

3. വാങ്ങിപ്പോയവർ 'സാക്ഷികളുടെ വലിയ ഒരു സമൂഹമായി (എബ്രാ. 12:1) നമുക്കു ചുറ്റും നിന്നുകൊണ്ട് സ്ഥലകാല പരിമിതികളില്ലാതെ ദൈവ സമ്പർക്കം അനുഭവിക്കയാണ് (വെളിപാട് 7:13-17) എന്ന് വേദപുസ്തക സൂചന ലഭിക്കുന്നുണ്ട്. ആരാധനയിൽ പ്രത്യേകിച്ച് സഭ ഈ സമൂഹ സമ്പർക്കത്തെ അനുഭവിച്ചിരുന്നു. "സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രാ. 12:22-24).

4. സഭാജീവിതം ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിലെ ജീവിതമാണ്. ആ ജീവിതത്തിൽ നിന്നു നമ്മെ മരണത്തിനു വേർപെടുത്താൻ കഴിയില്ല എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (റോമർ 8:38).

5. സഭാംഗമാകുക എന്നുപറഞ്ഞാൽ ഒരു ശരീരത്തിന്റെ അംഗമാകുകയാണ്; അതുകൊണ്ട് സഭാംഗങ്ങൾ പരസ്പരം ഭാരങ്ങളെ ചുമക്കുകയും കരുതുകയും വേണം എന്ന് പൗലൂസ് പറയുന്നു. (റോമ. 12:4,5; 1 കൊരി. 12:12-26) വാങ്ങിപ്പോകുന്നവർ ഈ ശരീരസമ്പർക്കത്തിൽ നിന്ന് ഇതരരാകുന്നില്ല.

6. പൗലോസ് ശ്ലീഹാ ഫിലിപ്പ്യലേഖനം 1:19 മുതൽ 26 വരെയുള്ള ഭാഗത്ത് ശരീരത്തോടെയിരിക്കുന്നതിനെയും വാങ്ങിപ്പോകുന്നതിനെയും തമ്മിൽ താരതമ്യം നടത്തുന്നുണ്ട്. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയിരിക്കാനാണ് എന്നും അത് ഏറെ നല്ലതാണെന്നും 1:23 ൽ പ്രത്യേകിച്ചു പറയുന്നു. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയുള്ള കൂടുതൽ സജീവമായ ജീവിതത്തിലേയ്ക്കുള്ള പ്രവേശനമാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഇതേ ആശയം കൂടുതൽ വിശദമാക്കുകയാണ് 2 കൊരി. 5-8 ൽ വാങ്ങിപ്പോയാലും ക്രിസ്തുവിനെ പ്രസാദിപ്പിക്കണം എന്ന ആഗ്രഹം വാങ്ങിപ്പോകുമ്പോഴുള്ള സജീവമായ സ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

7. വി. ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ ധനവാന്റെയും ലാസറിന്റെയും ഉപമ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ധനവാനും ലാസറും അബ്രഹാം പിതാവും തമ്മിലുള്ള ബന്ധം കർത്താവ്

ചിത്രീകരിച്ചിരിക്കുന്നു. ഇതിൽനിന്നു നമുക്കു ലഭിക്കുന്ന ഒരു സൂചന, വാങ്ങിപ്പോകുന്നവർക്ക് സജീവമായ ഒരവസ്ഥ ഉണ്ടെന്നും ജീവിച്ചിരിക്കുന്നവരെക്കുറിച്ച് അവർക്ക് സ്നേഹവും താൽപര്യവും ഉണ്ടെന്നുള്ളതുമാണ്. അവിശ്വാസിയായിരുന്ന ധനവാന് ഇതുണ്ടായിരുന്നുവെങ്കിൽ വിശ്വാസികളായ വാങ്ങിപ്പോകുന്നവർക്ക് എത്രയധികം ഉണ്ടാകും. ലൂക്കോ 20:37, 38 വാങ്ങിപ്പോയവരുടെ സജീവാവസ്ഥ സൂചിപ്പിക്കുന്നു: "ദൈവമോ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ. എല്ലാവരും അവന് ജീവിച്ചിരിക്കുന്നുവല്ലോ".

8. യോഹ. 11:26ൽ ഒരു വിശ്വാസിയെക്കുറിച്ച് കർത്താവ് പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" വിശ്വാസികളായ വാങ്ങിപ്പോകുന്നവരുടെ അവസ്ഥയിലേക്കും ഇത് വെളിച്ചം വീശുന്നുണ്ട്.

9. മാമോദീസാ (സ്നാനം) സ്വീകരിക്കുന്നവൻ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയായെന്നും പിന്നീടുള്ള ജീവിതം "ജീവന്റെ പുതുക്കത്തിൽ" (റോമ. 6:5) ആണെന്നും അത് നിത്യമായി ക്രിസ്തുവിലുള്ള ജീവിതം ആണെന്നും റോമാലേഖനത്തിൽ സൂചിപ്പിക്കുന്നു (റോമ. 6:8–11). "നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും" എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല. മരണത്തിന് അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ."

10. ശരീരത്തിന്റെ വേർപാടിന് 'നിദ്ര' എന്നപദം വേദപുസ്തകം ഉപയോഗിക്കുന്നത് സ്ഥലകാലപരിമിതികളിൽനിന്ന് വിമുക്തമായ ജീവിതം എന്നയർത്ഥത്തിലാണ്. പൗലൂസ് ശ്ലീഹാ "നിദ്രകൊള്ളുന്നവരെക്കുറിച്ച്" (1 തെസ്സ. 4:13) എന്നുപറയുന്നത് ഈ അർത്ഥത്തിലാണ്. ".....നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നത്" (1 തെസ്സ. 5:10). ഈ പരാമർശത്തിലും 'ഉറക്കം' ശൂന്യമായ ഒരവസ്ഥയായി കാണുന്നില്ല. കൂടാതെ 'നിദ്ര' എന്ന പ്രതിഭാസം തന്നെയെടുത്താലും സമ്പൂർണ്ണമായും നിശ്ചലമായ ഒരു അവസ്ഥയല്ലല്ലോ അത്. നിദ്രയിൽ പലപ്പോഴും സ്വപ്നലോ

കത്തിലെ സജീവമായ ജീവിതത്തിൽ നാം പങ്കുകാരാകുന്നുണ്ട്. നിദ്രയിലും ശരീരത്തിന്റെ അടിസ്ഥാനപരമായ കർമ്മങ്ങൾ തുടരുന്നുണ്ട്. ഈ വിധത്തിൽ നോക്കിയാലും 'നിദ്ര' സമ്പൂർണ്ണമായ ഒരു മൗനതയായിട്ട് പൗലോസ് ശ്ലീഹാ ഉദ്ദേശിക്കുന്നില്ല. ഗോതമ്പുമണി ചാവുന്നതിനോടും 'നിദ്രയെ' ഉപമിക്കുന്നു (1 കൊരി. 15:36, 37). ഗോതമ്പുമണി ചാവുന്നു എന്നുപറയുന്നത് മണ്ണിനടിയിലെ സജീവമായ ഒരു രൂപാന്തരപ്രക്രിയയെ ഉദ്ദേശിച്ചാണ്. ഇതിനോടാണ് വിശ്വാസിയുടെ മരണത്തെ ഉപമിക്കുന്നത്. നിദ്രയെ നിർജ്ജീവാവസ്ഥയായി കണ്ടുകൊണ്ടല്ല, പ്രത്യുത ആന്തരികമായ രൂപാന്തരത്തിന് മരണത്തിലും പ്രസക്തിയുണ്ട് എന്നു സൂചിപ്പിക്കുവാനാണ്.

11. 1 പത്രോസ് 4:6–ൽ, കർത്താവ് മരിച്ചവരോടു സുവിശേഷം അറിയിച്ചതിനെക്കുറിച്ചും 1 പത്രോസ് 3:19–ൽ തടവിലുള്ള ആത്മാക്കളോടു താൻ പ്രസംഗിച്ചതിനെക്കുറിച്ചും പറയുന്നു. ഇതിന്റെ രണ്ടിന്റെയും സൂചന വാങ്ങിപ്പോകുന്നവർക്ക് സജീവമായതും ഉത്തരവാദിത്വത്തോടെയുള്ളതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നുള്ളതുമാണല്ലോ.

12. ലൂക്കോ 23:43–ൽ, അനുതപിച്ച കള്ളനോട് കർത്താവ് പറയുന്നു: "നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്ന്. കർത്താവിനോടുകൂടിയുള്ള സജീവമായ ഒരു അവസ്ഥയിലേക്കുള്ള വാഗ്ദാനം ആയിരുന്നു ഇത് എന്നു വ്യക്തമാണ്.

13. മറുരൂപമലയിൽ വച്ച് മോശയും ഏലിയാവും കർത്താവിനോടു സംഭാഷിച്ചതായി പറയുന്നു (മത്താ. 17:3). വാങ്ങിപ്പോയ മോശയും ഏലിയാവും കർത്താവിന്റെ മനുഷ്യാവതാര ദൗത്യവുമായി എത്രമാത്രം ബന്ധപ്പെട്ടിരുന്നു എന്നും അവർക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധപ്പെടാൻ സാധിക്കുന്ന ഒരവസ്ഥയുണ്ടായിരുന്നു എന്നും ഇതു സ്പഷ്ടമാക്കുന്നു.

14. "മരിച്ചവരും മൗനതയിലിരിക്കുന്നവരും യഹോവയെ സ്തുതിക്കുന്നില്ല" എന്ന് സങ്കീർത്തനം 115:17ൽ പറയുന്നു. വാങ്ങിപ്പോയവരുടെ സ്ഥിതി മൗനതയാണെന്ന് ഇതു സൂചിപ്പിക്കുന്നുവെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ ഇതു വാങ്ങിപ്പോകുന്നവരുടെ സ്ഥിതിയെക്കുറിച്ചല്ല ജാതികളും വിഗ്രഹാരാധികളും ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചിരിക്കുന്നുവെന്നുള്ള ഒരു സൂചനയാണെന്നും പ്രസ്തുത സങ്കീർത്തനം മുഴുവൻ വായിച്ചാൽ മനസ്സിലാകും. അടുത്തവാക്യം കൂടുതൽ ശ്രദ്ധേയമാണ്: "നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും" (സങ്കീ. 115:18) എന്നുപറയുന്നു. ജാതികളുമായി സങ്കീർത്തനക്കാരൻ തന്നോടുകൂടെയുള്ളവരെ താരതമ്യപ്പെടുത്തിക്കൊണ്ട് അവർ എല്ലായ്പ്പോഴും

(വാങ്ങിപ്പോയാലും) ദൈവത്തെ സ്തുതിക്കും എന്ന സൂചനയാണ് നൽകുന്നത്.

മേല്പറഞ്ഞ സംഗതികളുടെ അടിസ്ഥാനത്തിൽ ന്യായമായി ഊഹിക്കാവുന്നത്, വാങ്ങിപ്പോകുന്ന വിശ്വാസികൾ സഭയിൽ തന്നെ സജീവമായ ഒരു അവസ്ഥയിലാണെന്നുമാണ്. അങ്ങനെയെങ്കിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയ വിശുദ്ധന്മാരുടെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുവാനും എന്തു ന്യായമാണുള്ളത് എന്ന് ചിന്തിക്കാം.

വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

1. വാങ്ങിപ്പോയവർ സഭയിൽതന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്തം പരസ്പരം പ്രാർത്ഥിക്കുകയാണ് എന്ന് വേദപുസ്തകം പറയുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. അപ്പോൾ സഭാംഗങ്ങൾ എന്നനിലയിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമല്ലേ?.

2. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് കർത്താവ് പുതിയനിയമത്തിൽ പറയുന്നില്ല എന്ന് ചിലർ വാദിച്ചേക്കാം. പുതിയനിയമത്തിൽ ഒരു കല്പനയായിട്ട് നൽകുന്നില്ല എന്നത് മാത്രം അതിനെ നിഷേധിക്കുവാൻ മതിയായ കാരണമല്ല. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്ന് നേരെ മറിച്ച് ഒരു കല്പന, പുതിയനിയമം നൽകാത്തിടത്തോളം വിശദമായ പഠനം നടത്തി വേദപുസ്തകപരമായ അടിസ്ഥാനം നിർണ്ണയിക്കേണ്ടതാണ്.

3. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം അവർക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നതെന്ന് ചോദിച്ചേക്കാം. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലാണ്. (ഫിലി. 1:4; 1 കൊരി. 1:8; 1 തെസ്സ. 5:23) അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയെയും ശുദ്ധീകരണത്തെയും അത് സഹായിക്കും. കൂടാതെ, മരിച്ചവരോട് സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണല്ലോ.

4. കർത്താവിന്റെ കാലത്തും, അതിനുമുമ്പും യഹൂദന്മാരുടെ ഇട

യിൽ ഭാഗ്യസ്മരണാർഹരായ വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി തെളിവുണ്ട്. രൂത്ത് 2:20-ൽ 'യഹോവ ജീവനുള്ളവരോടും മരിച്ചവരോടും ദയവുള്ളവനാണ്' എന്നു പറയുന്നു. 1 ശമുവേൽ 28-ൽ വാങ്ങിപ്പോയ ശമുവേലിന്റെ പ്രത്യേകം സഹായം ശൗൽ തേടുന്നു. പ്രത്യേകിച്ച് 19-ാം വാക്യത്തിൽ "നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും" എന്ന് പറയുന്നതിൽ നിന്ന് മരണാനന്തര അവസ്ഥയിലേക്കുള്ള ഒരു സൂചന ലഭിക്കുന്നു. ആവർത്തനം 26:14 ഈ സംഗതിയിലേക്ക് വെളിച്ചം വീശുന്നതാണ്. അതിന്റെ വളർച്ചയാണ്, ആളുകൾ മരിക്കുമ്പോൾ നടത്തിയിരുന്ന ദുഃഖാചരണവും അനുസ്മരണയും. മോശ മരിച്ചപ്പോഴും (ആവ. 34:8) അഹറോൻ മരിച്ചപ്പോഴും (സംഖ്യ 20:29) നടത്തിയത് ഇതിനുമുമ്പിലുള്ള ഉദാഹരണമാണ്. യഹൂദ മഹാപുരോഹിതന്മാർ മാർവ്വിടത്തിൽ അണിഞ്ഞിരുന്ന പതക്കം ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെയും ഗോത്രപിതാക്കന്മാരെയും ദൈവസന്നിധിയിൽ അനുസ്മരിക്കുന്നതിന്റെ സൂചനയും ആയിരുന്നു (പുറപ്പാട് 28:21). അപ്പോക്രീഫാ പുസ്തകമായ മക്കാബിയരുടെ പുസ്തകത്തിൽ വാങ്ങിപ്പോയവരെ അനുസ്മരിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥന നടത്തിയതിന് വ്യക്തമായ തെളിവുണ്ട് (2 മക്കാബിയർ 12:45; 5:15).

5. എഫേ. 6:18-ലും 1 തിമോത്തി 2:1-ലും സകല മനുഷ്യർക്കും വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യകത പൗലോസ് സൂചിപ്പിക്കുന്നു. ഈ സകലരിലും നിന്ന് വാങ്ങിപ്പോയവരെ ഒഴിവാക്കിയെന്ന് പറയാമോ?

6. 2 തിമോത്തി 1:6-18, ഒനെസിഫോറസിന്റെ പേരിലുള്ള ഒരു അനുസ്മരണയാണ്. ഒനേസിഫോറസ് വാങ്ങിപ്പോയപ്പോൾ വി. പൗലൂസ് അവന്റെ കുടുംബത്തിനു നൽകുന്ന ആശ്വാസവചനവും അവനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാവചനവുമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ" എന്നത്, വാങ്ങിപ്പോയവന് അവസാനദിവസം കരുണ ലഭിക്കുവാനുള്ള ഒരു പ്രാർത്ഥനയാണ്.

7. ആദിമ നൂറ്റാണ്ടുകളിൽ വാങ്ങിപ്പോയ ക്രിസ്ത്യാനികളുടെ ഭൗതികാവശിഷ്ടങ്ങൾ അടങ്ങിയിരുന്ന സ്ഥലങ്ങളിൽ നിന്ന് കണ്ടുകിട്ടിയിരിക്കുന്ന തെളിവുകൾ വാങ്ങിപ്പോയവർക്കുവേണ്ടി ആദിമസഭയും പ്രാർത്ഥന നടത്തിയിരുന്നു എന്നുവ്യക്തമാക്കുന്നവയാണ്. പ്രത്യേകിച്ച് ശവകുടീരങ്ങളിൽ എഴുതിയിരിക്കുന്ന മേലെഴുത്തുകൾ പലതും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആയിരുന്നു.

8. വാങ്ങിപ്പോയവർക്കുവേണ്ടി സ്നാനം സ്വീകരിച്ചിരുന്നതിനെ സംബ

ന്ധിച്ച് നാം കാണുന്ന തെളിവും (1 കൊരി. 15:20) മേല്പറഞ്ഞതിനെ സാധൂകരിക്കുന്നതാണ്.

9. ആദ്യകാലഘട്ടത്തിൽ, സഭയ്ക്ക് സുധീരനേതൃത്വം കൊടുത്ത പല സഭാനേതാക്കന്മാരും മരിച്ചപ്പോൾ (വാങ്ങിപ്പോയപ്പോൾ) അവരെക്കുറിച്ച് നടത്തിയ ചരമപ്രസംഗങ്ങൾ (Funeral orations) പലതും നമുക്ക് ഇന്നു ലഭിച്ചിട്ടുണ്ട്. അവയുടെ സൂചനയും വാങ്ങിപ്പോയവർക്കുവേണ്ടി സഭ യിൽ പ്രാർത്ഥന നടത്തിയിരുന്നു എന്നത് തന്നെയാണ്.

വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിനെക്കുറിച്ച്

1. വാങ്ങിപ്പോയ വിശ്വാസികൾ സജീവാവസ്ഥയിലാണെന്നും അവർ ക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമാണെന്നും ചിന്തിക്കുന്നുവെ ങ്കിൽ, വാങ്ങിപ്പോയവർ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കും എന്നുള്ളത് സ്വാഭാവികമാണല്ലോ. അപ്പോൾ വാങ്ങിപ്പോയ വിശുദ്ധരായ ആളുകൾ കൂടുതൽ പ്രാർത്ഥിക്കുമെന്നും അവരുടെ പ്രാർത്ഥനയ്ക്ക് പ്രത്യേക പ്രാധാന്യം ഉണ്ടെന്നും ചിന്തിക്കുന്നത് ന്യായമാണല്ലോ.

2. യേശുക്രിസ്തു തന്റെ ശിഷ്യരോടു പറയുന്നു "നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ട തിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാ വിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് തരുവാനാ യിട്ടുതന്നെ" (യോഹ. 15:16). പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരായ ശിഷ്യന്മാർ അപേക്ഷിക്കുന്നത് ലഭിക്കും എന്ന് കർത്താവ് പറയുന്നതിൽ നിന്ന് അവരുടെ പ്രാർത്ഥനയുടെ പ്രത്യേക പ്രാധാന്യം വ്യക്തമാണല്ലോ (യോഹ. 14:13 കാണുക). ക്രിസ്തുവിനോടു അടുത്ത് ജീവിച്ച എല്ലാ വർക്കും പ്രത്യേകിച്ച് അപ്പോസ്തോലിക പിൻതുടർച്ച ഉണ്ടായിരുന്ന വർക്കും ഇതേ പ്രാധാന്യം ഉണ്ടെന്ന് വിശ്വസിക്കുന്നത് തെറ്റാണോ?

3. യേശുക്രിസ്തു മാത്രമേ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായിട്ടുള്ളു (1 തിമോത്തി. 2:5) എന്നത് നിസ്തർക്കമായ വസ്തു തയാണ്. എന്നാൽ ഈ യേശുക്രിസ്തുവും മനുഷ്യരുമായുള്ള ബന്ധ ത്തിൽ അപ്പോസ്തോലന്മാരും വിശുദ്ധന്മാരും മദ്ധ്യസ്ഥരാകുന്നത് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്ക് ഒരു കളങ്കവും വരുത്തുന്നില്ല. അത് വേദവിപരീതമാണെങ്കിൽ ജീവിച്ചിരിക്കുന്നവർ പരസ്പരം പ്രാർത്ഥിക്കു ന്നതും വേദവിപരീതമാണ്. കാരണം, ഇവിടെയും 'മദ്ധ്യസ്ഥത' ഉണ്ടാ കുന്നുണ്ടല്ലോ.

4. ഏറ്റവും വിശുദ്ധന്മാരായി ജീവിക്കുന്നവരെയും അങ്ങനെ വാങ്ങിപ്പോയവരെയും ബഹുമാനിക്കുന്ന പതിവ് ആദിമസഭയിൽ ഉണ്ടായിരുന്നു. ഇതിന്റെ പ്രാഥമിക തെളിവ് എബ്രായർ 13:7 ൽ കാണാം.

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ."

"യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (സങ്കീ. 34:15). "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16).

4

വി. സഭയും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

ഫാ. ഡോ. ജോസ് ജോൺ

വിശുദ്ധ എന്ന പദം വി. വേദപുസ്തകത്തിൽ ദൈവത്തിനും മനുഷ്യർക്കുമായി ഉപയോഗിച്ചിട്ടുണ്ട്. (ലേവ്യ 11:44, 45, എബ്രാ: 3:1, 1 കോരി. 1:2, 2 കോരി. 13:13) ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ ദൈവജനവും വിശുദ്ധരായിരിക്കണം എന്ന് ദൈവം കല്പിക്കുന്നു. (ലേവ്യ 19:20, 1 പത്രോ. 1:14-16). വേർതിരിക്കപ്പെട്ടവർ, തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ അർത്ഥതലങ്ങളിൽ ദൈവജനത്തെ മുഴുവനായും വിശുദ്ധർ എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. (2 കോരി :1 :1, ഫില : 1 :1, എഫേ :1 :1, 2 തിമോ: 1 :9) ദൈവം ഒരുവനല്ലാതെ നല്ലവനാരുമില്ല എന്ന് ലൂക്കോ : 18 : 19–ൽ പറയുന്നതുപോലെ, ദൈവം ഒരുവനല്ലാതെ സൽഗുണ പൂർണ്ണനായ വിശുദ്ധൻ ആരുമില്ല. വി. കുർബ്ബാനയിലെ ആഘോഷത്തിൽ ഈ സത്യമാണ് നാം ഉൽഘോഷിച്ചു പറയുന്നത്.

“പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല.”

ദൈവം ഒരുവൻ മാത്രമാണ് വിശുദ്ധനെന്നും നാമെല്ലാവരും ദൈവത്തിന്റെ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് എന്നുമുള്ള സത്യമാണ് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. പൗരസ്ത്യ ആദ്ധ്യാത്മികതയിലെ ദൈവീകരണമെന്ന ആശയവും ഈ സത്യത്തെ ഉദ്ഘോഷിക്കുന്നു.

ദൈവം ഏകനും, വിശുദ്ധനും, ദൈവത്തിനും മനുഷ്യനുമിടയിൽ ഏക മദ്ധ്യസ്ഥനായി യേശുക്രിസ്തുവും മാത്രമാണെന്നിരിക്കെ (1 തിമൊ: 2: 5) മറ്റ് വിശുദ്ധന്മാരുടെ സാംഗത്യവും പ്രാധാന്യവും എന്തെന്ന് ചിന്തിക്കുന്ന അനേകർ ഇന്ന് നമുക്കിടയിലുണ്ട്.

ദൈവത്തെ വിശേഷിപ്പിക്കുവാൻ വി. വേദപുസ്തകത്തിൽ ഉപയോഗിച്ച പദങ്ങൾ (ഉദാ: വിശുദ്ധൻ, മദ്ധ്യസ്ഥൻ, പുരോഹിതൻ) മനുഷ്യർക്ക് ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യർ ഒരിക്കലും ദൈവത്തിന് തുല്യരാകുന്നില്ല. മനുഷ്യർ തമ്മിൽ പരസ്പരം അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദങ്ങൾ (നീ, നിന്റെ, സഹായി, സ്നേഹിതൻ) ദൈവത്തെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുമ്പോൾ ആ

പദങ്ങളുടെ ഉപയോഗം കൊണ്ട് ദൈവത്വത്തിന് യാതൊരു വിശേഷണ കുറവോ, ന്യൂനതയോ കല്പിക്കപ്പെടുന്നില്ല.

ആയതിനാൽ പദങ്ങളുടെ ഉപയോഗം സത്താപരമായി മനുഷ്യനെ ദൈവമോ, ദൈവത്തെ മനുഷ്യനോ ആക്കിത്തീർക്കുന്നില്ല. എന്നാൽ ദൈവത്തിനും മനുഷ്യനും ആ പദങ്ങളുടെ ഉപയോഗം അതിന്റേതായ ശ്രേഷ്ഠതയും, മാഹാത്മ്യവും കല്പിക്കുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥനായി ക്രിസ്തുവുള്ളതുകൊണ്ട് മറ്റ് മദ്ധ്യസ്ഥരുടെ ആവശ്യകതയില്ല എന്ന് വി. വേദ പുസ്തകം പഠിപ്പിക്കുന്നില്ല. മറിച്ച് മദ്ധ്യസ്ഥത ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഏക മദ്ധ്യസ്ഥനായ ക്രിസ്തു തന്നെയാണ് 'മദ്ധ്യസ്ഥത' തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ചത് (യോഹ. 16:23-24; 14:13, 14; 20:22, 23).

ക്രിസ്തുവിന്റെ മദ്ധ്യസ്ഥതാദൗത്യം മനുഷ്യരുടെ മദ്ധ്യസ്ഥതാദൗത്യത്തിൽ നിന്നും വിഭിന്നവും വ്യത്യസ്തവുമാണ്. ക്രിസ്തു സൃഷ്ടിയേയും, സ്രഷ്ടാവിനേയും തമ്മിൽ നിരപ്പാക്കുന്ന നിരപ്പിന്റെ വലിയ ശുശ്രൂഷാദൗത്യമാണ് നിർവ്വഹിച്ചത്. അത് ഒരിക്കലായിട്ടുള്ളതും, ദൈവത്തിന് മാത്രം നിവൃത്തിക്കുവാൻ സാധിക്കുന്നതുമായ ഒന്നാണ്. മനുഷ്യർ ക്രിസ്തുവിന്റെ ആ വലിയ നിരപ്പിന്റെ ശുശ്രൂഷയിൽ അശക്തരും, അനർഹരുമാണ്. ആയതിനാൽ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതാദൗത്യമല്ല വിശുദ്ധന്മാർ എന്ന് ഗണിക്കപ്പെടുന്ന ദൈവമനുഷ്യർ നിർവ്വഹിക്കുന്നത്. മറിച്ച് ദൈവം തന്നെ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള മദ്ധ്യസ്ഥതാവരമാണ് അവർ അനുഷ്ഠിക്കുന്നത്.

ക്രിസ്തു ഏക മദ്ധ്യസ്ഥനെന്ന് പഠിപ്പിച്ച പ. പൗലോസ് തന്നെ തനിക്കുവേണ്ടി മദ്ധ്യസ്ഥത അഭ്യർത്ഥിക്കുവാൻ മറ്റുള്ളവരോട് ആവശ്യപ്പെടുന്നുണ്ട് (ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥിക്കുന്നതാണല്ലോ മദ്ധ്യസ്ഥത) (1 തെസ്സ: 5:25, റോമ: 15:31, 2. തെസ്സ: 3:1, 2; എഫേ: 6:18, കൊലോ. 4:3).

ജഡസംബന്ധമായി ജീവനോടിരിക്കുന്നവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നത് ദൈവഹിതപ്രകാരവും, ദൈവാത്മാവിലുമാണെങ്കിൽ, ജഢീക മരണം പ്രാപിച്ചവരും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് യുക്തവും ന്യായവുമാണ്. കാരണം ജഡസംബന്ധമായി മരണം പ്രാപിക്കുന്നവർ സദാ ദൈവ സാമീപ്യമുള്ളവരും, ദൈവാരാധികളുമാണ്. ജഢിക മരണം ആരേയും ദൈവസ്നേഹത്തിൽ നിന്നും വേർതിരിക്കുന്നില്ല (റോമ. 8:38, 39).

ജഡ സംബന്ധമായ മരണം പ്രാപിച്ചവർ ആത്മാവിൽ സജീവാവസ്ഥയിൽ ദൈവത്തെ രാപകലുകൾ ആരാധിക്കുന്നതായി ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. (വെളി. 7 : 13 - 15, 7 :9)

ദൈവാരാധികളായ വിശ്വാസികൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയില്ല എന്ന് വിചാരിക്കുന്നത് മൗഢ്യമല്ലേ. ശരീരത്തിൽ വസിക്കുമ്പോൾ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും കഴിവുള്ളവർ ജഢിക മരണശേഷവും അത് നിർവ്വഹിക്കയില്ലേ? അപ്രകാരം നിർവ്വഹിക്കുമെന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് (2 കൊരി. 5:9). തന്റെ മരണശേഷവും, വിശ്വാസികൾ സത്യത്തിൽ ഉറച്ചു നില്ക്കുന്നതായി കാണപ്പെടുവാൻ താൻ ഉത്സാഹിക്കുമെന്ന് പത്രോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നു (2 പത്രോസ് 1:15).

ദൈവഹിത പ്രകാരം ദൈവമനുഷ്യരായി ഈ ലോകത്തിൽ ജീവിക്കുകയും, മരണശേഷം ദൈവത്തോടുകൂടെ വസിക്കുകയും, സദാ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന വിശുദ്ധർ തങ്ങൾക്കുവേണ്ടി പ്രാർത്ഥനയും, യാചനയും നടത്തുമെന്ന വിശ്വാസവും ബോധ്യവുമാണ് വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയ്ക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ലോകത്തിൽ നീതിമാന്മാരായി ജീവിച്ച്, ജനത്തിനുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുകയും, അവരുടെ മദ്ധ്യസ്ഥതയാൽ ദൈവം ജനത്തോട് കരുണ ചെയ്യുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നതു (യാക്കോബ് 5:17, 18; ഇയ്യോബ്: 42:8; എബ്രായ 1:12, 22–24, 1 പത്രോസ് 3:12, അ. പ്രവർത്തി 19:11, 12). കൂടാതെ മരണത്തിനല്ലാത്ത പാപം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, അങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം അവർക്ക് ജീവനെ കൊടുക്കുമെന്നും ദൈവ വചനം പഠിപ്പിക്കുന്നു (1 യോഹ: 5:16).

വാങ്ങിപ്പോയ പിതാക്കന്മാരുടെ പ്രാർത്ഥന മാത്രമല്ല, അവരുടെ അസ്ഥികൾക്കുപോലും ജീവനെ കൊടുക്കാനുള്ള കഴിവുണ്ടെന്നു 2 രാജാ. 13:20–ൽ നാം വായിക്കുന്നു.

നീതിമാന്മാരും, വിശുദ്ധന്മാരുമായ വാങ്ങിപ്പോയവർ സജീവരും, ദൈവസന്നിധിയിൽ പ്രാർത്ഥനയിലും , ആരാധനയിലും സംബന്ധിക്കുകയും ദൈവജനത്തോട് കരുതലും, വിശ്വാസികളുടെ കാര്യങ്ങളിൽ തല്പരരും ആകയാൽ അവർ തങ്ങൾക്കായി മദ്ധ്യസ്ഥത അണയ്ക്കുമെന്ന വിശ്വാസം ദൈവജനത്തെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാൻ പ്രേരിപ്പിക്കുന്നു. കൂടാതെ വാങ്ങിപ്പോയ വിശുദ്ധന്മാരെല്ലാവരും, ദൈവത്താൽ അയക്കപ്പെട്ടവരാണെന്നും, അവരെ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും, ദൈവത്തെ ആദരിക്കുന്നതിനും ബഹുമാനിക്കുന്ന

തിനും തുല്യമാണെന്നും ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു (മത്തായി 10:40).

വാങ്ങിപ്പോയ വിശുദ്ധന്മാരെ നാം ഏത് തരത്തിൽ സ്വീകരിക്കുന്നുവോ, അതിനനുയോജ്യമായ പ്രതിഫലവും ദൈവം നമുക്ക് വാഗ്ദാനം ചെയ്യുന്നുണ്ട് (മത്തായി 10:41-42).

ആയതിനാൽ വാങ്ങിപ്പോയ, ദൈവത്താൽ അയയ്ക്കപ്പെട്ട വിശുദ്ധരെ സ്മരിക്കുന്നതും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതും അവരുടെ വിശ്വാസം അനുകരിക്കുന്നതും ദൈവീകവും, വേദപുസ്തകാധിഷ്ഠിതവും, ദൈവകല്പനകളുടെ ആചരണവുമാണ്. ദൈവകല്പനകളെ ലംഘിക്കുവാനോ, ചോദ്യം ചെയ്യുവാനോ ഉള്ളവരല്ല നാം, മറിച്ച് ദൈവകല്പനകളുടെ ആചരണത്തിൽ തീക്ഷ്ണതയുള്ളവരും ദൈവവിശ്വാസത്തിലേയ്ക്ക് വളരുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവിക വിശുദ്ധിയിലേക്ക് ആനയിക്കപ്പെടുവാൻ വാങ്ങിപ്പോയ നീതിമാന്മാരും, പുണ്യവാന്മാരും, വിശുദ്ധരുമായവരുടെ പ്രാർത്ഥനകളും, മദ്ധ്യസ്ഥതകളും നമുക്ക് പ്രചോദനവും സഹായകരവുമാകും എന്നതിന് സംശയമില്ല.

വിശുദ്ധന്മാരുടെ ഗണങ്ങൾ

ഓർത്തഡോക്സ് സഭയിൽ വാങ്ങിപ്പോയ വിശുദ്ധരെ, വിശുദ്ധിയുടെ മാനദണ്ഡത്തിൽ തരംതിരിച്ച്, ഗണിക്കുന്ന രീതി നിലവിലില്ല. എന്നാൽ പൊതുവായി വാങ്ങിപ്പോയ വിശുദ്ധരെ നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യോനേന്മാർ, ഈഹിദായക്കാർ എന്നീ ഗണങ്ങളിൽ പൊതുവേ ഉൾപ്പെടുത്തി ആദരിക്കുന്നു. അത്തരം തരംതിരിക്കലുകൾ അവരുടെ വിശുദ്ധിയുടെ മാനദണ്ഡമനുസരിച്ചല്ല. മറിച്ച് ജീവിതരീതിയുടേയും, ശൈലികളുടേയും പ്രാർത്ഥനാ ജീവിത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ്. വലിയ വിശുദ്ധരെന്നോ, ചെറിയ വിശുദ്ധരെന്നോ ഉള്ള തരംതിരിവ് നമ്മുടെ സഭയിൽ ഇല്ല. എന്നാൽ മേല്പറഞ്ഞ പതിവനുസരിച്ച് വാങ്ങിപ്പോയ. വിശുദ്ധരെ ആദരിക്കുയും, അവരുടെ പെരുന്നാളുകൾ നടത്തുകയും ചെയ്യുന്ന പതിവ് സഭയിലുണ്ട്. പരി. മാതാവിന് പ്രഥമ ഗണനീയമായ സ്ഥാനം വിശുദ്ധരുടെ ഗണത്തിൽ നല്കുന്നുണ്ട് എന്നത് വാസ്തവമാണ് അത് പ: കന്യകമറിയാം ദൈവത്തെ പ്രസവിച്ചവൾ (ദൈവമാതാവ്) എന്ന നിലയിലാണ്. മറ്റെല്ലാ വിശുദ്ധരേയും ഒരേ ഗണത്തിൽ ഉൾപ്പെടുത്തി ആദരിക്കുന്നു.

5

സ്വർഗ്ഗവും നരകവും

ഫാ. കെ. വി. ഏലിയാസ്

പരിശുദ്ധ സഭ എന്നും ഓർക്കേണ്ടതായി പറയുന്ന കാര്യങ്ങളാണ് 'മരണം, ന്യായവിധി, സ്വർഗ്ഗം-നരകം' എന്നിവ. സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണെന്നകാര്യമാണ് ഇതിലൂടെ സഭ പഠിപ്പിക്കുന്നത്. എങ്കിൽ എന്താണ് സ്വർഗ്ഗം, എന്താണ് നരകം എന്ന ചോദ്യം പ്രസക്തമാണ്. വി. വേദപുസ്തകം, ചരിത്രം, സഭയുടെ ആരാധനാ ക്രമം എന്നിവയിലൂടെ ഇവസംബന്ധിച്ച ഒരന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. സ്വർഗ്ഗവും നരകവും രണ്ട് 'സ്ഥല'ങ്ങളാണെന്ന (Space) ചിന്തയാണ് പൊതുവെ സഭ വച്ചുപുലർത്തുന്നത്.

സ്വർഗ്ഗവും നരകവും വേദപുസ്തകത്തിൽ

പുറപ്പാട് 20:4, ആവർത്തനപുസ്തകം 5:8 ഭാഗങ്ങളിൽ പത്തുകല്പനകൾ പറയുന്നിടത്ത് പ്രപഞ്ചത്തെ മൂന്നു തട്ടുകളാക്കി സൃഷ്ടിച്ചിരിക്കുന്നുവെന്ന ഒരു പരാമർശമാണുള്ളത്. 'മേൽ സ്വർഗ്ഗത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കുകീഴെ വെള്ളത്തിലോ' എന്ന് പറയുമ്പോൾ ദൈവത്തിന്റെ ലോകസൃഷ്ടി മൂന്നു തട്ടുകളായാണെന്ന് പറയുന്നു. ഈ ആശയം സങ്കീർത്തനക്കാരനും പിന്തുടരുന്നു (ഉദാ. സങ്കീ. 115:15-17). സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവന്റെ പാദപീഠവുമാണ്.

സ്വർഗ്ഗം

ലോകസൃഷ്ടിയെക്കുറിച്ചുപറയുന്ന ഉല്പത്തി 1:6-8 ഭാഗങ്ങളിൽ 'ആകാശം' എന്ന പ്രയോഗം എബ്രായ ഭാഷയിലെ 'സ്വർഗ്ഗം' എന്ന അർത്ഥംവരുന്ന വാക്കിന്റെ വിവർത്തനമാണ്. ഇവിടെയും സങ്കീ. 148:4 ലും ഭൂമിക്കുമേലുള്ള ഒരു വിതാനമാണ് സ്വർഗ്ഗം/ആകാശം. അത് തൂണുകളാൽ താങ്ങിനിർത്തിയിരിക്കുന്നതായി ഇയ്യോബ് 26:11ലും, അടിസ്ഥാനമുള്ളതായി 2 ശമു. 22:8ലും നാം വായിക്കുന്നു. മഴയും മഞ്ഞും കന്മഴയും ഇടിയുമെല്ലാം പുറപ്പെടുന്നത് ഇവിടെ നിന്നാണ് (പുറ. 9:22-35, യെശയ്യ 55:10, യോശു. 10:11). ദൈവം നൽകുന്ന അടയാളങ്ങൾ കാണുക ഈ വിതാനത്തിലാണ്. (ഉല്പ. 9:12-17). ദൈവസൃഷ്ടിയുടെ സമഗ്രത (totality) ആകാശവും ഭൂമിയും ചേർന്ന് സൂചിപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗം/ആകാശം ഒരു ഭൗതിക യാഥാർത്ഥ്യമായി വി. വേദപുസ്തകം ചിത്രീകരിക്കുന്നു.

ദൈവം സീനായ് പർവ്വതത്തിലും (ആവ. 33:2, സങ്കീ. 68:17) ദേവാലയത്തിലും (1 രാജാ 8:12-13, സങ്കീ. 68:17-18, യെഹസ്കീ. 43:7) സീയോനിലും (സങ്കീ. 74:2, യെശ 8:18, യോവേൽ 3:17, 21) വസിക്കുന്നുവെന്നുണ്ടെങ്കിലും ദൈവത്തിന്റെ അധിവാസ സ്ഥലം സ്വർഗ്ഗമാണെന്ന പരാമർശം (യെശ. 6:1, സങ്കീ. 11:4, യെശ. 66:1), സൃഷ്ടിയിൽ നിന്നും ദൈവം വേറിട്ടുനിൽക്കുന്നുവെന്നും ദൈവം പ്രപഞ്ചാതീതഭാവനാണെന്നും (transcendent) വ്യക്തമാക്കുന്ന ഒരു പരാമർശമാണ്. അതുകൊണ്ട് രക്ഷയുടെ ഉറവിടം സ്വർഗ്ഗമാണ് എന്ന് മനസ്സിലാക്കാം.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള യഹൂദ ചിന്തയുടെ ഉത്ഭവത്തോടെ മരിച്ചവർ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നുവെന്ന ചിന്ത രൂപപ്പെട്ടു. അപ്പോക്രിഫാ ഗ്രന്ഥങ്ങളായ അബ്രഹാമിന്റെ പ്രമാണം, 2 എസ്ദ്രാസ് എന്നീ പുസ്തകങ്ങൾ ഈ ചിന്ത മുന്നോട്ടുവയ്ക്കുന്നു (ദാനീ. 12:2-3 നോ).

സ്വർഗ്ഗം നിത്യാനന്ദത്തിന്റെ ഇടമാണെന്ന ചിന്ത പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 14:2, 2 കൊരി 5:1-10). ഇത് വിശ്വാസികളുടെ സുരക്ഷാകേന്ദ്രമാണ് (ഫിലി. 3:20, എബ്രാ. 11:16, വെളി. 11:12). പൗലോസ് ശ്ലീഹാ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2) എന്ന പ്രസ്താവം സ്വർഗ്ഗം വ്യത്യസ്ത തലങ്ങളിലുണ്ടെന്ന സൂചനയാണ്. പ്രവാസാനന്തര യഹൂദ ലിഖിതങ്ങൾ സ്വർഗ്ഗത്തെ ഏഴു തലങ്ങളുള്ളതായി ചിത്രീകരിക്കുന്നുണ്ട്. ഇതിൽ ഒന്നോ അതിലധികമോ ദുഷ്ടന്മാരുടെ ശിക്ഷയ്ക്കുള്ള ഇടമാണത്രെ.

അതെന്തായിരുന്നാലും യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമാണ് നീതിമാന്മാരായ സകല മനുഷ്യർക്കും മാതൃക (യോഹ. 14 :11-3, 1 കൊരി. 15:20-28, റോമ. 8:29-30).

നരകം/പാതാളം

യവനഭാഷയിൽ 'ഹെയ്ഡ്സ്' എന്നും എബ്രായഭാഷയിൽ 'ഷെയോൾ' എന്നും പറയുന്ന ഈ സ്ഥലം മരിച്ചവർ എല്ലാവരും ചെന്നുചേരുന്ന ഇടമാണ്. പീഡനത്തിന്റെ സ്ഥലമല്ല, മൃതരെല്ലാവരും ചെന്നെത്തുന്ന ഒരു പൊതു ഇടമാണിത് എന്ന് അപ്പോക്രിഫാ പുസ്തകങ്ങൾ വിവരിക്കുന്നു (2 മക്കാ. 6:23, ഹാനോക്കിന്റെ പുസ്തകം 102:5, 103:7 മുതലായവ).

പുനരുത്ഥാന സമയത്ത് പാതാളം അതിലേല്പിച്ചിരുന്ന സകലരേയും തിരിച്ചേൽപ്പിക്കും. (ഹാനോക് 51:3; 2 എസ്ദ്രാസ് 4:42, വെളി. 20:13) അതായത്, പാതാളത്തിന്റെയും പൂർണ്ണനിയന്ത്രണം ദൈവത്തിനു തന്നെ.

മരിച്ചുകഴിഞ്ഞാൽ ഏഴുദിവസത്തേക്ക് മൃതരുടെ ആത്മാക്കൾ സ്വത ന്ത്രമായി നടന്ന് നീതിമാന്മാർക്കുള്ള പ്രതിഫലവും തിന്മ ചെയ്തവർ ക്കുള്ള പീഡനങ്ങളും ചുറ്റിനടന്നു കാണുന്നുവെന്ന് 2 എസ്ദ്രാസ് 7:55-101 ഭാഗങ്ങളിൽ കാണുന്നു. നിത്യദണ്ഡനത്തിന്റെ സ്ഥലമായി നരകത്തെ ചിത്രീകരിക്കുന്നത് പിൽക്കാല രചനകളിലാണ്.

വി. ആരാധനാക്രമത്തിൽ

നമ്മുടെ വി. കുർബ്ബാനയിൽ സകല പരേതരെയും (ആനീദെ) ഓർ ക്കുന്ന ഞായറാഴ്ചത്തെ സെദ്റായിൽ ഇങ്ങനെ വായിക്കുന്നു, 'മറഞ്ഞു കിടക്കുന്നതായ മരിച്ചവരെ കബറുകളുടെ ഉള്ളിൽ നിന്ന് പുറത്തു കൊണ്ടുവരുവാനായി വിളങ്ങുന്ന പാതാളത്തിന്റെ വാതിൽ തുറക്കപ്പെ ടുന്നു", പാതാളം സകല പരേതരുടെയും വാസസ്ഥലമെന്ന കാര്യമാണ് ഇവിടെയും സൂചിതം.

മുഖസ്തുതിയില്ലാത്തതായ നീതിയോടുകൂടിയ ഭയങ്കര ന്യായവിധി ദിവസത്തിൽ ഇവരെയെല്ലാം ഒരുമിച്ചുകൂട്ടും ന്യായവിധിയുടെ ശേഷ മാണ് യഥാർത്ഥത്തിൽ ശാശ്വതമായ ജീവനോ നിത്യനാശമോ ഒരുവനു ലഭിക്കുന്നത്. ന്യായവിധിയിലേയ്ക്കു പ്രവേശിക്കാതെ മരണത്തിൽ നിന്ന് ജീവനിലേയ്ക്കു കടക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. വൈദി കരുടെ ശവസംസ്കാര ശുശ്രൂഷയിൽ (3-ാം ക്രമം പ്രുമിയോൻ - സെദ്റാ) 'ദുഃഖങ്ങളില്ലാത്തതും മരണം വാഴ്ച നടത്താത്തതുമായ' ഒരു സ്ഥലമാണ് സ്വർഗ്ഗം എന്ന് കാണുന്നു. വേദനകളോ ദു:ഖങ്ങളോ നെടു വീർപ്പുകളോ അവിടെയില്ല. ഇങ്ങനെയുള്ള ഒരുദേശത്തേയ്ക്ക് ഈ ആത്മാവ് പറന്നുയരണം എന്നും പറയുന്നു. അതായത്, നീതിമാന്മാർ ക്കായി കാത്തുവച്ചിരിക്കുന്നതും ഭൂമിയിൽ നിന്നും ദൂരെ ഉയരത്തിലു ള്ളതും അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വികർ വസി ക്കുന്നതും, പുത്രനാം ദൈവം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതുമായ 'മഹോന്നത'മാണ് സ്വർഗ്ഗ രാജ്യം. വേദപുസ്തകം നമുക്ക് മുമ്പിൽ അവതരിപ്പിച്ച മൂന്നു തട്ടുക ളുള്ള പ്രപഞ്ചസങ്കല്പത്തിൽ അടിയുറച്ചു വിശ്വസിച്ചുതന്നെയാണ് വി. സഭ സ്വർഗ്ഗത്തെ മനസ്സിലാക്കുന്നത്. യെശയ്യാവ് തന്റെ ദർശനത്തിൽ കണ്ടതും (6-ാം അദ്ധ്യായം) ഈ സ്വർഗ്ഗം തന്നെ. അത് ദൈവത്തിന്റെ വാസസ്ഥലം. നന്മ ചെയ്തവർ ചെന്നുചേരുന്നയിടം, ഇതുവരെ ജീവിച്ച് കടന്നുപോയ വിശുദ്ധർ സന്തോഷാനന്ദാഹ്ലാദത്തോടെ വസിക്കുമിടം.

നമ്മുടെ ആരാധനാ ക്രമങ്ങൾ പാതാളത്തെ സങ്കടരംഗമായി ചിത്രീ കരിക്കുന്നു. ആഴമേറിയ കുഴിയിലേക്ക് വിളിക്കപ്പെടുകയെന്നാൽ നിത്യ ദണ്ഡനത്തിലേക്കു നിപതിക്കുകയെന്നാണ്. വെള്ളത്തിനുവേണ്ടിയാചി

ക്കുന്ന ധനവാന്റെ അവസ്ഥയാണിത്. ഈ നരകം-അബദ്ദോൻ-ന്യായ വിധിനാൾവരെ മൃതർ തങ്ങുന്ന സ്ഥലമല്ല, പ്രത്യുത ന്യായവിധിയിൽ തിന്മചെയ്തവരായി വിധിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നവർ നിത്യനാശ ത്തിന്, ദണ്ഡനത്തിന് അടിപ്പെടുന്ന സ്ഥലമാണ്.

വലതുഭാഗത്തെ കുഞ്ഞാടുകളോടു ചേരുക, ജീവന്റെ സ്ഥാനത്തു നീതിമാന്മാരുടെ കൂട്ടത്തിൽ ചേരുക (സ്ത്രീകളുടെ ശവസംസ്കാരം. 1-ാം ശുശ്രൂഷ സ്ലൂസോ, 3-ാം ശുശ്രൂഷ സ്ലൂസോ) 'സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും' കർത്താവിൽ നിന്ന് നേടുക (ഹൂ ത്തോമ്മോ ശവസംസ്കാരം) എന്നൊക്കെ പറയുന്നത് സ്വർഗ്ഗരാജ്യാനു ഭവം.

പുനരുത്ഥാന ദിവസം വരെ വസിച്ചിട്ട്, ന്യായവിധിക്കു വിധേയപ്പെട്ട് ശിക്ഷിക്കപ്പെടുന്നവരുടെ അവകാശം നരകം. കെടാത്ത തീയും, ചാകാത്ത പുഴുവും, അന്ധകാരവും അവിടുത്തെ അവസ്ഥയാണ്. പാപി കൾ ഈ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെട്ട് ഇടത്തുഭാഗം നിത്യ ദണ്ഡനത്തിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യപ്പെടുന്നു. ഈ അവസ്ഥ യാണ് നരകം.

വേദപുസ്തകം സ്വർഗ്ഗത്തേയും നരകത്തേയും ഒരു ത്രിതല പ്രപ ഞ്ചഘടനയിലാണ് അവതരിപ്പിക്കുന്നത്. മദ്ധ്യത്തിൽ നാം വസിക്കുന്ന ഭൂമി. സ്വർഗ്ഗം ജീവനിലേയ്ക്കു മാറുന്നവരുടെ, ആശ്വാസവും ആനന്ദവും നിറഞ്ഞ സ്ഥലം. നരകമാകട്ടെ തിന്മചെയ്തവർ ന്യായവിധിക്കുശേഷം ശിക്ഷിക്കപ്പെട്ട് അവകാശമാക്കുന്നയിടം. നിത്യസൗഭാഗ്യത്തിന്റെയും നിത്യദണ്ഡനത്തിന്റെയും രണ്ടു ധ്രുവങ്ങളായി സ്വർഗ്ഗവും നരകവും നമുക്ക് മുമ്പിൽ വിരചിതമാക്കുന്നു. ഈ അർത്ഥത്തിൽ തന്നെയാണ് പരിശുദ്ധസഭയും, അതിന്റെ ആരാധനാ ക്രമങ്ങളിലൂടെ സ്വർഗ്ഗത്തേയും നരകത്തേയും വിശദമാക്കാൻ ശ്രമിക്കുന്നത്. ആത്യന്തികമായി, മരണാ നന്തര ജീവിതത്തെക്കുറിച്ചുള്ള ആകുലതയിൽ നിന്ന് ഉടലെടുക്കുന്ന ഒരു ചിന്തയായി സ്വർഗ്ഗത്തേയും നരകത്തേയും നമുക്ക് മനസ്സിലാക്കാം. ഇവി ടെയായിരിക്കുമ്പോൾ നന്മചെയ്തു ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ചിന്തയാണ് ഈ ധ്രുവസങ്കല്പങ്ങൾ (സ്വർഗ്ഗവും നരകവും) നമുക്ക് തരുന്നത്.

6

രക്ഷ

ഫാ. ടിജോ മണലേൽ

ആത്മീയ ജീവിതത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിനെതിരെ ധാരാളം വാഗ്വാദങ്ങളും പരിഹാസങ്ങളും അനുദിനം വർദ്ധിച്ചുവരുന്ന ആധുനിക ലോകത്തിൽ ശരിയായ, സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം എന്താണ് എന്ന് മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. പരിശുദ്ധ സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ പഠിക്കുന്നത് ആയിരിക്കുന്ന വിശ്വാസത്തിൽ നിലനിൽക്കുന്നതിനും കൂടുതൽ തീക്ഷ്ണതയോടെ ആത്മീയജീവിതത്തെ പോഷിപ്പിക്കുന്നതിനും വേണ്ടിയാണ്.

ആധുനിക സമൂഹത്തിൽ സഭാവിശ്വാസികൾ നേരിടുന്ന ഒരു വലിയ ചോദ്യമാണ് നിങ്ങൾ രക്ഷിക്കപ്പെട്ടോ? എന്നുള്ളത്. സാധാരണക്കാരനായ ഏതൊരു വിശ്വാസിയെയും കുഴപ്പത്തിലാക്കുന്ന ഒരു ചോദ്യമാണ് ഇത്. രക്ഷ അല്ലെങ്കിൽ രക്ഷിക്കപ്പെടുക എന്ന് പറയുന്നത് എന്താണ് എന്ന് ഭൂരിഭാഗം വിശ്വാസികൾക്കും അറിയില്ല എന്നതിനാൽ രക്ഷിക്കപ്പെട്ടു എന്നോ ഇല്ല എന്നോ ഉത്തരം പറയുവാൻ പലപ്പോഴും സാധിയ്ക്കാറുമില്ല. ഈ സാഹചര്യത്തിൽ എന്താണ് രക്ഷ, രക്ഷ ആരിൽ നിന്നാണ്, ആരിൽ കൂടിയാണ്, എപ്പോഴാണ് രക്ഷിക്കപ്പെടുന്നത് എന്നും നാം അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു.

എന്താണ് രക്ഷ?

രക്ഷ എന്ന പദത്തിന്റെ വാച്യാർത്ഥം ആപത്തിൽ നിന്നോ, ശത്രുക്കളിൽ നിന്നോ, മറ്റ് അപകടങ്ങളിൽ നിന്നോ ലഭിക്കുന്ന വിടുതൽ എന്നാണ്. ഓരോ മതവും വിവിധ തരത്തിലുള്ള ദോഷങ്ങളിൽ നിന്ന് ഉള്ള വിടുതൽ അന്വേഷിക്കുന്നതായി കാണാം. മനുഷ്യന്റെ സ്വന്തം പ്രയത്നം കൊണ്ട് രക്ഷ ഏതെങ്കിലും വിധത്തിൽ സാധിക്കാം എന്നുള്ളതാണ് പൊതുവെ ഇതര മതങ്ങളിൽ രക്ഷയെക്കുറിച്ചുള്ള സങ്കൽപം . ഉദാ: യാഗങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ മുതലായവ.

വി. വേദപുസ്തകത്തിൽ 'യാഷ്' എന്ന എബ്രായ പദത്തിന്റെ മലയാള പദമായിട്ടാണ് രക്ഷ എന്ന പദം ഉപയോഗിക്കുന്നത്. സ്വയം രക്ഷപെടുവാൻ നിവൃത്തിയില്ലാത്ത വിഷമ വൃത്തത്തിൽ നിന്ന് വ്യക്തികളും സമൂഹവും വിടുവിക്കപ്പെടുന്ന പ്രക്രിയയെയാണ് യാഷ് എന്ന പദം

അർത്ഥമാക്കുന്നത്. വേദപുസ്തകാടിസ്ഥാനത്തിൽ പാപത്തിൽനിന്നു മോചനം നേടി ദൈവസാന്നിദ്ധ്യം വീണ്ടും പ്രാപിക്കുവാൻ പ്രാപ്തമാക്കുന്നതാണ് രക്ഷ. പഴയനിയമകാലത്ത് ഭൗതീകമായ അപകടങ്ങളിൽ നിന്നുള്ള മോചനമാണ് രക്ഷ. കാരണം ദൈവവുമായി ചെയ്ത ഉടമ്പടിയുടെ ലംഘനമാണ് എല്ലാ അപകടങ്ങളുടെയും മൂലമായി പഴയനിയമജനം കണ്ടത്. പുതിയ നിയമത്തിലേക്ക് കടന്നു വരുമ്പോൾ ഭൗതികമായ രക്ഷ അവഗണിക്കപ്പെടുന്നില്ലെങ്കിലും പാപമോചനം വഴി കൈവരുന്ന സ്വർഗ്ഗീയാനുഭവമാണ് രക്ഷ എന്ന ആശയത്തിന് മുൻതൂക്കം നൽകുന്നു.

ക്രൈസ്തവ ചിന്താഗതിയിൽ രക്ഷ എന്നതിനെക്കുറിച്ച് പറയുമ്പോൾ, രക്ഷ എന്നത് മനുഷ്യരുടെ നേട്ടം അല്ല ദൈവത്തിന്റെ കൃപയാലുള്ള ദാനമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. എഫേ. 2:8-ൽ ഇപ്രകാരം കാണുന്നു. "കൃപയാലല്ലോ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെയാകുന്നു." കൂടാതെ രക്ഷ എന്നുള്ളത്, സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് വെളിപാട് 7:10-ൽ കാണുന്നു. രക്ഷ എന്നത് യേശുക്രിസ്തുവിന്റെ കൃപയാലാണ് എന്നും (അ. പ്രവർത്തി 15;11). രക്ഷയെ ദൈവകൃപയെന്നും (തിത്തോസ് 2:11) വേദപുസ്തകം സാക്ഷിയാക്കുന്നു.

അപ്പോൾ "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (അ. പ്രവർത്തി 16:31) എന്ന വേദവാക്യം ഒരു ചോദ്യമായി നമ്മുടെ മുമ്പിൽ ഉയർന്നുവരും വിശ്വാസം മൂലമല്ലേ രക്ഷപ്രാപിക്കുന്നത് എന്ന്? ദൈവത്തിലുള്ള വിശ്വാസം രക്ഷയുടെ മുഖ്യഉപാധിയായി ഇവിടെ ഭവിക്കുന്നു. അപ്പോൾ വിശ്വാസമെന്ന മുഖ്യ ഉപാധിയിലൂടെ ദാനമായി ലഭിക്കുന്ന ദൈവകൃപയാണ് രക്ഷ എന്ന് പറയുന്നത്.

രക്ഷ എവിടെ നിന്നാണ് അല്ലെങ്കിൽ ആരിൽ നിന്നാണ് ലഭിക്കുന്നത്?

"നീതിമാന്മാരുടെ രക്ഷ യഹോവയിൽനിന്ന് വരുന്നു." (സങ്കീ: 27:1) "ഇതാ നമ്മുടെ ദൈവം അവൻ നമ്മെ രക്ഷിക്കും" (യെശ: 25:9) രക്ഷയുടെ പാറയായ ദൈവം (2 ശമു 22:47) രക്ഷയായ ദൈവമേ ഞങ്ങളെ രക്ഷിക്കേണമേ (1 ദിന. 16:25), രക്ഷ യഹോവയ്ക്കുള്ളതാകുന്നു (സങ്കീ. 3:8), നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ (സങ്കീ. 25:5), എന്റെ രക്ഷ (അവങ്കൽ) ദൈവത്തിങ്കൽ നിന്ന് വരുന്നു (സങ്കീ.62:1) യഹോവയിൽ മാത്രമേ രക്ഷയുള്ളൂ (യിര 3: 23), രക്ഷ യഹോവയുടെ പക്കൽ നിന്ന് വരുന്നു (യോന.2:9) "നാം സകല മനുഷ്യരുടെയും പ്രത്യേകം

വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവച്ച് അദ്ധ്വാനിച്ചും പോരാടിയും വരുന്നു."(1 തീമോ 4:10) തുടങ്ങി പഴയനിയമ പുതിയനിയമ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ അവ സാക്ഷിക്കുന്നത് രക്ഷ ദൈവത്തിൽ നിന്നാണ് എന്നതാണ്. സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവത്തിനുമാത്രമേ രക്ഷ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

രക്ഷ ആരിൽകൂടിയാണ് വരുന്നത്?

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലാണ് ക്രൈസ്തവ രക്ഷാചരിത്രം അല്ലെങ്കിൽ രക്ഷാപ്രവർത്തനം ആരംഭിക്കുന്നത്. സുവിശേഷങ്ങളിൽ ഉത്ഘോഷിക്കപ്പെടുന്ന രക്ഷാപ്രവർത്തിയെക്കുറിച്ച് വി. ഇഗ്നാത്തിയോസ് ഫിലെദെൽഫിലായ്ക്കു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു, "നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന രക്ഷകന്റെ ആഗമനവും അവന്റെ കഷ്ടതയും ക്രൂശുമരണവും പുനരുത്ഥാനവും തന്നെയാണ് സുവിശേഷങ്ങളിലെ രക്ഷാപ്രവർത്തനം. "യേശുക്രിസ്തുവിൽ കൂടിമാത്രമേ രക്ഷയുള്ളൂ" എന്ന സത്യമാണ് സുവിശേഷങ്ങളും മറ്റ് പുതിയ നിയമഭാഗങ്ങളും വ്യക്തമാക്കുന്നത്. "മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനുകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അ.പ്ര. 4:12). ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. (തിമോ.1:15) "അവൻ (ക്രിസ്തു) നമ്മേ രക്ഷിക്കുകയും... നമ്മുടെ രക്ഷിതാവായ ക്രിസ്തുവേശുവിന്റെ പ്രത്യക്ഷതയാൽ..." (2 തിമോ.1:9-10) അവരെ (ദൈവത്തോട് അടുക്കുന്നവരെ) പൂർണ്ണമായി രക്ഷിക്കുവാൻ അവൻ ക്രിസ്തു പ്രാപ്തനാകുന്നു (എബ്രാ 7:25). ന്യായപ്രമാണ കർത്താവും ന്യായാധിപതിയും ഒരുവനേയുള്ളൂ രക്ഷിപ്പാനും നശിപ്പിക്കുവാനും ശക്തനായവൻ തന്നെ (യാക്കോ. 4:12) കൂടാതെ (യോഹ. 14:6, തീമോ 2:5, മർക്കോ. 16:16, എബ്രാ. 11:6, യോഹ. 3:5) എന്നീ വേദഭാഗങ്ങൾ നൽകുന്ന സാക്ഷ്യം യേശുക്രിസ്തു മാത്രമാണ് രക്ഷകൻ എന്നാണ്. സുവിശേഷത്തിന്റെ അന്തസത്ത യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയാണ്. സുവിശേഷം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള നമ്മുടെ സ്വന്തം പ്രയത്നത്തിലേക്കല്ല മറിച്ച് ദൈവം പ്രവർത്തിച്ചതിലേക്കാണ്.

മാനവവംശത്തിന്റെ ദുരിതാനുഭവത്തിൽ ദൈവം ദിവ്യമായി ഇടപെട്ടു. ഈ ദിവ്യമായ ഇടപെടൽ ചൂണ്ടിക്കാണിക്കുന്നത് നമുക്കുതന്നെ നമ്മെ രക്ഷിക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യമാണ് നമ്മുടേത് എന്നാണ്. പാപവും ദോഷവും നമ്മുടെ മേൽ കർത്തൃത്വം എടുത്തിരിക്കുന്നു.

അതിനാൽ ആ പാപചെളിക്കുണ്ടിൽ നിന്ന് കരേറുവാൻ സ്വന്തം പ്രയത്നം കൊണ്ട് മാത്രം സാദ്ധ്യമല്ല. ആ ചേറ്റുകുഴിയിൽ നിന്ന് ഉയർത്തി രക്ഷിക്കുവാൻ തക്ക കരുത്തുള്ള ഒരുവന്റെ ഇടപെടൽ കൊണ്ട് മാത്രമേ നമുക്ക് രക്ഷ കിട്ടുകയുള്ളൂ. ആ ഇടപെടൽ ആണ് യേശു ക്രിസ്തു എന്ന ദൈവപുത്രന്റെ മനുഷ്യാവതാരം. ക്രിസ്തുവാണ് രക്ഷാ ചരിത്രത്തിന്റെ കേന്ദ്രബിന്ദു. കാരണം സൃഷ്ടിക്കുമുമ്പു തന്നെ ക്രിസ്തു രക്ഷകനായി മുൻ നിർണ്ണയിക്കപ്പെട്ടിരുന്നു (യോഹ. 17:24, 1 പത്രോ. 1:20) രക്ഷാപ്രവർത്തനം ഇന്ന് തന്റെ സഭയിലൂടെ തുടരുന്നതും, ക്രിസ്തുവിലൂടെ തന്നെയാണ്. രക്ഷാപ്രവർത്തനത്തിന്റെ പൂർത്തീകര ണവും ക്രിസ്തു മൂലം ആയിരിക്കും.അതായത് രക്ഷാപ്രവർത്തന ത്തിന്റെ ആരംഭവും കേന്ദ്രവും പുരോഗതിയും പൂർത്തീകരണവും എല്ലാം ക്രിസ്തുവിൽ തന്നെയാണ്.

യേശുക്രിസ്തു എങ്ങനെയാണ് നമ്മെ രക്ഷിച്ചത്?

രക്ഷ ക്രിസ്തുവിൽ എന്ന സത്യം ആഴമായി മനസ്സിലാക്കുവാൻ അവന്റെ ക്രൂശുമരണം കൊണ്ട് എങ്ങനെ രക്ഷിച്ചു എന്ന് ചിന്തിക്കേ ണ്ടിയിരിക്കുന്നു. ഇരുപക്ഷത്തെയും ഒന്നാക്കിയ യാഗമാണല്ലോ കർത്താവിന്റെ ക്രൂശുമരണം. അതായത് ദൈവവും മനുഷ്യനും തമ്മിൽ ഭിന്നിച്ചത് പാപത്തിലാകയാൽ പാപപരിഹാരമുണ്ടാകാതെ യോജിപ്പ് സാദ്ധ്യമല്ല. ദൈവവും മനുഷ്യനും തമ്മിൽ യോജിപ്പ് സാദ്ധ്യമാക്കിയ പാപപരിഹാരമാണ് നമ്മുടെ കർത്താവിന്റെ ക്രൂശുമരണം. കർത്താ വിന്റെ ക്രൂശുമരണം മൂലം മാനവരാശിയുടെ മേൽ ഉണ്ടായിരുന്ന പാപ ങ്ങൾക്ക് പരിഹാരം ഉണ്ടായി. തന്മൂലം മനുഷ്യവർഗ്ഗത്തിന് മുഴുവൻ രക്ഷ യുടെ അനുഭവം പ്രദാനം ചെയ്തു.ക്രൂശുമരണം മൂലം നമുക്ക് ലഭിച്ച രക്ഷ എന്ന് പറയുന്നത് ശത്രുവാകുന്ന സാത്താനിൽ നിന്നുള്ള വീണ്ടെ ടുപ്പ്, ദൈവീക ഇഷ്ടത്തിനുള്ള സമ്പൂർണ്ണ സമർപ്പണം, അനുസരണം, നിത്യജീവൻ, ദൈവീക സന്തോഷം,സമാധാനം എന്നിവയാണ്. ഇപ്ര കാരമുള്ള രക്ഷ നമുക്ക് ലഭ്യമായത് പിതാവിന്റെ ഇഷ്ടത്തിന് തന്നെ ത്തന്നെ ക്രിസ്തു സമർപ്പിച്ചതിനാലാണ്.

ആരാണ് രക്ഷിക്കപ്പെടുന്നത്?

യേശുക്രിസ്തു മാത്രമേ രക്ഷിക്കൂ എങ്കിൽ ക്രിസ്തുവിനെ അറിയാ ത്തവർ നശിച്ചു പോകില്ലേ? മറ്റു മതവിശ്വാസികൾ അവരുടെ വിശ്വാ സപ്രകാരം ജീവിച്ചാൽ രക്ഷ പ്രാപിക്കുകയില്ലേ, എന്നുള്ള ചോദ്യങ്ങൾ നമ്മുടെ ചിന്തയിൽ ഉയർന്നുവരാം.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം പാപികളെ രക്ഷിക്കുവാ

നായിരുന്നു. എന്നാൽ ഹൈന്ദവ അവതാരങ്ങൾ പാപികളുടെ രക്ഷയ്ക്കാണെന്ന് ശ്രീമത് ഭഗവത്ഗീത പോലും അവകാശപ്പെടുന്നില്ല:

"പരിത്രാണായ സാധൂനാം
വിനാശായ:ച.ദുഷ്കൃത
ധർമ്മ സംസ്ഥാപനാർത്ഥായ,
സംഭവാമി യുഗേ യുഗേ" (ഗീത 4: 8).

സാധുക്കളെ രക്ഷിക്കുവാനും പാപികളെ (ദുഷ്ടൻമാരെ) നിഗ്രഹിക്കുവാനും ധർമ്മം സംസ്ഥാപിക്കുവാനുമാണ് ഞാൻ യുഗങ്ങൾ തോറും അവതരിക്കുന്നത്. ഇതാണ് ഹൈന്ദവാവതാര ലക്ഷ്യം എന്നാൽ " സകല ഭൂവാസികളുമേ എങ്കലേക്ക് തിരിഞ്ഞു രക്ഷപെടുവീൻ" എന്ന ആഹ്വാനം വേദപുസ്തകത്തിൽ നിന്ന് ലഭിക്കുമ്പോൾ നീതിമാൻമാരെയല്ല പാപികളെയത്രെ ക്ഷണിക്കുന്നത്. പാപിക്കു രക്ഷാമാർഗ്ഗം യേശുക്രിസ്തുവിൽ മാത്രമേ കാണുന്നുള്ളൂ. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്നതിന്റെ അർത്ഥം അന്തിമമായ രക്ഷാപൂർത്തീകരണത്തിനുള്ള ഏകവഴിയും യേശുമിശിഹായാണെന്നുള്ളതാണ്.

യേശുക്രിസ്തുവിൽ കൂടിയല്ലാതെ രക്ഷയില്ല എന്ന് തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു എന്നാൽ ക്രിസ്ത്യാനിക്കു മാത്രമേ രക്ഷയുള്ളു എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ആധുനിക സഭാവിശ്വാസങ്ങൾ പഠിപ്പിക്കുന്നത് ക്രിസ്ത്യാനികൾക്ക് മാത്രമേ രക്ഷയുള്ളൂ എന്നാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഈലോകത്തിനു തന്നെ ഒരു പുതുജീവൻ നൽകി കഴിഞ്ഞു. എന്നാൽ തന്നെ അറിയുകയും സഭയിൽ ചേരുകയും ചെയ്താൽ സമൃദ്ധിയായി ജീവൻ ലഭിക്കുകയും ചെയ്യും. യേശുക്രിസ്തു ദൈവമാകയാൽ ക്രിസ്ത്യാനികളുടെ മാത്രം ദൈവമല്ല സകലർക്കും ദൈവമാണ്.ദൈവത്തിനു മുഖപക്ഷമില്ല എന്നും, ഏതുജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവരെ അവൻ അംഗീകരിക്കുന്നു.(അ.പ്ര.10:34-35) എന്ന പത്രോസ് ശ്ലീഹായുടെ വാക്കുകൾ പഠിപ്പിക്കുന്നത് ആരാണ് രക്ഷിക്കപ്പെടുന്നത് എന്ന ചോദ്യത്തിന് ഉത്തരമാണ്.

രക്ഷ പ്രാപിക്കുവാൻ നാം എന്തുചെയ്യണം?

രക്ഷ പ്രാപിക്കുന്നതിന് വിശ്വാസം മാത്രം മതി സത്പ്രവർത്തികളോ കൽപനകളുടെ അനുസരണമോ ആവശ്യമില്ലെന്നാണ് മിക്ക പെന്തക്കോസ്തു, പ്രോട്ടസ്റ്റന്റ് സമൂഹങ്ങളും പഠിപ്പിക്കുന്നത് അതിന് ആധാരമായി അവർ, കാരാഗൃഹ പ്രമാണിയോട് ശ്ലീഹന്മാർ പറഞ്ഞ വചനത്തെ ഉപയോഗിക്കുന്നു. "കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ

നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അ. പ്രവർത്തി 16:31). ഒരുവനെ രക്ഷിക്കുന്നത് യേശു ദൈവമാണെന്നുള്ള വിശ്വാസം മാത്രമല്ല അവിടുത്തെ വചനം അനുസരിച്ച് ഫലം പുറപ്പെടുവിക്കുന്ന വിശ്വാസ മാണ് അതിന് യാക്കോബ് ശ്ലീഹാ സാക്ഷ്യം പറയുന്നു. "ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ പിശാചുക്കളും അങ്ങനെതന്നെ വിശ്വ സിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. വ്യർത്ഥ മനുഷ്യാ പ്രവർത്തി യില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിക്കുവാൻ നിനക്ക് മന സ്സുണ്ടോ? അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തിക ളാൽ തന്നെ നീതീകരിക്കപ്പെടുന്നു" (യാക്കോബ് 2:19, 20, 24) വിശ്വാസ മാകുന്ന താലന്ത് ലഭിച്ചിട്ടും അതുപയോഗിച്ച് ഫലം പുറപ്പെടുവിക്കുക എന്ന കർത്താവിന്റെ ഇഷ്ടം ചെയ്യാതെ കർത്താവെ കർത്താവെ എന്ന് വിളിച്ചപേക്ഷിക്കുക മാത്രം ചെയ്യുന്നവരുടെ വിശ്വാസമല്ല രക്ഷയ്ക്ക് അർഹമാകുന്നത്. (മത്തായി.7:24) പ്രാർത്ഥനയിലും ദാനധർമ്മത്തിലും മുഴുകി യേശുവിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ചതിനാലാണ് വിജാതീ യനായ കൊർണോലിയൂസ് ദൈവസന്നിധിയിൽ സ്മരിക്കപ്പെട്ടതും അവനെ രക്ഷയിലേക്ക് നയിക്കാൻ കാരണമായി തീർന്നതും (അ. പ്രവർത്തി 10:4) ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതു പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ് (യാക്കോ. 2:26) നല്ല വൃക്ഷത്തിന് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കാൻ സാധിക്കുകയില്ല അതുപോലെ യേശുവിൽ വിശ്വസിക്കുന്നവർക്ക് സത് പ്രവർത്തികൾ ചെയ്യാതിരിക്കാൻ സാധിക്കുകയില്ല.

അതായത് രക്ഷപ്രാപിക്കുവാൻ യേശുവിലുള്ള വിശ്വാസം മാത്രം പോരാ അതനുസരിച്ചുള്ള പ്രവർത്തിയും ജീവിതത്തിൽ ഉണ്ടാകേണ്ട താണ്.

ഞങ്ങൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞവരാണ് എന്നവകാശപ്പെടുന്ന ചിലരെ നാം കണ്ടുമുട്ടാറുണ്ട്. എന്നാൽ വചനം പറയുന്നു. "നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ അധികം അടുത്തിരിക്കുന്നു" (റോമർ 13:11) അതുപോലെ "ഈ സമയത്തും പൂർവ്വാധികം ഭയത്തോടും വിറയ ലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷക്കായി അധ്വാനിക്കുവിൻ" (ഫിലി. 2:12). കൂടാതെ "രക്ഷയിലേക്ക് വളർന്നു വരേണ്ടതിന് നിങ്ങൾ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ" (1 പത്രോസ് 2:2) ഇതിൽനിന്ന് മനസ്സിലാകുന്നത് രക്ഷ എന്നത് വിശ്വസിച്ച സമയത്ത് ലഭിക്കുന്നത് അല്ല. രക്ഷിക്കപ്പെട്ടവർ(വിശ്വസിച്ചവർ) തിരസ്ക്കരിക്കപ്പെടാ തിരിപ്പാൻ കഠിനാദ്ധ്വാനം ചെയ്യുവാൻ പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. വിശ്വസിച്ചതുകൊണ്ട് എല്ലാമായി എന്നു കരുതി കൈയ്യും കെട്ടി ഇരിക്കാനുള്ളതല്ല ക്രിസ്തീയ ജീവിതം. പോരാട്ടം നിറഞ്ഞതാണ്

ഈ ഭൗമികജീവിതം. വിശ്വാസത്തിൽ നാം നിലനിൽക്കണം. അതിൽ വളരണം പ്രവർത്തിയിലൂടെ പൂർത്തീകരിക്കണം. ഉറച്ചു നിൽക്കുക യാണെങ്കിൽ നാം അവനോട് കൂടെ വാഴും (2 തീമോ. 2:12) അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും (മത്തായി 10:22). അതി നാൽ നമ്മുടെ ആദ്യവിശ്വാസത്തെ അവസാനം വരെ മുറുകെ പിടിക്കു മെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളൂ (എബ്രാ. 3:14)

രക്ഷയുടെ പൂർത്തീകരണം എപ്പോഴാണ്? അല്ലെങ്കിൽ എപ്പോഴാണ് രക്ഷിക്കപ്പെടുന്നത്?

നൂതന സഭാവിഭാഗങ്ങൾ പഠിപ്പിക്കുന്നതനുസരിച്ച് രക്ഷ ഒരു പ്രത്യേക സമയത്ത് ഈ ലോകത്തുവച്ചുതന്നെ സംഭവിക്കുന്നു എന്നാണ്. അതായത് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി. വിശ്വസിക്കുന്ന സമയത്തുതന്നെ നീ രക്ഷിക്കപ്പെട്ടു. എന്നാൽ വി.വേദപുസ്തകം പരിശോധിക്കുമ്പോൾ രക്ഷിക്കപ്പെടും എന്ന ഭാവികാലരൂപത്തിലുള്ള പ്രയോഗമാണ് കൂടുതൽ കാണുവാൻ കഴി യുന്നത് (മത്തായി 24:13, റോമർ 5:9, 10). 1 കോരി. 2:9-ൽ പറയുന്നതു പോലെ കർത്താവ് ഒരുക്കിയിരിക്കുന്ന രക്ഷ മനുഷ്യമനസ്സിന് അചി ന്ത്യമാണ്.

കർത്താവിന്റെ മനുഷ്യാവതാരത്തോടെ ആരംഭിച്ച രക്ഷാപ്രവർത്തി ഇന്നും തുടരുന്നു കർത്താവിൽ വിശ്വസിച്ചവരായ രക്ഷിതഗണത്തിന് അതായത് വിശ്വാസികൾക്ക് നേരിടുന്ന പ്രതികൂല സാഹചര്യങ്ങളിൽ രക്ഷാപ്രക്രിയ തുടരേണ്ടതാണ്, അത് ആവശ്യവുമാണ്. ക്രിസ്തുവിൽ വിശ്വസിച്ച് സഭയോട് ചേരുന്ന വ്യക്തി മാമോദീസ ഏറ്റസമയം മുതൽ പരിശുദ്ധാത്മാവ് രക്ഷയുടെ പ്രവർത്തി നമ്മിൽ തുടരുന്നു. പരിശുദ്ധാ ത്മാവിന്റെ പ്രവർത്തനം ഉണ്ടാകുമ്പോൾ രക്ഷ സ്വീകരിച്ച ഒരു വിശ്വാസി നിഷ്ക്രിയനായിരിക്കുവാൻ പാടില്ല. രക്ഷ സ്വീകരിക്കുന്നവർ അതിനു തക്കപ്രവർത്തികൾ ചെയ്തു രക്ഷയിൽ വളരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ക്രിസ്ത്യാനി രക്ഷിക്കപ്പെട്ടവനാണ്, അവൻ ദൈവത്തോടുള്ള ശരി യായ ബന്ധം പാലിക്കുന്നിടത്തോളം നീതിമാനുമാണ്. എങ്കിലും അതേ സമയത്ത് പാപിയുമാണ്. പാപക്ഷമ ലഭിച്ച പാപി. അവന്റെ ആളത്ത ത്തിന്റെ ധാർമ്മിക നവീകരണം അപൂർണ്ണമാണ്. ക്രിസ്ത്യാനിയുടെ ജീവിതം ഏകസമയത്ത് വർത്തമാനകാല ജീവിതവും ഇനി വരുവാനുള്ള ഒരു ജീവിതവുമാകുന്നു. അവൻ ക്രിസ്തുവിനോട് കൂടെ വിശ്വാസത്താൽ ഐക്യപ്പെടുകയും അവന്റെ ജീവിതത്തിൽ പങ്കാളിയാക്കുകയും

ചെയ്യുന്നതുകൊണ്ട് രക്ഷ കരഗതമായിരിക്കുന്നു എങ്കിലും ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനോട് ചേർന്നുള്ള നിത്യജീവന്റെ അവകാശമായും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സ്ഥാപിതമാകുന്ന പുതിയ രാജ്യത്തിലെ ജീവിതമായും രക്ഷ ചിന്തിക്കുമ്പോൾ രക്ഷ ഒരുനിമിഷം കൊണ്ട് പൂർത്തീകരിക്കുന്നതല്ല.

പത്രോസ് അപ്പോസ്തോലന്റെ വാക്കുകളിൽ രക്ഷ അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുക്കിയിരിക്കുന്നതാണ് അതിനു വേണ്ടി നമ്മെ വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുകയും ചെയ്യുന്നു. പാപത്തിൽ നിന്നും അന്ത്യന്യായവിധിയിൽ നിന്നുള്ള വിടുതലും ദൈവരാജ്യത്തിലെ നിത്യജീവനുമായിട്ട് ചിന്തിക്കുമ്പോൾ രക്ഷയുടെ പൂർത്തീകരണം കർത്താവിന്റെ രണ്ടാമത്തെ വരവിലാണ്. അതിനാണ് നാം പ്രത്യാശയോടെ കാത്തിരിക്കുന്നതും അതിനാൽ കൃപയാൽ എന്നെ രക്ഷിച്ചു, അനുദിനം രക്ഷിക്കുന്നു, പൂർണ്ണമായ രക്ഷയ്ക്കായി നോക്കിപ്പാർക്കുന്നു എന്നാണ് രക്ഷയെക്കുറിച്ച് പറയേണ്ടത്.

രക്ഷയെക്കുറിച്ച് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ എന്നെ രക്ഷിച്ചു, ഞാൻ രക്ഷയുടെ പാതയിലാണ്, ഞാൻ രക്ഷിക്കപ്പെടും. ആ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നു എന്നാണ്.

7

കുരിശിന്റെ അർത്ഥവും വ്യാപ്തിയും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കുരിശിന് മഹത്തരമായ പ്രാധാന്യം ക്രൈസ്തവ സഭകൾ നൽകുന്നു. വേദ പുസ്തകാധിഷ്ഠിതവും, വേദശാസ്ത്രപരവുമായി അഗാധ അർത്ഥം വെളിവാക്കുന്ന 'കുരിശ്' മതചിഹ്നമോ സാംസ്കാരിക അടയാളമോ മാത്ര മല്ല, ക്രിസ്തുവിന്റെ കഷ്ടാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ സമഗ്രവും ഏകവുമായ പ്രതീകമാണ് - കുരിശ്.

1. കുരിശിന്റെ പ്രാധാന്യം എന്ത്?

ലാറ്റിൻ ഭാഷയിലെ ക്രൂസിൽ (Crux) നിന്നുമാണ് ക്രോസ് (Cross) എന്ന വാക്ക് ഉത്ഭവിച്ചത്. ഇതിന് സർവ്വ പ്രധാനം, അത്യന്താപേഷിതം, അടിസ്ഥാനപരം എന്നെല്ലാം അർത്ഥമുണ്ട്. അതിനാൽ കുരിശ്, യേശു ക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ്, ക്രൂശാരോഹണം എന്നി വയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ക്രിസ്തിയ വിശ്വാസത്തിന്റെ മറ്റ് പ്രമാണങ്ങൾ എല്ലാം പണിതുയർത്തിയിരിക്കുന്നത്, 'നശിച്ചുപോ കാത്ത' കുരിശിന്റെ അടിത്തറയിലാണെന്ന് യറുശലേമിലെ വിശുദ്ധ കൂറി ലോസ് (C. 348 - 87) പഠിപ്പിക്കുന്നു. പഴയ നിയമത്തിലെ പല സംഭവ ങ്ങളും പ്രവചനങ്ങളും കുരിശിന്റെ രക്ഷാകരമായ പദ്ധതിയെ മുൻകൂട്ടി വെളിപ്പെടുത്തുന്നതായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

'സംഹാര ദൂതനെ തടയുന്നതിന് കറുമ്പടി മേലും കട്ടിളക്കാൽ മേലു മുള്ള രക്തം തേക്കൽ (പുറ. 12 .23), മോശ കയ്യിൽ ധരിച്ച അടയാളവും' കണ്ണുകളുടെ നടുവിലെ നെറ്റിപ്പട്ടയും (പുറ. 14.6), ശത്രുക്കളുടെ പരാജ യത്തിനായി മോശയുടെ കൈ ഉയർത്തലും (പുറ. 17: 8 – 15), മരുഭൂമി യിൽ മോശ നാട്ടിയ പിത്തള സർപ്പവും (സംഖ്യ 21. 6 – 9), കുരിശിന്റെ മുൻകുറികളാണ്. മരത്തിൽ തൂങ്ങി മരിച്ചവർ ശാപഗ്രസ്തർ (പുറ. 21 . 22), മിശിഹായുടെ കഷ്ടാനുഭവ ദർശനം (സങ്കീ. 22), നെറ്റിയിലെ രക്ഷ കരമായ അടയാളം (യെഹസ്കിയേൽ 9:3–6) എന്നിവ കുരിശിനെ പാപ ത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയുടെ അടയാളമായി വ്യാഖ്യാനിക്കുന്നു.

കുരിശിന്റെ മഹത്തായ ദർശനം യേശു വെളിപ്പെടുത്തുന്നത് 'ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക' എന്ന പ്രഖ്യാപനത്തിലാണ് (മത്തായി 10:38–39, 16:24–25, മർക്കോസ് 8:34–35, ലൂക്കോസ് 9:23–24, 14:27).

“ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുള്ള സന്ദേശം ‘വരിക, ക്രൂശിക്കപ്പെടുക’ എന്നതാണെന്ന് ശിഷ്യത്വത്തിന്റെ വില നിർണ്ണയപ്പെടുത്തി” ഡിട്രിച്ച് ബോൺഹോഫർ (1906 – 1945) വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളി ‘വരിക ക്രൂശിക്കപ്പെടുക’ എന്ന ആഹ്വാനമാണ്. യേശുവിനെ അനുഗമിക്കുന്നവർ കുരിശിന്റെ വഴി തിരഞ്ഞെടുക്കണം. നിന്ദയും തിരസ്ക്കാരവും മുൾക്കിരീടവും കുരിശിന്റെ വഴിയാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത കുരിശിന്റെ ജീവിതമാണ്. പരസ്യ ശുശ്രൂഷയിൽ മൂന്നു പ്രാവശ്യം യേശു പീഡാനുഭവത്തേയും, ക്രൂശു മരണത്തേയും സൂചിപ്പിക്കുന്നു. (മത്താ 16:21, 17:22, 22–23, 20:18–19). യേശുവിനെ പിൻപറ്റിയവർ ‘ക്രൂശിനെ’ സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ശിഷ്യത്വം കുരിശ് എടുക്കുന്നതിന്റേതാകണമെന്ന് ആഹ്വാനം ചെയ്യുന്നു (ലൂക്കാ 9:22–24).

യേശുവിന്റെ ശിഷ്യത്വത്തിന്റെ അടയാളം ‘കുരിശാണ്.’ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ കുരിശു വഹിക്കണമെന്നത് നിർബന്ധമാണ്. കുരിശിൽ നിറയുന്നത് സ്നേഹവും ക്ഷമയും സഹനവുമാണ്. ഇത് രക്ഷയ്ക്കുള്ള വഴിയാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ക്രിസ്തുശിഷ്യത്വത്തിന്റെ വിളിയെ തിരസ്ക്കരിക്കുന്നു.

കുരിശിന്റെ അടയാളം ക്രിസ്തുവിന്റെ മഹത്തരമായ രണ്ടാം വരവിന്റെ പ്രതീകമായും (യെശ 11:10–12, മത്തായി 24:30) ആശീർവാദത്തിന്റെ ചിഹ്നമായും, അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്റെ ഭാവമായും കണക്കാക്കുന്നു. കൈകൾ അല്പം ഉയർത്തി പിടിക്കുമ്പോൾ ലഭ്യമാകുന്നതും കുരിശിന്റെ അടയാളമാണ്. വിശ്വാസത്തിന്റെ പരിചയായ കുരിശ് (എഫേ 6,16), വിശുദ്ധ മാമോദീസായിൽ കൂടി ആദ്യം ലഭ്യമാകുന്നു. കുരിശിന്റെ അടയാളം ദൈവജനത്തിന്റെ അടയാളമായി (ഗലാ. 5:11, 6:14) പഠിപ്പിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട് സഭയെ ശുശ്രൂഷിക്കുവാനും സഭയുടെ കൂദാശാനുഭവത്തിൽ പങ്കുചേരുവാനും വിശ്വാസികളെ കുരിശിന്റെ അടയാളത്തിലൂടെ സജ്ജമാക്കുന്നു.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ കുരിശ് നിത്യ ജീവൻ അവകാശമാക്കുന്നതിന്റെ വാഗ്ദാനമാണ്. കുരിശിനെ ഏദൻ തോട്ടത്തിലെ ജീവ വൃക്ഷമായി താരതമ്യം ചെയ്തിട്ടുണ്ട്. (ഉൽപ്പത്തി 2:9 3 :22 – 24). വലിയ മാർ ബസേലിയോസ് (330 – 379) ക്രിസ്ത്യാനികൾ ജീവവൃക്ഷമായി തീരണമെന്ന് (സങ്കീ. 1:1–3) പ്രബോധിപ്പിക്കുന്നു. കുരിശ് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ് (1 തിമോ 2:5, എബ്രാ. 8:6; 9:15, 12:24). ക്രൂശിതനായ യേശുവിന്റെ ജീവിതം യാക്കോബ് കണ്ട ഗോവണിയുടെ പ്രതീകമാണ് – മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ചയുടെ അനുഭവം. കുരിശ് യേശുവിന്റെ രക്ഷാ

പ്രവർത്തനങ്ങൾ സംവേദിപ്പിക്കുന്നതിന് മാത്രമുള്ളതല്ല; കുരിശ് മനുഷ്യ വർഗ്ഗത്തെ രൂപാന്തരപ്പെടുത്തുവാനുള്ളതാണ് (The cross not only informs us, but also transforms us). ക്രൂശിന്റെ അനുഭവത്തിൽ എത്തിച്ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരമുണ്ടാകുന്നത്.

ഭൗതികമോഹങ്ങളെ പരിത്യജിക്കുക, ക്രിസ്തുവിശ്വാസത്തിൽ ഉറച്ച് നിൽക്കുക (എബ്രാ 12:2-3), ക്രിസ്തു സ്നേഹം വെളിപ്പെടുത്തുക (യോഹ. 15:13) എന്നിവയിൽ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ, കുരിശിന്റെ സ്നേഹവും ശിഷ്യത്വവും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയൂ. ക്രിസ്തുവിന്റെ കുരിശ് ബലിയർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും ശുശ്രൂഷയാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമത്തിൽ മാറാനായ പെരുന്നാളും ദൈവമാതാവിന്റെ പെരുന്നാളും കഴിഞ്ഞാൽ ഏറ്റവും അധികം സ്ഥാനം സ്ലീബായ്ക്കാണ്. ഏതു ആരാധനയിലും കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കും. വിശുദ്ധ കുർബാനയിൽ ത്രോണോസിൽ ഒരു മരക്കുരിശ് നിർബന്ധമായും ഉണ്ടായിരിക്കണം. മറ്റ് കൂദാശകളിലും ശുശ്രൂഷകളിലും ഒരു കുരിശും ഇരുവശങ്ങളിൽ തിരികളും വെച്ചിരിക്കും. പ്രാർത്ഥനകൾ നടത്തുമ്പോൾ കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കണമെന്ന് സഭ പ്രബോധിപ്പിക്കുന്നു.

വലിയ നോമ്പിലെ 'പാതിനോമ്പിൽ' പള്ളി മദ്ധ്യത്തിൽ 'ഗോഗുൽത്താ' സ്ഥാപിച്ച് മുകളിൽ കുരിശ് വെക്കുന്നു. പാതിനോമ്പിന്റെ വിശുദ്ധ കുർബാനയോടനുബന്ധിച്ച്, സ്ലീബാ ആഘോഷം നടത്തി ചുവന്ന ഊറാറ ചുറ്റി കുരിശ് ഗോഗുൽത്തായിൽ ഭംഗിയായി പ്രതിഷ്ഠിക്കുന്നു. പാതിനോമ്പിലെ 'സ്ലീബാ ആഘോഷം', ദു:ഖവെള്ളിയാഴ്ചയിലെ സ്ലീബാ തോളിൽ താങ്ങിയുള്ള പ്രദക്ഷിണം, കുരിശ് കുമ്പിടീൽ, സ്ലീബാ ആഘോഷം, 'കബറടക്കം', ഉയിർപ്പ് പെരുന്നാളിലെ 'ഉയിർപ്പിന്റെ രഹസ്യ ശുശ്രൂഷ', സ്ലീബാ ആഘോഷം, സ്വർഗ്ഗാരോഹണ പെരുന്നാളിലെ 'സ്ലീബാ ആഘോഷം' എന്നിവയിൽ സ്ലീബായുടെ മഹത്ത്വവും പ്രാധാന്യവും വർണ്ണിക്കുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും ഉൾക്കൊള്ളുന്നു. സെപ്തംബർ 14 സ്ലീബാ പെരുന്നാളായും സഭ ആഘോഷിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ആരാധനാ ക്രമീകരണങ്ങളിൽ വെള്ളിയാഴ്ചത്തെ പ്രാർത്ഥനകൾ സ്ലീബായുടെതാണ്. 'കൂദോശ് ഇത്തോ' മുതൽ കഷ്ടാനുഭവ ആഴ്ചവരെ, ഞായറാഴ്ച യാമ പ്രാർത്ഥനകളും സ്ലീബായുടേതാണ്. ആരാധനയിൽ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും... തുടങ്ങിയ 'ത്രിത്വസ്തുതിയിലും' കുരിശു വരയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു. വാങ്ങിപ്പോയവരുടെ കബറിടത്തിൽ 'കുരിശു വയ്ക്കുന്ന' പാര

മ്പര്യവും ഉണ്ട്. ഇത് 'ക്രിസ്ത്യാനി' എന്ന് ധ്വനിപ്പിക്കുന്നതിന് മാത്രമല്ല പ്രത്യാശയോടെ പുതു ജീവിതത്തിലേക്ക് കടന്ന് പോകുന്നതിനെ (pass over) അനുസ്മരിപ്പിക്കുന്നു. പ്രത്യാശയുടെയും ജീവന്റെയും അടയാള മാണിത്. കുരിശ് ക്രിസ്തീയ ജീവിതത്തിന്റെ വിജയകൊടിയും അവി ഭാജ്യ ഘടകവുമാണ്.

2. കുരിശു വരയ്ക്കുന്നത് എപ്പോൾ, എങ്ങനെ; അതിന്റെ അർത്ഥം എന്ത്?

സഭാ പാരമ്പര്യത്തിൽ കുരിശു വരയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. നെറ്റിയിൽ എല്ലായ്പ്പോഴും കുരിശടയാളം വരയ്ക്കണമെന്ന് (Sign of the cross) സഭാ പിതാവായ തെർത്തുല്യൻ (A.D 160 - 220) പ്രബോധി പ്പിച്ചു. ആദ്യകാലത്ത് നെറ്റിയിൽ ചെറിയ കുരിശടയാളങ്ങൾ വരയ്ക്കു മായിരുന്നു. കുരിശ് ക്രിസ്ത്യാനികളുടെ പൊതു ചിഹ്നമായത് കോൺസ്റ്റ ന്റൈൻ ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി നാലാം നൂറ്റാ ണ്ടിൽ യേശുവിന്റെ കുരിശ് കണ്ടെടുത്തതോടു കൂടിയാണ്. കുസ്തന്തീ നോസ് രാജാവ് യുദ്ധസമയത്ത് ആകാശത്ത് സ്ലീബായുടെ അടയാളം കാണുകയും അതിനെ വന്ദിക്കുകയും ചെയ്തതായി ഐതിഹ്യം ഉണ്ട്. യറുശലേമിലെ കൂറിലോസ് (313-386) യേശുവിന്റെ കുരിശ് ഊർശ്ലേമിൽ ഉള്ളതായും അതിന്റെ അംശങ്ങൾ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോ യതായും രേഖപ്പെടുത്തിയിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടോടെയാണ് വലതു കൈയുടെ മൂന്നു വിരലുകൾ കൂട്ടിപ്പിടിച്ച് നെറ്റിയിൽ നിന്നും നെഞ്ചിലേക്കും ഇടത്തെ തോളിൽ നിന്നും വലത്തേ തോളിലേക്കും കുരിശു വരയ്ക്കുന്ന പാരമ്പര്യം വളർന്നത്.

വിശ്വാസികളുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മിശിഹായുടെ ക്രൂശു മരണത്തിൽ സങ്കേതപ്പെട്ട് കഷ്ടാനുഭവങ്ങളിൽ പങ്കു ചേരുന്ന തിന്റെ അടയാളമായി കുരിശു വരയ്ക്കണമെന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപു ത്രന്റെ കുരിശു മൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതാകുന്നു.... മഹാ ദൈവത്തെ നമ്മുടെ ഹൃദയത്തിൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മക ണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദ യത്തിന്റെ പലകമേൽ രൂപപ്പെടുത്തികൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദി ക്കുകയത്രേ" (മതോപദേശസാരങ്ങൾ 2014: 50-51).

യറുശലേമിലെ വി. കൂറിലോസിന്റെ പ്രഭാഷണങ്ങളിൽ (xiii : 36)

കുരിശു വരയുടെ പ്രാധാന്യം വിവരിക്കുന്നു: “ഭക്ഷണം കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, വരുമ്പോഴും, പോകുമ്പോഴും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, യാത്രചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും എല്ലാം കുരിശു വരയ്ക്കണം. ഓരോ കുരിശുവരയിലൂടെയും ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് സാക്ഷിക്കുന്നത്.” കുരിശിലെ മരണം വഴി മനുഷ്യവർഗ്ഗത്തെ രക്ഷിച്ച ക്രിസ്തുവിന്റെ രക്ഷാപ്രവൃത്തിയെ സ്മരിക്കുന്നതാണ് കുരിശും കുരിശുവരയും. കുരിശ്, സഹനം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ രക്ഷയ്ക്കുള്ള അവിഭാജ്യ ഘടകങ്ങളാണ്. കുരിശിനെ വന്ദിക്കുമ്പോൾ യേശുവിന്റെ രക്ഷാപ്രവർത്തനത്തോടുള്ള ആദരവ് സമർപ്പിക്കുകയാണ്. കുരിശ് വരയ്ക്കുകയും ആരാധനയുടെ ഭാഗമാക്കി തീർക്കുകയും ചെയ്യുമ്പോൾ കുരിശിനെയല്ല ക്രൂശിതനായ ക്രിസ്തുവിനെയാണ് ആദരിക്കുന്നത്.

അനുദിന ജീവിതത്തിൽ ഉണരുമ്പോൾ കുരിശുവരച്ച് എഴുന്നേൽക്കുന്ന പാരമ്പര്യമാണുള്ളത്. പിന്നീടാണ് പ്രാർത്ഥനയും പ്രവർത്തനവും ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനങ്ങളുടെ അനുസ്മരണവും ക്രിസ്തു സന്ദേശം ഉൾക്കൊണ്ട് ജീവിതത്തെ അനുനിമിഷം രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ബോധ്യവുമാണ് കുരിശു വരയിലൂടെ ലഭ്യമാകുന്നത്. നിർദ്ദിഷ്ഠ ആരാധനാ സമയങ്ങളിൽ മാത്രമല്ല എല്ലാ ഘട്ടങ്ങളിലും ആവശ്യാനുസരണം കുരിശു വരയ്ക്കാം. “എപ്പോഴും കുരിശു വരയ്ക്കണം, കുരിശു ധരിക്കണം, കുരിശു വഹിക്കണം” എന്ന് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉപദേശിച്ചിരുന്നു. കുരിശു വരയ്ക്കുന്നത്, കുരിശു വഹിക്കുവാനും, ക്രൂശിക്കപ്പെടുവാനുമാണ്. അനുദിന ജീവിതത്തിലുണ്ടാകുന്ന തിന്മകളെയും പ്രലോഭനങ്ങളേയും സ്വാർത്ഥതകളെയും ക്രൂശിക്കുവാൻ കഴിയണം. കാൽവറിയിൽ വെളിപ്പെട്ട ക്രിസ്തുസ്നേഹത്തോടുള്ള സമ്പൂർണ്ണ സമർപ്പണമാണ് കുരിശു വരയിലൂടെ സാധ്യമാകുന്നത്. ഇത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും നിർവഹിക്കണം. ബോധ വിചാര മനസുകളുടെ സമ്പൂർണ്ണമായ ഇടപെടൽ കുരിശുവരയിൽ സജ്ജീവമാകണം. യേശു മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു സർവ്വേശ്വരനായി വാഴുന്നു എന്ന യാഥാർത്ഥ്യം സ്ലീബാ ചിഹ്നം വിളിച്ചറിയിക്കുന്നു.

3. ആരാധനയ്ക്ക് കുരിശോ, ക്രൂശിത രൂപമോ ഉപയോഗിക്കുന്നത്?

മലങ്കര ഓർത്തഡോക്സ് ആരാധനയിൽ ക്രൂശിത രൂപങ്ങൾ ഇല്ല. ഉയിർപ്പിന്റെയും ജീവന്റെയും പ്രത്യാശയുടെയും ചിഹ്നമായ കുരിശാണ്

ഉപയോഗിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഒരു തടി കുരിശ് അനിവാര്യമാണ്. മറ്റ് എല്ലാ ആരാധനകളിലും ശുശ്രൂഷകളിലും കുരിശിന്റെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ കഷ്ടത, മരണം, ഉയിർപ്പ് എന്നിവ സമഗ്രമായി കുരിശ് പ്രതിഫലിപ്പിക്കുന്നതിനാൽ ക്രൂശിത രൂപങ്ങൾ ഓർത്തഡോക്സ് ആരാധനയിൽ അനുവദിക്കുന്നില്ല.

ക്രിസ്തുശരീരത്തെ (തൂങ്ങപ്പെട്ട രൂപം) കുരിശിൽ കാണിക്കുന്ന പതിവ് എട്ടാം നൂറ്റാണ്ടിനു ശേഷമാണ് ഉണ്ടായതെന്ന് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു: “ക്രിസ്തു ക്രൂശിതനായി കിടക്കുകയല്ല, ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു എന്നുള്ളതിന്റെ പ്രതീകമായിട്ടാണ് പൗരസ്ത്യ സഭകൾ ഒഴിഞ്ഞ കുരിശ് (empty cross) പള്ളിയിൽ സ്ഥാപിക്കുന്നത്.”

ഓർത്തഡോക്സ് ആരാധനയിൽ ഉപയോഗിക്കുന്ന കുരിശിൽ (സ്ലീബാ) യേശുവിന്റെ ക്രൂശിതശരീരം ഉൾക്കൊള്ളുന്നില്ല. മരണത്തിന്റെയും ഉയിർപ്പിന്റെയും സമഗ്രവും ഏകവുമായ സ്ലീബാ ചിഹ്നമാണ് ഉപയോഗിക്കുന്നത്.

8

ആരാധനാ സഹായികൾ

ഫാ. സ്റ്റാൻലി ഡേവിഡ് ജയിംസ്

ദൈവ സാന്നിധ്യത്തിൽ നമ്മുടെ ശരീര മനസ്സുകളുടെ പരിപൂർണ്ണ സമർപ്പണം ഉണ്ടാകുമ്പോഴാണ് ഒരു പരിപൂർണ്ണ ആരാധനാ (Holistic Worship) സാധ്യമാകുന്നത്. എന്നിരുന്നാലും പൂർണ്ണഹൃദയത്തോടുള്ള ഒരു ആരാധനയെ സുഗമമാക്കുവാൻ ചുറ്റുപാടിന്റെ അന്തരീക്ഷത്തെ (Ambience) വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ധാരാളം ഘടകങ്ങൾ ഉണ്ട്.

1. ആരാധനസ്ഥലം (Liturgical Space)

ദൈവത്തിന്റെ മഹത്വം ഈ ഭൂലോകം മുഴുവനും പക്ഷവാദം കൂടാതെ നിറഞ്ഞിരിക്കുന്നു എന്നുള്ളതും ദൈവത്തെ പറ്റിയുള്ള ആഴമായ മന സ്സിലാക്കൽ സ്ഥലകാല പരിമിധികൾക്കപ്പുറമുള്ളതുമാണെന്നുള്ളത് ഒരു വാസ്തവമാണ്. എന്നിരുന്നാലും ആദിമ കാലം മുതൽ തന്നെ ആരാധ നയ്ക്കായി മാത്രം പ്രത്യേകം വേർതിരിച്ച് സമർപ്പിക്കപ്പെട്ട ഇടങ്ങളു ണ്ടായിരുന്നു. ഇത് ആരാധനയ്ക്കുവേണ്ടി മാത്രമാണ് ഉപയോഗിച്ചിരു ന്നത്. ഇത് ഒരിക്കലും ആ സ്ഥലത്തുനിന്നുള്ള പ്രാർത്ഥനാ മാത്രമേ ദൈവം കേട്ടിരുന്നുള്ളൂ എന്ന് അർത്ഥമാക്കുന്നില്ല, മറിച്ച് ഇങ്ങനെ ഒരു ക്രമീകരണം ഉണ്ടാകുന്നതോടെ ആരാധകരുടെ ഹൃദയങ്ങളിൽ ആ സ്ഥ ലത്ത് എത്തുമ്പോൾ ദൈവത്തോടുള്ള ആദരവും ദൈവത്തിലേയ്ക്ക് ഒരു കേന്ദ്രീകരണവും ഉണ്ടാക്കുന്നതിന് സഹായിക്കുന്നു.

എങ്ങനെയാണോ മോശയ്ക്ക് എരിയുന്ന മുൾപ്പടർപ്പിന്റെ സാമീപ്യം ആദരവിന്റെ മനോഭാവം ഉണ്ടാക്കിയത്, ഇതേപോലെ ആരാധനാ ഇടം വിശ്വാസികളുടെ മനസ്സിൽ ദൈവത്തെപ്പിറ്റിയുള്ള ബോധവും, ആദരവും ഉണ്ടാക്കുന്നു. ഈ ആരാധനാ സ്ഥലം വിശ്വാസികൾക്ക് ഒന്നിച്ചുള്ള കൂടി വരവിന് സഹായിക്കുകയും, തന്മൂലം അവർ തമ്മിലുള്ള ഐക്യം വർദ്ധി ക്കുന്നതിന് മുഖാന്തിരമാകുകയും ചെയ്യുന്നു. ആരാധനയിൽ വിശ്വാസി യുടെ സജ്ജീവ പങ്കാളിത്തത്തിന് ആരാധനാ ഇടം വളരെ പ്രധാനപ്പെട്ട താണ്. ഇങ്ങനെയുള്ള ഒരു നിശ്ചിത സ്ഥല ക്രമീകരണം ഭവനങ്ങളിലും ഉണ്ടാക്കുന്നത് ഉചിതം ആയിരിക്കും.

2. ആരാധനയുടെ ദിശ (Liturgical Direction)

ദിശാകേന്ദ്രീകൃതമായ (Directional Orientation) ഒരു ആരാധന അടി

സ്ഥാനപരമായ ഒരു ക്രമം സൃഷ്ടിക്കുവാൻ സഹായകമാകും, പ്രത്യേകിച്ച് ഒരു സമൂഹ ആരാധനയുടെ പശ്ചാത്തലത്തിൽ. വേദപുസ്ത-ദൈവശാസ്ത്ര അടിസ്ഥാനത്തിൽ പൗരസ്ത്യ ആരാധന കിഴക്കിന് പ്രാധാന്യം നൽകുന്നു. എല്ലാ പ്രാർത്ഥനകളും കിഴക്കിനഭിമുഖമായി നിർവ്വഹിക്കുന്നതിന് പിതാക്കന്മാർ അനേകം വിശദീകരണങ്ങൾ നല്കുന്നുണ്ട്. ഉദാഹരണത്തിന് കിഴക്കാണ് പ്രകാശത്തിന്റെ ഉത്ഭവദിശ. ക്രിസ്തു നീതിസൂര്യനാകുന്നു. പ്രകാശത്തെ പ്രത്യാശ എന്നും സത്യം എന്നും വ്യാഖ്യാനിക്കപ്പെടാവുന്നതാണ്. ആയതിനാൽ മശിഹായുടെ വരവ് ഭൗതികമായ കിഴക്ക് എന്ന ദിശയിൽ നിന്നുമാണെന്ന് പ്രതീക്ഷിക്കുന്നു. നേരെ മറിച്ച് പടിഞ്ഞാറാണ് പ്രകാശം അസ്തമിക്കുന്നത്. അതായത് പടിഞ്ഞാറ് ക്രമമില്ലായ്മയുടേയും ദുഷ്ടതയുടേയും ദിശയായും വ്യാഖ്യാനിക്കപ്പെടുന്നു. ഈ ഒരു തത്വത്തിലാണ് വി. മാമോദീസാ കൂദാശയിൽ പടിഞ്ഞാറോട്ടു തിരിഞ്ഞ് നിന്ന് സാത്താനെ ഉപേക്ഷിക്കുന്നതും കിഴക്കോട്ടു തിരിഞ്ഞു നിന്നു മശിഹായെ സ്വീകരിക്കുന്നതും.

കിഴക്കോട്ടുനിന്നുള്ള പ്രാർത്ഥന മാത്രമേ ദൈവം കേൾക്കുകയുള്ളൂ എന്നർത്ഥമാക്കേണ്ടതില്ല. ഇത് അർത്ഥമാക്കുന്നത് നാം പ്രതീക്ഷിക്കുന്ന രക്ഷയിലേക്കുള്ള ബോധപൂർവ്വമായ ഒരു ദിശാകേന്ദ്രീകരണമാണ് (a wilful orientation towards an expected salvation).

ദിശാപരമായി ദ്വിതീയ സ്ഥാനം ലഭിക്കുന്നത് വടക്കിനാണ്. ദൈവത്തിന്റെ സിംഹാസനം കിഴക്ക് എന്ന ദിശയിൽ നാം ചിത്രീകരിക്കുമ്പോൾ ആ സിംഹാസനത്തിന്റെ വലത്തു ഭാഗം എന്ന് പറയുന്നത് വടക്ക് എന്ന ദിശയാണെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. വീണ്ടും ഇത് യഹൂദ സംസ്കാരത്തിലും മലങ്കരയുടെ പ്രാദേശികമായുള്ള ജ്യോതി-വാസ്തു ശാസ്ത്രങ്ങളിൽ നിന്ന് സ്വീകരിച്ചതാവാം. പഴയ ഭൂമിശാസ്ത്ര ചിന്തയിൽ വടക്ക് എന്നുള്ളത് ഉയർന്ന സ്ഥലമായി കണക്കാക്കിയിരുന്നു. ഇതാവാം ആരാധനാ ക്രമീകരണങ്ങളിൽ വടക്കിന് പ്രാധാന്യം ലഭിക്കുവാൻ ഇടയായത്. ഉദാഹരണത്തിന് വി. ത്രോണോസിൽ വടക്കുനിന്ന് തിരികത്തിച്ചുതുടങ്ങുന്നതും, സ്ഥാന - പ്രായമുറ വടക്കു നിന്നാരംഭിക്കുന്നതും.

3. ആരാധനകാലവും സമയവും (Liturgical hours and seasons)

സഭയുടെ പഠിപ്പിക്കൽ അനുസരിച്ച് ഒരു വിശ്വാസിയുടെ ജീവിതം കൗദാശികമായ ജീവിതമാണ്. ഇതിനാലാണ് ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് പിതാക്കന്മാർ പഠിപ്പിച്ചുതരുന്നത്. പ. പൗലോസ് ശ്ലീഹാ തെസ്സലോനിക്യർക്കെഴുതിയ ലേഖനത്തിൽ ഇതുതന്നെ ഓർമ്മിപ്പിക്കുന്നു (1 തെസ്സ 5:14). പ്രാർത്ഥന എന്നത് യാന്ത്രികമായ ഒരു പ്രവർത്തനമല്ല, മറിച്ച് ഒരു ജീവിത ശൈലിയാണ്. എന്നിരുന്നാലും ദൈനംദിന ജീവിതാവശ്യങ്ങൾ പരിഗണിച്ചാണ് കാനോനിക നമസ്ക്കാരങ്ങൾ നിശ്ചിത

സമയങ്ങളിലാക്കി മാത്രം ക്രമീകരിച്ചിരിക്കുന്നത്. ദാവീദ് രാജാവും ഇത് കാണിച്ചുതരുന്നുണ്ട് (സങ്കീ 119: 164). വി. മത്തായി 6:5–ൽ യേശുക്രിസ്തുവിന്റെ വാക്കുകൾ നാം കാണുന്നത് "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ..." ഇരുവരും ക്രമീകൃത സമയങ്ങളിലെ പ്രാർത്ഥനയെ സൂചിപ്പിക്കുന്നു.

മലങ്കരസഭയിൽ പ്രാർത്ഥനകളെ, പൊതുവെ കാലങ്ങളായും യാമങ്ങളായും ക്രമീകരിച്ചിരിക്കുന്നു. ആരാധനാ വർഷത്തിൽ ഏഴുകാലങ്ങളും ആരാധനാ ദിവസത്തിൽ ഏഴു യാമങ്ങളും ഉണ്ട്. യാമങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ 'കാനോനിക നമസ്കാരങ്ങൾ' എന്ന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

ആരാധനാവർഷത്തെ ഏഴു കാലങ്ങളായി തിരിച്ചിരിക്കുന്നു:

1. കൂദോശ്ഈത്തോ മുതൽ യൽദോ (ജനനപ്പെരുന്നാൾ) വരെ.
2. യൽദോ മുതൽ ദനഹാ വരെ.
3. ദനഹാ മുതൽ വലിയനോമ്പ് ആരംഭം (കൊത്നെ ഞായർ) വരെ.
4. കൊത്നെ മുതൽ ക്യംതാ വരെ (വലിയനോമ്പ് കാലം).
5. ക്യംതാ മുതൽ പെന്തിക്കോസ്തി വരെ.
6. പെന്തിക്കോസ്തി മുതൽ സ്ലീബാ പെരുന്നാൾ വരെ.
7. സ്ലീബാ പെരുന്നാൾ മുതൽ കൂദോശ്ഈത്തോ വരെ.

4. ആരാധനാ നിറങ്ങൾ (Liturgical Colours)

പൊതുവെ മലങ്കര ഓർത്തഡോക്സ് സഭയിൽ ആരാധനാനിറത്തിന് പ്രത്യേക പ്രാധാന്യം നൽകാറില്ല. ആരാധനാകാലത്തിനനുസൃതമായ ആരാധനാ നിറങ്ങളുടെ ക്രമീകരണം പാശ്ചാത്യ പാരമ്പര്യമാണ്. കാനോനികമായി ആരാധനയിലെ നിറത്തെപ്പറ്റി ഒരു ക്രമീകരണം കാണുന്നത് വി. മൂറോൻ കൂദാശയുടെ രണ്ടാംക്രമത്തിൽ വെള്ള നിറത്തിലുള്ള അംശവസ്ത്രം കാർമ്മികൻ ധരിക്കണം എന്നുള്ളതു മാത്രമാണ്.

എന്നാൽ മറ്റ് ആരാധനാ ക്രമീകരണങ്ങളിൽ നിറത്തിന് ഒരു ചട്ടം പാലിക്കുന്നത് ത്രോണോസിന്റെ വിരിക്കൂട്ടിൽ ഉപയോഗിക്കുന്ന ത്രിവർണ്ണങ്ങളിലാണ്. (ചുവപ്പ് – പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. പച്ച – ഭൂമിയെ സൂചിപ്പിക്കുന്നു. വെള്ള – പരിശുദ്ധസഭയെ സൂചിപ്പിക്കുന്നു.) വിരിക്കൂട്ടിന്റെ ഈ ക്രമീകരണമാതൃകയിലാണ് പൊതുവെ ത്രോണോസിലെ വിരി, ഏവൻഗേലിയോൻ മേശ, തിരശ്ശീല മുതലായവയെ അലങ്കരിക്കുന്നത്. എന്നാൽ ഇത് കാനോനികമായി നിർബന്ധ ചട്ടമല്ല. അതിനാൽ തന്നെ പല ദേവാലയങ്ങളിലും പച്ചയ്ക്കു പകരം കടുംനീല നിറവും, ചുവപ്പിൽ അലങ്കാരപണികൾ ചെയ്തതും ഉപയോഗിച്ചു കണ്ടുവരുന്നത്.

പൊതുവെ കണ്ടുവരുന്ന മറ്റൊരു ക്രമീകരണം ഹാശാ ആഴ്ചയിലെ കറുപ്പിന്റെ അലങ്കാരങ്ങൾ ആണ് (തിരശ്ശീല, ത്രോണോസ്, ഏവൻഗേലിയോൻ മേശ, കാർമ്മികന്റെ കാപ്പാ). കറുപ്പുനിറം അനുതാപ മനോഭാവത്തെ തീവ്രമാക്കുവാൻ സഹായിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നു. ഗോഗുൽത്തായിലെ സ്ലീബായ്ക്കുപയോഗിക്കുന്ന മറയ്ക്ക് പാരമ്പര്യമായി ഉത്ഥാന പെരുന്നാളിന് ചുവപ്പും അതിനുശേഷമുള്ള (ഹേവോറോ) ദിനങ്ങളിൽ വെള്ളയുമാണ് ഉപയോഗിക്കാറുള്ളത്.

പാശ്ചാത്യ പാരമ്പര്യത്തിൽ വെള്ള നിറം നിർമ്മലതയുടെയും നിഷ്കളങ്കതയുടെയും നിറമായും, പച്ച ഫലസമൃദ്ധിയുടെയും ധാരാളിത്വത്തിന്റെയും നിറമായും, ചുവപ്പ് ആത്മീയ ഉണർവ്വിന്റെയും തീവ്രതയുടെയും നിറമായും കാണുന്നു. മഞ്ഞ സന്തോഷത്തിന്റെയും ആതിഥ്യത്തിന്റെയും, നീല പ്രത്യാശയുടെയും ആരോഗ്യത്തിന്റെയും, ഓറഞ്ച് ശക്തിയുടെയും സഹിഷ്ണതയുടെയും, വയലറ്റ് ക്ഷമയുടെയും സഹനത്തിന്റെയും നിറങ്ങളായി കാണുമ്പോൾ കറുപ്പ് ശൂന്യതയുടെ പൂർണ്ണതയും അതുപോലെ തന്നെ ഭയത്തിന്റെയും മരണത്തിന്റെയും നിറമായി കാണുന്നു.

5. ആരാധനയിലെ സംഖ്യകൾ (Liturgical Numbers)

മലങ്കരസഭയിൽ ആരാധന സംഖ്യാശാസ്ത്രത്തെപ്പറ്റി വ്യക്തമായ വേദശാസ്ത്ര വ്യാഖ്യാനങ്ങൾ രൂപപ്പെട്ടിട്ടില്ല. എന്നാൽ ഒന്ന്, രണ്ട്, മൂന്ന്, ഏഴ്, പന്ത്രണ്ട് എന്ന സംഖ്യകൾക്ക് അർത്ഥവത്തായ പ്രാധാന്യം ഉണ്ട്. ഇത് ഏറെക്കുറെ യഹൂദപാരമ്പര്യത്തിൽ നിന്ന് കടമെടുത്തിട്ടുള്ളവയാണ്. ഇന്ന് മലങ്കരസഭയിൽ നിലനിൽക്കുന്ന ആരാധനാ സംഖ്യാശാസ്ത്രം വേദപുസ്തകാധിഷ്ഠിതമാണ്.

ഒന്ന് എന്ന സംഖ്യ പ്രധാനമായി ഐക്യത്തെ സൂചിപ്പിക്കുന്നു. ഒന്ന് എന്ന സംഖ്യ ആരാധനയിൽ പ്രധാനമായും ഏകദൈവത്തെ പ്രതീകവൽക്കരിക്കുന്നു. “നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവരും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും കൂടി ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ” (എഫേ. 4:4-6).

രണ്ട് എന്ന സംഖ്യ പൊതുവെ യേശുക്രിസ്തുവിന്റെ ദൈവത്ത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പൂർണ്ണതയെ പ്രതീകവൽക്കരിക്കുന്നു (കൊലോ: 2:9). എല്ലാ ക്രിസ്തീയ പഠിപ്പിക്കലുകളും മൂന്ന് എന്ന സംഖ്യയെ വി. ത്രിത്വത്തോടാണ് ബന്ധപ്പെടുത്തുന്നത്. നാല് എന്ന

സംഖ്യയ്ക്ക് പ്രത്യേക പ്രാധാന്യം ഇല്ല എങ്കിലും അത് ഭൂമിയുടെ നാല് അതിരുകളെ സൂചിപ്പിക്കുന്നു. ഏഴ് യഹൂദാ പാരമ്പര്യത്തിൽ പരിപൂർണ്ണതയുടെ പ്രതീകമാണ്. വേദ പുസ്തകത്തിൽ ഏഴിനെപ്പറ്റി ധാരാളം പരാമർശനങ്ങൾ ആദ്യാവസാനം കാണുന്നു. ഉദാഹരണത്തിന് സൃഷ്ടി ഏഴു ദിവസംകൊണ്ട്, പ്രാർത്ഥനയുടെ ഏഴ് യാമങ്ങൾ, വെളിപാട് പുസ്തകത്തിൽ 7 സഭകൾ, 7 വിളക്കുകൾ മുതലായവ. പന്ത്രണ്ട് പൂർണ്ണതയുടെ പ്രതീകമാണ്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ, യേശുവിന്റെ പന്ത്രണ്ടു ശ്ലീഹന്മാർ ഇവ ഇതിന്റെ സൂചനയാണ്.

24, 40, 70, 144000 എന്നുള്ള അക്കങ്ങളും വേദശാസ്ത്രപരമായി പ്രാധാന്യം ഉണ്ടെങ്കിലും ആരാധനയിൽ ഉപയോഗിക്കുന്നില്ല.

9

കാനോനിക നമസ്കാരങ്ങൾ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

ഒരു ക്രിസ്ത്യാനി എപ്പോഴും നടത്തേണ്ട ശുശ്രൂഷയാണ് പ്രാർത്ഥന. പൗലോസ് അപ്പോസ്തലൻ പറയുന്നത് ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണ്. എല്ലാ യാമങ്ങളും മനുഷ്യ സൃഷ്ടിയുടെ ശുദ്ധികരണത്തിനായി ക്രമീകരിച്ചിരിക്കുന്നു. മനുഷ്യനും പ്രപഞ്ചത്തിനുമായി നാം പ്രാത്ഥിക്കുന്നു. നമ്മുടെ കാനോനിക നമസ്കാരങ്ങൾ സർവ്വ സൃഷ്ടിയേയും സമർപ്പിച്ചുള്ളതാണ്. ദൈവസ്നേഹത്തിന്റെ പ്രതിസ്പന്ദനമാണ് പ്രാർത്ഥന. ആയതിനാൽ ഓരോ നിമിഷവും നാം നന്ദി അർപ്പിക്കണം. സഭാ കാനോനിക നമസ്കാരങ്ങൾ ക്രമീകരിച്ചിരിക്കുന്നത് മനുഷ്യന്റെ നൻമയ്ക്കായിട്ടാണ്. അതിനായി പ്രത്യേക സമയം നാം മാറ്റി വെയ്ക്കുന്നുണ്ട്. പ്രാർത്ഥനകൾ എല്ലാം നമ്മുടെ സ്നേഹപ്രകടനമാണ്. ദൈവകരുണയിലാണ് ജീവിക്കുന്നത് എന്ന ഓർമ്മപ്പെടുത്തലും ദൈവത്തിന് നന്ദി പറയുന്നതുമാണ് പ്രാർത്ഥന. ദൈവകൃപയ്ക്കനുസരിച്ച് നാം ജീവിക്കുന്നു എന്ന പ്രകടനമാണ് പ്രാർത്ഥന. It's a Symbol of our humility. ദൈവത്തിലുള്ള നമ്മുടെ ആശയബോധം വെളിവാക്കുന്നു. നമ്മുടെ അഹങ്കാരത്തെ നിയന്ത്രിക്കാൻ കഴിയുന്നതാണ് പ്രാർത്ഥന. ദൈവത്തിൽ നാം ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു.

യാമപ്രാർത്ഥനകൾ

സങ്കീ: 119:164-ൽ ഇപ്രകാരം പറയുന്നു. നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും. ദാവീദ് ഏഴു നേരം പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. ഇതിനൊക്കെ യഹൂദ പശ്ചാത്തലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധന 7 യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. 7 പൂർണതയുടെ സംഖ്യയായി യഹൂദന്മാർ കണക്കാക്കിയിരിക്കുന്നു. 7 നേരത്തേ പ്രാർത്ഥന- ആഴ്ചയ്ക്ക് 7 ദിവസം എന്ന പൗരാണിക കണക്കും ഉണ്ട്. സൃഷ്ടികർമ്മത്തിൽ 6 ദിവസം സൃഷ്ടിച്ചു. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതിലും ഏഴിന്റെ കണക്ക് ഉണ്ട്.

ഓർത്തഡോക്സ് വിശ്വാസമനുസരിച്ച് ദിവസത്തിൽ 7 തവണ പ്രാർത്ഥിക്കുന്നതിനായി 7 യാമങ്ങളായി ഒരു ദിവസത്തെ ക്രമീകരിച്ചി

രിക്കുന്നു. സങ്കീ 119:164: “നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കും.”

സന്ധ്യായാമത്തിൽ തുടങ്ങി ഒമ്പതാം മണിയോട് (3 pm) കൂടി അവസാനിക്കുന്ന ഒരു പ്രാർത്ഥനാക്രമീകരണമാണ് യാമ പ്രാർത്ഥനയിൽ ഉള്ളത്. സന്ധ്യാ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി, ഒമ്പതാം മണി എന്നിവയാണ് 7 യാമങ്ങൾ. ഇതനുസരിച്ച് തലേദിവസം സന്ധ്യയോടുകൂടിയാണ് ഒരു ദിവസം ആരംഭിക്കുന്നത്. ഇത് സുറിയാനി പ്രാർത്ഥനാക്രമമനുസരിച്ചാണ് ഉടലെടുക്കുന്നത്. എല്ലാ യാമങ്ങളും കർത്താവിന്റെ കഷ്ടാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

രാത്രി - കർത്താവിന്റെ ബന്ധനം
പ്രഭാതം - കർത്താവിന്റെ വിസ്താരം
മൂന്നാം മണി - വിധി പ്രസ്താവിക്കുന്നു
ആറാം മണി - ക്രൂശിൽ തറയ്ക്കുന്നു.
ഒമ്പതാം മണി - ക്രിസ്തു പ്രാണനെ വെടിയുന്നു
സന്ധ്യ - കർത്താവിന്റെ ശരീരം കുരിശിൽ നിന്നിറക്കുന്നു
സൂത്തറ - കബറടക്കുന്നു.

ഈ പ്രാർത്ഥനകൾ എല്ലാം അതത് യാമങ്ങളിൽ നടത്താൻ കഴിയുന്നത് നല്ലത്. എങ്കിലും സൗകര്യാർത്ഥം മൂന്നു യാമങ്ങളായി നടത്താം. രാത്രിയും, പ്രഭാതവും ഒന്നിച്ച്, മൂന്നാം മണിയും, ആറാം മണിയും ഒന്നിച്ച്, ഒമ്പതാം മണിയും, സന്ധ്യയും സൂത്താറയും ഒന്നിച്ചു നടത്താം.

കൗമാ

കൗമാ എന്നാൽ നിൽപ്പ് എന്നാണ് അർത്ഥം. ത്രിത്വസ്തുതി മുതൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! വരെയാണ് കൗമാ. കൃപ നിറഞ്ഞ മറിയമേ... എന്നുള്ളത് കൗമായുടെ ഭാഗമല്ല. ആരാധനകളും കൂദാശകളും യാമപ്രാർത്ഥനകളും ആരംഭിക്കുന്നത് കൗമായിലാണ്. യാമ പ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമയിലാണ്. നമ്മെ സൃഷ്ടിച്ച ത്രിത്വത്തിന് സ്തുതി അർപ്പിച്ചുകൊണ്ടുമാത്രമേ ഏതു പ്രാർത്ഥനയും ആരംഭിക്കാവൂ... കൗമാ പ്രാർത്ഥനയുടെ ഉദ്ദേശം അതാണ്. നിന്നുകൊണ്ട് നാം പ്രാർത്ഥിക്കുന്ന മുഖവുര പ്രാർത്ഥനയാണ് കൗമാ.

കിഴക്ക്

കേദേം എന്ന് ഹിബ്രു വാക്കിന് Source, Origin എന്നാണർത്ഥം. എല്ലാത്തിന്റെയും ആരംഭം കിഴക്കു കുറിക്കുന്നു. എല്ലാത്തിന്റെയും പ്രഭാവകേന്ദ്രം കിഴക്കാണ്. നമ്മുടെ ആരാധനകൾ കിഴക്കോട്ടായി നാം നട

ത്തുന്നു. കിഴക്ക് ഉദയസൂര്യന്റെ ദിക്കാണ്. ക്രിസ്തു നീതി സൂര്യനാകുന്നു. ആദ്യം പ്രകാശം സൃഷ്ടിക്കപ്പെട്ടത് കിഴക്കാണ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ തേജസ്സ് കിഴക്കു വഴിയായി വന്നുവെന്ന് യെഹസ്ക്കിയേൽ പ്രവചനത്തിൽ (43:2) പറയുന്നു. കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കുന്നതിലൂടെ ആരാധനയ്ക്ക് ഒരു ക്രമം ഉണ്ടാകുന്നു. ഇത് ഒരു Discipline ഭാഗമായി കണക്കാക്കാം.

സമൂഹപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും

വ്യക്തിപരമായ പ്രാർത്ഥന എന്ന പ്രാർത്ഥന ഇല്ല. Every Prayer is Communal Prayer. ഒരാൾ പ്രാർത്ഥിക്കുമ്പോഴും അയാളുമായി ബന്ധപ്പെട്ട അനേകർ ഉണ്ട്. വ്യക്തിപരമായി പ്രാർത്ഥിക്കുമ്പോഴും, ഞാൻ എന്ന വ്യക്തി വളരുന്നത് സമൂഹത്തിലൂടെയാണ്. സ്വന്തമായി വാചാപ്രാർത്ഥന ആണെങ്കിലും, സഭയുടെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അംഗമായി ഇരിക്കുമ്പോൾ ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അന്തരീക്ഷത്തിലാണ് ഓരോരുത്തരും പ്രാർത്ഥിക്കുന്നത്. സഭയാകുന്ന ഗാത്രത്തിലൂടെ ആ പ്രാർത്ഥന ഒഴുകിക്കൊണ്ടിരിക്കുകയാണ്. എഴുതപ്പെട്ടതും എഴുതപ്പെടാത്തതും അനുഭവമാണ്. ദാവീദിന് അനുഭവപ്പെട്ടത് എഴുതിയിരിക്കുന്നു. എല്ലാം നാം പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ വാചാ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ എല്ലാ ദിവസത്തേയും ഏകദേശം ഒന്നുതന്നെയായിരിക്കും. എന്നാൽ നമ്മുടെ നമസ്കാരങ്ങൾ എല്ലാം തന്നെ നമ്മുടെ ശ്രദ്ധയെ ബാധിക്കും. വാചകപ്രാർത്ഥനയാൽ, നാം വാക്കുകൾ കണ്ടുപിടിക്കാൻ ശ്രദ്ധിക്കുമ്പോൾ, നമ്മുടെ എഴുതപ്പെട്ട നമസ്കാരങ്ങളാൽ നമുക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. നമുക്ക് ഒരു 'Set of Pattern' ഉണ്ട്. പ്രാർത്ഥനയ്ക്കുള്ള Discipline സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു.

ലൂത്തിനിയകൾ

ദൈവകരുണയും കൃപയും യാചിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളാണിവ. വിഷയക്രമീകരണം ഇതിലുണ്ട്. ആ വിഷയത്തെ സംബന്ധിച്ച ആശയത്തിന് ഊന്നൽകൊടുത്തുകൊണ്ട് പ്രാർത്ഥിക്കും.

പ്രാർത്ഥനാ ചരട്

4-ാം നൂറ്റാണ്ടിൽ ഈജിപ്തിൽ ഉണ്ടായിരുന്ന പാരമ്പര്യം. സന്യാസചര്യയിൽ സങ്കീർത്തനം തുടർച്ചയായി വായിക്കുക പതിവായിരുന്നു. അന്യരെയും വിദ്യാഭ്യാസമില്ലാത്തവരെയും ഏതെങ്കിലും ഒരു സങ്കീർത്തനം പഠിപ്പിക്കും. അത് 150 തവണ ഉരുവിടണം. അതിന് ഒരു ചരടും

150 മണികളും ഉണ്ട്. ഇപ്പോൾ മണികളുടെ എണ്ണം പലയിടത്തും പല താണ്. സങ്കീർത്തനം ഉച്ചരിക്കാൻ ഈജിപ്ഷ്യൻ ആശ്രമത്തിൽ ഉണ്ടാ യതാണ് പ്രാർത്ഥനാചരട്. എന്നാൽ ബൈസന്റൈൻ ചർച്ചിൽ 17-ാം നൂറ്റാ ണ്ടിൽ ജീസസ് പ്രയർ ചൊല്ലാനായി ഇത് ഉപയോഗിച്ചിരുന്നു.

നമസ്കാരങ്ങളിലെ വേദപുസ്തകവായന

നമസ്കാരങ്ങളിലെ വേദപുസ്തകവായന പുതിയ നിയമ, പഴയനിയമ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ആരാധനയിലെ ഭൂരിഭാഗം പദ്യങ്ങളും, ഗദ്യങ്ങളും വി. വേദപുസ്തകത്തിൽ നിന്നുള്ളവയാണ്. ഉദാ: കുക്കിലിയോനുകൾ സങ്കീർത്തന ഭാഗത്തുനിന്നുള്ളവയാണ്. വി: കുർബ്ബാനയിൽ പഴയനിയമ, പുതിയനിയമ, സുവിശേഷ ഭാഗങ്ങൾ നാം വായിക്കുന്നു. സന്ധ്യ, രാത്രി, പ്രഭാതം തുടങ്ങിയ യാമ നമസ്കാരങ്ങ ളിലും സങ്കീർത്തന ഭാഗങ്ങൾ നാം ധാരാളമായി ഉപയോഗിക്കുന്നു.

യെശയ്യാ പ്രവാചകനെ മഹത്വമുള്ളവനായ യെശയ്യാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

സഭയുടെ ആരാധനാ പാരമ്പര്യത്തിൽ രണ്ടു വ്യക്തികളെ മാത്രമേ 'മഹത്വമുള്ളവൻ' എന്ന് വിശേഷിപ്പിക്കുന്നുള്ളു. യെശയ്യാ പ്രവാചക നെയും സ്തേപ്പാനോസ് ശെമ്മാശനെയും (നാലാം തുബ്ദേനിൽ). കാരണം, ഇവർ രണ്ടു പേർ മാത്രമേ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവ മഹത്വവും ദർശിച്ചിട്ടുള്ളു.

യാമ പ്രാർത്ഥനകൾ ഒന്നിച്ച് നമസ്കരിക്കുമ്പോൾ കൗമാ നമസ്ക്കരിക്കുന്നതിനെപ്പറ്റി

യാമപ്രാർത്ഥനകൾ ഒരുമിച്ചല്ല നടത്തേണ്ടത്. പക്ഷേ, നമ്മുടെ സൗക ര്യാർത്ഥം ഒന്നിച്ച് നടത്തപ്പെടുന്നു. പൂർണ്ണമായ അർത്ഥത്തിൽ നടത്തു മ്പോൾ 2 കൗമാ ചൊല്ലണം. യഥാർത്ഥത്തിൽ ഓരോ യാമപ്രാർത്ഥനയും വിശ്വാസപ്രമാണവും കുക്കിലിയോനും ചൊല്ലി അവസാനിപ്പിക്കേണ്ടതാ കുന്നു. പക്ഷേ, എല്ലാത്തിലും നാം ചൊല്ലുന്നില്ല. യാമപ്രാർത്ഥന ആരം ഭിക്കുന്നതും അവസാനിക്കുന്നതും കൗമായോടെയാണ്.

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നത് എന്തിന്?

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നതിന് രണ്ടു വിശദീകരണം ഉണ്ട്.

1. 'സേത്തോറോ' എന്നാൽ 'കാവൽ' എന്നാണ് കൂടുതൽ ദൈവീക പ്രകാശത്തെ നൽകുന്നു. ദൈവത്തിന്റെ കൂടുതൽ കരുതലിന്റെ Symbol.

2. ദൈവസന്നിധിയിൽ മാലാഖമാർ 2 ഗണങ്ങളായി സ്തുതിപാടുന്നു. 2 മസ്മൂറാ 2 ഗണങ്ങളായി വായിക്കുന്നു. അതിന് മുമ്പാണ് 2 തിരികൾ കത്തിക്കുന്നത്. നമസ്കാരം നടത്തുന്നവർ തന്നെ കത്തിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ അവർ കൗമാ സമയത്ത് കത്തിച്ചു എന്ന് മാത്രമേ ഉള്ളൂ. വലിയ നോമ്പിൽ ബോവൂസാ ചൊല്ലുന്നതിന് മുമ്പാണ് കത്തിക്കുന്നത്.

10

വി. കൂദാശകൾ

ഫാ. മാത്യൂസ് ജോൺ മനയിൽ

ഓർത്തഡോക്സ് സഭയെപ്പറ്റി വിശദീകരിക്കുവാൻ ഒരു വിശ്വാസിയോട് ആവശ്യപ്പെട്ടാൽ ഒന്നുമാത്രമേ പറയുവാൻ സാധിക്കു. വി. കൂദാശകളിൽ അഭിരമിക്കുകയും അവയെ തന്റെ ജീവിതത്തോട് ചേർത്തു നിർത്തുകയും ചെയ്യുന്ന സഭയാണ് ഓർത്തഡോക്സ് സഭ. കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ജീവരക്തമാണ് വി. കൂദാശകൾ. വി. കൂദാശാസംബന്ധത്തിൽ കൂടി മാത്രമേ ഒരുവനു സഭാജീവിതത്തിൽ സജീവ പങ്കാളിത്തമുണ്ടാവുകയുള്ളൂ. ഇത്രയധികം ശക്തവും കാലികവുമായ വി. കൂദാശകൾ അതേ അർത്ഥത്തിൽ അനുഷ്ഠിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടോ എന്നത് ആധുനിക ലോകത്തിൽ സഭ നേരിടുന്ന വലിയ വെല്ലുവിളിയാണ്. അതിനാൽ വി. കൂദാശ എന്താണെന്നും അതിന്റെ അർത്ഥതലങ്ങൾ എന്താണെന്നും അല്പമെങ്കിലും ബോദ്ധ്യപ്പെടേണ്ടത് ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ച് അത്യാവശ്യമായിരിക്കുന്നു.

വി. കൂദാശ എന്നാൽ എന്ത്?

'സാക്രമെന്തം' എന്നത് ലത്തീൻ വാക്കാണ്. വി. കൂദാശ എന്നതിന് ഗ്രീക്കു ഭാഷയിൽ 'മിസ്റ്റിരിയോൻ' എന്നും പറയുന്നു. മിസ്റ്റിരിയോൻ എന്നാൽ 'രഹസ്യം' എന്നാണ് അർത്ഥം. കോടതിയിൽ വ്യവഹാരം നടത്തുമ്പോൾ ഇരുകക്ഷികളും കെട്ടിവയ്ക്കുന്ന നിരതദ്രവ്യമാണ് സാക്രമെന്തം. ഇത് ജയിക്കുന്ന ആളിന് തിരികെ ലഭിക്കുകയും തോല്ക്കുന്ന ആളിനു നഷ്ടപ്പെടുകയും ചെയ്യുന്നു. ലഭിക്കുന്ന ആൾ ഈ പണം മതപരമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഇതു വഴി അത് വിശുദ്ധമായിത്തീരുന്നു. അതിനെ സാക്രമെന്തം എന്നു വിളിച്ചു. റോമൻ പടയാളികൾ ചക്രവർത്തിയോട് ചെയ്യുന്ന പ്രതിജ്ഞക്കും സാക്രമെന്തം എന്നു പറയും. ആയത് ചക്രവർത്തിയോട് തന്റെ കൂറും വിധേയത്വവും പ്രഖ്യാപിക്കുകയാണ്. ക്രൈസ്തവ സഭയിൽ ക്രിസ്തു യേശുവിനോട് തന്റെ ബന്ധവും വിധേയത്വവും വ്യക്തമാക്കുന്ന കർമ്മാനുഷ്ഠാനങ്ങൾ എന്ന നിലയിൽ സാക്രമെന്റ് എന്ന് പേർവന്നു എന്നുവേണം കരുതുവാൻ.

ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കലിൽ "കൂദാശകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുവേണ്ടിയുള്ള കൃപാമാർഗ്ഗങ്ങളായി, നമ്മുടെ

കർത്താവ് കല്പിച്ചു നിയമിച്ചിട്ടുള്ള അപ്രത്യക്ഷങ്ങളായ കൃപകളുടെ പ്രത്യക്ഷങ്ങളായ വിശുദ്ധകർമ്മങ്ങളാകുന്നു." നമ്മുടെ കർത്താവ് തന്റെ ശരീരമാകുന്ന സഭയിൽ കല്പിച്ച് ക്രമീകരിച്ചിട്ടുള്ളവയാണ് വി. കൂദാശകൾ ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും" (വി. മത്തായി 28:19) "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ ("വി. ലൂക്കോസ് 22:19). "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുമോ അവർക്കുമോചിക്കപ്പെട്ടിരിക്കുന്നു" (വി. യോഹ. 20:23). എല്ലാ കൂദാശകളും കർത്താവ് കല്പിച്ച് സഭയെ ഭരമേല്പിച്ചിട്ടുള്ളവയാണ് (വി. മത്തായി 19:6, വി. യോഹ. 17, അ. പ്രവർത്തി 13:3; 8:14 ,15) യേശുക്രിസ്തു ഈ വി. കൂദാശകൾ ഭരമേല്പിക്കുകയും തന്റെ പരസ്യജീവിതകാലത്ത് തികഞ്ഞ ഒരു യഹൂദൻ എന്ന നിലയിൽ യഹൂദമതത്തിന്റെ എല്ലാനടപടികളിലും വിധേയപ്പെടുകയും കപടആചാരങ്ങളെ വിമർശിക്കുകയും ചെയ്തവനായിരുന്നു. എട്ടാംനാൾ പരിഛേദന ഏറ്റവൻ (വി. ലൂക്കോസ് 22), പന്ത്രണ്ടാം വയസ്സിൽ പെരുന്നാളിന് സംബന്ധിച്ചവൻ (വി. ലൂക്കോസ് 2:42), ദേവാലയത്തെ ബഹുമാനിക്കുകയും (വി. മർക്കോസ് 11:17), അതിന് കരംകൊടുക്കുകയും (വി. മത്തായി 17:27), ശാബതിൽ സുന്നഗോഗിൽ പോകുകയും (വി. യോഹ. 2:10) ചെയ്തവനായ യേശു വി. മത്തായി 23-ൽ ശക്തമായ വിമർശനവും നടത്തുന്നു. ഇവിടെ ദൈവവുമായി ബന്ധിപ്പിക്കുന്ന അനുഷ്ഠാനങ്ങളെ ഇല്ലാതെയാക്കുകയല്ല ശുദ്ധീകരിക്കുകയായിരുന്നു തന്റെ ഹിതം. മനുഷ്യൻ ദൈവത്തോട് സംഭാഷിക്കുന്നതും ദൈവം മനുഷ്യനു വെളിപ്പെടുത്തുന്നതുമായ സമ്മേളനകൂടാരമാണ് ക്രിസ്തു അതായത് ദൈവമനുഷ്യസമാഗമനത്തിന്റെ കൂദാശയാണ് ക്രിസ്തു എന്നതിനാലാണ് ക്രിസ്തുവിന്റെ ശരീരമായ സഭ കൂദാശയായിതീരുന്നത്. സഭ കൂദാശയായതിനാലാണ് സഭാമക്കളുടെ വിവിധ ജീവിത നിമിഷങ്ങൾക്ക് കൗദാശികത കൈവന്നിരിക്കുന്നത്. ഇത് അവകാശമല്ല മറിച്ച് കൃപയാകുന്ന ദാനമാണ്. ഒരു പിതാവ് പറയുന്നു. "ദൈവകൃപയെന്നതു നമ്മുടെ രക്ഷക്കുവേണ്ടി യേശുമശിഹായുടെ ശ്രേഷ്ഠ പുണ്യവഴിയായി ദൈവം നമുക്ക് സൗജന്യദാനം ചെയ്യുന്ന സ്വഭാവാതീതമായ നൽവരമാകുന്നു" (വി. യോഹ. 15:5). ചുരുക്കത്തിൽ നമ്മുടെ സഭ വിശ്വസിക്കുന്നു. "ദൈവത്തിന്റെ രക്ഷാകരമായ ശക്തിയും കൃപയും മനുഷ്യനിൽ നിഗൂഢമായി (Mysteriously) പ്രവർത്തിക്കുന്ന ഒരു വിശുദ്ധകർമ്മമാകുന്നു കൂദാശ'' എന്ന്. മർമ്മം, രഹസ്യം എന്നാൽ ആന്തരികവും ആത്മീയവുമായ കൃപകൾ ബാഹ്യവും വസ്തുമയവുമായ മുഖാന്തരങ്ങളിൽ കൂടി വിശ്വാസികൾക്ക് അനുഭവവേദ്യമാകുന്നു. അതുകൊണ്ട് തന്നെ ഈ അനുഭവം നിർവചനാതീതവും മനുഷ്യബുദ്ധിക്കും വാക്കുകൾക്കും പൂർണ്ണമായും വിധേയവുമല്ല.

കൂദാശകൾ എത്ര?

സഭാമക്കളുടെ ജീവിത നിമിഷങ്ങൾക്ക് പൂർണത നൽകുവാനുതകുന്ന എല്ലാ നടപടികളും കൗദാശികമാണ്. ആയതുകൊണ്ട് തന്നെ പൊതുവായി കൂദാശകളെ നിജപ്പെടുത്തുക എളുപ്പമല്ല. എന്നാൽ കൂദാശ ദൈവകൃപയെ അനുഭവമാക്കുന്ന ബാഹ്യകർമ്മങ്ങൾ എന്ന നിലയിൽ രണ്ടായി തരം തിരിക്കാം. പൊതുകൃപയെന്നും, കൗദാശിക കൃപയെന്നും. നമ്മെ വിശുദ്ധന്മാരും ദൈവത്താൽ സ്വീകരിക്കപ്പെട്ടവരുമാക്കുന്ന ശുദ്ധീകരണ കൃപയാണ് പൊതുകൃപ. ഇത് ക്രിസ്ത്യാനികൾ ഉൾപ്പെടെ സകലമനുഷ്യർക്കും ദൈവത്തിൽ നിന്ന് പൊതുവായി ലഭിക്കുന്നു. അതിനാൽ തന്നെ ഇതര മതങ്ങളിൽ നിന്ന് വ്യത്യസ്തമായി യാതൊരു അവസരത്തിലും വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിച്ച് നിർത്തുകയും (വി. കുർബ്ബാനയിൽ ഒഴികെ) ചെയ്യുന്നില്ല. എന്നാൽ കൗദാശിക കൃപ ഓരോ കൂദാശകൾക്കും അതതിന്റെ പ്രത്യേകതകൾക്കുള്ള സാക്ഷാൽ കൃപ തക്ക സമയങ്ങളിൽ സ്വീകരിക്കുവാനുള്ള അവകാശമാകുന്നു. ഇത് തെരഞ്ഞെടുക്കപ്പെട്ടവരായ സത്യക്രിസ്ത്യാനികൾക്കു മാത്രം ലഭിക്കുന്നതുമാകുന്നു.

അതുകൊണ്ട് ആരംഭകാലത്ത് കൂദാശകൾ നിജപ്പെടുത്തിയിരുന്നില്ല. പീറ്റർലംബാർഡിന്റെ ‘Sentences’ എന്ന കൃതി റോമാസഭയുടെ ദൈവശാസ്ത്രത്തിന്റെ സ്രോതസ്സായി കണ്ടതിന്റെ ഫലമായി അതിൽ പറഞ്ഞിരിക്കുന്നതും വി. അഗസ്റ്റീനോസ് പഠിപ്പിക്കുന്നതുമായവയെ ഏഴ് എന്ന സംഖ്യകൊണ്ട് നിജപ്പെടുത്തി. വി. വേദപുസ്തകം ഏഴ് പൂർണ്ണതയുടെ സംഖ്യയാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ടല്ലോ. അപ്രകാരം റോമാസഭ 1545-ലെ ട്രന്റ് കൗൺസിലിൽ കൂദാശകൾ ഏഴ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഓർത്തഡോക്സ് സഭകൾ ഇപ്രകാരം പ്രഖ്യാപനം ഒന്നും നടത്തിയിട്ടില്ല. പ്രൊട്ടസ്റ്റന്റ് സഭകൾ വി. മാമോദീസയും വി. കുർബ്ബാനയും കർത്താവ് സ്ഥാപിച്ചതാണ് എന്ന അർത്ഥത്തിൽ ഇവ രണ്ട് മാത്രം ലിസ്റ്റിൽപ്പെടുത്തുന്നു. ചുരുക്കത്തിൽ സഭയുടെ വളർച്ചയുടെ ഘട്ടത്തിൽ മാത്രം നിലവിൽ വന്നതാണ് സംഖ്യാ ക്രമം. മറിച്ച് ആദിമകാലത്തുതന്നെ നിജപ്പെടുത്തിയതും ക്രമീകരണ സ്വഭാവം നേടിയതുമല്ല. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് സഭയെ ലോകത്തിലേക്ക് അനാഥമായി വിടുകയല്ല മറിച്ച് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നൽകി അവൻ പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു. “സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും” (വി. യോഹ. 16:13). ഈ നടത്തിപ്പ് പ. സഭയ്ക്ക് വി. കൂദാശകളുടെ കാര്യത്തിലും ലഭ്യമാകുന്നു.

വി. കൂദാശകൾ ഏഴ് എന്ന് പരിഗണിക്കുമ്പോൾ വി. മാമോദിസാ, വി. മൂറോൻ, വി. കുർബ്ബാന, വി. കുമ്പസാരം, വിവാഹം, പട്ടത്വം, രോഗികളുടെ തൈലാഭിഷേകം എന്നിവയാണ്. ഇവ ഏഴും മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്ക് ആവശ്യമായിട്ടുള്ളവയും മറ്റ് അനേക കൂദാശകൾ രക്ഷിക്കപ്പെട്ട മനുഷ്യന്റെ രക്ഷയെ ശക്തീകരിക്കുവാൻ സഹായിക്കുന്നവയുമാണ്. ഒരു കൂദാശാനുഷ്ഠാനം സാധുവായി തീരണമെങ്കിൽ അഞ്ചുകാര്യങ്ങൾ നിശ്ചയമായും പൂർത്തീകരിക്കപ്പെടണമെന്ന് സഭ പഠിപ്പിക്കുന്നു.

1. കർത്താവ് കല്പിച്ച് നിയമിച്ചതായിരിക്കണം.
2. അതിൽ ഒരു നിശ്ചിത സാധനം ഉണ്ടായിരിക്കണം.
3. അപ്പോസ്തോല പിൻതുടർച്ചയോടുകൂടിയ കൈവപ്പുള്ള ഒരു പട്ടക്കാരൻ അത് അനുഷ്ഠിക്കണം.
4. അത് അനുഷ്ഠിക്കുവാൻ സഭ നിശ്ചയിച്ച ഒരു മാതൃകക്രമം ഉണ്ടായിരിക്കണം.
5. അതിൽ ഒരു സ്വീകാരകൻ (വിശ്വാസി) ഉണ്ടായിരിക്കണം.

കൂദാശയുടെ ആവശ്യകത

ആധുനിക ലോകക്രമം കൂദാശകൾ അനാവശ്യവും സമയനഷ്ടം വരുത്തുന്നവയും എന്നു കരുതുകയും ആഘോഷാവസരങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ഇതിന് നമ്മുടെ തലമുറയും വിധേയപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഇവിടെ വി. കൂദാശകൾ ദൈവം സഭയെ ഭരമേല്പിച്ചവയാണെന്നതിനാൽ സഭയോടും സഭയുടെ തലയാകുന്ന ക്രിസ്തുവിനോടും അന്യപ്പെട്ട കൂദാശകൾ നമുക്കില്ല. എന്നാൽ മനുഷ്യൻ ജീവിക്കുന്നത് ലോകത്തിലാകയാൽ, ലോകത്തിൽ ജീവിക്കുന്ന മനുഷ്യന് ദൈവത്തോട് ബന്ധപ്പെടുവാൻ ലഭിച്ചിട്ടുള്ള മുഖാന്തിരമായി വി. കൂദാശകൾ സ്വീകരിക്കപ്പെടണം. "ലോകത്തിൽനിന്ന് എടുക്കണമെന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ" (വി. യോഹ. 17:15) കർത്താവ് പ്രാർത്ഥിച്ചത്. ലോകത്തിലെ സഭയ്ക്ക് തമ്മിൽ തമ്മിലുള്ള ബന്ധത്തിനും സഭാജീവിതത്തിലെ ആത്മീയ അനുഭവത്തിനും ദൃശ്യമായ മുഖാന്തിരങ്ങളും അത്യന്താപേക്ഷിതമാണ്. അതായത് ആത്മീയ അനുഭവങ്ങൾ ഭൗതിക മുഖാന്തിരങ്ങളിൽ കൂടെയും സാമൂഹ്യബന്ധങ്ങളിൽകൂടെയും സ്വീകരിക്കുന്നതിനുള്ള പദവിയായാണ്, ഉപാധിയായാണ് വി. കൂദാശകൾ കർത്താവ് സഭ വഴിയായി തന്റെ മക്കൾക്ക് നൽകിയിരിക്കുന്നത്.

ഈ കൂദാശകളെക്കുറിച്ച് പൊതുവായി പണ്ഡിതന്മാർ ഇങ്ങനെ പറയുന്നു.

1. കൂദാശകൾ ദൈവകൃപയെ പ്രദാനം ചെയ്യുന്നു.

2. ദൈവവിശ്വാസം വർദ്ധിപ്പിക്കുന്നു.

3. സഭക്കുള്ളിൽ ഐക്യവും അർപ്പണബോധവും വർദ്ധിപ്പിക്കുന്നു.

4. ദൈവീക വാഗ്ദത്തങ്ങളെക്കുറിച്ച് വിശ്വാസികൾക്ക് വീണ്ടും ഉറപ്പ് നൽകുന്നു.

5. ദൈവകൃപയുടെ സ്വീകരണാവസരവും അതിന്റെ സാക്ഷ്യവുമാണ് കൂദാശ.

6. ക്രിസ്തുവിന്റെ ശരീരമായ സഭയോടുള്ള ബന്ധത്തിൽ മനുഷ്യന്റെ ആവശ്യങ്ങളും ദൈവീകശക്തിയും തമ്മിൽ സംഗമിക്കുന്നു.

7. വി.കൂദാശകൾ വിശ്വാസത്തെ ഉദ്ദീപിപ്പിക്കുകയും സ്ഥിരപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം വി. കൂദാശകൾ വിശ്വാസിയും ദൈവവും ദൈവത്തിന്റെ ശരീരമായ സഭയും തമ്മിലുള്ള ബന്ധത്തിന് ആവശ്യം എന്ന് കണ്ട് കർത്താവ് ഭരമേല്പിച്ചവയാണ്.

കർത്താവ് തന്റെ ശരീരമായ സഭയെ ഭരമേല്പ്പിച്ച് ഞാൻ വരുന്നതു വരെ ഇതുപോലെ ചെയ്യുവാൻ കല്പിച്ചവയാണല്ലോ വി. കൂദാശകൾ. ഇവ ലോകജീവിതത്തിൽ രമിക്കുന്ന മനുഷ്യന്റെ രക്ഷക്ക് അനിവാര്യമായവയാകുന്നു. ഈ ലോകം കൊണ്ട് ജീവിതം അവസാനിക്കുന്നില്ല എന്ന മനുഷ്യന്റെ നിത്യജീവിതവ്യവസ്ഥകൾക്ക് വി. കൂദാശകളിലുള്ള വിശ്വാസപൂർവ്വമായ സംബന്ധം അനുഗ്രഹപ്രദമായിതീരട്ടെ.

11

വിശുദ്ധ മാമോദീസാ

ഫാ. ഡോ. ബി. വറുഗീസ്

1.1 മാമോദീസാ എന്നാൽ എന്ത്?

ക്രിസ്തുവിനോട് ചേരുന്നതിനാണ് മാമോദീസാ ഏൽക്കുന്നത്. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗലാത്യർ 3:27)

ക്രിസ്തുവിനോട് ചേരുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നതാണ്. "യേശു ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമർ 6:3-5). പഴയ മനുഷ്യൻ മരിക്കുകയും, ക്രിസ്തുവിൽ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. ഇതിനെ പുതിയ നിയമത്തിൽ വീണ്ടും ജനനം എന്നും വിളിക്കുന്നു (യോഹ: 3:3-5). നാം ദൈവമക്കളായി വീണ്ടും ജനിക്കുന്നു. അതുവഴി ദൈവരാജ്യത്തിന്റെ പൗരന്മാരായിതീരുന്നു. (ഗലാത്യർ 4:4-7, റോമർ 8:14-17)

1.2 മാമോദീസാ എന്തിനുവേണ്ടി?

ക്രിസ്തുവിനോടു ചേരുന്നതിനും അതുവഴി ദൈവമക്കളായി വീണ്ടും ജനിക്കുന്നതിനുമാണ് നാം മാമോദീസാ ഏൽക്കുന്നത്.

1.3 ശിശുസ്നാനം എന്തിന്?

വിശ്വാസികളുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിനോട് ചേരുന്നതിനും, അതുവഴി ദൈവമക്കളായി തീരുന്നതിനുമാണ് അവരെ ശൈശവ പ്രായത്തിൽ സ്നാനം കഴിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നു. (എഫെ. 5:30, 1കൊരി 12:13)

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (മത്തായി 19:14) എന്ന് ക്രിസ്തുതന്നെ പറയുന്നതിനാൽ ശിശുക്കൾക്ക് മാമോദീസാ നൽകുന്നതിനെ താൻ വിലക്കുന്നില്ലെന്ന് വ്യക്തമാണ്.

1.4 മാമോദീസായുടെ മറ്റു പേരുകൾ ഏവ?

'വീണ്ടും ജനനം' (യോഹ:3:3–5), പുതിയ സൃഷ്ടി (2 കൊരി 5:17), മുദ്ര – സീൽ (2 കൊരി 1:21–22, എഫെ. 1:14; 4.30; വെളിപാട് 7:3), പരിശുദ്ധാത്മാവിന്റെ നവീകരണം (തീത്തോസ് 3:6–7).

1.5 നടത്തേണ്ടത് എപ്പോൾ?

വി. കുർബ്ബാനക്ക് മുമ്പ് മാമോദീസാ നടത്തുന്ന രീതിയാണ് നാലാം നൂറ്റാണ്ടുമുതൽ സഭയിൽ കണ്ടുവന്നിരുന്നത്. എന്നാൽ ഇന്ന് മിക്ക സഭകളിലും, വി. കുർബ്ബാനക്കു ശേഷമാണ് മാമോദീസാ നടത്തുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളുടെ ഗൗരവമനുസരിച്ച് മാമോദീസാ നൽകുവാൻ വൈദികന് അനുവാദമുണ്ട്.

2 ഒരു കുഞ്ഞു ജനിച്ച ശേഷം എന്നാണ് മാമോദീസ നൽകേണ്ടത്?

അമ്പത്തിആറ് ദിവസം കഴിഞ്ഞ് മാമോദീസ നൽകുന്ന രീതിയാണ് മലങ്കരസഭയിൽ ദീർഘനാളായി നിലവിലുള്ളത്. മാതാവിന്റെ ശാരീരികാവസ്ഥ, കുഞ്ഞിന്റെ ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ രീതി സ്വീകരിച്ചത്. പുരാതന കാനോനുകളിൽ ഇതെപ്പറ്റി ഏതെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. വിദേശ മലയാളികളുടെ കുഞ്ഞുങ്ങളെ അമ്പത്തിആറു ദിവസങ്ങൾക്ക് മുമ്പോ ചിലപ്പോൾ ഏതാനും മാസങ്ങൾക്കുശേഷമോ, മാമോദീസാ കഴിപ്പിക്കുന്നത് ഇന്ന് സാധാരണയായി കഴിഞ്ഞിരിക്കുന്നു. യഹൂദന്മാർക്കിടയിൽ പ്രസവത്തിനുശേഷം ആൺകുഞ്ഞെങ്കിൽ നാല്പതു ദിവസവും, പെൺകുഞ്ഞെങ്കിൽ എൺപതു ദിവസവും മാതാവിനെ അശുദ്ധയായി കണക്കാക്കിയിരുന്നു. ഇതിന് 'ശുദ്ധീകരണകാലം' (ലൂക്കോസ് 2:22) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ചില ആചാരങ്ങൾ മദ്ധ്യപൂർവ്വദേശത്തെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നു.

3. മാമോദീസായ്ക്കുള്ള തയ്യാറെടുപ്പുകൾ ഏവ?

കുഞ്ഞിന്റെ മാതാപിതാക്കൾ, തലതൊടുന്നയാൾ തുടങ്ങി ഏറ്റവും അടുത്ത ബന്ധുക്കൾ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കണം. ഒന്നു മുതൽ മൂന്നു ദിവസം വരെ ഉപവസിക്കുന്നതും നല്ലതാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പുതന്നെ ഇടവക വികാരിയെ കണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ് അഭികാമ്യം. വലിയ ഇടവകകളിൽ കഴിയുന്നത്ര ഞായറാഴ്ച മാമോദീസ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ധൂപ പ്രാർത്ഥന, വിവാഹം,

പള്ളി കമ്മറ്റി തുടങ്ങി പല കാര്യങ്ങളും വൈദികന് ഞായറാഴ്ചകളിൽ നടത്തേണ്ടതുള്ളതിനാൽ ധൃതിയിൽ മാമോദീസാ നടത്തി, അതിന്റെ ഗൗരവവും, അർത്ഥവും നഷ്ടമാകാതിരിക്കുവാൻ ഇത് സഹായിക്കും.

4. മാമോദീസാ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങൾ ഏവ? എന്തുകൊണ്ട്.

വലിയനോമ്പിൽ, പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ നടത്താറില്ല. ഈ സമയത്ത് മാമോദീസാമുറി അടച്ചിടുന്ന രീതി ആദിമ സഭയിൽ ഉണ്ടായിരുന്നു. മാമോദീസാ, കർത്താവിന്റെ ഉയിർപ്പിലുള്ള പങ്കാളിത്തം ആകയാൽ ഉയിർപ്പു പെരുന്നാൾ, സ്നാനത്തിന് ഏറ്റവും അനുയോജ്യമായ ദിവസമാണെന്ന് പൊതുവെ ചിന്തിച്ചിരുന്നു. വിശ്വാസബോധനം നടത്തിയിരുന്ന സ്നാനാർത്ഥികൾക്ക് സാധാരണ ഉയിർപ്പു പെരുന്നാളിലാണ് മാമോദീസാ നൽകിയിരുന്നത്. വലിയനോമ്പ് സ്നാനാർത്ഥികളുടെ പരിശീലനത്തിന്റെ അവസാന ഘട്ടമായിരുന്നു. പാതി നോമ്പുകഴിഞ്ഞാൽ തീവ്രമായ പരിശീലനം നൽകിയിരുന്നു. മാമോദീസായ്ക്കുള്ള ഒരുക്കമെന്ന നിലയിലാണ് പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ മുറി അടച്ചിട്ടിരിക്കുന്നത്.

5. മാമോദീസായിൽ സ്നാനാർത്ഥിക്ക് നൽകുന്ന പേരുകൾക്കുള്ള മാനദണ്ഡം എന്താണ്?

ക്രിസ്തീയ പേരുകൾ നൽകുന്ന രീതിയാണ് എല്ലാ സഭകളും അവലംബിച്ചിരിക്കുന്നത്. സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും, ഓർമ്മദിവസങ്ങളിലോ, അവരുടെ കബറിട ദേവാലയങ്ങളിലോ മാമോദീസാ നടത്തുമ്പോൾ അവരുടെ പേരുകൾ നൽകുന്നതും സാധാരണമാണ്. പേര് 'ഐഡന്റിറ്റി'യുടെ സൂചനയാണ്. പുതിയ 'ഐഡന്റിറ്റി' സ്നാനമേൽക്കുന്നയാളിന് ലഭ്യമായിരിക്കുന്നു എന്ന അർത്ഥത്തിലാണ് പേര് നൽകുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ വല്യപ്പൻ, വല്യമ്മ എന്നിവരുടെ പേരുകളാണ് സാധാരണ നൽകുന്നത്. തലമുറകളുടെ തുടർച്ച എന്ന അർത്ഥം ഇതിന് നൽകാവുന്നതാണ്.

6.1 തലതൊടുന്ന ആൾ ആവശ്യമുണ്ടോ?

പുറജാതിക്കാരനായ ഒരാൾ മാമോദീസാ ഏൽക്കുവാൻ ആഗ്രഹിച്ചാൽ, ഒരു സഭാംഗം അയാളെ ബിഷപ്പിന്റെ അടുക്കൽ കൊണ്ടുവന്ന്, സാക്ഷ്യം നൽകേണ്ടതുണ്ടായിരുന്നു. അയാൾക്ക് 'സ്പോൺസർ' എന്നും വഴികാട്ടിയെന്നും പേരുണ്ടായിരുന്നു. മാമോദീസാ ഏൽക്കാനുള്ള ആളിനെ സ്നാനാർത്ഥിയായി (Catechumen) സ്വീകരിച്ചിരുന്നു. അയാളുടെ വിശ്വാസ പരിശീലനത്തിനു മേൽനോട്ടം വഹിക്കുന്ന ചുമതല

മേൽപ്പറഞ്ഞ വിശ്വാസിക്കായിരുന്നു. ഇതിൽ നിന്നാണ് തല തൊട്ടപ്പൻ/ അമ്മ (ഗോഡ്ഫാദർ, ഗോഡ് മദർ) എന്ന സ്ഥാനം ഉണ്ടാകുന്നത്. ശിശുക്കളുടെ കാര്യത്തിൽ വിശ്വാസബോധനത്തിന്റെ ഉത്തരവാദിത്വം തല തൊടുന്നയാൾ ഏറ്റെടുക്കുന്നു. കൂട്ടുകുടുംബ സംവിധാനത്തിൽ പിതാമഹൻ, പിതാമഹി എന്നിവരായിരുന്നു കുഞ്ഞുങ്ങളെ പ്രാർത്ഥനകളും, വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പഠിപ്പിച്ചിരുന്നത്.

6.2. തല തൊടാനുള്ള അവകാശം ആർക്ക്? മറ്റ് സഭാംഗങ്ങളെ അനുവദിക്കാമോ?

സഭാവിശ്വാസികൾക്കു മാത്രമേ തലതൊടാൻ അവകാശമുള്ളു. അതായത് ഓർത്തഡോക്സ് സഭയിൽ വി. കുർബ്ബാന അനുഭവിക്കുവാൻ യോഗ്യതയുള്ള ആളിനു മാത്രമേ, കുഞ്ഞിന് തലതൊടുവാൻ യോഗ്യതയുള്ളൂ. മറ്റു സഭാംഗങ്ങളെ അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാമഹൻ, മാതാമഹൻ തുടങ്ങിയവർ ഇതര സഭാംഗങ്ങൾ ആണെങ്കിൽ അവരുടെ പേരുകൾ നൽകാവുന്നതാണ്. എന്നാൽ ദേവാലയത്തിലെ ശുശ്രൂഷയിൽ കുഞ്ഞിനെ കൈകളിൽ വഹിച്ചുകൊണ്ട് പ്രാർത്ഥകളും, പ്രഖ്യാപനങ്ങളും നടത്തുന്നയാൾ ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

7. മുതിർന്നവരുടെ മാമോദീസായുടെ തയ്യാറെടുപ്പുകൾ, നിയമനടപടികൾ, നടപടി ക്രമം ഏവ?

മാമോദീസ സ്വീകരിക്കുന്നവർ കുറെ ആഴ്ചകൾക്കോ, ദിവസങ്ങൾക്കോ മുമ്പ് വൈദികനെ സമീപിച്ച് തയ്യാറെടുപ്പുകൾ ആരംഭിക്കണം. അടിസ്ഥാന വിശ്വാസസത്യങ്ങളും, പ്രാർത്ഥനകളും പഠിപ്പിക്കണം, മാമോദീസാക്ക് മുമ്പ് മൂന്നു ദിവസമെങ്കിലും ഉപവസിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. മാമോദീസാക്ക് മുമ്പായി കുമ്പസാരം നടത്തണം.

ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, താൻ പരപ്രേരണകൂടാതെ സ്വമേധയാ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നുവെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം എഴുതിനൽകുന്നതും അത് നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തുന്നതും നന്നായിരിക്കും.

ഞായറാഴ്ച പരസ്യമായി സ്നാനമേൽക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ ഇടദിവസം വി.കുർബ്ബാന അർപ്പിച്ച് നടത്താവുന്നതാണ്. പ്രായപൂർത്തിയായ സ്ത്രീകളുടെ മാമോദീസായിൽ, വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, എന്നാൽ ആഭരണങ്ങൾ മാറ്റി, മുടി അഴിച്ചിട്ട് സ്നാനമേൽക്കുവാൻ നിർദ്ദേശിക്കണം. മാമോദീസാ തൊട്ടിക്കുമുകളിൽ, തല കുനിച്ച് നിൽക്കുമ്പോൾ തലയിൽ വെള്ളം കോരി ഒഴിച്ച് സ്നാനം നൽകണം,

മൂറോൻ അഭിഷേകം നെറ്റിയിലും, കൈപ്പത്തിയിലും, കുരിശടയാളം വരച്ച് നടത്തേണ്ടതാണ്. പ്രായപൂർത്തിയായ പെൺകുട്ടികളുടെ ദേഹത്ത് കാർമ്മികൻ അഭിഷേകം ചെയ്യുന്നതിനെ ഡിഡാസ്ക്കാലിയ വിലക്കുന്നുണ്ട്.

സാധാരണ മാമോദീസാ ശുശ്രൂഷ തന്നെയാണ് പ്രായപൂർത്തി ആയവർക്കും ഉപയോഗിക്കുന്നത്. തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആവശ്യമാണ്. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു' 'മിശിഹായെ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങൾ സ്നാനാർത്ഥിതന്നെ ഏറ്റുപറയണം. തൽസമയം, തലതൊട്ടപ്പൻ കൈകളിൽ പിടിക്കേണ്ട ആവശ്യമില്ല.

8. മൂന്നുതരത്തിൽ സ്നാനാർത്ഥിയെ മുദ്രയിടുന്നു. എന്തുകൊണ്ട്? അർത്ഥം എന്ത്?

8.1 ഒന്നാമത്തെ മുദ്ര തൈലം കൂടാതെയാണ് നൽകുന്നത്. ഒരാളെ സ്നാനാർത്ഥിയായി സ്വീകരിക്കുമ്പോൾ ബിഷപ്പ് തലയിൽ കൈവെച്ച്, നെറ്റിയിൽ മുദ്രയിട്ടിരുന്നു. സ്നാനാർത്ഥിയായി സ്വീകരിക്കുന്നതിന്റെ സൂചനയാണിത്. തുടർന്ന് പൈശാചിക ശക്തികളിൽ നിന്നും സ്നാനാർത്ഥി വിമുക്തനായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. സ്നാനാർത്ഥി സാത്താനെ ഉപേക്ഷിക്കുകയും, മിശിഹായെ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ, സഭ കുഞ്ഞിനെ സ്വീകരിച്ച് 'മിശിഹായുടെ മുദ്ര' നൽകി സ്നാനത്തിനായി ഒരുക്കുന്നു എന്ന അർത്ഥം നൽകാവുന്നതാണ്.

8.2 രണ്ടാമത്തെ മുദ്ര സൈത്ത് കൊണ്ട് നെറ്റിയിൽ നൽകുന്നു. മാമോദീസായ്ക്കു മുമ്പ് പ്രാർത്ഥിച്ച ഒലിവ് എണ്ണ (സൈത്ത്) കൊണ്ടും, മാമോദീസാക്കു ശേഷം വി.മൂറോൻ തൈലം കൊണ്ട് നെറ്റിയിലും, ദേഹത്തും അഭിഷേകം ചെയ്യുന്ന രീതി അതിപുരാതനമാണ്. സൈത്തുകൊണ്ട് നെറ്റിയിൽ അഭിഷേകം നൽകുന്നത്, 'മിശിഹായെ സ്വീകരിക്കുന്നു' എന്ന പ്രഖ്യാപനത്തിനും വിശ്വാസപ്രമാണത്തിനും ശേഷമാണ്. ഇതിന്റെ അർത്ഥത്തെപ്പറ്റി തൽസമയത്തുള്ള പ്രാർത്ഥനയിൽ സൂചനയുണ്ട്. 'വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിന് അർഹനായി തീരുവാൻ വേണ്ടി, സന്തോഷതൈലത്താൽ, പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ, നിത്യജീവനായി... മുദ്രകുത്തപ്പെടുന്നു'.

മാമോദീസായ്ക്കുള്ള ഒരുക്കമായിട്ടാണ് ഈ അഭിഷേകം നൽകുന്നത്. "സന്തോഷ തൈലം" (സങ്കീ. 45:7) ക്രിസ്തുവിന്റെ അഭിഷേകത്തിന്റെ സൂചനയാണ്. സൈത്ത്കൊണ്ടുള്ള അഭിഷേകം വഴി, സ്നാനാർത്ഥി, സാക്ഷാൽ ഒലിവായ (സൈത്ത്) ക്രിസ്തുവിനോട് ഒട്ടിച്ച് ചേർക്കപ്പെടുന്നു (റോമൻ 11:17).

കാതോലിക്കേറ്റിന്റെ കീഴിലെ പാരമ്പര്യം അനുസരിച്ച് മലങ്കരയിൽ നെറ്റിയിൽ തൈലം കൊണ്ട് മുദ്രയിടുക മാത്രം ചെയ്യുന്നു. എന്നാൽ അന്ത്യോഖ്യൻ സഭയുൾപ്പെടെ മിക്ക ഓർത്തഡോക്സ് സഭകളിലും സൈത്ത് കൊണ്ട് ദേഹം മുഴുവൻ അഭിഷേകം ചെയ്യുന്ന രീതിയും നില വിലുണ്ട്.

8.3. മൂന്നാമത്തെ മുദ്ര വി. മൂറോൻ കൊണ്ട് നൽകുന്നു. തുടർന്ന് മാമോദീസായേറ്റയാളിന്റെ ശരീരം മുഴുവനും അഭിഷേകം ചെയ്യുന്നു. മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും, വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ മുദ്രകുത്തപ്പെടുന്നു." എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നെറ്റി യിൽ മുദ്രയിടുന്നത്. യേശു ക്രിസ്തുവിന്റെ അടയാളം നെറ്റിയിൽ വര യ്ക്കുന്നു. വി. മാമോദീസായിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ അടയാളവുമാണിത്.

9. മാമോദീസായ്ക്കു ശേഷം വെള്ള വസ്ത്രം ധരിപ്പിക്കുന്ന തിന്റെ കാരണം എന്ത്?

മാമോദീസായിൽ പ്രാപിച്ച പുതുക്കത്തിന്റെയും, പാപമോചനത്തി ന്റെയും, വിശുദ്ധിയുടെയും അടയാളമാണ് വെള്ളവസ്ത്രം, അന്ധകാര ത്തിൽ നിന്നും വിടുതൽ പ്രാപിച്ച് 'പ്രകാശവസ്ത്രം' ധരിക്കുന്നു എന്ന് അർത്ഥമാക്കുന്നു.

10. ഒന്നിൽ കൂടുതൽ കുട്ടികൾ മാമോദീസായ്ക്ക് ഉണ്ടെങ്കിൽ ഏത് ക്രമത്തിലാണ് മാമോദീസാ നൽകുന്നത്? എന്തുകൊണ്ട്.?

പ്രായമനുസരിച്ച് ആൺകുട്ടികളെയും തുടർന്ന് പെൺകുട്ടികളെയും സ്നാനപ്പെടുത്തുന്നു. എല്ലാവർക്കുമായി ഒരുമിച്ച് വെള്ളം വാഴ്ത്താമെ ങ്കിലും, വാഴ്ത്തിയ വെള്ളം പാത്രത്തിൽ പകർന്ന് വെച്ച്, ഓരോ കു ട്ടിക്കും പ്രത്യേകം വെള്ളം ഉപയോഗിക്കണം. ഒരു കുട്ടിയെ മാമോദീ സാമുക്കിയ ശേഷം, ആ വെള്ളം തുറന്ന് വിട്ടതിനുശേഷം, വാഴ്ത്തിയ വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ച് അടുത്ത കുട്ടിയെ മുക്കണം.

'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1 കൊരിന്ത്യർ 14:39) എന്ന് വി.പൗലോസ് പറയുന്നതുപോലെ പ്രായക്രമം പിന്തുടരേണ്ടതാണ്. വി. കുർബ്ബാന സ്വീകരിക്കുന്നത് പുരുഷന്മാർ, സ്ത്രീകൾ എന്നീ ക്രമ ത്തിൽ ആണല്ലോ? ആ മാതൃകയാണ് മാമോദീസയിലും പിന്തുടരുന്നത്.

11. മാമോദീസാ ഏറ്റ വ്യക്തിയെ കിരീടം ധരിപ്പിക്കുന്നതും വി. മദ്ബഹായിൽ പ്രവേശിപ്പിക്കുന്നതും എന്തുകൊണ്ട്?

മാമോദീസായേറ്റയാൾ അന്ധകാരശക്തികളുടെ മേൽ വിജയം നേടിയ പോരാളി എന്ന അർത്ഥത്തിലാണ് കിരീടം ധരിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ ലഭ്യമാക്കുന്ന പ്രതിഫലത്തിന്റെ സൂചനയാണിത്. ആ പ്രതിഫലത്തിനാണ് വി.പൗലോസ് 'വാടാത്തകിരീടം' (1 കൊരി 9:25), നീതിയുടെ കിരീടം (2 തീമോ 4:8) എന്നും, തേജസ്സിന്റെ വാടാത്തകിരീടം (1 പത്രോസ് 5:4) എന്നും, 'ജീവകിരീടം (യാക്കോബ് 1:12, വെളി 2:10) എന്നും പറഞ്ഞിരിക്കുന്നത്.

അഭിഷേകം വഴി മാമോദീസായേറ്റയാൾ 'രാജകീയ പുരോഹിത വർഗ്ഗത്തിലെ അംഗമായിത്തീരുന്നു (1 പത്രോ 2:9) രാജകീയ പദവിയുടെ അടയാളം കൂടിയാണ് കിരീടം. പൗരോഹിത്യപദവി ലഭ്യമായതിന്റെ അടയാളമായിട്ടാണ് മദ്ബഹായിൽ പ്രവേശിപ്പിക്കുന്നത്. മാമോദീസായേറ്റയാൾ "ജീവന്റെ മേശ'യെ സമീപിക്കുവാൻ അർഹനായിത്തീരുന്നു ആദിമസഭയിൽ വിശ്വാസികൾ ത്രോണോസിന്റെ അടുക്കൽ ചെന്നാണ് വി. കുർബ്ബാന അനുഭവിച്ചിരുന്നത്.

12. മാമോദീസായിൽ വി.മൂറോൻ ഉപയോഗിക്കുന്നത് എന്തിന്?

ക്രിസ്തീയ മാമോദീസായുടെ ഉത്ഭവം ക്രിസ്തുവിന്റെ മാമോദീസായിലാണ്. യോർദ്ദാനിൽവെച്ച് ക്രിസ്തുവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ അഭിഷേകമായിട്ടാണ് പുതിയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. (ലൂക്കോസ് 4:17–19; അപ്പൊ. പ്രവ: 10:38, 4: 27). ക്രിസ്തീയ മാമോദീസാ, ക്രിസ്തുവിന്റെ മാമോദിസായിലുള്ള പങ്കാളിത്തം കൂടിയാണ്. തന്റെ യഥാർത്ഥ മാമോദീസാ, പീഡാനുഭവവും, കുരിശുമരണവുമാണല്ലോ (മർക്കോസ് 10:38). യോർദ്ദാനിൽ ക്രിസ്തു സ്വീകരിച്ച സ്നാനത്തിൽ, ജലസ്നാനവും, പരിശുദ്ധാത്മാവിന്റെ അഭിഷേകവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയ മാമോദീസായിൽ ജലസ്നാനത്തോടൊപ്പം, അഭിഷേകവും നൽകുന്ന രീതി പുതിയ നിയമകാലത്തുതന്നെ ഉണ്ടായിരുന്നു. (1 യോഹ 2:20;27; 2 കൊരി 1:21–22; എഫെ. 1:14; 4:30) വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കുന്നു. കാരണം, മാമോദീസാ, വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള വീണ്ടും ജനനം ആണല്ലോ (യോഹ 3:3–5). അഭിഷേകത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സുഗന്ധ തൈലം അതായത് വി. മൂറോൻ ഉപയോഗിച്ച് തുടങ്ങി. ക്രിസ്തുവിന്റെ സൗരഭ്യം (2 കൊരി. 2:15) ലഭിക്കുന്നു എന്ന അർത്ഥം ഇതിനും നൽകാവുന്നതാണ്.

13. കുഞ്ഞിനെ എടുത്ത് കൊണ്ട് നിൽക്കേണ്ടത് തല തൊടുന്ന ആൾ തന്നെയാണോ? എങ്ങനെ പിടിക്കണം?

തല തൊടുന്ന ആൾ കൈകളിൽ എടുത്തുകൊണ്ട് നിൽക്കുന്ന രീതിയാണ് സാധാരണ ഉള്ളത്. എന്നാൽ കുഞ്ഞ് കരയുന്നുവെങ്കിൽ അമ്മയോ, മറ്റു സ്ത്രീകളോ എടുക്കുന്നതിൽ തെറ്റില്ല. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു, മശിഹായേ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങളുടെ സമയത്ത്, തല തൊടുന്നയാൾ കുഞ്ഞിന്റെ കൈകളിൽ പിടിച്ച് കൊണ്ട് വേണം ഏറ്റുചൊല്ലുവാൻ. ഏതാനും മാസങ്ങൾ പ്രായമുള്ള കുഞ്ഞാണെങ്കിൽ വ്യക്തമായവിധത്തിൽ കൈകളിൽ എടുത്തുകൊണ്ട് നിൽക്കണം. വെള്ളം വാഴ്വിന്റെ സമയത്ത് മാത്രം കുഞ്ഞിന്റെ വസ്ത്രങ്ങൾ മാറ്റിയാൽ മതിയാവും.

14. മാമോദീസായ്ക്കുശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ.?

കുഞ്ഞിന് വി. മൂറോൻ അഭിഷേകം നൽകുന്നതിനാൽ, അന്നേദിവസം അവിശ്വാസികളോ അക്രൈസ്തവരോ എടുക്കുന്നതിനേ നമ്മുടെ സഭ വിലക്കുന്നു. അഭിഷേകത്തിന് ശേഷം കുഞ്ഞിനെ ധരിപ്പിക്കുന്ന വസ്ത്രങ്ങൾ ശുദ്ധജലത്തിൽ കഴുകി ചവിട്ടാത്ത സ്ഥലത്ത് വെള്ളം ഒഴുക്കിക്കളയണം.അതുപോലെ അന്നേ ദിവസം കുഞ്ഞിനെ കുളിപ്പിക്കുന്ന വെള്ളവും ശ്രദ്ധാപൂർവ്വം ഒഴുക്കികളയണം.

15. ഇടവകപ്പള്ളിയല്ലാതെ മറ്റു പള്ളികളിൽ വച്ച് മാമോദീസാ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

മാമോദീസാ നടക്കുന്ന പള്ളി വികാരിയോട് നേരത്തെ സംസാരിച്ച് സമയം, കാർമ്മികൻ തുടങ്ങിയ കാര്യങ്ങളിൽ ധാരണ ഉണ്ടാക്കണം. ഇടവകവികാരി മുഖേന ഇതു ചെയ്യുന്നതായിരിക്കും യുക്തം. ഇടവക വികാരിയിൽ നിന്നും എഴുത്തു വാങ്ങിയിരിക്കണം.

16. സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് ആർക്കൊക്കെ?

സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് കുഞ്ഞ് അതീവ രോഗാവസ്ഥയിൽ ആണെങ്കിൽ മാത്രമാണ്. വീട്ടിലോ, ആശുപത്രിയിലോ വെച്ച് പുതിയ ബേസിനിൽ വെള്ളം വാഴ്ത്തി മാമോദീസാ നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ച് ഗീതങ്ങൾ പ്രൊമിയോൻ-സെദ്റ എന്നിവ ഒഴിവാക്കാവുന്നതാണ്.

മൂറോൻ അഭിഷേകം നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ, കുഞ്ഞ് ആരോഗ്യം വീണ്ടെടുക്കുമ്പോൾ ദേവാലയത്തിൽ വെച്ച്, അഭിഷേകവും

വി. കുർബ്ബാനയും നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ കാർമ്മികന് അനുവാദമുണ്ട്.

17. മാമോദീസായിൽ ഒന്നിലധികം വൈദികർ പങ്കെടുക്കുമ്പോൾ ഒരാൾ പ്രാരംഭ പ്രാർത്ഥനകളും മറ്റും നടത്തുകയും അപരൻ വെള്ളം വാഴ്ത്തുകയും മറ്റും ചെയ്യാമോ?

ഒരിക്കലും പാടില്ല. വി. കുർബ്ബാനയിൽ ഒരു വൈദികൻ തൂയോബോ മുതൽ അവസാനം വരെയുള്ള കർമ്മങ്ങളും പ്രാർത്ഥനകളും നടത്തുന്നതുപോലെ മാമോദീസായിൽ ഓരോന്നും ക്രമമായി ചെയ്യുക. എന്നാൽ ഒന്നിലധികം വൈദികർ ഉണ്ടെങ്കിൽ, നെറ്റിയിലെ മുദ്ര, സൈത്ത് കൊണ്ടുള്ള മുദ്ര എന്നിവ ഓരോരുത്തരായി ചെയ്യാവുന്നതാണ്.

18. മാമോദീസായിൽ സൗകര്യാർത്ഥം വെള്ളം നേരത്തെ വാഴ്ത്തിവെച്ച് ഉപയോഗിക്കാമോ?

ഇതും അനുവദനീയമല്ല. ആരംഭം മുതലുള്ള ഓരോ കർമ്മങ്ങളും അവയുടെ ക്രമമനുസരിച്ച് ചെയ്യണം. കഴിഞ്ഞ തലമുറയിൽ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അജ്ഞതയും അലംഭാവവും നിമിത്തം സംഭവിച്ചതാണ്.

12

വിശുദ്ധ കുർബ്ബാന: ഒരു ലഘു വിശദീകരണം

ഫാ. ഡോ. ജേക്കബ് കുര്യൻ

വി. കുർബ്ബാന, ദൈവസ്നേഹത്തെ നാം രുചിച്ചറിയുന്ന അത്യുന്നത കൂദാശയാണ്. സ്വർഗ്ഗീയ പിതാവിൽ നിന്നും ദൈവമക്കൾ "അനുഗ്രഹങ്ങൾ" പ്രാപിക്കുന്നതും, ദൈവത്തോടും പരസ്പരവും "സമാധാനം" അഥവാ അനുരഞ്ജനം അനുഭവിക്കുന്നതും, ദൈവപുത്രന്റെ "ബലി" യിൽ പങ്കുചേരുന്നതും, ദൈവകൃപകൾക്കായി "സ്തോത്രം" അർപ്പിക്കുന്നതും ആയ അവസരമാണത് ("അനുഗ്രഹങ്ങളും, സമാധാനവും, ബലിയും, സ്തോത്രവും"). അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് വി. കുർബ്ബാനയെ വിശേഷിപ്പിച്ചിട്ടുള്ളത് "അമർത്യതയുടെ ഔഷധം" എന്നാണ്. എല്ലാ കൂദാശകളും പൂർത്തീകരിക്കപ്പെടുന്നത് വി. കുർബ്ബാനയിലാണ്.

പദങ്ങൾ

"കുർബ്ബാന" എന്ന സുറിയാനി പദത്തിന് 'അർപ്പണം,' 'യാഗം,' 'കാഴ്ച', 'ബലി' എന്നൊക്കെയാണ് അർത്ഥം. അതായത് ദൈവം സ്വന്തം ജീവനെ നമുക്കായി അർപ്പിച്ചതിനെ നാം സ്വീകരിച്ചുകൊണ്ട്, നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനായി അർപ്പിക്കുന്ന സന്ദർഭമാണ് വി. കുർബ്ബാന. "യഫ്ക്കാറസ്തിയ" (ഇംഗ്ലീഷിൽ യൂക്കറിസ്റ്റ്) എന്ന ഗ്രീക്കു പദവും വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കാറുണ്ട്. ആ പദത്തിന്റെ അർത്ഥം, സ്തോത്രം അഥവാ കൃതജ്ഞതയുടെ അർപ്പണം എന്നാണ്. "മിസ്സാ" (ഇംഗ്ലീഷിൽ മാസ്) എന്ന ലത്തീൻ പദവും വി. കുർബ്ബാനയ്ക്ക് പാശ്ചാത്യ പാരമ്പര്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

വി. കുർബ്ബാനയുടെ പഴയനിയമ സൂചനകൾ

(1) ജീവവൃക്ഷത്തിന്റെ ഫലം - ഉല്പത്തി 3:22
(2) ഹാബേലിന്റെ ബലി - ഉല്പത്തി 4:4
(3) നോഹയുടെ സ്തോത്രയാഗം - ഉല്പത്തി 8:20
(4) അബ്രാമിന്റെ യാഗം - ഉല്പത്തി 12:9
(5) മൽക്കീസദെക്കിന്റെ അപ്പവും വീഞ്ഞും - ഉല്പത്തി 14:18
(6) അബ്രഹാമിന്റെ അതിഥിസൽക്കാരം - ഉല്പത്തി 18:1-8

(7) അബ്രഹാം ഇസഹാക്കിനെ യാഗത്തിനായി സമർപ്പിച്ചത് - ഉല്പത്തി 22:9.

(8) യാക്കോബിന്റെ ബെഥേൽ ആരാധന (ഉല്പത്തി 28:18, 19).

(9) മിസ്രയീമിലെ പെസഹ (പുറപ്പാട് 12:21).

(10) മരുഭൂമിയിലെ മന്ന (പുറപ്പാട് 16:31).

(11) ഏലിയാവിന്റെ ഭക്ഷണവും ബലിയും (1 രാജാ. 17:6; 19:6, 18:30-38).

(12) ഏശയ്യാവിന്റെ തീക്കനൽ (യെശയ്യാവ് 6:6).

വി. കുർബ്ബാന സ്ഥാപനത്തിന്റെ പുതിയനിയമ അടിസ്ഥാനങ്ങൾ

വി. മത്തായി 26:26-28

വി. മർക്കോസ് 14:22-24

വി. ലൂക്കോസ് 22:17-20

1 കൊരിന്തി 11:23-25

വി. കുർബ്ബാനാനുഭവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു തമ്പുരാന്റെ പ്രധാന വചനങ്ങൾ

(1) "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (വി. യോഹന്നാൻ 6:51).

(2) "ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേല്പിക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവിൻ മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻ മൂലം ജീവിക്കും" (വി. യോഹന്നാൻ 6:53-57).

വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ പ്രധാന ഭാഗങ്ങൾ

1. ഒരുക്ക ശുശ്രൂഷ (തൂയോബോ)

2. പരസ്യ ശുശ്രൂഷ

(1) ഒന്നാം ഭാഗം: **വചന ശുശ്രൂഷ**
(2) രണ്ടാം ഭാഗം: **തിരുശരീരരക്ത ശുശ്രൂഷ**
ഒന്നാം അദ്ധ്യായം: സമാധാനത്തിന്റെ ശുശ്രൂഷ
രണ്ടാം അദ്ധ്യായം: വി. കുർബ്ബാനസ്ഥാപന ശുശ്രൂഷ
മൂന്നാം അദ്ധ്യായം: മദ്ധ്യസ്ഥപ്രാർത്ഥനകൾ (തൂബ്ദേൻ) ഖണ്ഡിപ്പ്, ലുത്തിനിയ)
നാലാം അദ്ധ്യായം: കർത്തൃപ്രാർത്ഥന, ധൂപപ്രാർത്ഥന, വി. കുർബ്ബാനാനുഭവം
അഞ്ചാം അദ്ധ്യായം: കൃതജ്ഞതാ ശുശ്രൂഷ, ആശീർവാദം

3. കുർബ്ബാനാനന്തര ശുശ്രൂഷ

വി. കുർബ്ബാനയിലെ ചില ഭാഗങ്ങളുടെ ലഘു വിശദീകരണം

1. തൂയോബോ (ഒരുക്ക ശുശ്രൂഷ): അപ്പ വീഞ്ഞുകൾ പ്രാർത്ഥനയോടെ ഒരുക്കിവയ്ക്കുകയും, വി. കുർബ്ബാനയിൽ ഓർക്കാനുള്ള എല്ലാവരെയും ഓർത്ത് രഹസ്യത്തിൽ പ്രാർത്ഥിക്കയും ചെയ്യുന്നു.

2. കൗമാ ("നിന്നുകൊണ്ടുള്ള" പ്രാർത്ഥന-"ദൈവമേ നീ പരിശുദ്ധനാകുന്നു" എന്നു തുടങ്ങി "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണചെയ്യണമേ" എന്നതുവരെ): ഈ പ്രാർത്ഥന, യേശു തമ്പുരാനോട് ഉള്ളതാണ്. ഒരു പുരാതന പാരമ്പര്യമനുസരിച്ച്, യേശു തമ്പുരാന്റെ കബറടക്കത്തിൽ, മാലാഖമാർ പ്രത്യക്ഷപ്പെട്ട്, "ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു" എന്നു, ചൊല്ലിയപ്പോൾ യൗസേപ്പും നിക്കോദീമോസും "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണചെയ്യണമേ" എന്നു പ്രാർത്ഥിച്ചതിനാലാണ് ഈ ത്രിത്വ പ്രാർത്ഥനയുടെ (ത്രൈസാഗിയോൻ) ആരംഭം.

3. വചന ശുശ്രൂഷ (1) വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് പഴയനിയമത്തിൽ നിന്നും, പരസ്യമായി ആരംഭിച്ചതിനു ശേഷം, പുതിയ നിയമത്തിൽ നിന്നും, വായനകൾ വായിക്കയും, തുടർന്ന് പ്രബോധനം (പ്രസംഗം) നടത്തുകയും ചെയ്യുന്നു. പുതിയ നിയമ വായനകൾക്ക് മൂന്നു ഭാഗങ്ങളുണ്ട്. (1) വടക്കുവശത്ത് അപ്പോസ്തോല പ്രവൃത്തികളിൽ നിന്നോ പൊതു ലേഖനങ്ങളായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരിൽ നിന്നോ ഉള്ള വായന (2) തെക്കുഭാഗത്ത് വി. പൗലൂസിന്റെ ലേഖനങ്ങളിൽ നിന്ന് (3) ഏവൻഗേലിയോൻ: സുവിശേഷങ്ങളിൽ നിന്ന്

(2) പൗലൂസ് ശ്ലീഹാ ധന്യൻ....... എന്ന ഗീതത്തിന്റെ വേദപുസ്തകാടിസ്ഥാനം: ഗലാത്യലേഖനം 1:8-9

4. പ്രൊമിയോൻ, ഹൂസോയൊ, സെദ്റ

ഒരു ദീർഘമായ പ്രാർത്ഥനാ ഗണമാണിത്. "പ്രൊമിയോൻ" എന്നു പറഞ്ഞാൽ "മുഖവുര" എന്നാണർത്ഥം. പ്രാർത്ഥനയ്ക്ക് പൊതുവായ ഒരു മുഖവുര ഭാഗമാണിത്; "ഹൂസോയോ" എന്നു പറഞ്ഞാൽ പാപ മോചനം എന്നാണർത്ഥം. ഇവിടെ അനുതാപത്തോടെ പാപമോചനത്തി നായി പ്രാർത്ഥിക്കുന്നു, "സെദ്റ" എന്നു പറഞ്ഞാൽ "നിര", "കൂട്ടം" എന്നാണർത്ഥം. അപേക്ഷകളുടെയും പ്രബോധനങ്ങളുടെയും ഒരു നിര യാണ് ഈ പ്രാർത്ഥനാഭാഗത്തുള്ളത്.

5. ധൂപക്കുറ്റി വാഴ്വും കാർമ്മികൻ പടിഞ്ഞാറോട്ടു വന്ന് കൈമലർത്തി നടത്തുന്ന യാചനയും

ഇത് വി. കുർബ്ബാനയിൽ മൂന്നു ഭാഗത്തുണ്ട്; ഒന്ന് തൂയോബോയ്ക്ക് കയറുമ്പോൾ, രണ്ട് വി. കുർബ്ബാനയുടെ രണ്ടാം ഭാഗത്തേക്ക് പ്രവേശി ക്കുമ്പോൾ; മൂന്ന് വി. കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പ്. മൂന്നി ടത്തും, താഴ്മയോടെ, തന്നോട് ക്ഷമിച്ച്, തനിക്കുവേണ്ടി പ്രാർത്ഥിക്ക ണമേ എന്നാണ് കാർമ്മികൻ ആംഗ്യത്തിൽ അപേക്ഷിക്കുന്നത്.

6. ശുശ്രൂഷക്കാരൻ ധൂപക്കുറ്റിയുമായി പടിഞ്ഞാറോട്ട് വീശിവ രുന്നത്

തുടർന്നുള്ള ഭാഗം, വിശ്വാസികൾക്കു മാത്രമായിട്ടുള്ളതിനാൽ വിശ്വാ സികളല്ലാത്തവർക്ക് പിരിഞ്ഞുപോകാം എന്നറിയിക്കുവാനാണ് പടിഞ്ഞാ റേക്ക് വരുന്നത്. മുമ്പൊക്കെ വാതിൽ അടക്കുകയും ചെയ്യുമായിരുന്നു. പിന്നീട്, മദ്ബഹാ വാതിൽക്കൽ ശുശ്രൂഷക്കാരൻ തിരിച്ചു വരുമ്പോൾ, ധൂപക്കുറ്റിയുടെ ചങ്ങലയിൽ പിടിച്ചുകൊണ്ടു വരുന്നത്, വിശ്വാസികൾ വിശ്വാസത്തിന്റെ ചങ്ങലയിൽ ഐക്യത്തോടെ നിൽക്കുന്നുവെന്ന് സൂചി പ്പിക്കുവാനാണ്.

7. കൈഹസ്തൂരി (സമാധാന ചുംബനം)

വിശ്വാസികൾ തമ്മിൽ ദൈവിക സ്നേഹത്തിലും, സമാധാനത്തിലും രമ്യപ്പെടുന്നതിന്റെ സൂചനയാണിത്. ചില ഓർത്തഡോക്സ് സഭകളിൽ ഇത് സ്നേഹചുംബനത്താൽ തന്നെയാണ് നിർവ്വഹിക്കുന്നത്. (വേദ പുസ്ത അടിസ്ഥാനം: വി. മത്തായി 5:23, 24; യോഹന്നാൻ 13:34, 14:27; ഫിലിപ്പി.4:7; 1 കൊരി16:20, 2 കൊരി 13:12)

8. ശോശപ്പാ ആഘോഷം ("ശോശപ്പാ" എന്ന പദത്തിന്റെ അർത്ഥം, "മേഘം", "വായു" എന്നൊക്കെയാണ്.) വി. കുർബ്ബാനസ്ഥാപന ശുശ്രൂ ഷയിലേക്ക് പ്രവേശിക്കുമ്പോൾ, അപ്പവീഞ്ഞുകളുടെ മൂടി മാറ്റുന്നതിന്

ആന്തരിക അർത്ഥം നൽകപ്പെടുന്നു. (1) പഴയതു നീക്കി പുതിയതിലേക്ക് പ്രവേശിക്കുന്നു (2 കൊരിന്തി 3:14-16), (2) ജീവജലത്തിന്റെ സൂചനയായി തീക്കൽ പാറയിൽ നിന്നു പുറപ്പെട്ട വെള്ളത്തെയും, പുതിയ പാറയായ യേശുവിനെയും ഓർക്കുന്നു (പുറപ്പാട് 17:6-7; 1 കൊരി. 10:4); (3) ഇസ്രായേൽകാർക്ക് നൽകപ്പെട്ട മന്നയെ മൂടിയിരുന്ന മഞ്ഞിനെ (പുറപ്പാട് 16:14) സൂചിപ്പിക്കുന്നു. (4) കർത്താവിന്റെ കബറിന്റെ മൂടിയായ കല്ലിനെയും, മാറ്റപ്പെട്ട ആ കല്ലിനാൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെയും സൂചിപ്പിക്കുന്നു (മത്തായി 27:60; 28:2). (5) തിരുനിവാസത്തിന്റെ ചുറ്റുമുള്ള ദിവ്യപ്രഭ (ഷെക്കിന) യെ സൂചിപ്പിക്കുന്നു.

9. കർത്താവിന്റെ വീണ്ടും വരവിനെ അനുസ്മരിപ്പിക്കുന്ന പ്രത്യേക അടയാളം: വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന സ്പൂണും, സ്പോഞ്ചും ഒന്നിച്ച് പെട്ടെന്നുയർത്തുമ്പോൾ, പെട്ടെന്നുള്ള പുനരാഗമനത്തെ സൂചിപ്പിക്കുന്നു. സ്പൂണും സ്പോഞ്ചും പിന്നീട് കുർബ്ബാനാനുഭവത്തിനായി ഉപയോഗിക്കുവാൻ ഒന്നിച്ചു വയ്ക്കുകയും ചെയ്യുന്നു.

10. "കർത്താവെ എന്നോടുത്തരമരുളിചെയ്യണമേ"

ഈ പ്രാർത്ഥന, ഏലിയാവിന്റെ കർമ്മേലിലെ പ്രാർത്ഥനയെ അനുസ്മരിപ്പിക്കുന്നു. (1 രാജാ. 18:37, 38)

11. തുബ്ദേനുകൾ

"തുബ്ദേൻ" എന്ന വാക്കിന്റെ അർത്ഥം "ആകയാൽ വീണ്ടും" എന്നാണ്. ശുശ്രൂഷക്കാരൻ തുടർച്ചയായി ചൊല്ലുന്ന ഒരു മദ്ധ്യസ്ഥ പ്രാർത്ഥനാ ഗണമായതിനാൽ, തുടർച്ച സൂചിപ്പിക്കുവാൻ ഈ സുറിയാനി പദത്തിൽ പ്രാർത്ഥനകൾ ആരംഭിക്കുന്നു. ആറ് വിഭാഗം ആളുകൾക്കുവേണ്ടിയാണ് ഈ മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നത്. ഒന്നാമത്തേത്, ആത്മീയ പിതാക്കൾ അഥവാ വൈദികമേലദ്ധ്യക്ഷന്മാർക്കുവേണ്ടി; രണ്ടാമത്തേത്, ശരീരത്തോടെയിരിക്കുന്ന വിശ്വാസികൾക്കെല്ലാം വേണ്ടി; മൂന്നാമത്തേത്, ഭരണകർത്താക്കൾക്കുവേണ്ടി, നാലാമത്തേത്, കന്യകമറിയാമിനും പരിശുദ്ധഗണത്തിനും വേണ്ടി; അഞ്ചാമത്തേത്, വാങ്ങിപ്പോയ സഭാപിതാക്കന്മാരും ഗുരുക്കന്മാരും ആയവർക്കുവേണ്ടി; ആറാമത്തേത്, വാങ്ങിപ്പോയ എല്ലാ വിശ്വാസികൾക്കും വേണ്ടി.

12. "അൻപുടയോനെ" ചൊല്ലുമ്പോൾ മറയിടുന്നത്

കർത്താവിന്റെ കഷ്ടാനുഭവം, മരണം, കബറടക്കം, ഉയിർപ്പ് എന്നിവയെ ധ്യാനിച്ചുകൊണ്ട്, തിരുശരീരം ഖണ്ഡിക്കുന്നത് രഹസ്യമായി പ്രാർത്ഥനയോടെ നിർവഹിക്കുവാൻ മറയിടുന്നു.

13. കാസായും പീലാസായും ഉയിർത്തുന്നത്.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ പ്രത്യേകമായി അനുസ്മരിപ്പിക്കുന്നു. അതേസമയത്ത്, നമ്മോടുകൂടെയുള്ള തന്റെ നിത്യസാന്നിധ്യത്തെയും ഓർക്കുന്നു.

14. കുക്കിലിയോൻ

സാക്ഷികളുടെ വലിയ സമൂഹത്തിന്റെ നമ്മോടുകൂടെയുള്ള സാന്നിധ്യത്തെയാണ്, "ചാക്രിക രൂപത്തിലുള്ള" (കുക്കിലിയോൻ) പ്രാർത്ഥനകൾ അനുസ്മരിപ്പിക്കുന്നത്. ഓരോ കുക്കിലിയോനും ഒരേ ചാക്രിക രൂപമാണുള്ളത്- എക്ബോ, കോലോ, ബോവൂസോ. ഓരോ എക്ബോയ്ക്കും ആരംഭമായി ഒരു സങ്കീർത്തനഭാഗം ചേർത്തിരിക്കും. അഞ്ചു കുക്കിലിയോനുകളാണുള്ളത്. സ്ലീബാ, ദൈവമാതാവ്, പരിശുദ്ധന്മാർ, പട്ടക്കാർ, പരേതർ എന്നിവയാണ് ഈ അഞ്ചെണ്ണം. ഓരോ കുക്കിലിയോന്റെയും ആരംഭത്തിലുള്ള സങ്കീർത്തനങ്ങൾ താഴെക്കൊടുക്കുന്നു. 1. സ്ലീബാ, സങ്കീർത്തനം 60:12, 2. ദൈവമാതാവ്. സങ്കീർത്തനം 45:9-11, 3. പരിശുദ്ധന്മാർ. സങ്കീർത്തനം 92:12-14, 4. പട്ടക്കാർ. സങ്കീർത്തനം 132:9-10, 5. പരേതർ. സങ്കീർത്തനം 103:13-15

15. പടിഞ്ഞാറോട്ടു വി. കുർബ്ബാന ആഘോഷത്തോടെ കൊണ്ടുവരുന്നത്

ജനങ്ങൾക്ക് വി. കുർബ്ബാന കൊടുക്കുവാനുള്ള വരവാണെങ്കിലും, കർത്താവിന്റെ രണ്ടാമത്തെ വരവിനെയാണ് ഇത് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്.

വി. കുർബ്ബാനാനുഷ്ഠാനത്തോട് ബന്ധപ്പെട്ട ഏറ്റവും പ്രധാന സ്ഥലങ്ങളും സാധന സാമഗ്രികളും അവയുടെ സൂചനകളും

1. ത്രോണോസ് : പദത്തിന്റെ അർത്ഥം 'സിംഹാസനം' എന്നാണ്, മിശിഹാ രാജാവ് എഴുന്നെള്ളിയിരിക്കുന്നിടം എന്നു സൂചന.

2. ക്ദൂശ്കുദിശിൻ (ബെസ്കുദിശൊ) : "ശുദ്ധതയുടെ ശുദ്ധസ്ഥലം" - ത്രോണോസിരിക്കുന്ന ഭാഗം.

3. തബ്ലൈത്ത : പദത്തിന്റെ അർത്ഥം "പലക". വി. കുർബ്ബാന അനുഷ്ഠിക്കുവാൻ ഉള്ള പ്രധാന പ്രതലമായി മൂറോനാൽ കൂദാശചെയ്യപ്പെട്ട തബ്ലൈത്ത പലക ഉപയോഗിക്കുന്നു.

4. ദർഗാ : പദത്തിന്റെ അർത്ഥം : "പദവി". കയറിനിന്ന് ബലി അനുഷ്ഠിക്കുന്ന പദവി, അഥവാ പാദപീഠം.

5. ചിത്തോല : ത്രോണോസ് അലങ്കരിക്കുന്ന വിശേഷ വിരി.

6. വിരിക്കൂട്ട്: തബ്ലൈത്താമേൽ വിരിക്കുന്ന മൂന്നു നിറമുള്ള വിരി

7. കാസാ: വീഞ്ഞ് ഒഴിച്ചു വച്ചു വി. കുർബ്ബാന ചൊല്ലുന്ന വിശിഷ്ടമായ ലോഹകപ്പ്

8. പീലാസാ: അപ്പം ഒരുക്കി വച്ച് വി. കുർബ്ബാന ചൊല്ലുന്ന വിശിഷ്ഠമായ ലോഹപ്ലേറ്റ്.

9. മ്കബ്ലാനാ: കാസായും പീലാസായും മൂടുന്ന ചെറിയ വിരി; കാഴ്ചവസ്തു (അപ്പം) ജനങ്ങൾ കൊണ്ടുവരുമ്പോൾ സ്വീകരിക്കുന്ന തുണി എന്നയർത്ഥത്തിലാകാം മ്കബാലാനായ്ക്ക് "സ്വീകരിക്കുന്നത്" എന്നയർത്ഥം നൽകിയിരിക്കുന്നത്.

10. ഗ്മൂർത്തോ : ചെറിയ കുഷൻ പോലെയുള്ള "സ്പോഞ്ച്", കാസായുടെ വക്ക് തുടയ്ക്കുവാൻ പ്രത്യേകിച്ച് ഉപയോഗിച്ചിരുന്നു.

11. തർവോദോ: കുർബ്ബാന കൊടുക്കുവാൻ ഉപയോഗിക്കുന്ന "സ്പൂൺ"

12. കൗക്ബോ: "നക്ഷത്രം" - നക്ഷത്രാകൃതിയിൽ, വിശുദ്ധഅപ്പത്തിനു മുകളിൽ പീലാസായിൽ ഉപയോഗിക്കുന്നത്. ബേത്‌ലഹേമിലെ നക്ഷത്രം, ജീവന്റെ അപ്പമായ യേശുവിനു മുകളിൽ കാണപ്പെട്ടതിനെ സൂചിപ്പിക്കുന്നു.

13. ധൂപക്കുറ്റി: സ്വർഗ്ഗം, ഭൂമി, സഭ എന്നിവയെല്ലാം പ്രതീകാത്മകമായി ഒന്നിപ്പിക്കുന്ന ധൂപകലശം.

14. മറ്വഹസ: "വിശറി" എന്നർത്ഥം. രാജസിംഹാസനത്തിന് അകമ്പടി നിൽക്കുന്നവർ വീശുന്നത്, സ്വർഗ്ഗീയ മാലാഖമാരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു.

15. തക്സ: "ക്രമം". വി. കുർബ്ബാനയുടെ അനുഷ്ഠാനക്രമം എഴുതിയ ഗ്രന്ഥം.

16. പള്ളിയുടെ പ്രധാന ഭാഗങ്ങൾ

പൂമുഖം (നാടകശാല).
പ്രാകാരം (ഹൈക്‌ല).
അഴിക്കകം.
മദ്ബഹാ.

17. ബെസ്ഗാസ: വി. കുർബ്ബാന സൂക്ഷിച്ചുവയ്ക്കുവാൻ ത്രോണോസിനടുത്തുള്ള അറ.

18. മെഴുകുതിരി: ലോകത്തിന് പ്രകാശം നൽകുവാൻ എരിഞ്ഞു കൊണ്ടിരിക്കുന്നവരെ എല്ലാം സൂചിപ്പിക്കുന്നു. പ്രധാന ത്രോണോസിൽ

പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ എണ്ണം പോലെ പന്ത്രണ്ടു മെഴുകുതിരികൾ കാണാം.

വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന വിശുദ്ധ വസ്ത്രങ്ങളും അവയുടെ സൂചനയും

1. കറുത്ത കുപ്പായം - അനുതാപ സൂചകം (Black Robe).
2. ശുശ്രൂഷാ കുപ്പായം - വിശുദ്ധരുടെ വെള്ളയുടുപ്പിനെ സൂചിപ്പിക്കുന്നു (Surplice) (വെളിപാട് 3:4)
3. ഹൈമ്നിയ അഥവാ ഊറാറ- വിശ്വാസത്തിന്റെ മാർപതക്കം (എഫേസ്യ 6:14) (Stole).
4. ഇടക്കെട്ട് - സത്യത്തിന്റെ ഇടക്കെട്ട് (എഫെസ്യ 6:14) (Girdle)
5. കൈയുറ - നീതിയും, നന്മപ്രവൃത്തികളും (സങ്കീ. 18:34-35) (Sleeves)
6. കാപ്പ - മഹത്വവസ്ത്രം (സങ്കീ. 132:9-10) (Chasuble)
7. ചെരുപ്പ് - സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം, ശത്രുവിന്മേലുള്ള വിജയവും (എഫേസ്യ. 6:15) (Shoes)

വി. കുർബ്ബാനയിലെ മനുഷ്യാവതാര സംഭവാനുസ്മരണങ്ങൾ

1. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ **കർത്താവിന്റെ ജനനം** അനുസ്മരിക്കപ്പെടുന്നു.
2. ധൂപക്കുറ്റി വാഴ്ത്തലിൽ, **കർത്താവിന്റെ മാമോദീസാ** അനുസ്മരിക്കപ്പെടുകയും പിതാവും പുത്രനും, പരിശുദ്ധാത്മാവുമായ വി. ത്രിത്വ പ്രകാശനം ആഘോഷിക്കയും ചെയ്യുന്നു.
3. ബാറെക് കാദീശ് - **വി. കുർബ്ബാനസ്ഥാപനത്തെ** അനുസ്മരിപ്പിക്കുന്നു.
4. “അൻപുടയോനെ” ചൊല്ലുമ്പോൾ നടത്തുന്ന ഖണ്ഡിപ്പിൽ, **കർത്താവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ് എന്നിവ** സ്മരിക്കപ്പെടുന്നു.
5. തിരുശരീര രക്തങ്ങൾ ഉയർത്തി ആഘോഷിക്കുമ്പോൾ, കർത്താവിന്റെ **സ്വർഗ്ഗാരോഹണം** അനുസ്മരിക്കപ്പെടുന്നു.
6. വി. കുർബ്ബാനയുമായി പടിഞ്ഞാറോട്ട് ആഘോഷത്തോടെ വരുമ്പോൾ **കർത്താവിന്റെ രണ്ടാമത്തെ വരവി**നെ ഓർക്കുന്നു.

13

വിശുദ്ധ കുർബാന: അനുഷ്ഠാനപരമായ വിശദീകരണം

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

1. വിശുദ്ധ കുർബാനയുടെ മറ്റ് പേരുകൾ ഏവ?

കുർബാന എന്ന വാക്കിന്റെ അർത്ഥം ബലി എന്നാണ്. "കാറേബ്" എന്ന സുറിയാനി പദത്തിന്റെ അർത്ഥം അടുത്തു കൊണ്ടുവരിക, അർപ്പിക്കുക എന്നെല്ലാമാണ്. കുർബാന മനുഷ്യർ തമ്മിലും, ദൈവവും മനുഷ്യനും തമ്മിലും സാമീപ്യം ഉണ്ടാക്കുന്നു. മറ്റൊരു പേര്, യൂക്കറിസ്റ്റ് എന്നാണ്; നന്ദിപ്രകടനം എന്നർത്ഥം. പുതിയ നിയമ പെസഹാ, പുതിയനിയമത്തിലെ മന്ന, ദിവ്യ അത്താഴം എന്നെല്ലാം കുർബാനയ്ക്കു പേരുകളുണ്ട്. വി. കുർബാനയിൽ ക്രിസ്തുവിനോടൊപ്പം നാം മേശ പങ്കിടുന്നു. കർത്താവിന്റെ ദിവ്യ ബലിയിലുള്ള പങ്കാളിത്തമാണത്..

2. വി. കുർബാനയ്ക്കുള്ള തയ്യാറെടുപ്പുകൾ എങ്ങനെ? ഉപവസിക്കുന്നതിന്റെ സാംഗത്യം? ഒഴിവുകൾ ആർക്ക്?

ആത്മശരീര മനസുകളുടെ വിശുദ്ധിയോടെ വി.കുർബാനയിൽ സംബന്ധിക്കുകയും, അനുഭവിക്കുകയും ചെയ്യണം. ആവശ്യമെങ്കിൽ വി. കുമ്പസാരം നടത്തണം. യാമപ്രർത്ഥനകൾ തികച്ചിരിക്കണം. പ്രത്യേകിച്ച് കുർബ്ബാന അർപ്പിക്കുന്നയാൾ തീർച്ചയായും രാത്രി പ്രാർത്ഥന നടത്തിയിരിക്കണം. തലേദിവസം രാത്രി ഭക്ഷണം കഴിച്ചാൽ പിന്നെ കുർബ്ബാന അനുഭവിച്ച ശേഷമേ മറ്റ് ഭക്ഷണങ്ങൾ കഴിക്കാവൂ. ഭക്ഷണ മോഹമായിരുന്നു ആദ്യമനുഷ്യന്റെ പാപം. അതിനാൽ പാപത്തിന് പരിഹാരമായി നല്കപ്പെട്ട വി. കുർബ്ബാന അനുഭവിക്കുന്നത് ഭക്ഷണമോഹത്തെ കീഴ്പ്പെടുത്തിക്കൊണ്ടാവണം. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം, വൈകുന്നേരങ്ങളിലും മറ്റും കുർബാന അർപ്പിക്കേണ്ടി വരുമ്പോൾ ആറു മണിക്കൂർ ഉപവാസത്തിനു ശേഷം കുർബാന അനുഭവിക്കുവാൻ സഭ പ്രത്യേകമായ അനുവാദം നൽകുന്നുണ്ട്. തീരെ കൊച്ചു കുട്ടികൾക്കും രോഗികൾക്കും മരണാസന്നരായിരിക്കുന്നവർക്കും ഉപവാസം കൂടാതെ കുർബ്ബാന നല്കാം.

3. വി. കുർബാന അനുഭവിക്കാൻ പറ്റാത്ത സാഹചര്യങ്ങൾ ഏവ?

വിശ്വാസ ഐക്യമുള്ള (ഓറിയന്റൽ ഓർത്തഡോക്സ്) സഭകളിലെ

അംഗങ്ങൾക്കല്ലാതെ മറ്റ് ക്രിസ്ത്യാനികൾക്കും അന്യ മതസ്ഥർക്കും വി. കുർബ്ബാന നൽകികൂടാ. അവരുടെ കുർബ്ബാന നമുക്കും അനുഭവിക്കുവാൻ അനുവാദമില്ല. ശാരീരിക, മാനസിക തയ്യാറെടുപ്പുകൾ ഇല്ലായെങ്കിൽ വി. കുർബാന അനുഭവിക്കുന്നതിൽ നിന്നും വിശ്വാസികൾ ഒഴിഞ്ഞിരിക്കണം. (ഭക്ഷണം കഴിച്ചവർ, ആർത്തവ മുറയിലിരിക്കുന്ന സ്ത്രീകൾ, തലേരാത്രി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടവർ, മാനസിക രോഗികൾ) ആർത്തവത്തിലിരിക്കുന്ന സ്ത്രീ വി. കുർബാനയുടെ ബഹുമതിയ്ക്കു വേണ്ടി അനുഭവിക്കരുത് എന്നാണ് കാനോൻ അനുശാസിച്ചിരുന്നത്.

4. മറ്റ് സഭാംഗങ്ങൾക്ക് (വിവാഹം മൂലം മറ്റുസഭകളിലെ അംഗങ്ങളായിത്തീർന്നവർ ഉൾപ്പെടെ) വി. കുർബാന സ്വീകരിക്കുവാൻ അനുവാദമുണ്ടോ?

കുർബാന ഐക്യമില്ലാത്ത സഭകളിലെ അംഗങ്ങൾക്ക് കുർബാന കൊടുക്കുവാൻ പാടില്ല. മറ്റ് സഭകളിലേക്ക് വിവാഹം കഴിച്ചയ്ക്കപ്പെട്ടവർ ആ സഭയിലെ അംഗങ്ങളായി തീരുന്നു. അതിനാൽ വിശ്വാസ ഐക്യമില്ലാത്ത സഭകളിലേക്ക് വിവാഹം കഴിച്ച് അയ്ക്കപ്പെടുന്നവർ പിന്നീട് ഓർത്തഡോക്സ് സഭയിൽനിന്ന് വി. കുർബ്ബാന സ്വീകരിക്കുവാൻ പാടില്ല.

5. വി. കുർബാന അനുഭവിക്കുന്നതിന് പ്രത്യേക വസ്ത്രങ്ങൾ ധരിക്കണമെന്നുണ്ടോ?

പട്ടക്കാർ അംശവസ്ത്രധാരികളായി കുർബ്ബാന അനുഭവിക്കണം എന്നാണ് തത്വം. എന്നാൽ ഹമ്നീഖാ മാത്രം ധരിച്ചാലും മതിയാകും. വിശ്വാസികൾ കുർബ്ബാന അനുഭവിക്കുമ്പോൾ വെള്ള നിലയങ്കി (ശുശ്രൂഷ കുപ്പായത്തിന്റെ മാതൃകയിൽ) ധരിച്ചിരുന്നു. വി. മാമോദീസയിൽ പ്രാപിക്കുന്ന അനശ്വരതയുടെ വസ്ത്രത്തിന്റെ പ്രതീകമാണത്. ഇന്ന് വെള്ള നിലയങ്കി ധരിക്കുന്നില്ല എങ്കിലും വെള്ള വസ്ത്രം ധരിച്ച് കുർബ്ബാന അനുഭവിക്കുന്നതാണ് ഉചിതം.

6. വി. കുർബാനയായി നൽകുന്ന തിരുശരീരം ഭക്ഷിക്കുന്നത് എങ്ങനെ?

വി. കുർബാന വിഴുങ്ങണമെന്നില്ല. പല്ലുകൾ കൊണ്ട് ചവച്ച് ഭക്ഷിക്കാം. കർത്താവ് ഏറ്റ ശാരീരിക പീഡനത്തിന്റെ പ്രതീകം കൂടിയാണത്.

7. ശിശുക്കൾക്കും പൈതങ്ങൾക്കും പാപപരിഹാര പ്രാർത്ഥന ആവശ്യമുണ്ടോ?

തീരെ കൊച്ചുകുഞ്ഞുങ്ങൾക്ക് പാപപരിഹാരപ്രാർത്ഥന കൂടാതെ വി. കുർബ്ബാന നല്കാം.

8. വി. കുർബാനയ്ക്ക് മുൻപ് ആറാംമണി നമസ്ക്കാരം വരെ പൂർത്തീകരിക്കണമെന്ന് നിർബന്ധമുണ്ടോ?

6–ാം മണി വരെ പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ പ്രത്യേക അനുമതിപ്രകാരം വൈകുന്നേരം വി. കുർബ്ബാന ചൊല്ലുമ്പോൾ ഇത് പാലിക്കാൻ പറ്റില്ലല്ലോ. അതുപോലുള്ള സാഹചര്യങ്ങളിൽ ഉചിതമായ പ്രാർത്ഥനകൾ നടത്തിയശേഷം കുർബാനയർപ്പിക്കാം.

9. വി. കുർബാനയിൽ പങ്കെടുക്കുമ്പോഴെല്ലാം വി. കുർബാന അനുഭവിക്കണമെന്ന് ഉണ്ടോ?

വൈദികരും ജനങ്ങളും അനുഭവിക്കണമെന്നും വിമുഖത കാണിക്കുന്നവരെ എല്ലാം ബഹിഷ്ക്കരിക്കണം എന്നുമാണ് കാനോൻ അനുശാസിക്കുന്നത്. ഇത് അക്ഷരംപ്രതി ഇന്നത്തെ സാഹചര്യത്തിൽ അനുസരിക്കുന്നില്ല. എങ്കിലും കഴിവതും എല്ലാവരും അനുഭവിക്കാൻ ശ്രമിക്കുന്നതാണ് ഉചിതം.

10. കാസായിൽ നിന്നല്ലാതെ പീലാസായിൽ നിന്ന് തിരുശരീരം മാത്രമേ അനുഭവിക്കാൻ നൽകാറുള്ളോ?

വൈദികർക്ക് കാസായിൽ നിന്നും പീലാസായിൽ നിന്നും ചേർത്ത് തർവോദോ (സ്പൂൺ) കൊണ്ട് കുർബ്ബാന നല്കണം. വിശ്വാസികൾക്ക് പീലാസയിൽ നിന്നു മാത്രമോ വൈദികർക്കു കൊടുക്കുന്നതുപോലെയോ നല്കാം. പീലാസയിൽ തിരുശരീരം തീർന്നുപോയാൽ കാസായിൽ നിന്നുമാത്രം നല്കാം. ഖണ്ഡിപ്പിനുശേഷം ഏതിൽ നിന്നു കൊടുത്താലും അത് തിരുശരീരരക്തങ്ങളാണ് എന്ന് നമ്മൾ വിശ്വസിക്കുന്നു.

11. വി. കുർബാന അനുഭവിച്ചതിന്റെ ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

വി. കുർബ്ബാന അനുഭവത്തിനുശേഷം ഉപവാസം അവസാനിപ്പിച്ച് ഭക്ഷണം കഴിക്കണം. അതിനുമുമ്പ് തുപ്പാൻ ഇടയാകരുത് വി. കുർബ്ബാനയുടെ അംശങ്ങൾ നിലത്തുവീഴാൻ സാധ്യതയുള്ളതിനാലാണ്. അന്നേ ദിവസം കുളിസ്ഥലത്തുപോയി കുളിക്കരുത് എന്ന് കാനോൻ അനുശാസിക്കുന്നു. ഇത് കുർബ്ബാനയുടെ ബഹുമതിക്കുവേണ്ടിയാണ്. പക്ഷെങ്കിൽ പൊതു കുളിസ്ഥലങ്ങൾ (Public Bath) ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. അതിനോട് അനുബന്ധിച്ച് അധാർമ്മികമായ കാര്യങ്ങൾ നടന്നിരിക്കാം. സ്വന്തം വീട്ടിലെ കുളിമുറിയിൽ കയറി ദേഹശുദ്ധി വരുത്തുന്നതിനുള്ള ഒരു നിരോധനമായി ഇതിനെ കാണേണ്ടതില്ല. ഒരു കുർബ്ബാ

നയിൽ സംബന്ധിക്കുകയോ അനുഭവിക്കുകയോ ചെയ്തശേഷം അന്നേ ദിവസം തന്നെ മറ്റൊന്നിൽ സംബന്ധിക്കുകയോ അനുഭവിക്കയോ ചെയ്യരുത്. വി. കുർബ്ബാന അനുഭവിക്കുകയോ സംബന്ധിക്കുകയോ ചെയ്തശേഷം അന്നേദിവസം 9-ാം മണി പ്രാർത്ഥന തീരുംവരെ കുമ്പിടരുത്. കുമ്പിടുന്നത് അനുതാപ സൂചകമാണ്.

12. വി. കുർബാനയിൽ ഓർക്കുവാൻ പേരുകൾ നൽകേണ്ടത് എപ്പോഴാണ്? ഏതൊക്കെ പേരുകൾ ആണ് നൽകാവുന്നത്.?

വി. കുർബ്ബാനയുടെ ഒരുക്കശുശ്രൂഷ (തൂയോബോ) മുതൽ പേരുകൾ ഓർക്കുന്നുണ്ട്. അതിനാൽ തൂയോബോ ആരംഭിക്കും മുമ്പ് പേരുകൾ നല്കുന്നതാണ് ഏറ്റവും ഉചിതം. കുർബ്ബാന തുടങ്ങിയ ശേഷവും പേരുകൾ നല്കാം. എന്നാൽ തുബ്ദേൻ വായന തുടങ്ങിക്കഴിഞ്ഞ് നല്കുന്ന പേരുകൾ അന്നേ ദിവസം ഓർക്കപ്പെടുകയില്ല. ജീവിച്ചിരിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും രോഗസൗഖ്യത്തിനുവേണ്ടിയും പാപത്തിൽ ജീവിക്കുന്നവരുടെ അനുതാപത്തിനുവേണ്ടിയും പേരുകൾ നല്കാം. നിദ്രപ്രാപിച്ച വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് അവരുടെ പേരുകളും നല്കാം.

13. വിശുദ്ധ കുർബാനയിൽ തുബ്ദേന്റെ സമയത്ത് ഇരിക്കുവാൻ അനുവദിച്ചിരിക്കുന്നത് എന്തുകൊണ്ട്?

നമ്മുടെ ആരാധന ദീർഘമായതിനാൽ ഇടയ്ക്ക് ഒരു ചെറിയ വിശ്രമം ലഭിക്കുന്നതിനുവേണ്ടി ആവശ്യമുള്ളവർക്ക് ഇരിക്കുവാൻ അനുവദിച്ചിരിക്കുന്നു എന്നതേയുള്ളൂ.

14. ആറാം തുബ്ദേനുശേഷം ശുശ്രൂഷകൻ ശുബ്കോനോ ചോദിക്കുന്നത് എന്തുകൊണ്ട്? (കൈ മലർത്തിക്കാണിക്കുന്നു)

ആറാം തുബ്ദേനു ശേഷം ശുശ്രൂഷകൻ ശുബുക്കോനോ ചോദിക്കുന്നത് (കൈ മലർത്തിക്കാണിക്കുന്നു) സമാധാനത്തിന്റെയും നിരപ്പിന്റെയും അടയാളമായിട്ടാണ്. തുടർന്ന് ശുശ്രൂഷകൻ കൈകൾ കഴുകി ബലിപീഠത്തിലെ വി. വസ്ത്രം (ശോശപ്പാ) ക്രമീകരിച്ചു വയ്ക്കുന്നു. വി. വസ്ത്രത്തെ സ്പർശിക്കുന്നതിനു മുമ്പ് എല്ലാവരോടും നിരപ്പിന്റെ അനുഭവത്തിൽ എത്തുന്നു എന്ന ഒരു വ്യാഖ്യാനം ഇതിനു നൽകാം. ആ സമയത്ത് അപ്രകാരം ചെയ്യണം എന്നത് കുർബ്ബാനയുടെ കാതലായ അനുഷ്ഠാനത്തിന്റെ ഭാഗമല്ല. മറ്റുള്ളവരുമായി നിരക്കുന്നതിന്റെ ഒരടയാളം വി. കുർബ്ബാനയുടെ അന്തസത്ത ഉൾക്കൊള്ളുന്ന ഒരു നല്ല കാര്യമായതുകൊണ്ട് ഏതോ കാലത്ത് ഉണ്ടായിവന്ന ഈ പാരമ്പര്യം നിരസിക്കേണ്ടതുമില്ല.

15. മേൽപട്ടക്കാർ കുർബാന അർപ്പിക്കുന്ന അവസരങ്ങളിൽ തുബ്ദേന്റെ സമയത്ത് അംശവടിയും തിരിയും പിടിക്കുന്നത് എന്തിന്?

അംശവടി മേല്പട്ടക്കാരന്റെ സാന്നിദ്ധ്യത്തെ കാണിക്കുന്നു. എന്നാൽ അവിടെ ഒരു മെഴുകുതിരി പിടിക്കുന്നത് മുൻകാലങ്ങളിൽ ഇല്ലാതിരുന്നതും അടുത്തകാലത്ത് ഉണ്ടായതുമായ പാരമ്പര്യമാണ്.

16. ഖണ്ഡിപ്പിന്റെ സമയത്ത് മണി കിലുക്കുന്നത് എന്തിനാണ്?

ഖണ്ഡിപ്പിന്റെ സമയത്ത് കർത്താവിന്റെ കഷ്ടാനുഭവവും ഉയിർപ്പും ഓർത്തുകഴിഞ്ഞ് പുനരുത്ഥാനം സ്മരിക്കുമ്പോൾ തിരുശരീരം പട്ടക്കാരൻ ഉയർത്തി ആഘോഷിക്കുമ്പോഴാണ് മണി അടിക്കുന്നത്. എന്നാൽ പൂർണ്ണമായും രഹസ്യമായി നടക്കുന്ന ക്രമത്തിന് ഇടയിൽ മണി കിലുക്കിയില്ല എങ്കിലും കുഴപ്പമില്ല.

17. മൂന്നിന്മേൽ, അഞ്ചിന്മേൽ.. കുർബാനയുടെ സാംഗത്യം എന്ത്?

മൂന്നിന്മേൽ, അഞ്ചിന്മേൽ കുർബ്ബാനകളിൽ നിന്ന് പ്രത്യേകിച്ച് കൂടുതൽ അനുഗ്രഹം ലഭിക്കുന്നതായി ആരും പഠിപ്പിച്ചിട്ടില്ല. മലങ്കരയിലെ ഒരു ആചാരമാണത്. അത് മിക്കവാറും ഒരു പാശ്ചാത്യ സ്വാധീനത്തിൽ നിന്ന് വന്നതാവണം.

18. പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നത് എന്തുകൊണ്ട്?

വി. കുർബ്ബാന സ്ഥാപിക്കുവാൻ കർത്താവ് ഉപയോഗിച്ചത് പുളിപ്പുള്ള അപ്പമാണെന്ന് (ലഹ്മോ) പിതാക്കന്മാർ പഠിപ്പിക്കുന്നു. പുളിപ്പ് ശക്തിയുള്ളതാണ്. അതിന് ചുറ്റുമുള്ള മാവിനെ അത് സ്വന്ത സ്വഭാവത്തിലേക്ക് വരുത്തുന്നു. പുളിപ്പിന് ജീവനുണ്ട്, അത് നിരന്തരം പ്രവൃത്തിച്ചുകൊണ്ടിരിക്കും. സ്വർഗ്ഗരാജ്യത്തെ പുളിപ്പിനോട് ഉപമിക്കുന്നുണ്ടല്ലോ.

19. വി. കുർബ്ബാനയിൽ വിശ്വാസികളല്ലാത്തവരുടെ പേരുകൾ ഓർത്ത് പ്രാർത്ഥിക്കുവാൻ അനുവാദമുണ്ടോ? സ്ഥാപനങ്ങൾ, വാഹനങ്ങൾ, എന്നിവകൾക്കായി തുയോബോയിൽ പ്രാർത്ഥിക്കാമോ?

അവിശ്വാസികളുടെ പേരുകൾ കുർബ്ബാനയിൽ ഓർക്കേണ്ടതില്ല. മറ്റ് അവസരങ്ങളിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കാം. സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും അവയുടെ നല്ല നടത്തിപ്പിനുവേണ്ടിയും വാഹന ഉടമകൾക്കും അവ കൈകാര്യം ചെയ്യുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നതാണ് ഉചിതം.

20. ടാബ്‌ലെറ്റ്, ലാപ്‌ടോപ് എന്നിവ തക്സായ്ക്ക് പകരം ത്രോണോസിൽ ഉപയോഗിക്കാമോ?

സാധാരണ ജീവിതത്തിലെ അനേകം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ടാബ്‌ലെറ്റ്, ലാപ്‌ടോപ്പ് എന്നിവ തക്സയ്ക്കു പകരം ഉപയോഗിക്കുന്നത് വിഹിതമല്ല എന്നു ചിന്തിക്കുന്ന അനേകരുണ്ട്. വി. കുർബ്ബാനയ്ക്കു ഉപയോഗിക്കുന്ന സാധനങ്ങൾ അതിനായി വേർതിരിച്ചിരിക്കുന്നവയാണ്. അതിനാൽ കുർബ്ബാനയ്ക്കും മറ്റ് കൂദാശകൾ നടത്തുന്നതിനുമായി ഒരെണ്ണം വേർതിരിച്ചു വയ്ക്കുന്നു എങ്കിൽ ഉപയോഗിക്കുന്നതിന് യാതൊരു തടസ്സവും ഇല്ല. അല്ലാത്തപക്ഷവും എതിർക്കേണ്ട ആവശ്യമുണ്ടോ? നമ്മുടെ ലൗകിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കൈയ്യും, തലച്ചോറും തന്നെയല്ലേ കുർബ്ബാന അർപ്പണത്തിനും ഉപയോഗിക്കുന്നത്. പൂർണ്ണമായി ഉത്തരം കണ്ടെത്തപ്പെട്ടിട്ടില്ലാത്ത ചോദ്യമായി ഇത് അവശേഷിക്കുന്നു.

21. ത്രോണോസിൽ വയ്ക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള വസ്തുക്കൾ ഏവ?

കുർബ്ബാന അർപ്പണത്തിന് ആവശ്യമായ വസ്തുക്കൾ മാത്രം ത്രോണോസിൽ വച്ചാൽ മതിയാകും. കാപ്പകൂട്ടവും മറ്റും ത്രോണോസിൽ വയ്ക്കുന്നത് ഉചിതമല്ല. തുകൽ കൊണ്ട് ഉണ്ടാക്കപ്പെട്ടതൊന്നും ത്രോണോസിൽ വയ്ക്കരുത്.

22. കുർബ്ബാനയിൽ കോൺസെലിബ്രേഷൻ (സമൂഹബലി) നടത്തുന്ന രീതി അടുത്തകാലത്തായി കണ്ടുവരുന്നു. അതിനെപ്പറ്റി സഭയുടെ നിലപാട് എന്ത്?

ഒരു കൂദാശയിൽ ഒന്നിൽ കൂടുതൽ പട്ടക്കാർ സംബന്ധിക്കുമ്പോൾ അവരെല്ലാവരും ചേർന്ന് പ്രാർത്ഥനകൾ ചൊല്ലി പൂർത്തീകരിക്കുന്നുണ്ടല്ലോ. അതുപോലെ തന്നെ വി. കുർബ്ബാനയും ഒന്നിലധികം വൈദികർ ചേർന്ന് അംശവസ്ത്രം ധരിച്ച് നടത്തുന്നതാണ് സമൂഹബലി. അതിനെ സഭ നിരോധിച്ചിട്ടില്ല. മറ്റ് ഓർത്തഡോക്സ് സഭകളിൽ ഇത് ധാരാളം നടത്തപ്പെടുന്നുണ്ട് എങ്കിലും നമ്മുടെ സഭയിൽ ചുരുക്കമായാണ് നടത്തപ്പെടുന്നുണ്ട്.

24. കുർബ്ബാനയ്ക്കുശേഷം മുട്ടുകുത്തി പ്രാർത്ഥിക്കാമോ? എന്തുകൊണ്ട്?

കുർബ്ബാന അനുഭവത്തിലൂടെയും സംബന്ധിക്കുന്നതിലൂടെയും പാപ

മോചനം ലഭിച്ചു കഴിഞ്ഞതിനാൽ വീണ്ടും ഉടൻ തന്നെ മുട്ടുകുത്തുന്നത് ഉചിതമല്ല. മുട്ടുകുത്തുന്നത് അനുതാപ സൂചകമാണ്.

25. വി. കുർബ്ബാനയ്ക്ക് ശേഷം മദ്ധ്യസ്ഥ പ്രാർത്ഥനകൾ, ജന്മദിന പ്രാർത്ഥകൾ മുതലായവ നടത്തേണ്ടത് ഉണ്ടോ? എന്തുകൊണ്ട്?

വി. കുർബ്ബാന സമ്പൂർണ്ണ ആരാധന ആയതുകൊണ്ട് അതിനുശേഷം പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഒഴിവാക്കുന്നതാണ് ഉത്തമം. ജന്മദിനം, വിവാഹ വാർഷികം മുതലായവ ആഘോഷിക്കുന്നവരുടെ പേരുകൾ കുർബ്ബാനയിൽ തന്നെ ഉൾപ്പെടുത്താമല്ലോ.

14

വി. കുമ്പസാരം

ഫാ. ഡോ. ടി. ജെ. ജോഷ്വ

മാമോദീസായ്ക്ക് ശേഷം ഒരു ക്രിസ്ത്യാനി സ്വാതന്ത്ര്യ ബുദ്ധി മൂലമോ സാത്താന്റെ പ്രേരണമൂലമോ പാപം ചെയ്യുമ്പോൾ ആ പാപത്തിന് മോചനം ലഭിക്കുവാൻ ഉള്ള കൂദാശയാണ് വി. കുമ്പസാരം. കുമ്പസാരം മൂലം ദൈവവുമായും മനുഷ്യരുമായും അനുരഞ്ജനം സാധ്യമാകുന്നതിനാൽ അനുരഞ്ജനത്തിന്റെ കൂദാശ എന്നും ഇതിന് പേരു വിളിക്കാം

പാപം ഏറ്റു പറയുവാനായി എപ്പോഴെല്ലാം ഓർക്കുന്നുവോ അപ്പോഴെല്ലാം കുമ്പസാരിക്കണം. യഥാർത്ഥമായ അനുതാപത്തോടെ ആയിരിക്കണം. കുമ്പസാരം വഴി ആത്മീയ പുനരുജ്ജീവനം സാധ്യമായി തീരുന്നു. അതിന് ചില ഒരുക്കങ്ങൾ ആവശ്യമാണ്. സ്വയപരിശോധന, അനുതാപം, ഏറ്റുപറച്ചിൽ, പ്രതിജ്ഞ, പ്രായശ്ചിത്തങ്ങൾ, വി. കുർബാനാനുഭവം. എന്നിവ പാപമോചനം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങളാണ്.

കുമ്പസാരം എന്നത് ഒരു പോർട്ടുഗീസ് പദമാണ്. കത്തോലിക്കാ സഭയുടെ സ്വാധീനത്തിൽ കടന്നുവന്നതാണ്. സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനൂസോ അഥവാ ഏറ്റുപറച്ചിൽ എന്നാണ് ഈ കൂദാശയ്ക്ക് നൽകിയിരിക്കുന്ന പേര്.

1. വി. കുമ്പസാരം എന്തിന്?

കുമ്പസാരത്തിന്റെ ആവശ്യത്തിന് പ്രധാനമായും രണ്ട് കാരണങ്ങൾ ഉണ്ട്. വേദശാസ്ത്രപരമായും മനശാസ്ത്രപരമായും. വേദശാസ്ത്രപരമായി, പുരോഹിതന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ വേദപുസ്തകത്തിൽ നിഷ്കർഷിച്ചിരിക്കുന്നതാണ്. (യോശുവ 7:19) യഹോവയ്ക്ക് എതിരായി ആഖാൻ പാപം ചെയ്ത് പിടിക്കപ്പെട്ടപ്പോൾ യോശുവാ പറയുന്നത് ഇപ്രകാരമാണ്. “മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോട് ഏറ്റുപറയുക; നീ എന്തുചെയ്തു എന്നു പറയുക, എന്നോട് മറച്ചുവയ്ക്കരുത്.” ഇവിടെ യോശുവായുടെ സാന്നിധ്യത്തിൽ ദൈവത്തോട് ഏറ്റുപറയുകയാണ് ആഖാൻ ചെയ്യുന്നത്. അതായത് യഹോവയ്ക്ക് വേണ്ടി യോശുവായോട് ഏറ്റുപറയുന്നു. അതോടൊപ്പം ഏറ്റുപറച്ചിലിനും വേദപുസ്തകാടിസ്ഥാനമുണ്ട്. സദൃശ്യ.28:13 “നിന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല അവ ഏറ്റുപറഞ്ഞ്

ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും". കൂടാതെ (1 യോഹന്നാൻ 1:9)" "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."

രണ്ടാമതായി മനശാസ്ത്രപരമായ അടിസ്ഥാനം. ഹൃദയത്തിൽ/മാനസികമായി പ്രയാസങ്ങൾ നേരിട്ടാൽ അത് അടിച്ചമർത്തി വയ്ക്കാതെ മറ്റൊരാളോട് പറഞ്ഞാൽ ആശ്വാസം കിട്ടുന്നു. കൗൺസിലിങ്ങിന്റെ തത്വവും ഇതുതന്നെയാണ്. പ്രയാസങ്ങൾ അമർത്തിവച്ചാൽ അത് മാനസികമായ പല പ്രശ്നങ്ങൾക്കും കാരണമാകുന്നു, അതിനാൽ അതു പങ്കുവയ്ക്കുന്നത് ആശ്വാസപ്രദമാണ് പങ്കുവയ്ക്കാൻ യോജിച്ച വ്യക്തി പുരോഹിതനാണ്.

2. പട്ടക്കാരന്റെ മുൻപിലുള്ള രഹസ്യകുമ്പസാരത്തിന്റെ പ്രാധാന്യം എന്ത്? പാപങ്ങൾ നേരിട്ട് ദൈവത്തോട് പറഞ്ഞാൽ പോരെ?

പട്ടക്കാരന്റെ മുൻപിൽ കുമ്പസാരിക്കുന്നതിന്റെ അടിസ്ഥാനം കർതൃവചനമാണ്. യോഹന്നാൻ 20:23. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു." അതായത് പാപമോചനത്തിനുള്ള അധികാരം പട്ടക്കാരന് നൽകിയിരിക്കുന്നു. അതിനാൽ പാപമോചനം ലഭിക്കുന്നു. കൂടാതെ തക്കതായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തിരുത്തലുകളും നൽകുവാൻ പട്ടക്കാരന് സാധിക്കുന്നതുകൊണ്ടും പട്ടക്കാരന്റെ മുൻപിലുള്ള കുമ്പസാരത്തിന് പ്രാധാന്യം ഉണ്ട്.

3. കുമ്പസാരിക്കേണ്ട സമയം എപ്പോൾ? നിശ്ചിത കാലാവധിയിൽ കുമ്പസാരിക്കണമെന്നുണ്ടോ?

ആത്മാവിന് കുറ്റബോധം ഉണ്ടാകുമ്പോൾ കുമ്പസാരിക്കണമെന്നല്ലാതെ സമയപരിധി ഇല്ല. സഭയുടെ ഭരണഘടന അനുശാസിക്കുന്ന പ്രകാരം പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ട യോഗ്യതയായി ആണ്ടു കുമ്പസാരം നിശ്ചയിച്ചു. ഉദ്ദേശം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ചിരിക്കണം എന്നതായിരുന്നു. എന്നാൽ ഇന്ന് പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ടി കുമ്പസാരിക്കുന്ന നിലയിലേക്ക് മാറിപ്പോയി.

സാധാരണയായി നോമ്പുകാലഘട്ടങ്ങളിൽ പ്രത്യേകിച്ച് വലിയ നോമ്പിൽ കുമ്പസാരിക്കുന്ന ഒരു പാരമ്പര്യം ഇന്ന് നിലവിലുണ്ട്. കാരണം നോമ്പിന്റെ സമയമായതുകൊണ്ട് കുമ്പസാരത്തിനുള്ള ഒരുക്കം സാധ്യമാകുന്നു. മുൻകാലങ്ങളിൽ പെസഹായ്ക്ക് മാത്രമായിരുന്നു വി. കുർബാന അനുഭവിച്ചിരുന്നത്. കൂടാതെ കുമ്പസാരിച്ചു മാത്രമേ വി.

കുർബാന അനുഭവിക്കാവു എന്നു നിയമവും ഉണ്ടായിരുന്നു അതിനാ ലാണ് വലിയ നോമ്പിൽ ധാരാളം ആളുകൾ കുമ്പസാരിച്ചിരുന്നത്. എന്നാൽ ഇന്ന് ഹൂസോയോ പ്രാർത്ഥന വന്നതുകൊണ്ട് കുമ്പസാര ത്തിന്റെ പ്രാധാന്യവും ഒരുക്കവും നഷ്ടമായി.

വിവാഹം, മാമോദിസ എന്നീ കൂദാശകൾക്ക് മുമ്പായി ബന്ധപ്പെട്ട വർ, വിവാഹത്തിന് വധുവരന്മാർ, മാമോദിസയേൽക്കുന്ന ആൾ അല്ലെ ങ്കിൽ ശിശുക്കൾക്കാണെങ്കിൽ മാതാപിതാക്കൾ, തലതൊടുന്ന ആൾ എന്നിവർ നിർബന്ധമായും കുമ്പസാരം നടത്തിയിരിക്കണം എന്ന് നിയമം ഉണ്ട്.

15

വി. വിവാഹ കൂദാശ

ഫാ. ഡോ. ഒ. തോമസ്

കുടുംബം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ്. ഒരു കുടുംബത്തിന്റെ ആരംഭം കുറിക്കുന്നത് വിവാഹ കൂദാശയിലൂടെയാണ്. രാജ്യത്തിന്റെ നിയമപ്രകാരം 18 വയസ്സുള്ള സ്ത്രീയും 21 വയസുള്ള പുരുഷനും പരസ്പരസമ്മതപ്രകാരം വിവാഹത്തിലേർപ്പെടാനും അവർക്ക് ഭാര്യാഭർത്താക്കന്മാർ എന്ന നിലയിലുള്ള നിയമപരിരക്ഷ ലഭിക്കുവാനും അവകാശമുണ്ട്. എന്നാൽ സഭയുടെ കാഴ്ചപ്പാടിൽ അവർ ഭാര്യാഭർത്താക്കന്മാർ ആകുന്നില്ല. ആദ്യ മാതാപിതാക്കളെപ്പോലെ ദൈവം കൂട്ടി യോജിപ്പിക്കുമ്പോഴാണ് അവർ യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാരാകുന്നത്. അത് വിവാഹത്തിലൂടെയാണ് നടക്കുന്നത്. തന്മൂലം വിവാഹം ഒരു കൂദാശയാണ്.

വിവാഹ കൂദാശയ്ക്ക് രണ്ട് ഭാഗങ്ങളാണ് ഉള്ളത്.

1. മോതിരം വാഴ്വിന്റെ ക്രമം 2. കിരീടം വാഴ്വിന്റെ ക്രമം.

മോതിരം വാഴ്വ്

വിവാഹകൂദാശയുടെ ഒന്നാം ഭാഗമാണ് മോതിരം വാഴ്വ്. സഭയുടെ പഠിപ്പിക്കലുകളിൽ ദൈവാലയത്തിൽ വച്ചാണ് വിവാഹനിശ്ചയം പൂർത്തിയാകുന്നത്. മോതിരം വാഴ്വ് എന്ന ശുശ്രൂഷയിലൂടെ കാർമ്മികൻ ആശീർവദിച്ച മോതിരങ്ങൾ വധൂവരന്മാരെ അണിയിക്കുന്നു. ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ വിവാഹമെന്നത് സ്ത്രീയും പുരുഷനും തമ്മിലുള്ള ഉടമ്പടിയല്ല. ദൈവവും, പുരുഷനും, സ്ത്രീയുമെന്ന മൂന്നുപേരുള്ള ഒരു ഉടമ്പടിയാണ്. ഇത് ദൈവിക തീരുമാനമാണ്. കാർമ്മികൻ ദൈവത്തിന്റെ പ്രതിപുരുഷനായി നിന്നുകൊണ്ട് ഈ ദൈവീകതീരുമാനം നടപ്പാക്കുന്നു.

കിരീടം വാഴ്വ്

വിവാഹ കൂദാശയിലെ രണ്ടാംഭാഗമാണ് കിരീടം വാഴ്വിന്റെ ക്രമം. ഇതാണ് വിവാഹ കൂദാശയുടെ പ്രധാനഭാഗം. വേദവായനകൾ ഒക്കെയും ഈ ഭാഗത്താണ് ഉള്ളത് വേദവായനകൾക്ക് ശേഷം കിരീടം വാഴ്ത്തി വധൂവരന്മാരെ അണിയിക്കുന്നു. സാധാരണയായി കുരിശുമാലയാണ് നാം ഉപയോഗിക്കുന്നത്. തുടർന്ന് മിന്നുകെട്ടുന്നു. ഉടമ്പടിയുടെ പൂർത്തീകരണമായ മിന്നു കെട്ടിയതിന്ശേഷം മന്ത്രകോടി വധുവിനെ അണിയി

ക്കുന്നു. വിവാഹകൂദാശയുടെ സമാപനമായി കാർമ്മികൻ വരന്റെയും വധുവിന്റെയും വലതുകൈപ്പത്തികൾ ചേർത്തുപിടിച്ച് അന്യോന്യം ഭരമേൽപിക്കുന്നു. തുടർന്ന് വധുവരന്മാർക്കും ദൈവാലയത്തിൽ സന്നിഹിതരായിരിക്കുന്ന സകലർക്കും അനുഗ്രഹങ്ങൾ നേരുന്നു. ധൂപപ്രാർത്ഥനയോടുകൂടി വിവാഹകൂദാശ സമാപിക്കുന്നു. അതിനുശേഷം വധൂവരന്മാരും സാക്ഷികളും വിവാഹരജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നു.

1. വിവാഹം എന്നാൽ എന്ത്?

പൊതുവായി വിവാഹം എന്നത് പ്രകൃതിയുടെ ക്രമീകരണമാണ്. എന്നാൽ പ്രകൃതിയുടെ ക്രമീകരണത്തെ ഇണചേരൽ എന്ന തലത്തിൽ മാത്രമേ അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തീയ വേദശാസ്ത്ര സങ്കൽപത്തിൽ വിവാഹം ദൈവസൃഷ്ടിയാണ്, അത് ഒരു കൂദാശയാണ്. കൂദാശയായതിനാൽ പുരുഷനും സ്ത്രീയും തമ്മിലുള്ള കരാർ അല്ല. പുരുഷനെയും സ്ത്രീയെയും ദൈവം കൂട്ടിചേർക്കുന്നു അവർ ഒന്നാകുന്നു. അത് ഒരു ഉടമ്പടിയാണ്. ദൈവം മദ്ധ്യസ്ഥനായുള്ള ഒരു ഉടമ്പടി. ആ ഉടമ്പടി നിർമ്മിക്കുന്നത് വിവാഹ കൂദാശയിലൂടെയാണ്. അതിനാൽ വിവാഹത്തിന്റെ കൗദാശികമായ മൂല്യം വളരെ വലുതാണ്, പ്രധാനപ്പെട്ടതാണ്.

2. വിവാഹ നിശ്ചയത്തിനുള്ള തയ്യാറെടുപ്പുകൾ, നടപടികൾ ഏവ? വിവാഹ നിശ്ചയ സമയത്ത് വധൂവരന്മാരെ ഒന്നിച്ചിരുത്തുന്നതിന് അനുവാദമുണ്ടോ?

പങ്കാളിയെ കണ്ടെത്തുന്നതിൽ പ്രധാനപ്പെട്ടതാണ് വിശ്വാസപരമായി ഐക്യമുള്ള സഭാംഗത്തെ കണ്ടെത്തുക എന്നത്. അതോടൊപ്പം കുടുംബം, സാമ്പത്തികം, വിദ്യാഭ്യാസം തുടങ്ങിയ തലങ്ങളിലും സമാനതകൾ ഉണ്ടായിരിക്കണം.

വിവാഹ നിശ്ചയം - വിവാഹ നിശ്ചയത്തിൽ ഏറ്റവും അടുത്ത കുടുംബാംഗങ്ങൾ മാത്രം പങ്കെടുക്കുന്ന രീതിയായിരുന്നു മുൻപ് ഉണ്ടായിരുന്നത്. ഇരു കുടുംബത്തിലെയും അംഗങ്ങൾ തമ്മിൽ കൂടുതൽ പരിചയപ്പെടുന്നതിന് അത് സഹായിച്ചിരുന്നു. എന്നാൽ ഇന്ന് വിവാഹ നിശ്ചയം വിപുലമായ ഒരു ചടങ്ങായി മാറിയിരിക്കുന്നു.

വിവാഹ നിശ്ചയത്തിന്റെ ചടങ്ങുകൾ:- വധുവിന്റെ ഭവനത്തിലാണ് നിശ്ചയത്തിന്റ ചടങ്ങുകൾ നടക്കുക, ചടങ്ങിൽ സന്നിഹിതരായിരിക്കുന്നവരോട് വധുവിന്റെ കുടുംബത്തിലെ മുതിർന്ന ആൾ വിളിച്ചു ചേർത്തതിന്റെ കാര്യം അവതരിപ്പിക്കുന്നു. തുടർന്ന് വധൂവരൻമാരെയും കുടുംബാംഗങ്ങളെയും പരിചയപ്പെടുത്തുന്നു. അതിനുശേഷം വരന്റെ കുടും

ബത്തിലെ മുതിർന്ന ആൾ വിവാഹം നിശ്ചയിച്ചിരിക്കുന്ന ദിവസവും സ്ഥലവും സമയവും പ്രഖ്യാപിച്ച് അംഗീകാരം നേടുന്നു. അതിനുശേഷം വിളിച്ചുചൊല്ലുകുറി ഇരുകുടുംബങ്ങൾ തമ്മിൽ കൈമാറുന്നു. വിവാഹ നിശ്ചയത്തിന്റെ സമയത്ത് വധൂവരന്മാരെ ഒന്നിച്ച് ഇരുത്തേണ്ട എന്ന തീരുമാനം സഭ സ്വീകരിച്ചിരിക്കുന്നു. കാരണം വിവാഹിതരായവരെപോലെ അവർ പെരുമാറുന്ന രീതി നിലവിൽ വന്നതുകൊണ്ടാണ് ഇപ്രകാരം ഒരു തീരുമാനം സ്വീകരിച്ചിരിക്കുന്നത്. അതായത് വിവാഹത്തിന് മുമ്പ് പരസ്പരം അറിയുന്നതും മനസ്സിലാക്കുന്നതും തെറ്റല്ല എങ്കിലും വിവാഹത്തിന് മുമ്പ് ഒരു സംയമനം പാലിക്കുന്നത് നല്ലതാണ്.

3. വിവാഹത്തിന് മുൻപുള്ള തയ്യാറെടുപ്പുകൾ ഏവ?

ഒന്നാമതായി വിവാഹം പള്ളിയിൽ പരസ്യമായി വിളിച്ചുചൊല്ലുന്നതിനുവേണ്ടിയുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് നൽകണം. വധുവിന്റെ ഭവനക്കാർ വരന്റെ ഇടവകയിൽ നൽകുവാനുള്ള ദേശക്കുറി വാങ്ങിയിരിക്കണം. മന്ത്രകോടി, താലി, വാഴ്ത്തുവാനുള്ള മാല, മോതിരം എന്നിവ തയ്യാറാക്കി വയ്ക്കണം. വരനും വധുവും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ചിരിക്കണം. സഭയുടെ പുതിയ തീരുമാനം അനുസരിച്ച് പ്രീമാരിറ്റൽ കൗൺസലിംഗിൽ പങ്കെടുത്തിരിക്കണം. പള്ളി വരുമാനങ്ങൾ, മാസവരി, സംഭാവനകൾ, ഗായകസംഘം, വീഡിയോ മുതലായവയുടെ ഫീസ് എന്നിവ നൽകിയിരിക്കണം.

4. വിവാഹം വിളിച്ചുചൊല്ലുന്നതിന് വേണ്ട രേഖകൾ ഏവ?

വിളിച്ചുചൊല്ലേണ്ട പള്ളികളിൽ വിവാഹത്തെക്കുറിച്ച് വികാരിമാരെ അറിയിച്ചതിന് ശേഷം വിളിച്ചു ചൊല്ലുന്നതിനു ക്രമീകരിച്ചിരിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് വധുവിന്റെ ഇടവകയിലെ ഫോം വരന്റെ ഇടവകയിലും വരന്റെ ഇടവകയിലെ ഫോം വധുവിന്റെ ഇടവകയിലും നൽകണം. പള്ളികളുടെ ക്രമീകരണം അനുസരിച്ച് ഒന്നോ രണ്ടോ ആഴ്ചകളിലായി വിളിച്ചുചൊല്ലുന്നു.

5. വിവാഹകൂദാശയിൽ നൽകേണ്ട രേഖകൾ ഏവ?

വരന്റെ ഇടവകയിൽ വച്ച് നടക്കുന്ന വിവാഹത്തിന് വധുവിന്റെ പള്ളിയിൽ നിന്നുള്ള ദേശകുറി നിർബന്ധമായും നൽകിയിരിക്കണം. ഓർത്തഡോക്സ്/യാക്കോബായ അല്ലാത്ത ദേശകുറി നൽകാത്ത സഭകളിൽ നിന്നാണ് വധുവെങ്കിൽ 100/-രൂപ പത്രത്തിൽ സമ്മതപത്രം തയ്യാറാക്കി നൽകണം.

6. മറ്റ് സഭാംഗങ്ങളെയോ മറ്റ് മതത്തിൽപ്പെട്ടവരെയോ വിവാഹത്തിലൂടെ സ്വീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏവ?

യാക്കോബായ സഭ ഒഴിച്ച് മറ്റ് സഭകളിൽപ്പെട്ടവരെ ഓർത്തഡോക്സ് സഭയിൽ ചേർത്ത് അംഗമാക്കിയതിന് ശേഷമാണ് വിവാഹം നടത്തുന്നത്. കത്തോലിക്കാ സഭാംഗത്തെ കുമ്പസാരവും, വി. കുർബാനാനുഭവും നൽകി സഭയിൽ ചേർക്കുന്നു. മാർത്തോമ്മാ, സി.എസ്.ഐ, പെന്തക്കോസ്തു മുതലായ സഭാംഗങ്ങളിൽ മാർത്തോമ്മാ, സി.എസ്.ഐ എന്നീ സഭകളിൽപ്പെട്ടവർക്ക് വി. മൂറോൻ അഭിഷേകവും, കുമ്പസാരവും, വി. കുർബാനാനുഭവവും നടത്തി സഭയിൽ ചേർക്കുന്നു. ഓർത്തഡോക്സ് സഭാംഗമായിരുന്ന വ്യക്തി പെന്തക്കോസ്തു സഭയിൽ പോയി തിരിച്ചുവരുമ്പോൾ കുമ്പസാരവും വി. കുർബാനാനുഭവവും പ്രായശ്ചിത്തവും നടത്തി സഭയിൽ ചേർക്കുന്നു.

പെന്തക്കോസ്തു സഭാംഗത്തെയും ഇതരമതത്തിൽപ്പെട്ടവരെയും വി. കുമ്പസാരം, മാമോദിസാ. വി. കുർബാനാനുഭവം എന്നിവ നൽകിയും മുദ്രപത്രത്തിൽ സ്വമനസാലെ മതം മാറുന്നു എന്ന് എഴുതിവാങ്ങിക്കുകയും ചെയ്ത് സഭാംഗമാക്കണം.

7. വിവാഹ കൂദാശയിൽ കിരീടം വാഴ്വിന്റെ സമയത്ത് വധുവിന്റെ തലയിൽ നിന്ന് മൂടുപടം മാറ്റുന്നത് എന്തിന്?

കിരീടം വാഴ്ത്തി ഇടുവിക്കുവാനും മിന്നുകെട്ടുവാനുള്ള സൗകര്യത്തിന് വേണ്ടിയാണ്.

8. പാരമ്പര്യമായി എവിടെ വച്ചാണ് വിവാഹകൂദാശ നടത്തേണ്ടത്?

വരന്റെ ഇടവകയിൽ.

9. വിവാഹം നടക്കാതിരിക്കാനുള്ള കാനോനിക തടസങ്ങൾ ഏവ?

മുമ്പ് വിവാഹിതരായിരിക്കുന്നവർ, വിവാഹം നടത്താൻ സഭ അനുവദിക്കാത്തദിവസങ്ങൾ, പ്രായപൂർത്തിയാകാത്തവർ തമ്മിലുള്ളത് (വരൻ 21, വധു 18), രക്തബന്ധം ഉള്ളവർ തമ്മിൽ (6, 7 തലമുറവരെ വിവാഹ ബന്ധം അനുവദിക്കുന്നില്ല), മാനസികരോഗം.

10. വിവാഹത്തിനായി പള്ളിയിലേക്ക് പ്രവേശിക്കുന്നതിനുള്ള ക്രമീകരണം എന്താണ്?. ആര് ആദ്യം പ്രവേശിക്കണം?

മണവാട്ടി ആദ്യം പ്രവേശിച്ച് മണവാളനായി കാത്തിരിക്കുന്ന ഒരു

പാരമ്പര്യമാണ് സഭയ്ക്ക് ഉള്ളത്. എന്നാൽ ഇന്ന് പലപ്പോഴും വരനും വധുവും ഒന്നിച്ചാണ് ദൈവാലയത്തിലേക്ക് പ്രവേശിക്കുന്നത്.

11. മോതിരവും മന്ത്രകോടിയും കാർമ്മികൻ അണിയിക്കുന്നത് എന്തുകൊണ്ട്?

വിവാഹം പുരുഷനും സ്ത്രീയും തമ്മിലുള്ള ഒരു കരാറല്ല മറിച്ച് പുരുഷനും സ്ത്രീയും ദൈവവും ചേർന്നുള്ള പിരിയാനാവാത്ത ഒരു ഉടമ്പടി ബന്ധമാണ്. സഭയിലൂടെ ആണ് ദൈവം കൂട്ടിചേർക്കുന്നത്. അതിനാൽ പരസ്പരം സ്വീകരിക്കുന്നതിന് പകരം ദൈവത്തിന്റെ പ്രതിനിധിയായി കാർമ്മികൻ ആശീർവദിക്കപ്പെട്ട മോതിരങ്ങളും മന്ത്രകോടിയും അണിയിക്കുന്നു.

12. താലി (മിന്ന്) യുടെ സാംഗത്യം എന്ത്?

ഭാരതീയ സംസ്കാരത്തിൽ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും പവിത്രമായി കരുതുന്ന ഒന്നാണ് താലി എന്നത്. പണ്ടുകാലത്ത് താലി കെട്ടിയ പുരുഷൻ എന്നാണ് ഭർത്താവിനെ വിശേഷിപ്പിച്ചിരുന്നത്. ഭാരതീയ സംസ്കാരത്തിലെ വിവാഹാചാരത്തിലുള്ള താലി എന്ന ആചാരം ക്രൈസ്തവവത്കരിച്ചതാണ് ഇന്ന് നാം ഉപോഗിക്കുന്ന മിന്ന്. ഹൈന്ദവാചാരത്തിൽ അത് ആലിലയുടെ ആകൃതിയിൽ ഉപയോഗിക്കുന്നു. എന്നാൽ നമ്മൾ അതിൽ സ്ലീബായുടെ ആകൃതിയും കൂട്ടിചേർത്ത് ഉപയോഗിക്കുന്നു. താലി കെട്ടുന്നതിനുള്ള ചരട് മന്ത്രകോടിയിൽനിന്ന് 6 നൂലുകളുടെ കൂടെ ഒരു സാധാരണ നൂലും ചേർത്ത് പിരിച്ച് പശചേർത്ത് ഒറ്റനൂലാക്കിയാണ് നിർമ്മിക്കുന്നത്.

13. മെത്രാപ്പോലീത്തന്മാർ എന്തുകൊണ്ടാണ് താലികെട്ടിക്കാത്തത്?

മുൻകാലങ്ങളിൽ വിദേശത്തുനിന്ന് ഉള്ള മെത്രപ്പോലിത്തന്മാർ ഇവിടെ കടന്നുവരികയും വിവാഹശുശ്രൂഷ നടത്തുകയും ചെയ്തിരുന്നു. എന്നാൽ താലി കെട്ടുക എന്നത് തികച്ചും ഭാരതീയ പാരമ്പര്യമായതിനാൽ അവർ ആ സമയത്ത് താലികെട്ടിക്കുവാനുള്ള ചുമതല വൈദികർക്ക് നൽകി. അത് ഇന്നും തുടർന്നു പോരുന്നു എന്നു മാത്രം.

14. വി. വിവാഹ കൂദാശയിൽ വി. മദ്ബഹാ തുറക്കേണ്ടത് എപ്പോഴാണ്?

വധൂവരന്മാർ പള്ളിയകത്ത് പ്രവേശിക്കുമ്പോൾ വി. മദ്ബഹാ തുറന്നിരിക്കണം.

15. മറ്റ് ഇടവകകളിൽ വച്ച് വിവാഹം നടത്തുന്നതിന് വേണ്ട നടപടി ക്രമങ്ങൾ ഏവ?

പാരമ്പര്യമായി വരന്റെ ഇടവകയിൽ വച്ചാണ് വിവാഹം നടത്തേണ്ടത്. എന്നാൽ ഇന്ന് സൗകര്യാർത്ഥം മറ്റ് ദൈവാലയങ്ങളിൽ വച്ച് നടത്തുന്നുണ്ട്. മറ്റ് ഇടവകകളിൽ വച്ച് നടത്തുമ്പോൾ സാധാരണയായി വരന്റെ ഇടവക വികാരിയുടെ കത്തും ദേശകുറിയുടെ പകർപ്പും നൽകിയാൽ മതിയാകും. ആ ഇടവകയിലെ വിവാഹ രജിസ്ട്രറിൽ ആണ് ചേർക്കുന്നതെങ്കിൽ ആ വികാരിയിൽനിന്ന് വിവാഹസർട്ടിഫിക്കറ്റ് വാങ്ങി വരന്റെ ഇടവകയിലെ വിവാഹരജിസ്ട്രറിൽ ചേർക്കുകയും വേണം.

16 ഇതര സഭകളിലേക്ക് വിവാഹം കഴിപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഏവ?

നമ്മുടെ സഭയുമായി വി. കുർബാന സംസർഗ്ഗമില്ലാത്ത സഭകളിലേക്ക് വിവാഹം കഴിപ്പിക്കുവാൻ സഭ അനുവദിക്കുന്നില്ല. മറ്റ് സഭകളിലേക്ക് ദേശകുറി നൽകാറില്ല. പകരം വികാരിയുടെ ഒരു സാക്ഷ്യപത്രം നൽകുകയാണ് നിലവിലുള്ളത്.

17. വിവാഹ മോചനവും പുനർവിവാഹവും സഭ അനുവദിച്ചിട്ടുണ്ടോ?

പങ്കാളി മരണപ്പെട്ടാൽ മാത്രമേ പുനർവിവാഹം അനുവദിച്ചിട്ടുള്ളൂ. വിവാഹമോചനം സഭ അനുവദിച്ചിട്ടില്ല. എന്നാൽ നിയമ പരമായി കോടതിയിൽ നിന്ന് വിവാഹമോചനം നൽകപ്പെട്ടാൽ പ. കാതോലിക്കാ ബാവാ തിരുമനസിന് മുൻപിൽ കോടതി രേഖകൾ ഉൾപ്പടെ അപേക്ഷ സമർപ്പിക്കുകയും തിരുമേനി അപേക്ഷ പരിഗണിച്ച് നിശ്ചിതസമയത്തിന് ശേഷം അനുവാദകല്പന നൽകിയാൽ വീണ്ടും വിവാഹം കഴിക്കാം.

പുനർവിവാഹത്തിന് പ്രത്യേക ശുശ്രൂഷയാണ് ഉള്ളത്. ആദ്യ വിവാഹത്തിൽ മോതിര വാഴ്വും കിരീടം വാഴ്വും സ്വീകരിച്ചിട്ടുള്ളതിനാൽ അവ വീണ്ടും ആവർത്തിക്കുന്നില്ല.

18. വിവാഹ കൂദാശയിൽ വരനും വധുവും പാദരക്ഷകൾ ധരിക്കുന്നത് എന്തിന്?

വിവാഹ കൂദാശയിലെ പ്രധാന വ്യക്തികളാണ് വരനും വധുവും. വധൂവരന്മാർ രാജ്ഞിയും രാജാവുമായിട്ടാണ് വിവാഹ കൂദാശയിലൂടെ ആയിത്തീരുന്നത്. അതിനാൽ അവർ സർവ്വാഭരണവിഭൂഷിതരായിവേണം കൂദാശയിൽ പങ്കുകൊള്ളാൻ. അതുകൊണ്ടാണ് ചെരിപ്പ് ഉപയോഗിക്കുന്നത്.

19. ഞായർ, തിങ്കൾ ഒഴികെ ഉള്ള ദിവസങ്ങളിൽ വിവാഹ ത്തിന് പ്രത്യേക അനുവാദം വേണമെന്ന് പറയുന്നത് എന്തു കൊണ്ട്?

നോമ്പ് ഒഴികെയുള്ള ഞായർ, തിങ്കൾ ദിവസങ്ങളിലെ വിവാഹം നട ത്തുവാൻ സഭ അനുവദിക്കുന്നുള്ളൂ. ബുധൻ, വെള്ളി ദിവസങ്ങൾ നോമ്പു ദിവസങ്ങളായതുകൊണ്ടും ചൊവ്വാ, വ്യാഴം എന്നിവ നോമ്പിന്റെ തലേ ദിവസങ്ങളായതിനാലും അനുവദിക്കുന്നില്ല. ശനിയാഴ്ച പ. കാതോലിക്കാ ബാവാ തിരുമേനിയുടെ അനുവാദപ്രകാരം വിവാഹം നടത്താവുന്ന താണ്.

20. വിവാഹം നടത്തുവാൻ അനുവാദം ഇല്ലാത്ത ദിവസങ്ങൾ ഏവ?

കാനോനിക നോമ്പുകൾ, നോമ്പ് ആരംഭിക്കുന്നതിന്റെ തലേദിവസം, ഞായർ, തിങ്കൾ ഒഴികെയുള്ള ദിവസങ്ങൾ, സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങൾ എന്നീ ദിവസങ്ങളിൽ വിവാഹം അനുവദിക്കപ്പെട്ടിട്ടില്ല.

21. വിവാഹത്തിന് വധുവരന്മാർ ധരിക്കുന്ന വസ്ത്രങ്ങളെപ്പറ്റി എന്തെങ്കിലും കാനോനികമായ നിർദ്ദേശങ്ങൾ ഉണ്ടോ. ഉണ്ടെങ്കിൽ ഏവ?

ദൈവിക സാന്നിധ്യം ഉള്ളതിനാലും ഇത് ഒരു കൂദാശ ആയതിനാലും മാന്യമായ വസ്ത്രം ധരിക്കണം. ഭൗതികമായ ഫാഷൻ പ്രകടമാകുന്ന വസ്ത്രങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്.

22. വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്യണമോ?

നിർബന്ധമായും വേണം. വിവാഹശേഷം പള്ളിയിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റും വാങ്ങി രജിസ്ട്രാർ ആഫീസിലോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്യണം.

16

രോഗികളുടെ തൈലാഭിഷേകം

ഫാ. ഡോ. ടി. ജെ. ജോഷ്വ

രോഗികളുടെ സൗഖ്യത്തിനുവേണ്ടി നടത്തുന്ന ഒരു കൂദാശയാണ് ഇത്. രോഗികളുടെ പാപമോചനത്തിനും അതുവഴി രോഗശാന്തിക്കുമായി പ്രാർത്ഥനയാലും അഭിഷേകത്താലും പട്ടക്കാർ നടത്തുന്ന ഒരു കൂദാശയാണ് തൈലാഭിഷേക ശുശ്രൂഷ. റോമൻ കത്തോലിക്കരെ അനുകരിച്ച് ഇതിനെ 'അന്ത്യകൂദാശ' എന്നു വിളിക്കുന്നത് ശരിയല്ല. കാരണം രോഗി സൗഖ്യം പ്രാപിച്ച് എഴുന്നേൽക്കണമെന്ന പ്രാർത്ഥനയോടും പ്രത്യാശയോടുമാണ് തൈലാഭിഷേകം നടത്തുന്നത്. അല്ലാതെ മരണാസന്നനായി കിടക്കുന്ന ഒരാളിന്റെ അന്ത്യ യാത്രയ്ക്കുള്ള ഒരുക്കമല്ല.

രോഗികളുടെ മേൽ തൈലം പൂശുമ്പോൾ ആദ്യം നെറ്റി, നെഞ്ച്, കാൽമുട്ടുകൾ എന്നിവയിൽ തൈലം പൂശുന്നു. തുടർന്ന് കണ്ണ്, ചെവി, മൂക്ക്, ചുണ്ടും നാക്കും, കൈകൾ, കാലുകൾ, പെക്കിളിന് താഴെ ഭാഗം എന്നീ അംഗങ്ങളിലും തൈലം പൂശുന്നു. തന്മൂലം പാപമോചനവും ആത്മശുദ്ധീകരണവും ശരീര സൗഖ്യവും ലഭിക്കുന്നു. ഈ കൂദാശ ഏതു രോഗത്തിനും ഒരു വിശ്വാസിക്ക് സ്വീകരിക്കാവുന്നതാണ്.

1. തൈലാഭിഷേകം അന്ത്യകൂദാശയാണോ. എന്തുകൊണ്ട്?

അന്ത്യകൂദാശ എന്ന സങ്കല്പം കത്തോലിക്കാ സഭയിൽ നിന്ന് കടന്നുവന്നതാണ് ഓർത്തഡോക്സ് സഭയിൽ ഇത് തൈലാഭിഷേക ശുശ്രൂഷ എന്നാണ് അറിയപ്പെടുന്നത്. ഇത് ജീവിതാന്ത്യത്തിൽ മാത്രം നടത്തുന്നതല്ല. രോഗസൗഖ്യത്തിനായി നടത്തുന്ന ശുശ്രൂഷയാണ്. രോഗാവസ്ഥയിൽ ഇരിക്കുന്ന വ്യക്തി സുബോധത്തോടെ ഇരിക്കുമ്പോഴാണ് ഇത് നടത്തേണ്ടത്. കാരണം ശുശ്രൂഷയ്ക്ക് ഇടയിൽ ചെയ്തുപോയ പാപങ്ങൾ ഏറ്റുപറയുവാൻ രോഗിക്ക് അവസരം ഉണ്ട്. കാരണം പാപമോചനം രോഗസൗഖ്യത്തിന് ഉതകുന്നു. തൈലാഭിഷേക ശുശ്രൂഷ സുഖപ്രാപ്തിക്ക് വേണ്ടിയുള്ളതാണ്. സുഖമരണത്തിനുവേണ്ടിയുള്ളതല്ല.

2. തൈലാഭിഷേക ശുശ്രൂഷ എന്ന് നിലവിൽവന്നു?

വി. വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ കർത്താവിന്റെ കാലത്തും തൈലം പൂശി സുഖപ്പെടുത്തുന്ന രീതി ഉണ്ടായിരുന്നു. (വി. മർക്കോസ്

6:13) "വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്ക് എണ്ണ തേച്ച് സൗഖ്യം വരുത്തുകയും ചെയ്തു." തുടർന്ന് അപ്പോസ്തോലിക സഭയിലും ഇത് തുടർന്നുപോന്നു. (യാക്കോബ് 5:14) "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ മൂപ്പന്മാരെ (കശീശന്മാരെ) വിളിക്കട്ടെ അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം (എണ്ണപൂശി) ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ." കർത്താവിന്റെ കാലത്ത് ഉണ്ടായിരുന്നതും അപ്പോസ്തോലിക സഭയിലൂടെ തുടരുന്നതുമായ ഒരു കൂദാശയാണ് രോഗികൾക്ക് വേണ്ടിയുള്ള വി. തൈലാഭിഷേക ശുശ്രൂഷ.

3. തൈലാഭിഷേകത്തിനുവേണ്ടി എന്തു തൈലമാണ് ഉപയോഗിക്കുന്നത്. എന്തുകൊണ്ട?

സൈത്ത് എണ്ണ അഥവാ ഒലിവെണ്ണയാണ് സാധാരണയായി ഉപയോഗിക്കുന്നത്. വി. മൂറോൻ കൂദാശയോടൊപ്പമോ പ്രത്യേകമായിട്ടോ പ്രാർത്ഥനകൾ നടത്തി വിശുദ്ധീകരിച്ച ഒലിവെണ്ണയാണ് ഉപയോഗിക്കുന്നത്. തൈലം ശുദ്ധീകരിക്കുന്ന പ്രാർത്ഥനകളിൽ സൗഖ്യദാനത്തിനുള്ള നൽവരം ലഭിക്കുന്നതിനുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. വി. മൂറോൻ തൈലമല്ല തൈലാഭിഷേകത്തിന് ഉപയോഗിക്കുന്നത്. വേദപുസ്തകത്തിൽ നല്ല ശമര്യാക്കാരന്റെ ഉപമയിൽ എണ്ണയും വീഞ്ഞും ഉപയോഗിച്ച് മുറിവുകൾ കെട്ടുന്നതായി കാണുന്നു. എണ്ണയ്ക്ക് ഒരു സൗഖ്യദായക ശക്തി ഉള്ളതുകൊണ്ടാണ് എണ്ണ ഉപയോഗിക്കുന്നത്. കൂടാതെ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടിയുള്ള ദൃശ്യമായ ഒരു മാധ്യമമാണ് എണ്ണ. സുഖപ്രാപ്തിക്ക് ദൃശ്യമായ ഉപാധികൾ കർത്താവ് തന്നെ കാട്ടിതരുന്നു. യേശുവിന് ഒരു വാക്കാലോ സ്പർശനത്താലോ സൗഖ്യമാക്കാമായിരുന്നിട്ടും കുരുടനു കാഴ്ച നൽകുവാൻ അവന്റെ കണ്ണിൽ ചേറ് പുരട്ടി, ശീലോഹാമിൽ കഴുകിച്ച് അവന് കാഴ്ചനൽകി (യോഹന്നാൻ 9:6,7) ഇക്കാരണങ്ങളാൽ ആണ് സൗഖ്യദാനശുശ്രൂഷയ്ക്ക് എണ്ണ ഉപയോഗിക്കുന്നത്.

4. രോഗികളുടെ തൈലാഭിഷേകവും കന്തീലാശുശ്രൂഷയും തമ്മിലുള്ള വ്യത്യാസം എന്ത്?

ഒരേ ലക്ഷ്യം വ്യത്യസ്ത ശുശ്രൂഷ. തൈലാഭിഷേക ശുശ്രൂഷയുടെ കുറെക്കൂടി വിപുലമായ ശുശ്രൂഷയാണ് കന്തീലാ ശുശ്രൂഷ. കന്തീലാ എന്ന വാക്കിന് Candle (തിരി) എന്ന് അർത്ഥം. അഞ്ച് ഘട്ടങ്ങളിലായി 5 തിരികൾ കത്തിച്ചുകൊണ്ട് നടത്തുന്ന ശുശ്രൂഷയാണിത്. പഞ്ചേന്ദ്രിയങ്ങളിൽ ഓരോന്നിനും ഓരോക്രമം നടത്തുകയും ആ സമയത്ത് ഓരോ തിരി കത്തിക്കുകയും ചെയ്യുന്നു. തൈലാഭിഷേക ശുശ്രൂഷയെക്കാൾ

കൂടുതൽ സമയം വേണ്ടി വരുന്നു എന്നതല്ലാതെ ഫലപ്രാപ്തി രണ്ടിനും ഒരുപോലെ തന്നെയാണ്.

5. കന്തീലാശുശ്രൂഷ വൈദികസ്ഥാനികൾക്ക് മാത്രമേ നടത്താവൂ എന്ന് കാനോൻ നിയമം ഉണ്ടോ?

വൈദികർക്ക് മാത്രം എന്നു നിയമമൊന്നുമില്ല. വിശ്വാസികളായ ആർക്കും ഈ ശുശ്രൂഷ നടത്താവുന്നതാണ്.

17

ശവസംസ്കാരം

ഡോ. സഖറിയാസ് മാർ അപ്രേം

1. മൃതശരീരം ദഹിപ്പിക്കുന്നത് സംബന്ധിച്ച് സഭയുടെ നില പാട് എന്ത്?

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഇത് സംബന്ധിച്ച് ആലോചന കൾ നടത്തിയിട്ടുണ്ട്. മൃതശരീരം ദഹിപ്പിക്കുക എന്നത് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ അതാത് പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അനുവാദം നൽകുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. നിയ മപരമായി മൃതശരീരം ദഹിപ്പിക്കുവാൻ മാത്രം അനുവാദമുള്ള പ്രദേശ ങ്ങളിൽ ഈ സാഹചര്യത്തിൽ ദഹിപ്പിക്കുവാനുള്ള അനുവാദം നൽ കുന്നു. ഉദാ. സിംഗപ്പൂർ.

2. മൃതശരീരം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യങ്ങളിൽ സംസ്കാരം എങ്ങനെ നടത്തും?

ഭാഗീകമായിട്ടെങ്കിലും ശരീരാവയവങ്ങൾ കിട്ടുന്നെങ്കിൽ സാധാരണ രീതിയിലുള്ള സംസ്കാര ശുശ്രൂഷകൾ നിർവഹിക്കേണ്ടതാണ്. ലഭി ക്കാത്ത സാഹചര്യങ്ങളിൽ സംസ്കരിക്കുവാൻ ശരീരമില്ല എങ്കിലും ശവ സംസ്കാര ശുശ്രൂഷാ ക്രമത്തിലെ അനുയോജ്യമായ ക്രമങ്ങൾ നടത്താ വുന്നതാണ് (1–3 ക്രമങ്ങൾ).

3. മൃതശരീരം മോർച്ചറിയിൽ വയ്ക്കുന്ന സാഹചര്യത്തിൽ ഭവനത്തിലെ ക്രമീകരണം ഏവ?

മൃതശരീരം മോർച്ചറിയിൽ വയ്ക്കുന്ന സാഹചര്യത്തിൽ വീട്ടിൽ പരേ തന്റെ കട്ടിൽ വെള്ളവിരിച്ച് കിഴക്ക് പടിഞ്ഞാറായി വയ്ക്കുകയും, തല യ്ക്കൽ അതായത് പടിഞ്ഞാറ് വശത്ത് കുരിശും മെഴുകുതിരിയും നില വിളക്കും വയ്ക്കുകയും ചെയ്യുന്നു. സമയാസമയങ്ങളിൽ സൗകര്യം പോലെ ക്രമങ്ങൾ നടത്താവുന്നതാണ്. തലഭാഗത്ത് വേദപുസ്തകം വയ്ക്കുന്ന രീതിയും ഉണ്ട്.

4. മൃതശരീരത്തിന്റെ മുഖം മൂടുവാനുള്ള അവകാശം ആർക്കാണ്?

സാധാരണയായി ആൺമക്കൾക്കാണ് അവകാശം. ആൺ മക്കളി

ല്ലാത്ത സാഹചര്യത്തിൽ സഹോദരങ്ങൾക്കോ സഹോദരപുത്രന്മാർക്കോ ചെയ്യാവുന്നതാണ്. ഇതാണ് സഭയിൽ നിലവിലുള്ള പാരമ്പര്യം.

5. കുഴിക്കാണം എന്നാൽ എന്ത്?

കുഴിക്കാണം എന്ന രീതി വേദപുസ്തകാടിസ്ഥാനമുള്ളതാണ്. അബ്രഹാം ഭാര്യയായ സാറായെ സംസ്കരിക്കുന്നതിനായി ഹിത്യനായ എഫ്രോനോടു 'മക്പേല' എന്ന നിലവും അതിലുള്ള ഗുഹയും നാനൂറുശേക്കൽ വെള്ളി വിലയായി നൽകി വാങ്ങിയതിനുശേഷം അതിൽ സാറായെ സംസ്കരിച്ചു. (ഉല്പത്തി 23). അപ്രകാരം ഇന്നു സ്വന്തമായി കല്ലറകൾ ഉണ്ട് എങ്കിൽപോലും അടക്കുന്ന സ്ഥലത്തിന്റെ വില നൽകുന്നതാണ് ഇത്.

6. മൃതശരീരം സംസ്കരിക്കുന്നതിന് മുൻപ് ശരീരത്തിലെ കെട്ടുകൾ നീക്കം ചെയ്യുന്നത് എന്തിന്?

പുനരുത്ഥാനത്തിന്റെ പ്രത്യാശ ഉള്ളതുകൊണ്ടാണ്. ലാസറിനെ ഉയിർപ്പിച്ച സമയത്ത് അവന്റെ കെട്ടുകൾ അഴിക്കുവാൻ യേശുതമ്പുരാൻ കല്പിച്ചുവല്ലോ.

7. മൃതശരീരത്തിൽ മണ്ണും കുന്തിരിക്കവും ഇടുന്നതും തൈലം ഒഴിക്കുന്നതും എന്തിന്?

ഈ രണ്ട് കർമ്മങ്ങളുടെയും പ്രാധാന്യം ആ സമയത്തെ പ്രാർത്ഥനയിൽ നിന്ന് വ്യക്തമാണ്.

മണ്ണിൽ നിന്നുള്ളവനാകയാൽ മണ്ണിലേക്ക് മടങ്ങിച്ചേരുന്നു എന്നതിന്റെ സൂചനയായി മണ്ണും, വീണ്ടും നവീകരിക്കപ്പെടും (ഉയിർപ്പ്) എന്നതിന്റെ സൂചനയായി കുന്തിരിക്കവും ഉപയോഗിക്കുന്നു. ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മാക്കളിൽ നിന്ന് രക്ഷപ്പെടുവാനായി ആത്മാവിന് നൽകുന്ന സംരക്ഷണത്തിന്റെ പ്രതീകമായി തൈലം ഒഴിക്കുന്നു.

8. മരണശേഷം 3, 9, 30, 40 ദിവസങ്ങളിൽ ഓർമ്മ നടത്തുന്നത് എന്തിന്?

യഹൂദ പാരമ്പര്യത്തിലും ആദിമ ക്രൈസ്തവ പാരമ്പര്യത്തിലും ഈ ദിനങ്ങൾ പ്രാധാന്യം ഉള്ളതായിരുന്നു. ചൊവ്വാഴ്ച ഒമ്പതാംമണി നമസ്കാരത്തിൽ ഇപ്രകാരം ചൊല്ലുന്നു "മൂന്നാംനാൾ മൃതി ഗതരെ പ്രതി ധൂപം വയ്ക്കും, പതിവുണ്ടായതു നീതിപരന്മാർക്കങ്ങാദി മുതൽ...."

9, 30, 40 ദിനങ്ങൾ യഹൂദ വിലാപകാലത്തിലെ പ്രത്യേക ദിനങ്ങളായാണ് കണക്കാക്കപ്പെടുന്നത്. ക്രൈസ്തവ പാരമ്പര്യത്തിൽ 3-ാം

ദിവസം കർത്താവിന്റെ ഉയർത്തെഴുന്നേൽപും 40-ാം ദിവസം സ്വർഗാരോഹണവും അനുസ്മരിക്കുന്നു.

9. 40-ാം ദിവസമാണോ, 41-ാം ദിവസമാണോ ഓർമ്മ നടത്തേണ്ടത്?

ക്രൈസ്തവപാരമ്പര്യത്തിൽ 40-ാം ദിവസമാണ് ഓർമ്മനടത്തേണ്ടത് 41 ഹൈന്ദവ പാരമ്പര്യമാണ്.

10. മേൽപട്ടക്കാരോ വൈദികരോ മരിച്ചതിനുശേഷം നാല്പതു ദിവസവും വി. കുർബാന നടത്തുന്നത് എന്തുകൊണ്ട്?

മുൻകാലങ്ങളിൽ മേൽപട്ടക്കാർക്കും പട്ടക്കാർക്കും അയ്മേനികൾക്കും നാല്പതു ദിവസം വി. കുർബ്ബാന നടത്തിയിരുന്നു. എന്നാൽ ഇന്ന് അത് മേൽപട്ടക്കാർക്കും വൈദികർക്കുമായി ചുരുങ്ങിപ്പോയി എന്നു മാത്രം.

11. കല്ലറയിൽ ധൂപപ്രാർത്ഥന നടത്തുന്നതിന്റെ സാഗത്യം എന്ത്?

കല്ലറ ജീർണ്ണിച്ച ശരീരഭാഗങ്ങളോ, ഉണങ്ങിവരണ്ട അസ്ഥി കൂമ്പാരങ്ങളോ കിടക്കുന്ന സ്ഥലമല്ല മറിച്ച് പുനരുത്ഥാനത്തിന്റെ പനിമഞ്ഞ് പതിക്കുമ്പോൾ തേജസ്സോടെ ഉത്ഥാനം ചെയ്യേണ്ട ശരീരം സ്ഥിതി ചെയ്യുന്ന ഇടമാണ്. ആ ശരീരം പൂഴിയായി തീർന്നാലും അതിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നില്ല. മൃതശരീരം അടക്കം ചെയ്യുകയല്ല മറിച്ച് സംസ്കരിക്കുന്നതിനാണ്. ശരീരം മണ്ണിനോട് ചേർന്ന് പൂഴിയായി തീർന്നാലും ആ പൂഴിയിൽ പുനരുത്ഥാനത്തിന്റെ പനിമഞ്ഞ് പതിക്കുമ്പോൾ മൃതരായവർ തേജസ്സോടെ ഉത്ഥാനം ചെയ്യും. ഇത് ഉൾക്കൊണ്ടുകൊണ്ടും, ദിവന്നാസ്യോസ് ബർസ്ലീബിയുടെ തക്സായിൽ 6-ാം തുബ്ദേൻ കഴിഞ്ഞ് പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയിൽ പറയുന്നതുപോലെ "എന്തെന്നാൽ നിന്റെ ഏകപുത്രന്റെ ശരീരരക്തങ്ങൾ അവരുടെ അവയവങ്ങളിൽ മറഞ്ഞിരിക്കുന്നുവല്ലോ" എന്നത് ഉൾക്കൊണ്ടുമാണ് കല്ലറയിൽ ധൂപപ്രാർത്ഥന നടത്തുന്നത്.

12 ഓർമ്മ ദിവസങ്ങളിൽ നേർച്ച നൽകുന്നത് എന്തുകൊണ്ട്? (നെയ്യപ്പം, പഴം, പാച്ചോർ etc)

കേരളീയ പാരമ്പര്യങ്ങളിൽ ശ്രാദ്ധ ദിവസങ്ങളിൽ പൂർവ്വികർക്ക് ബലി നിവേദിക്കുന്ന രീതി നിലനിന്നിരുന്നതിൽ നിന്ന് സ്വീകരിച്ചതാണ് ഈ പാരമ്പര്യം.

18

വി. മൂറോൻ

ഫാ. ജെറിൻ ജോൺ

വി. മൂറോൻ എന്നാൽ എന്ത്?

മൂറോൻ എന്ന വാക്കിന് സുഗന്ധതൈലം എന്നാണ് അർത്ഥം. പരിശുദ്ധാത്മാഭിഷേക സ്വീകരണത്തിനായി മാമോദീസാ മൂലം സഭാംഗങ്ങളായി തീരുന്നവരുടെ മേൽ ലേപനം ചെയ്യപ്പെടുന്ന തൈലമാണിത്. പാപിനിയായ സ്ത്രീ കർത്താവിനെ അഭിഷേകം ചെയ്തത് മൂറോൻ അതായത് പരിമള തൈലം കൊണ്ടാണെന്ന് ഗ്രീക്ക് ഭാഷയിലുള്ള പുതിയ നിയമത്തിൽ കാണാം. (ലൂക്കോ 7:37-38, 46, മർക്കോ 14:3, മത്താ. 26:7, യോഹ. 11:2, 12:3, 5). സുഗന്ധതൈലം എന്ന അർത്ഥത്തിൽ ഈ വാക്ക് 14 തവണ പുതിയനിയമത്തിൽ ഉപയോഗിക്കുന്നു.

വി. മൂറോൻ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെ?

മാമോദീസായിൽ വെള്ളം ശുദ്ധീകരിക്കുന്നതിനും പരിശുദ്ധാത്മാഭിഷേകത്തിനും, പള്ളി, തബ്ലൈത്താ കൂദാശകൾ എന്നീ കാര്യങ്ങൾക്കാണ് മൂറോൻ ഉപയോഗിക്കുന്നത്. ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ വെള്ളം വാഴ്വ്പോലെ മാമോദീസായുടെ ഭാഗമായിട്ടായിരുന്നു മൂറോൻ കൂദാശ ചെയ്തിരുന്നത്. എന്നാൽ പിന്നീട് അത് വിപുലമായ ഒരു കൂദാശയായി മാറിയപ്പോൾ മാമോദീസായ്ക്ക് കുറെ ദിവസങ്ങൾക്ക് മുമ്പ് തന്നെ മൂറോൻ വാഴ്ത്തി തുടങ്ങി. ഉയിർപ്പു പെരുന്നാളിൽ മാമോദീസായ്ക്ക് ലഭിക്കത്തക്കവണ്ണം എല്ലാ പെസഹാ വ്യാഴാഴ്ചയും കൂദാശ ചെയ്യുന്ന പതിവ് 13-ാം നൂറ്റാണ്ടുവരെ സുറിയാനി സഭയിൽ ഉണ്ടായിരുന്നു. അതിനു ശേഷം അപൂർവ്വമായി നടത്തുന്ന ശുശ്രൂഷയായി തീർന്നു. എല്ലാ വർഷവും മൂറോൻ കൂദാശ നടത്തുന്നതിന് തടസ്സമില്ല.

ദൈവകല്പനയനുസരിച്ച് മോശ വിശുദ്ധ അഭിഷേകതൈലം ഉണ്ടാക്കി സമാഗമനകൂടാരവും അതിലുള്ള ഉപകരണങ്ങളും അഭിഷേകം ചെയ്തതായി പുറപ്പാട് 30:25-29-ൽ കാണുന്നു. പഴയനിയമത്തിലെ ഈ അഭിഷേകം ക്രിസ്തീയ ദേവാലയത്തിന്റെ ശുദ്ധീകരണത്തിന്റെ മുൻകുറിമാത്രമായിരുന്നു. പുരോഹിതന്മാരെയും, രാജാക്കന്മാരെയും അഭിഷേകം ചെയ്യുവാനായി ഉപയോഗിച്ചിരുന്ന വിശുദ്ധ തൈലം കൊണ്ടും സമാഗമനകൂടാരം അഭിഷേകം ചെയ്ത ദൈവാരാധനക്കായി വേർതിരിച്ചു. അതേ രീതിയിൽ രാജകീയ പുരോഹിത വർഗ്ഗമായ ക്രിസ്ത്യാനി

കളെ അഭിഷേകം ചെയ്യുന്ന മൂറോൻ ഉപയോഗിച്ച് പള്ളികൾ ശുദ്ധീകരിച്ച് ദൈവാരാധനയ്ക്കായി സമർപ്പിക്കുന്നു.

വി. മൂറോൻ കൂദാശ ചെയ്യാൻ അധികാരം ആർക്കാണ്?

ഇന്ന് കാതോലിക്കായും, പാത്രിയർക്കീസും മാത്രമേ മൂറോൻ കൂദാശ ചെയ്യുന്നുള്ളു. എന്നാൽ ഹൂദായ കാനോനനുസരിച്ച് മെത്രാപ്പോലീത്തായ്ക്കു കൂദാശ ചെയ്യാം.

വി. മൂറോൻ കൂദാശ

മൂറോൻ കൂദാശയിൽ മേൽപ്പട്ടക്കാരെ കൂടാതെ ധൂപക്കുറ്റിയുമായി 12 കശ്ശീശ്ശന്മാരും, മറ്വഹസാകളുമായി 12 പൂർണ്ണ ശെമ്മാശ്ശന്മാരും, മെഴുകുതിരികളുമായി 12 ഉപ ശെമ്മാശ്ശന്മാരും (sub deacon) പങ്കെടുക്കുന്നു. വളരെ ദീർഘമായ ഈ ശുശ്രൂഷയ്ക്ക് വി. കുർബ്ബാനയോട് സാമ്യമുണ്ട്. ഒലിവെണ്ണയും പത്തോളം സുഗന്ധവസ്തുക്കളും ചേർത്തു തയ്യാറാക്കുന്ന സുഗന്ധതൈലമാണ് കൂദാശ ചെയ്യുന്നത്.

മൂറോൻ കൂടാതെ മറ്റ് തൈലങ്ങൾ എന്തൊക്കെ?

വി. മാമോദീസായ്ക്ക് മൂറോൻ കൂടാതെ സൈത്തും ഉപയോഗിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞതിനു ശേഷം ഒന്നാമത്തെ അഭിഷേകം നൽകുന്നു. ഇത് സന്തോഷ തൈലം അഥവാ, പ്രാർത്ഥിച്ച ഒലിവെണ്ണ കൊണ്ടാണ് നൽകുന്നത്. സൈത്ത് എന്നും ഈ തൈലം അറിയപ്പെടുന്നു. സൈത്ത് എന്ന വാക്കിനു ഒലിവ് എന്നും ഒലിവെണ്ണ എന്നും അർത്ഥമുണ്ട്. സന്തോഷതൈലം എന്ന പേര് 45-ാം സങ്കീർത്തനത്തിൽ (45:7) നിന്നും എടുത്തിരിക്കുന്നു. രോഗികളുടെ തൈലാഭിഷേകത്തിനും നാം തൈലം ഉപയോഗിക്കുന്നു.

19

ക്രൈസ്തവ പൗരോഹിത്യം

ഫാ. ഡോ. ജേക്കബ് കുര്യൻ

1. യേശുക്രിസ്തു മഹാപുരോഹിതനാണ്

(അതുകൊണ്ട് വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീയ വിളിക്കു ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. എബ്രാ. 3:1)

ക്രൈസ്തവ പൗരോഹിത്യം, യേശുക്രിസ്തുവിന്റെ നിത്യ പൗരോഹിത്യ ശുശ്രൂഷയിലുള്ള പങ്കാളിത്തമാണ്. പ്രസ്തുത പങ്കാളിത്തം ക്രിസ്തു തന്നെ നൽകിയതുമാണ്.

യേശുക്രിസ്തു ശിഷ്യന്മാരോട്, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നുപറഞ്ഞു.... ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ, അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹ. 20:21–23).

പിതാവ് തന്നെ അയച്ചതുപോലെ താനും ശിഷ്യന്മാരെ അയയ്ക്കുന്നുവെന്നു പറയുമ്പോൾ, തന്റെ പൗരോഹിത്യ ശുശ്രൂഷയിലുള്ള പങ്കാളിത്തം താൻ അവർക്കു നൽകുകയായിരുന്നു. അതുപോലെ, പാപങ്ങൾ മോചിക്കുവാൻ തനിക്കുമാത്രമുള്ള അധികാരം ശിഷ്യന്മാർക്കു നൽകുമ്പോഴും ഇപ്രകാരം, തന്റെ പാപമോചന ശുശ്രൂഷയിൽ അവർക്കു പങ്കാളിത്തം നൽകുകയായിരുന്നു.

2. ക്രിസ്തുവിന്റെ നിത്യപൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിന്റെ വെറും തുടർച്ചയാണോ

ക്രിസ്തുവിന്റെ നിത്യപൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിന്റെ വെറും തുടർച്ചയല്ല: "ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കുവേണ്ടിയതു: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ; ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്ത പാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നെ. അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ട് ഒരിക്കലായിട്ടു ചെയ്തുവല്ലോ. ന്യായപ്രമാണത്തിനു പിമ്പുള്ള ആണയുടെ

വചനമോ എന്നേയ്ക്കും തികഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു" (എബ്രാ. 7:26–28).

യേശുക്രിസ്തുവിന്റെ പൗരോഹിത്യം പഴയ നിയമ പൗരോഹിത്യത്തിന്റെ വെറും തുടർച്ചയല്ല എന്നതിന് മൂന്ന് അടിസ്ഥാനങ്ങൾ എബ്രായലേഖനം 7–ാം അദ്ധ്യായം 11 മുതൽ 27 വരെയുള്ള വാക്യങ്ങൾ എടുത്തുകാട്ടുന്നു.

i. ഗോത്ര, കുടുംബ പിന്തുടർച്ച പ്രകാരം ലഭിച്ചതല്ല ക്രിസ്തുവിന്റെ പൗരോഹിത്യം

പഴയനിയമ പൗരോഹിത്യം, ലേവ്യ ഗോത്രത്തിന് പിൻതുടർച്ച പ്രകാരം നിയമിക്കപ്പെട്ടതായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ പൗരോഹിത്യം, മൽക്കിസദേക്കിന്റേതുപോലെ അനന്യമാണ് (11–14; 24–25).

ii. സ്വന്തം പാപരിഹാരം ആവശ്യമുള്ളതല്ല ക്രിസ്തുവിന്റെ പൗരോഹിത്യം

പഴയനിയമ പുരോഹിതന്മാർ പാപികളും ബലഹീനരും ആയിരുന്നതിനാൽ, തങ്ങൾക്കു തന്നെയും മോചനം വേണ്ടവർ ആയിരുന്നു (എബ്രാ. 5:1–3) എന്നാൽ യേശുക്രിസ്തുവാകുന്ന മഹാപുരോഹിതൻ പാപരഹിതനായിരുന്നതിനാൽ, സ്വയം പാപപരിഹാരം വരുത്തേണ്ടിയിരുന്നില്ല (26, 27 വാക്യങ്ങൾ)

iii. ആവർത്തന ബലികൾക്കുവേണ്ടിയുള്ളതല്ല ക്രിസ്തുവിന്റെ പൗരോഹിത്യം

പഴയനിയമ ബലികളെല്ലാം ആവർത്തിക്കപ്പെടേണ്ടവയാണ്. യേശുക്രിസ്തുവാകുന്ന മഹാപുരോഹിതൻ തന്നെത്തന്നെ ഒരിക്കലായിട്ടും നിത്യബലിയായിട്ടും അർപ്പിച്ചിരിക്കയാണ് (27–ാം വാക്യം)

ആയതുകൊണ്ട് ക്രൈസ്തവ പൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിന്റെ വെറും തുടർച്ചയല്ല എന്ന് വ്യക്തമാണല്ലോ.

3. യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന് പഴയനിയമ പൗരോഹിത്യവുമായി ഒരു ബന്ധവുമില്ലേ?

ക്രിസ്തുവിന്റെ പൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിന്റെ വെറും തുടർച്ചയല്ല. എങ്കിലും, പഴയനിയമ പൗരോഹിത്യവുമായി അതിന് ചില ബന്ധങ്ങൾ ഉണ്ട് എന്ന് വേദപുസ്തകം സാക്ഷിക്കുന്നു. ഈ ബന്ധം ഒന്നാമത്, പഴയതിന്റെ പൂർത്തീകരണമാണ്, പുതിയനിയമ പൗരോഹിത്യം എന്ന അർത്ഥത്തിലാണ്.

“ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനുവന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്” (മത്തായി 5:17).

ഈ പൂർത്തീകരണത്തെ ഉദ്ദേശിച്ചാണ്, ഓർത്തഡോക്സ് ആരാധനയിൽ പുരോഹിതന്മാരെ അനുസ്മരിക്കുന്ന ധൂപപ്രാർത്ഥനയ്ക്ക് “ആദ്യാചാര്യത്വം കൈക്കൊണ്ട്....” എന്ന ഗീതം ഉൾപ്പെടുത്തിയിരിക്കുന്നത്. അതിലുപരിയായി യേശുക്രിസ്തുവിന്റെ പൗരോഹിത്യം മോശയും അഹറോനും ഒക്കെ പ്രാപിച്ച പൗരോഹിത്യം തന്നെയാണ് എന്ന അർത്ഥത്തിൽ ഈ ഗാനത്തെ വ്യാഖ്യാനിക്കേണ്ട കാര്യവുമില്ല.

പഴയനിയമ പൗരോഹിത്യവുമായി യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിനുള്ള ബന്ധം ചില സാധർമ്മ്യങ്ങൾ മുഖേനയാണ്. എബ്രായലേഖനം 5-ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ രണ്ടു പ്രധാന സാമ്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഒന്നാമതായി, അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനേ (4-ാം വാക്യം) മഹാപുരോഹിതൻ ആവുകയുള്ളൂ. അതുപോലെ യേശുക്രിസ്തുവും തന്റെ മഹാപുരോഹിതസ്ഥാനം സ്വയമായി എടുത്തതല്ല; പ്രത്യുത ആ സ്ഥാനത്തേയ്ക്ക് പിതാവിനാൽ വിളിക്കപ്പെട്ടവനാണ് (5-ാം വാക്യം). രണ്ടാമതായി, ജനത്തിനുവേണ്ടി, മദ്ധ്യസ്ഥത അണയ്ക്കുന്നവനാണ് മഹാപുരോഹിതൻ (1-ാം വാക്യം) അതുപോലെ യേശുക്രിസ്തുവും ലോകത്തിനുവേണ്ടി പ്രാർത്ഥനയും യാചനയും നിർവ്വഹിച്ചവനാണ് (7-ാം വാക്യം) യോഹ. 17:17-26.

4. യേശുക്രിസ്തുവിന് മാറാത്ത പൗരോഹിത്യം ഉള്ളപ്പോൾ ക്രൈസ്തവ പൗരോഹിത്യത്തിന്റ പ്രസക്തിയെന്ത്?

യേശുക്രിസ്തുവിന്റെ മാറാത്ത പൗരോഹിത്യത്തിന് പകരമോ, സമാന്തരമോ അല്ല ക്രൈസ്തവ പൗരോഹിത്യം. യേശുക്രിസ്തുവിന്റെ തന്നെ മാറാത്ത പൗരോഹിത്യത്തിലുള്ള പങ്കാളിത്തമാണ് അത്. ഈ പങ്കാളിത്തം യേശുക്രിസ്തുതന്നെ, സഭയ്ക്കു മുഴുവനായും അപ്പോസ്തോലന്മാർക്ക് പ്രത്യേകമായും ഭരമേൽപ്പിച്ച അധികാരമാണ് (യോഹ. 20:21 –23).

(a) കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം

‘നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു”. (മത്തായി 18:18, യോഹ. 20:23).

(b) സൗഖ്യദാനാധികാരം

“അനന്തരം അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു (മത്താ. 10:1).

(c) തന്നോടുകൂടെയിരിപ്പാനും, പ്രസംഗിക്കുവാൻ അയയ്ക്കേണ്ട തിനും ഭൂതങ്ങളെ പുറത്താക്കുവാനും അധികാരം ഉണ്ടാകേണ്ടതിനും നിയമിക്കപ്പെട്ട അധികാരം

“അവൻ തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിന് അയ പ്പാനും, ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു” (മർക്കോ. 3:14, 15).

(d) ക്രിസ്തുവിൽകൂടെ മദ്ധ്യസ്ഥതയണയ്ക്കുവാനുള്ള അധികാരം

“ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേ ക്ഷിപ്പിൻ: എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങ ൾക്കു ലഭിക്കും” (യോഹ. 16:24)

(e) സകല ജാതികളേയും ശിഷ്യരാക്കുവാനുള്ള അധികാരം

“ആകയാൽ നിങ്ങൾ പുറപ്പെട്ടു. പിതാവിന്റെയും പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ, ലോകാവ സാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളി ച്ചെയ്തു” (മത്താ. 28:20).

5. സഭയുടെ ദൗത്യം “പൗരോഹിത്യ” ദൗത്യമാകുന്നത് എങ്ങനെ?

സഭയുടെ ദൗത്യം യേശുക്രിസ്തുവിന്റെ ദൗത്യമാണ്. യേശുക്രിസ്തു വിന്റെ ദൗത്യം പൗരോഹിത്യ ദൗത്യമാണ് എന്നത് കൂടുതൽ വിശദമാ ക്കേണ്ടതില്ലല്ലോ. സഭ, പുരോഹിത ഗണമാകുന്നത് വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ:- നിങ്ങളോ, അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പിപ്പാൻതക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, **രാജ കീയ പുരോഹിതവർഗ്ഗവും** വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു (1 പത്രോ. 2:9).

“മനുഷ്യർ തള്ളിയതെങ്കിലും ദൈവ സന്നിധിയിൽ ശ്രേഷ്ഠവും മാന്യ

വുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രോ. 2:4, 5) കൂടാതെ വെളിപാട് 1:6ഉം കാണുക.

6. സഭയുടെ "പൗരോഹിത്യ" ദൗത്യത്തിൽ അപ്പോസ്തോലന്മാർക്ക് പ്രത്യേകസ്ഥാനം ഉണ്ടായിരുന്നുവോ?

ഉണ്ടായിരുന്നു. സഭയ്ക്ക് പൊതുവായ പൗരോഹിത്യം ഉണ്ടെങ്കിലും അതിന്റെ പ്രത്യേകമായ ചില ദൗത്യങ്ങൾ നിർവ്വഹിക്കുവാൻ അപ്പോസ്തോലന്മാർക്ക് പ്രത്യേക അധികാരം നൽകിയെന്ന് വേദം സാക്ഷിക്കുന്നു.

(a) യേശുക്രിസ്തു തന്നെ അപ്പോസ്തോലന്മാരെ പ്രത്യേക സ്ഥാനവും ദൗത്യവും നൽകി തെരഞ്ഞെടുത്തു (മത്താ. 10:1–4; മർക്കോ 3:13–19, ലൂക്കോ 6:12–16).

(b) അപ്പോസ്തോലന്മാർക്ക് സിംഹാസനാവകാശവും ന്യായവിധിയുടെ അധികാരവും നൽകി (മത്താ. 19:27, 28, ലൂക്കോ. 22:30)

(c) അപ്പോസ്തോലന്മാരെയാണ് വി. കുർബ്ബാനയുടെ അനുഷ്ഠാനം ഏല്പിച്ചത്. "എന്റെ ഓർമ്മയ്ക്കായി ഇതിനെ അനുഷ്ഠിപ്പിൻ" (ലൂക്കോ. 22:19, 1 കൊരി. 11:24–26)

(d) അപ്പോസ്തോലന്മാർക്ക് സ്നാനം കഴിപ്പിപ്പാനും സുവിശേഷം അറിയിപ്പാനും പ്രത്യേക ദൗത്യം (മത്താ. 28:16–20, മർക്കോ. 6:14–18, ലൂക്കോ. 24:45–49; യോഹ. 20:19–23)

(e) ഉയിർപ്പിനു ശേഷം അപ്പോസ്തോലന്മാർക്കുവേണ്ടി പ്രത്യേകമായി താൻ വെളിപ്പെട്ട് ഉപദേശം നൽകി. (അപ്പോ. പ്ര. 1:13; യോഹ. 20:19–23; 20:26–29).

കൂടാതെ, അപ്പോസ്തോലികഗണത്തിന് പ്രത്യേകമായ സ്ഥാനവും അധികാരവും ഉണ്ടായിരുന്നുവെന്നത് ആദിമസഭാ ചരിത്രത്തിൽ വളരെ വ്യക്തമാണ്. അതിന്റെ ഉദാഹരണമാണല്ലോ, അപ്പോസ്തോലിക ഗണം തികയ്ക്കുന്നതിനുവേണ്ടി മത്തിയാസിനെ തെരഞ്ഞെടുത്തത്. (അപ്പോ. പ്ര. 1:16–26) അതുപോലെതന്നെ, അപ്പോസ്തോലന്മാർക്കു മാത്രമായി കരുതിയിരുന്ന ചുമതലയായിരുന്നു പരിശുദ്ധാത്മ പ്രാപ്തിക്കുവേണ്ടിയുള്ള കൈവയ്പ് (അപ്പോ. പ്ര. 8:14–18;2 തീമോത്തി. 1:6) ആദിമസഭയിൽ അപ്പോസ്തോലന്മാർക്ക് നയപരമായ കാര്യങ്ങളിലുണ്ടായിരുന്ന

പ്രത്യേക അധികാരത്തെക്കുറിച്ചും പല സൂചനകളുമുണ്ട് (അപ്പോ. പ്ര. 15:6, എഫേസ്യ 2:20, 4:11).

7. അപ്പോസ്തോലിക ദൗത്യം "പൗരോഹിത്യ" ദൗത്യമായി പുതിയനിയമം ചിത്രീകരിക്കുന്നുണ്ടോ?

പഴയനിയമ പൗരോഹിത്യത്തിന്റെ ദുഷിപ്പുകളെക്കുറിച്ച് വ്യക്തമായ ബോധ്യമുണ്ടായിരുന്ന പുതിയനിയമ ഗ്രന്ഥകാരന്മാർ ബോധപൂർവ്വം, പൗരോഹിത്യ ഭാഷാശൈലി ഉപയോഗിക്കാതിരിക്കയാണ് ചെയ്തത്. എങ്കിലും പ. പൗലോസ് ശ്ലീഹാ തന്റെ ദൗത്യത്തെ പൗരോഹിത്യ ശുശ്രൂഷയ്ക്കായി ഒരിക്കൽ ചിത്രീകരിച്ചിട്ടുണ്ട്.

"എങ്കിലും ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം **പുരോഹിതനായി** അനുഷ്ഠിച്ചുകൊണ്ട് ജാതികളിൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടതിനു ദൈവം എനിക്കു നൽകിയ കൃപ നിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തുംവണ്ണം ഞാൻ ചിലേടത്ത് അതി ധൈര്യമായി നിങ്ങൾക്കു എഴുതിയിരിക്കുന്നു" (റോമ. 15:15, 16).

8. അപ്പോസ്തോലന്മാരുടെ "പൗരോഹിത്യ" ദൗത്യത്തിന്റെ പ്രധാന സൂചനകൾ എന്തൊക്കെ?

i. അവർ ക്രിസ്തുവിന്റെ സ്ഥാനപതികൾ ആണ്.

ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികളായി ദൈവത്തോട് നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു (2 കൊരി. 5:20)

ii. അവർ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും ആണ്

"ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ" (1 കൊരി. 4:1) (കൂടാതെ റോമ. 15:15 ഉം എഫേ. 3:7 ഉം കാണുക)

iii. അവർ, ദൈവത്താൽ **നിയമിക്കപ്പെട്ടവർ** ആണ് (1 കൊരി. 12:28; എഫേ. 4:11; 2 തീമോത്തി 1:11)

iv. അവർ, ദൈവത്തിന്റെ കൂട്ടുവേലക്കാർ ആണ് (1 കൊരി. 3:9)

v. അവർ, **നിരപ്പിന്റെ ശുശ്രൂഷക്കാർ** ആണ്. (2 കൊരി. 5:18)

vi. അവർ, സഭയാകുന്ന മന്ദിരത്തിന്റെ **അടിസ്ഥാനം** ആണ് (എഫേ. 2:20)

vii. അവർ, സഭയുടെ ശുശ്രൂഷകർ ആണ് (എഫേ. 3:7, കൊലോ. 1:23)

9. അപ്പോസ്തോലന്മാരുടെ പൗരോഹിത്യദൗത്യം അവർക്കു സഭയിൽ പ്രത്യേകമായി തുടരുവാൻ സംവിധാനം ഉണ്ടായിട്ടുണ്ടോ?

അപ്പോസ്തോലന്മാരുടെ പ്രത്യേക പൗരോഹിത്യ ദൗത്യം അവർക്കു ശേഷവും സഭയിൽ തുടരണം എന്ന് അവർ ആഗ്രഹിച്ചിരുന്നു. അതിനു വേണ്ടി ഉണ്ടായതായ സംവിധാനം ആണ് **മൂപ്പന്മാരുടെയും** Presbyters **അദ്ധ്യക്ഷന്മാരുടെയും** (Bishops) സ്ഥാനങ്ങൾ. ഇതിനെ വിശദമാക്കുന്ന വേദഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

i. അവർ (അപ്പോസ്തോലന്മാർ) സഭതോറും **മൂപ്പന്മാരെ** (സുറിയാനി: 'കശീശന്മാർ') നിയമിച്ചു. (അപ്പോ. പ്ര. 14:23, തീത്തോസ്. 1:5)

ii. സഭയോട് അറിയിക്കേണ്ടതായ കാര്യങ്ങൾ ആദ്യം **മൂപ്പന്മാരെ** വിളിച്ചുവരുത്തി അറിയിക്കും (അപ്പോ. പ്ര. 20:17).

iii. **അദ്ധ്യക്ഷന്മാരാകുവാൻ** പ്രത്യേക യോഗ്യതകൾ ഉണ്ടാകണം എന്ന് നിഷ്ക്കർഷിച്ചു; കാരണം അവർ "ദൈവസഭയെ" "പരിപാലിക്കേണ്ടവ"രാണ്. (1 തീമോത്തി. 3:1–7) മൂപ്പന്മാരും അങ്ങനെ തന്നെ (തിത്തൂസ് 1:5–9)

iv. മൂപ്പന്മാർക്ക് **കൈവയ്പിന്റെ** അധികാരവും നൽകപ്പെട്ടിരുന്നു (1 തീമോത്തി 4:14).

v. മൂപ്പന്മാർ **ഭരിക്കുവാനും,** വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുവാനും ഉപദേശിക്കപ്പെട്ടിരുന്നു (1 തീമോത്തി 5:17–25)

vi. നിത്യ മഹാപുരോഹിതനായി യേശു ഉണ്ടെങ്കിലും "ജനത്തെ നടത്തുന്നവർ" ഉണ്ടായിരിക്കണമെന്നും അവരെ അനുസരിച്ച് കീഴടങ്ങിയിരിക്കണമെന്നും പ്രബോധിപ്പിച്ചിരുന്നു. 'നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ" (എബ്രാ. 13:18).

vii. സഭയുടെ മൂപ്പന്മാരെ അഭിസംബോധന ചെയ്യുമ്പോൾ അപ്പോസ്തോലൻ സ്വയം **കൂട്ടുമൂപ്പൻ** എന്ന് വിശേഷിപ്പിക്കുന്നു (1 പത്രോ. 5:1).

viii. സഭയിലെ **മൂപ്പന്മാർക്ക്,** സൗഖ്യദാനത്തിനും മദ്ധ്യസ്ഥതയണയ്ക്കുവാനും പ്രത്യേക അധികാരം നൽകപ്പെട്ടിരുന്നു. "നിങ്ങളിൽ

ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേൽപ്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും". (യാക്കോ. 5:14-15)

മേൽപറഞ്ഞതിൽ നിന്ന് നാം പ്രത്യേകം മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. അപ്പോസ്തലന്മാർക്ക് ആദിമസഭയിൽ ഉണ്ടായിരുന്ന അതേ ദൗത്യങ്ങൾ, മൂപ്പന്മാർക്കും അദ്ധ്യക്ഷന്മാർക്കും ലഭിച്ചു. ഈ രണ്ടുസ്ഥാനങ്ങളും തമ്മിൽ വ്യക്തമായ വ്യത്യാസങ്ങൾ ഉടലെടുക്കുന്നത് പില്ക്കാലത്താണ്. അപ്പോസ്തോലിക ദൗത്യങ്ങളായിരുന്നവയെല്ലാം തന്നെ അവരിൽ ഭരമേൽപ്പിക്കപ്പെടുന്നതു നാം കാണുന്നു.

ഉദാ. ഇടയത്വം (1 പത്രോ. 5:1, 2, എഫേ. 4:11, അപ്പോ. പ്ര. 20:28-30)
ഭരണം, നടത്തിപ്പ് (1 തിമോത്തി 5:17; എബ്രായ 13:17)
കൈവയ്പ് (1 തിമോത്തി 4:14; 5:22)
കൂദാശ, മദ്ധ്യസ്ഥ പ്രാർത്ഥന (യാക്കോ. 5:14-18)

10. അപ്പോസ്തോലന്മാരിലും, മൂപ്പന്മാരിലും, അദ്ധ്യക്ഷന്മാരിലും കൂടി സഭയിൽ തുടരുന്ന പ്രത്യേക പൗരോഹിത്യവും, സഭയുടെ പൊതുവായ പൗരോഹിത്യവും തമ്മിലുള്ള ബന്ധം എപ്രകാരമാണ്?

ഇവിടെ പ്രത്യേകം ഓർക്കേണ്ടതായ ഒരു സംഗതിയുണ്ട്; സഭയുടെ പൊതുവായ പൗരോഹിത്യ ധർമ്മത്തിന്റെ ഭാഗം തന്നെയാണ് പ്രത്യേക പൗരോഹിത്യം. ഈ വസ്തുതയുടെ അടിസ്ഥാന പ്രമാണം "ഒരു ശരീരം"; പല അവയവങ്ങൾ; ഓരോ അവയവത്തിനും ഓരോ ധർമ്മം; എന്നാൽ എല്ലാം സഭയുടെ പൊതുവായ ആത്മീക വർദ്ധനവിന് എന്നുള്ളതാണ്. പരിശുദ്ധനായ പൗലൂസ് ശ്ലീഹാ ഈ പ്രമാണത്തെ പല അവസരങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്.

ഉദാ: എഫേ. 4:11-16, 1 കൊരി. 12:4-11, 12-26, 27-30, 14:23-26. പൗലൂസ് ശ്ലീഹാ എടുത്തു ചോദിക്കുന്ന ഒരു ചോദ്യം പ്രത്യേകം ശ്രദ്ധേയമാണ്.

എല്ലാവരും അപ്പോസ്തലന്മാരോ?
എല്ലാവരും പ്രവാചകന്മാരോ?
എല്ലാവരും ഉപദേഷ്ടാക്കന്മാരോ?
എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ?
എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?
എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? (1 കൊരി 12:29, 30)

ചുരുക്കം പറഞ്ഞാൽ, സഭയുടെ പൊതുവായ പൗരോഹിത്യത്തിന്റെ ഭാഗമായി, പ്രത്യേകമായ ദൗത്യങ്ങൾ നിർവ്വഹിക്കുകയെന്നതാണ് പ്രത്യേക പൗരോഹിത്യത്തിന്റെ ധർമ്മം.

11. പ്രത്യേകമായ പൗരോഹിത്യധർമ്മം, യേശുക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥ സ്ഥാനത്തിന് കോട്ടം വരുത്തുകയില്ലേ?

"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ" (1 തിമോത്തി. 2:5) എന്ന വേദവചനത്തിന് വിപരീതമായിട്ടല്ല സഭയുടെ പ്രത്യേക പൗരോഹിത്യവും മദ്ധ്യസ്ഥതാ സങ്കൽപ്പവും നില നിൽക്കുന്നത്. ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവും ലോകവുമായുള്ള ബന്ധത്തിൽ മാത്രമാണ് പ്രത്യേക പൗരോഹിത്യത്തിനും, മദ്ധ്യസ്ഥ തയ്ക്കും പ്രാധാന്യം ഉള്ളത്. അതായത് **"എന്റെ നാമത്തിൽ അപേ ക്ഷിപ്പിൻ"** (യോഹ. 16:24) എന്നുള്ള കർത്തൃ കൽപ്പനയുടെ പൂർത്തീ കരണമായിട്ട് യേശുക്രിസ്തുവാകുന്ന ഏകമദ്ധ്യസ്ഥന്റെ കീഴിലുള്ള മദ്ധ്യ സ്ഥതാ ദൗത്യമാണ് ക്രൈസ്തവ പൗരോഹിത്യത്തിന്റേത്. മറ്റൊരുവി ധത്തിൽ പറഞ്ഞാൽ, യേശുക്രിസ്തുവിന്റെ കൽപ്പനപ്രകാരം തന്നെ (യോഹ. 16:23-24) തന്റെ മദ്ധ്യസ്ഥതാ ദൗത്യത്തിലുള്ള പങ്കാളിത്തം മാത്രമാണ് പ്രത്യേക പൗരോഹിത്യത്തിന്റേത്. യേശുക്രിസ്തുവിൽ കൂടി മാത്രമാണ് എല്ലാ അപേക്ഷകളും പിതാവാം ദൈവത്തിന്റെയടുക്കൽ സമർപ്പിക്കപ്പെടുന്നത്. (മത്താ. 18:20, യോഹ. 16:23, 24).

12. യേശുക്രിസ്തു ഒരിക്കലായിട്ട് എല്ലാക്കാലത്തേയ്ക്കുമുള്ള ബലിയായിത്തീർന്നെങ്കിൽ (എബ്രാ. 7:27) സഭ ബലിയർപ്പിക്കുന്ന പുരോഹിതന്മാരെ നിയമിക്കയും ചെയ്യേണ്ടതുണ്ടോ?

യേശുക്രിസ്തുവിന്റെ നിത്യമായ ബലിയിലുള്ള കൂട്ടായ്മയാണ് വി. കുർബ്ബാന. അല്ലാതെ ക്രിസ്തുവിന്റെ ബലിയുടെ ആവർത്തനമോ, അനു കരണമോ വെറും സ്മരണയോ അല്ല. "കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കു"വാൻ അവന്റെ "ശരീര" "രക്തങ്ങളിൽ" സംബന്ധിച്ചുകൊണ്ട് എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വീൻ എന്ന കർത്തൃകല്പനയുടെ അനുഷ്ഠാനമാണ് വി. കുർബ്ബാന (1 കൊരി. 11:23-26). ദൈവത്തിന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന "സ്തോത്രയാഗം" (എബ്രാ. 13:15) വി. കുർബ്ബാനയിൽകൂടി അർപ്പിക്കു ന്നതിനാലും നിത്യബലിയായ ക്രിസ്തുവിന്റെ ശരീരരക്തങ്ങളെ അവി ടത്തെ കല്പനപ്രകാരം (യോഹ. 6:48-58) അനുഭവിക്കുന്നതിനാലും വിശുദ്ധ കുർബ്ബാനയെ **ബലി**യായിട്ടു പറയുന്നു. പ്രസ്തുത ബലി, ക്രിസ്തുവിന്റെ നിത്യബലിയിലുള്ള ചരിത്രപരമായ കൂട്ടായ്മയാണ്. അതുപോലെ യേശുക്രിസ്തുവാകുന്ന നിത്യമഹാപുരോഹിതന്റെ ദൗത്യ

ത്തിലുള്ള ചരിത്രപരമായ കൂട്ടായ്മ വഹിക്കുന്നവരെ പുരോഹിതന്മാർ എന്നും പറയുന്നു.

13. യേശുക്രിസ്തുവിന്റെ പൗരോഹിത്യം "മൽക്കീസദേക്കിന്റെ" എന്നുപറയുന്നതിന്റെ സൂചനയെന്ത്?

പഴയനിയമ പൗരോഹിത്യം ലേവിയുടെ വിധത്തിൽ (ലേവ്യകുലത്തിന്റെ പിൻതുടർച്ച പ്രകാരം) ആയിരുന്നുവെങ്കിൽ, യേശുക്രിസ്തുവിന്റെ പൗരോഹിത്യം മൽക്കീസദേക്കിന്റെ വിധത്തിൽ ആയിരുന്നുവെന്ന് എബ്രായലേഖന കർത്താവ് സാക്ഷിക്കുന്നു. ലേവ്യകുലത്തിന് മാത്രമായ കുടുംബ പിൻതുടർച്ചപ്രകാരം നിലനിന്ന സംവിധാനമായിരുന്നു അത്. മൽക്കീസദേക്ക്, ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും ആയിരുന്നുവെന്നും, ശത്രുക്കളെ നിഗ്രഹിച്ച് വിജയശ്രീലാളിതനായി വന്ന അബ്രഹാമിന് അദ്ദേഹം അപ്പവും വീഞ്ഞും നൽകി അനുഗ്രഹിച്ചുവെന്നും ഉൽപ്പ. 14:18 മുതൽ വാക്യങ്ങളിൽ വായിക്കുന്നു. 110-ാം സങ്കീർത്തനത്തിൽ നീ മൽക്കീസദേക്കിന്റെ വിധത്തിൽ എന്നേക്കും പുരോഹിതനാകുന്നു (4-ാം വാക്യം) എന്ന് ഒരു ആശീർവാദവും കാണുന്നു. ഈ രണ്ടു പഴയനിയമ ഭാഗങ്ങളുടെയും അടിസ്ഥാനത്തിലാണ് എബ്രായലേഖന കർത്താവ് യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തെ മൽക്കീസദേക്കുമായി ബന്ധിക്കുന്നത് (എബ്രാ. 5:6, 10; 6:20, 7:1-22). താഴെപ്പറയുന്ന സൂചനകളാണ് ലേഖന കർത്താവ് പ്രധാനമായും ഇവിടെ ഉദ്ദേശിക്കുന്നത്.

i. മൽക്കീസദേക്കിന്റെ പൗരോഹിത്യത്തിന് ചരിത്രപരമായ ആരംഭമോ ഗോത്രപരമായ പിൻതുടർച്ചയോ ഇല്ല. യേശുക്രിസ്തുവിന്റെ പൗരോഹിത്യവും അങ്ങനെതന്നെ.

ii. മൽക്കീസദേക്കിൽ, രാജത്വവും പൗരോഹിത്യവും സമ്മേളിച്ചിരുന്നതുപോലെ, യേശുക്രിസ്തുവിലും രാജത്വം പൗരോഹിത്യവും സമ്മേളിച്ചിരിക്കുന്നു.

iii. മൽക്കീസദേക്കിന്റെ പൗരോഹിത്യത്തിന് ചരിത്രപരമായ അന്ത്യം കാണാതെ, എന്നേക്കും എന്ന വിശേഷണം നൽകപ്പെട്ടിരിക്കുന്നതുപോലെ (സങ്കീ. 110:4) **യേശുക്രിസ്തുവിന്റെ** പൗരോഹിത്യവും നിത്യപൗരോഹിത്യവുമാണ്.

iv. മൽക്കീസദേക്കിന്റെ കാഴ്ചവസ്തുക്കളായിപ്പറയുന്നത് അപ്പവും വീഞ്ഞും ആണ്. യേശുക്രിസ്തുവും തന്റെ തിരുബലിയുടെ കൂദാശയായ തിരുവത്താഴത്തിന് ഉപയോഗിച്ചത് അപ്പവും വീഞ്ഞുമായിരുന്നു.

14. പുതിയനിയമ പൗരോഹിത്യ സമ്പ്രദായത്തിൽ തന്നെ പുരാതന സഭകൾ "അപ്പോസ്തോലിക" പിൻതുടർച്ച നിഷ്കർഷിക്കുന്നു. ഇതിന്റെ ഉദ്ദേശ്യമെന്ത്?

സഭയുടെ ക്രമീകൃതമായ വളർച്ചയുടെ പാതയിൽ ചില വിരുദ്ധോപദേശങ്ങൾ പഠിപ്പിക്കുന്നവർ കടന്നു വരുകയും, അവരുടേതായ സഭാവിഭാഗങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഇതിൽ പ്രധാനികളായിരുന്നു ജ്ഞാനവാദക്കാർ. അവർ തങ്ങളുടെ പഠിപ്പിക്കലിന് ആധികാരികത അവകാശപ്പെടുവാൻവേണ്ടി, അപ്പോസ്തലന്മാരിൽനിന്ന് രഹസ്യമായി ലഭിച്ചതെന്നു പറഞ്ഞ ചില പിൻതുടർച്ചകൾ പറഞ്ഞു പരസ്യപ്പെടുത്തി. ഈ ഘട്ടത്തിൽ യഥാർത്ഥമായ "അപ്പോസ്തോലിക പിന്തുടർച്ച" യെക്കുറിച്ച് സഭാവിശദീകരണം നൽകുകയും അത് പിന്നീടും നിഷ്കർഷിക്കുകയും ചെയ്തു. അപ്രകാരം നൽകപ്പെട്ട വിശദീകരണങ്ങളിൻപ്രകാരം താഴെപ്പറയുന്ന കാര്യങ്ങളാണ്, അപ്പോസ്തോലിക പിന്തുടർച്ചയുടെ പ്രധാന സൂചനകൾ.

i. അപ്പോസ്തോലിക വിശ്വാസത്തിലും, പാരമ്പര്യത്തിലും, സാക്ഷ്യത്തിലും ഉള്ള ഐക്യരൂപ്യം

ii. അപ്പോസ്തോലിക സഭയുമായുള്ള കൂട്ടായ്മ

iii. അപ്പോസ്തോലന്മാരിൽകൂടി തുടർന്നുപോരുന്ന പ്രത്യേക പൗരോഹിത്യ സംവിധാനം ചരിത്രപരമായി തുടരുന്ന സഭയോടുള്ള വിധേയത്വം.

iv. അപ്പോസ്തോലിക സഭാ കൂട്ടായ്മയിൽ തുടർന്നു പോരുന്ന പൗരോഹിത്യത്തിന്റെ ചരിത്രപരമായ കൈവയ്പ്.

15. "പുരോഹിതൻ" എന്നപദം പുതിയനിയമ സഭാനേതാക്കൾക്ക് ഉപയോഗിക്കാത്തതുകൊണ്ടും, "നിങ്ങൾ ഭൂമിയിൽ ആരെയും പിതാവെന്നു വിളിക്കരുത്. ഒരുവനത്രെ നിങ്ങളുടെ പിതാവ് സ്വർഗ്ഗസ്ഥനായ പിതാവുതന്നെ" (മത്താ. 23:9) എന്ന് പറയുന്നതുകൊണ്ടും പുരോഹിതൻ എന്നും ഫാദർ എന്നും ഉള്ള അഭിസംബോധന പുതിയനിയമ സഭാനേതൃസ്ഥാനികൾക്കു ചേരുന്നതാണോ?

'പുരോഹിതൻ' എന്നപദം പുതിയ നിയമത്തിൽ സഭാനേതാക്കൾക്ക് അധികം ഉപയോഗിക്കുന്നില്ല എന്നതു ശരിയാണ്. അതിന്റെ പ്രധാനകാരണം പഴയനിയമ പൗരോഹിത്യത്തിലെ ദുഷിപ്പുകളുമായി ബന്ധമുണ്ടാകരുതെന്ന താല്പര്യമായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷ മഹാപുരോഹിത ശുശ്രൂഷയാണെന്ന് എബ്രായ ലേഖനവും സഭയുടെ

മുഴുവൻ ദൗത്യവും പുരോഹിത ദൗത്യമാണെന്ന് പത്രോസ് ശ്ലീഹായും വെളിപാടു പുസ്തകവും അപ്പോസ്തോലിക ദൗത്യം പുരോഹിത ദൗത്യമാണെന്ന് പൗലോസ് ശ്ലീഹായും (റോമ. 15:15, 16) സാക്ഷിക്കുമ്പോൾ പുതിയ നിയമത്തിന് പുരോഹിത നാമം നിഷിദ്ധമല്ലെന്ന് വ്യക്തമാണല്ലോ. പുതിയ അർത്ഥത്തോടെ ഈ "പുരോഹിത" നാമധേയം യേശുക്രിസ്തു ആകുന്ന മഹാപുരോഹിതന്റെ ശുശ്രൂഷയിലുള്ള പങ്കാളിത്തമായിട്ടാണ് ഉപയോഗിക്കുന്നത്.

"ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്" എന്ന് പറയുന്നിടത്ത് ആക്ഷരികമായ ഒരു വിലക്ക് അല്ല യേശുക്രിസ്തു ഉദ്ദേശിച്ചത്. ആക്ഷരികമായ ഒരു അനുസരണമാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ, തന്റെ സ്വന്തം വാക്കുകളിലും സുവിശേഷകന്മാരുടെയും അപ്പോസ്തോലന്മാരുടെയും വാക്കുകളിലും "പിതാവ്" എന്ന് മനുഷ്യർക്ക് ഉപയോഗിക്കുന്ന ഒറ്റ സംഭവം പോലും ഉണ്ടാകരുതായിരുന്നു. എന്നാൽ എത്രയെത്ര ഭാഗങ്ങളിലാണ് "പിതാവ്" എന്നപദം പ്രത്യക്ഷത്തിലും പരോക്ഷത്തിലും മനുഷ്യർക്കുപയോഗിക്കുന്നത് (ഉദാ. മത്താ. 4:21, 10:21, 35, 37., 15:4; ലൂക്കോ 11:11; 15, 18; അപ്പോ.പ്ര. 7:2, റോമ. 4:16., ഗലാ. 4:19, 20, കൊലോ. 3:21, യാക്കോബ് 2:21, 1 കൊരി. 4:17) കൂടാതെ മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായത്തിൽ പിതാവ് എന്ന പദത്തിനുമാത്രമല്ല വിലക്ക് 'ഗുരു', 'യജമാനൻ' എന്നീ പദങ്ങൾക്കും ഇതേ വിലക്കുണ്ട്. ഈപദങ്ങളും മനുഷ്യർക്ക് മാത്രമായി പ്രത്യേകിച്ച് അപ്പോസ്തലന്മാർ സ്വയമായിട്ടും ഉപയോഗിക്കുന്ന അനേക ഭാഗങ്ങൾ പുതിയനിയമത്തിൽ ഉണ്ട്. (ഉദാ. മത്താ. 6:24, മർക്കോസ്. 13:34, ലൂക്കോ 14:21, അപ്പോ. പ്ര. 13:1, റോമാ 2:20, കൊലോ 3:22, 1 കൊരി 12:28, 2 തീമോത്തി 1:11; എഫേ. 6:9).

സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്ഥാനം അവകാശപ്പെടുന്ന ഒരു ഭൗമികപിതാവോ, ക്രിസ്തുവിന്റെ സ്ഥാനം അവകാശപ്പെടുന്ന ഒരു യജമാനനോ ഗുരുവോ ഇടയനോ (പാസ്റ്റർ) ഉണ്ടാകാൻ പാടില്ല എന്നതു സഭയുടെ അടിസ്ഥാന പ്രമാണമാണ്. എന്നാൽ പരിമിതമായ അർത്ഥത്തിൽ, ഭൗമികവും ആത്മീകവുമായ പിതാക്കന്മാരും, ഗുരുക്കന്മാരും ഉണ്ടാകാം എന്നത് വേദത്തിന് വിരുദ്ധമല്ല. പ. പൗലോസ് ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കുക. നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല; ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത് (1 കൊരി. 4:15) പ്രസ്തുത അർത്ഥത്തിൽ മാത്രമാണ് ഒരു പുരോഹിതനെ, ഫാദർ അഥവാ പിതാവ് എന്ന് സംബോധന ചെയ്യുന്നത്.

ക്രൈസ്തവ പൗരോഹിത്യം, ഏകനിത്യമഹാപുരോഹിതനായ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ താൻ തന്നെ ഭരമേല്പിച്ചിരിക്കുന്ന പങ്കാളിത്തമാണ്. പഴയതിന്റെ വെറും തുടർച്ചയല്ല അത്. എന്നാൽ പഴയനിയമത്തിന്റെ പൂർത്തീകരണം എന്നനിലയിൽ ചില ബന്ധങ്ങൾ ഉണ്ടുതാനും. ഇങ്ങനെ ചില വസ്തുതകളെ വേദപുസ്തകാടിസ്ഥാനത്തിൽ മാത്രം വ്യക്തമാക്കുവാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. ക്രൈസ്തവ പൗരോഹിത്യത്തെ താത്വികമായി എതിർക്കുന്ന സമൂഹങ്ങളിൽപോലും, സമാന്തരമായ സ്ഥാനങ്ങളും അധികാരങ്ങളും ശുശ്രൂഷാക്രമീകരണങ്ങളും ഉള്ളത് ആർക്കും നിഷേധിക്കാൻ ആവുകയില്ല. പുരാതന സഭകളിൽ പ്രത്യേക പൗരോഹിത്യ വ്യവസ്ഥിതി ഉള്ളതുകൊണ്ട് സഭയുടെ പൊതുവായ പൗരോഹിത്യത്തെ അവഗണിക്കുന്നു എന്നുപറയുന്നതു ശരിയല്ല. സഭ മുഴുവനും കൂടിയാണ് വി. കുർബ്ബാനയും കൂദാശകളും അനുഷ്ഠിക്കുന്നത്. പ്രത്യേക പൗരോഹിത്യത്തോടൊപ്പം സാധാരണ ജനങ്ങളും കൂദാശാനുഷ്ഠാനത്തിൽ പങ്കുചേരുന്നുവെന്നും ഓർമ്മിക്കേണ്ടതാണ്.

20

നോമ്പും ഉപവാസവും

ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ

നോറ്റിരിക്കുന്നതാണ് 'നോമ്പ്' (to wait upon) കാത്തിരിക്കുന്നു എന്നുള്ളതുകൊണ്ടും ചിലകാര്യങ്ങൾക്കായി ആഗ്രഹിച്ചിരിക്കുന്നതിനാലും പ്രാധാന്യം കല്പിക്കുന്നതിനാലും മറ്റുള്ളവ അപ്രധാനമായിത്തീരുന്നു. ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നു എന്ന് ആത്മിക അർത്ഥം ചേർക്കാം. 'ഉപവാസം' എന്നത് (to sit beside) എന്ന അർത്ഥത്തിൽ കൂടെ ഇരിക്കുക എന്നും സാന്നിധ്യം അനുഭവിക്കുക എന്നും കാണാം. ഭാരതീയ അർത്ഥത്തിൽ, ഗുണങ്ങളോടൊത്തിരിക്കുക എന്നും ക്രിസ്തീയ അർത്ഥത്തിൽ, മുന്നെഴുതിയതു കൂടാതെ ക്രിസ്തുവിനൊപ്പം അഥവാ വി. ത്രിത്വത്തിനൊപ്പം എന്നും സൂചിപ്പിക്കുന്നു. നോമ്പ് ഉപവാസം എന്നീ പദങ്ങൾക്ക് സാധാരണയായി കണക്കാക്കിവരുന്ന അർത്ഥം യാഥാക്രമം പരിമിത വർജ്ജനം എന്നും (abstention) എന്നും സമ്പൂർണ്ണ വേറിടൽ (fasting) എന്നും ആണ്. എന്തായാലും, കാത്തിരിക്കുന്നതും സാന്നിധ്യമനുഭവിക്കുന്നതും ഒരേ അനുഭവത്തിലെ രണ്ട് വശങ്ങളാണ്. കാത്തിരിക്കുമ്പോൾ അത് അനുഭവിക്കുന്നുമുണ്ട്. ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നവർ അവിടുന്ന് ഒപ്പമുണ്ട് എന്ന ബോധ്യത്തോടെ നമ്മോടൊപ്പം ആരാധനയോടും പ്രത്യാശയോടും ജീവിക്കണമെന്ന് വിവക്ഷ.

നോമ്പിലെ വർജ്ജനങ്ങൾ സംബന്ധിച്ച്

ശരീരത്തിന് കൂടുതൽ പോഷണം നൽകുന്നതും, ആഢംബരത്തിന്റെയും ധാരാളിത്തത്തിന്റെയും ഭാഗമായതുമായ ഭക്ഷണങ്ങൾ വർജ്ജിച്ച് ശരീരത്തെ വരുതിയിൽ നിർത്താനും തദ്വാരാ ആത്മാവിനെ ശക്തിപ്പെടുത്തുവാനുമുദ്ദേശിച്ചുള്ളതാണ് നോമ്പിലെ വർജ്ജനകൾ. ഗ്രീക്കുകാർ, സസ്യ എണ്ണകളുൾപ്പെടെ വർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ നമ്മുടെ പൈതൃകത്തിൽ ശരീരത്തിന് കൂടുതൽ പോഷണമേകുന്നതും കൂടുതൽ രുചിപ്രദവുമായവ എന്ന അർത്ഥത്തിൽ, മുട്ട, മാംസം, മീൻ, പാൽ, പാലുല്പന്നങ്ങൾ എന്നിവ നോമ്പിൽ വർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ പ്രോട്ടീൻ സമ്പുഷ്ടമായ കശുവണ്ടിപ്പരിപ്പ്, ബദാം, കോൽനട്ട് എന്നിവയുടെ അമിത ഉപഭോഗം നോമ്പിലെങ്കിലും നിയന്ത്രിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

നോമ്പുപവാസങ്ങളും വർജ്ജനങ്ങളും ഔദ്യോഗികവും എല്ലാവരും പാലിക്കുവാൻ ബാദ്ധ്യസ്ഥരുമാണെങ്കിലും ചില വിഭാഗത്തിൽപെട്ടവരെ

ഒഴിവാക്കിയിട്ടുണ്ട്. മലങ്കരസഭയിൽ ഔഗേൻ ബാവായുടെ കാലം മുതൽ രോഗികൾ, ഗർഭിണികൾ, വൃദ്ധജനങ്ങൾ, കുഞ്ഞുങ്ങൾ (പ്രായം നിശ്ച യിച്ചിട്ടില്ല എങ്കിലും കൊച്ചുകുട്ടികൾ എന്ന് സൂചിതം) എന്നീ വിഭാഗ ങ്ങൾക്ക് നോമ്പിലെ വർജ്ജനങ്ങൾ സംബന്ധിച്ച് ഒഴിവുണ്ട്. അതായത് ആ വിഭാഗക്കാർക്ക് ആവശ്യമെങ്കിൽ മീനും, പാലും ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

നോമ്പും വി. കുർബ്ബാനയും

നോമ്പുപവാസങ്ങൾ അനുതാപത്തിന്റെ അനുഷ്ഠാനങ്ങൾ ആണ്. വി. കുർബാന അതിന്റെ പരിസമാപ്തിയോ ക്രിസ്തു സാന്നിദ്ധ്യത്തിന്റെ ആഘോഷ പൂർവ്വമായ പങ്കുചേരലോ ആകുന്നതിനാൽ ഉപവാസത്തിന് തടസ്സമുണ്ടാകാതെയും വി. കുർബാനയ്ക്കുള്ള ഒരുക്കം ശേലോടെ നിർവ്വഹിക്കുവാൻ പാകത്തിലും ആയിരിക്കണം ആയത് ക്രമീകരിക്കു വാൻ. അതുകൊണ്ടുതന്നെ വലിയ നോമ്പിൽ (അമ്പതുനോമ്പിൽ) ശനി, ഞായർ ദിവസങ്ങളിലോ നോമ്പിന്റെ മദ്ധ്യേ ദിവസത്തിലോ (പാതി നോമ്പ്) മറ്റ് ഔദ്യോഗിക ക്രമീകരണത്തിലുള്ള ദിവസങ്ങളിലോ മാത്രമെ വി. കുർബാന നടത്തുന്നുള്ളു. അങ്ങനെയാണ് വചനിപ്പിന്റെ ദിവസ ത്തിലും (മാർച്ച് 25), പാതിനോമ്പിലും, നാല്പതുദിന നോമ്പിന്റെ പൂർ ത്തീകരണമായ നാല്പതാം വെള്ളിയിലും കഷ്ടാനുഭവ ആഴ്ചയിൽ പെസഹാ വ്യാഴത്തിലും വി. കുർബാന അർപ്പിക്കുന്നത്. വി കുർബാന യിൽ വിശ്വാസി കർത്താവിനെ ധരിക്കുകയാണ്. അതുകൊണ്ടുതന്നെ മണവാളൻ കൂടെയുള്ളപ്പോൾ ഉപവാസം ആവശ്യമില്ല എന്ന് വച്ചിരി ക്കുന്നു. അന്ന് കുമ്പിടീലും ആവശ്യമില്ല. വി. കുർബാനയിൽ പങ്കുചേർന്ന വർ ഉപവാസത്തിൽ ഇരുന്നുകൂടാ എന്നതുകൊണ്ടാണ് വി. കുർബ്ബാനക്കു ശേഷം ഉപവസിക്കരുത് എന്ന് നിഷ്കർഷിക്കുന്നത്. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവൻ അതിന്റെ എല്ലാവിധ ബോധ്യാനുഭവങ്ങളിലും തുടർന്ന് ആയിരിക്കണമെന്ന് വിവക്ഷിക്കുന്നു.

കാനോനിക നോമ്പുകൾ

സഭ ഔദ്യോഗികമായി അംഗീകരിച്ചതും അനുഷ്ഠിക്കുവാൻ എല്ലാ വരും ബാദ്ധ്യസ്ഥരാണ് എന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമായ നോമ്പുകളാ ണിവ. വലിയനോമ്പ്, ഇരുപത്തി അഞ്ച് നോമ്പ്, പതിനഞ്ചുനോമ്പ്, പതി മൂന്നുനോമ്പ്, മൂന്നുനോമ്പ് എന്നിവ യഥാക്രമം കർത്താവിന്റെ ഉയിർപ്പിനു മുമ്പായും, ജനനപ്പെരുന്നാളിനുമുമ്പായും, വി. കന്യകമറിയാമിന്റെ വാങ്ങിപ്പിന് മുമ്പായും, വി. ശ്ലീഹന്മാരുടെ ഓർമ്മ ദിനത്തിനു മുമ്പായും യോനയുടെ അനുതാപത്തെ ഓർത്തും അനുഷ്ഠിക്കുന്നു.

എട്ടുനോമ്പ്

മലങ്കരയിൽ ചില ദിക്കുകളിൽ വ്യക്തിപരമായി പലരും അനുഷ്ഠിക്കുന്ന ഒരു നോമ്പാണ് എട്ടുനോമ്പ് എങ്കിലും അത് ഔദ്യോഗികമായ ഒന്നല്ല. പരിശുദ്ധ കന്യകമറിയാമിന്റെ ജനനത്തിന്റെ ഓർമ്മയോടനുബന്ധിച്ചാണ് ആ നോമ്പ്. കർത്താവിന്റെ ജനനത്തിനല്ലാതെ മറ്റാരുടെയും ജനനദിനം നോമ്പുപവാസങ്ങളോടെ പെരുന്നാളായി കൊണ്ടാടേണ്ടതില്ല എന്നാണ് നിഷ്കർഷ. കൂടാതെ നോമ്പിന്റെ പ്രമാണങ്ങൾക്കും വി. കുർബ്ബാനയുടെ നിഷ്ഠയ്ക്കും വിരുദ്ധമായ അംശങ്ങൾ എട്ടുനോമ്പാചരണത്തിൽ പരക്കെ കണ്ടുവരുന്നു. നോമ്പിന്റെ ദിനങ്ങളിൽ ഉപവസിക്കാതിരിക്കുകയോ വി. കുർബ്ബാനയ്ക്കുശേഷം ഉപവസിക്കുകയോ ചെയ്യുന്നത് ആയതിന്റെ പ്രമാണങ്ങളോട് ഒത്തുപോകുന്നില്ല.

ബുധൻ, വെള്ളി ഉപവാസം

നോമ്പുപവാസങ്ങൾക്ക് പ്രസിദ്ധരായിരുന്ന യഹൂദന്മാർ, തിങ്കൾ, വ്യാഴം ദിനങ്ങളിൽ നോമ്പനുഷ്ഠിച്ചുവന്നിരുന്നു. ആ ദിവസങ്ങൾ യറുശലേമിൽ അനേകർ കൂടുന്ന വലിയ ചന്തയുള്ള ദിവസങ്ങളായിരുന്നത്രെ. ഉപവസിക്കുന്നതിന്റെ മിച്ചം ഒട്ടുംതന്നെ കയ്യിൽ സൂക്ഷിക്കാതെ ചന്തയിൽ വരുന്ന സാധുക്കളെ സഹായിക്കുവാനുദ്ദേശിക്കപ്പെട്ടിരുന്നു എന്ന് വ്യക്തം. പുരാതനരേഖയായ ഡിഡാക്കെയിലെ പഠിപ്പിക്കൽ ഇങ്ങനെ "കപട ഭക്തരെപ്പോലെ ആഴ്ചയിൽ രണ്ടാം ദിനത്തിലോ അഞ്ചാം ദിനത്തിലോ നിങ്ങൾ ഉപവസിക്കരുത്, പകരം നാലാം ദിനത്തിലും (ബുധൻ) ഒരുക്കദിനത്തിലും (ശാബതിന്റെ തലേന്ന് വെള്ളി) ഉപവസിച്ചുകൊള്ളുക." വെള്ളിയാഴ്ച കർത്താവിന്റെ ക്രൂശാരോഹണത്തോടും ബുധൻ കർത്താവിന്റെ മാതാവിനോടും (വചനിപ്പ്) ബന്ധിപ്പിച്ചാണ് ഇന്ന് പ്രാധാന്യം കണക്കാക്കുന്നത്. വെള്ളിയാഴ്ചയുടെ കാര്യം ഏറെക്കുറെ കൃത്യമാണെന്നു കണക്കാക്കിയാലും ബുധനാഴ്ചയുടെ കാര്യത്തിൽ അവ്യക്തതയുണ്ട്. അത്, കർത്താവിന്റെ പിടിക്കപ്പെടലിന്റെ (arrest) ദിവസത്തെ ഓർത്തും പെസഹത്തലേന്ന് എന്ന അർത്ഥത്തിലും എന്ന് പഠിപ്പിക്കുന്ന ദൈവശാസ്ത്രജ്ഞരുണ്ട്. തെർത്തുല്യൻ, ഓറിഗൻ എന്നീ പിതാക്കന്മാരെ ഉദ്ധരിച്ച് ബ്രാഡ്ഷാ (Paul F. Bradshawe). മാക്സ്‌വെൽ ജോൺസൺ (Maxwell E. Johnson) എന്നിവർ അപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. (The Origins of feast, fasts and Seasons in early Christianity, Minnesoto: SPCK. 2011). അലക്സാൻഡ്രിയയിൽ വേദപുസ്തക വായനയ്ക്കും പ്രബോധനത്തിനും കൂടി വന്നിരുന്ന ദിവസം ബുധനാഴ്ച ആയിരുന്നു എന്ന് സഭാചരിത്രകാരനായ സോക്രട്ട്സ് രേഖപ്പെടുത്തിയിരിക്കുന്നു (Historica Ecclesiatica 5.22)

21

പെരുന്നാളുകൾ

ഫാ. സജി വർഗ്ഗീസ് അമയിൽ

ദൈവജനത്തിന്റെ ആരാധനാ ജീവിതത്തിൽ അതിപ്രമുഖമായ സ്ഥാനമാണ് പെരുന്നാളുകൾക്ക് വി. വേദപുസ്തകവും ദൈവശാസ്ത്രവും നൽകിയിരിക്കുന്നത്. വിടുതലിന്റെയും വിമോചനത്തിന്റെയും സമൂഹനിർമ്മിതിയുടെയും ദർശനങ്ങളാണ് പെരുന്നാളുകളെ അർത്ഥപൂർണ്ണമായ ആരാധനാനുഭവമാക്കിത്തീർക്കുന്നത്. "നീ സംവത്സരത്തെ നിന്റെ നന്മകൊണ്ട് അലങ്കരിക്കുന്നു" എന്നത് 65-ാം സങ്കീർത്തനം 11-ാം വാക്യത്തിന്റെ പ്രഖ്യാപനമാണ്. ദൈവശാസ്ത്രത്തിൽ കാലവും (Cycle), കിരീടധാരണവും (Crown) ധ്വനിപ്പിക്കുന്നത് ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളാണ്. 365 ദിവസം കൊണ്ട് ഭൂമി സൂര്യനെ വലംവച്ചുവരുന്നതുപോലെ ഒരുവർഷം കൊണ്ട് ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനങ്ങളെ ഓർമ്മിപ്പിക്കുവാനാണ് വിവിധ ആരാധനാ കാലങ്ങളും പെരുന്നാൾ ആഘോഷങ്ങളും സഭ ക്രമീകരിച്ചിരിക്കുന്നത്.

ഫറവോന്റെ അടിമക്കളങ്ങളിൽ നിന്നുള്ള വിമോചനത്തിന്റെ ദീപ്തമായ സ്മരണയുടെ ആഘോഷമാണ് വി. വേദപുസ്തകത്തിൽ നാം കണ്ടുമുട്ടുന്ന പെരുന്നാളിന്റെ ആദിരൂപം. പുറപ്പാട് 12:1–11, 24:1–11 തുടങ്ങിയവ പ്രത്യേക കാലങ്ങളെ പെരുന്നാളുകളായി ആചരിക്കേണ്ട ആവശ്യകത വ്യക്തമാക്കുന്നു. പുറപ്പാട് 23:14–17 പെരുന്നാളുകളെപ്പറ്റി ശരിയായി വിശദീകരണം നൽകുന്നു. "സംവത്സരത്തിന്റെ മൂന്നുപ്രാവശ്യം എനിക്ക് ഉത്സവം ആചരിക്കണം. പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ആചരിക്കണം. ഞാൻ നിന്നോടു കൽപ്പിച്ചതുപോലെ ആബീബ് മാസത്തിന്റെ നിശ്ചിതസമയത്ത് ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നുക. അന്നല്ലോ നീ മിസ്രയീമിൽ നിന്ന് പുറപ്പെട്ടുപോന്നത്. എന്നാൽ വെറും കയ്യോടെ എന്റെ മുമ്പാകെ വരരുത്. വയലിൽ വിതച്ച വിതയുടെ ആദ്യഫലം എടുക്കുന്ന കൊയ്ത്തുപെരുന്നാളും, ആണ്ടറുതിയിൽ വയലിൽ നിന്ന് നിന്റെ വേലയുടെ ഫലം കൂട്ടിത്തീരുമ്പോൾ കായ്കനി പെരുന്നാളും ആചരിക്കണം". കർത്താവ് ദൈവജനത്തിനു നൽകിയ പെരുന്നാളുകളുടെ പട്ടികയാണിത്. ലേവ്യ പുസ്തകം 23-ാം അദ്ധ്യായം പെരുന്നാളുകളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കൂടാതെ പുറപ്പാട് 23:14, 34:23, ആവർത്തനം 16:16, ലേവ്യ 21:40, ആവർത്തനം 16:14, ലേവ്യ. 17:11,

സംഖ്യ 28:22, യെഹസ്കേൽ 14:17-20 തുടങ്ങിയ ഭാഗങ്ങൾ പെരുന്നാളുകളെപ്പറ്റി വിശദീകരണം നൽകുന്നു.

യഹൂദ ഉത്സവങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ക്രിസ്തു പുതിയ നിയമത്തിൽ ഉണ്ട്. ലൂക്കോസ് 2:41-42 വരെയുള്ള ഭാഗങ്ങളിൽ ആണ്ടുതോറും പെസഹാ പെരുന്നാളിന് പങ്കെടുക്കുവാൻ യെരുശലേമിൽ പോകുന്ന ക്രിസ്തുവിന്റെ മാതാപിതാക്കളെപ്പറ്റിയും 12-ാം വയസ്സിൽ പതിവനുസ്സരിച്ച് പെരുന്നാളിനുപോകുന്ന ക്രിസ്തുവിനെപ്പറ്റിയും സംസാരിക്കുന്നു. പതിവ് യഹൂദന്റെ ആരാധനാ നിഷ്ഠയുമായി ബന്ധപ്പെട്ട പദമാണ്. പരസ്യശുശ്രൂഷാകാലത്ത് ദേവാലയത്തിലെ പെരുന്നാളുകളിൽ യേശു പതിവായി പങ്കെടുത്തിരുന്നു. യഹൂദന്മാരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു യെരുശലേമിലേക്കുപോയി എന്ന യോഹന്നാൻ 2:13 ഉം പെരുന്നാൾ പകുതിയായപ്പോൾ അവൻ ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചുതുടങ്ങി എന്ന യോഹന്നാന്റെ 7:13 ഉം പരിശുദ്ധ കന്യക മറിയാം ശിഷ്യന്മാരോടൊപ്പം നടത്തുന്ന പെന്തിക്കോസ്തി പെരുന്നാളും വി. വേദപുസ്തകത്തിലെ പെരുന്നാളുകളുടെ സ്ഥാനം വ്യക്തമാക്കുന്നു. യെരുശലേമിലെ പെസഹാ പെരുന്നാളിൽ പങ്കെടുക്കുവാനാണ് ക്രിസ്തു തന്റെ ഓശാനാ യാത്ര ആരംഭിച്ചത്. ഇവയെല്ലാം പെരുന്നാളുകളിൽ ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യത്തെ കുറിക്കുന്നു.

പെരുന്നാളുകളുടെ സ്വഭാവമനുസരിച്ച് അവയെ നാലായി തരംതിരിക്കാം.

1. മോറാനായ പെരുന്നാൾ (Christological)
2. റൂഹായ്ക്കടുത്ത പെരുന്നാൾ (Phneumatological)
3. സഭാ പെരുന്നാളുകൾ (Ecclesiological)
4. വിശുദ്ധരുടെ പെരുന്നാളുകൾ (Feast of Saints)

മോറാനായ പെരുന്നാൾ (Christological)

മോർ എന്ന സുറിയാനി പദത്തിന് കർത്താവ് എന്നും മോറാനായ എന്ന പദത്തിന് കർത്താവിനെക്കുറിച്ച് എന്നുമാണ് അർത്ഥം. ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവയാണ് മോറാനായ പെരുന്നാളുകളുടെ അടിസ്ഥാനം. മോറാനായ പെരുന്നാളുകൾ മൂന്നുവിധത്തിൽ ക്രമീകരിക്കപ്പെടുന്നു.

1. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പെരുന്നാളുകൾ
2. മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ടവ
3. മോറാനായ പോലെ കണക്കിടപ്പെടേണ്ടവ

1. കർത്താവിന്റെ രക്ഷാകരമായ പെരുന്നാളുകൾ

1. ജനനപ്പെരുന്നാൾ - ഡിസംബർ 25
2. ചേലാകർമ്മം - ജനുവരി 1
3. ദനഹാ - ജനുവരി 6
4. മായൽതോ - ഫെബ്രുവരി 2
5. ദൈവമാതാവിനോടുള്ള അറിയിപ്പ് - മാർച്ച് 25 (നോമ്പു ദിവസമായാലും കഷ്ടാനുഭവ ആഴ്ചയായാലും വി. കുർബ്ബാന നിർബന്ധം)
6. സ്വർഗ്ഗാരോഹണം
7. പെന്തിക്കോസ്തി
8. കൂടാരപ്പെരുന്നാൾ - ആഗസ്റ്റ് 6
9. സ്ലീബാ പെരുന്നാൾ - സെപ്റ്റംബർ 14
10. കർത്താവിന്റെ പെസഹാ
11. ദു:ഖവെള്ളി
12. ഉയിർപ്പ് പെരുന്നാൾ

വിശുദ്ധ കുർബ്ബാനയിലെ നിർബന്ധമായ പങ്കാളിത്തം, ലൗകികവേലകളിൽനിന്നുള്ള പിന്മാറ്റം തുടങ്ങിയവ ഈ മോറാനായ പെരുന്നാളുകളുടെ നിഷ്ക്കർഷയായി സഭ ക്രമീകരിച്ചിരിക്കുന്നു.

2. മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ടവ

1. മൂന്നുനോമ്പിലെ ബുധനാഴ്ച
2. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ)- ആഗസ്റ്റ് 15 എന്നിവയാണ് മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ട പെരുന്നാളുകൾ.

നോമ്പു വീടുന്ന ദിനമായതിനാൽ വി. കുർബ്ബാനയുള്ള പങ്കാളിത്തം സഭ നിഷ്ക്കർഷിക്കുന്നു.

3. മോറാനായപോലെ കണക്കിടപ്പെടേണ്ടവ

1. വി. ദൈവമാതാവിന്റെ പെരുന്നാൾ
2. വലിയനോമ്പിലെ ആദ്യ ശനിയാഴ്ച
3. മാർ തോമാശ്ലീഹായുടെ ഓർമ്മ
4. മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ
5. വി. ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ

ഈ ദിനങ്ങളിൽ വി. കുർബ്ബാനയിലുള്ള പങ്കാളിത്തത്തിനുശേഷം മറ്റ് ജോലികൾ ചെയ്യുന്നതിന് വിരോധമില്ല എന്ന് സഭ നിഷ്ക്കർഷിക്കുന്നു. പള്ളിപ്പെരുന്നാളുകൾ ആ ദേവാലയം ആരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ ആ പരിശുദ്ധന്റെ ഓർമ്മയുമായി

ബന്ധപ്പെട്ടാണ് നടത്തുന്നത്. വാങ്ങിപ്പോയ വിശുദ്ധന്മാർ ജഢത്തിൽ നമ്മോടുകൂടെ ഇല്ലെങ്കിലും ആത്മാവിൽ നമ്മോടുകൂടെ ഉണ്ട്. അവരോടുകൂടെ ഉള്ള സംസർഗ്ഗത്തിന് പെരുന്നാളുകൾ നമ്മെ സഹായിക്കുന്നു. ഈ പെരുന്നാൾ ദിനങ്ങളെ മാറാനായപോലെ കണക്കിടുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത്.

ഈസ്റ്റർ ദിനം

കർത്താവിന്റെ ഉയിർത്തെഴുന്നേൽപിന്റെ ആഘോഷം എല്ലാ പെരുന്നാളുകളുടെയും സജീവതയാണ്. പെരുന്നാളുകളിൽ വച്ച് ഈസ്റ്റർ ദിനത്തിന്റെ പ്രത്യേകത അതുകൊണ്ട് തന്നെ വലുതാണ്. ഈസ്റ്റർ ദിനത്തിന്റെ ദിവസം അനുസരിച്ചാണ് മറ്റ് പെരുന്നാളുകളുടെ തീയതിയും ദിവസവും ക്രമീകരിക്കപ്പെടുന്നത് (മുൻകൂട്ടി തീയതി നിശ്ചയിക്കപ്പെട്ടിരിക്കുന്നവയുടെ). ഈസ്റ്റർ ദിവസം കണക്കാക്കുന്നതിന് യഹൂദന്മാരുടെ പെസഹാ പെരുന്നാളുകളുടെ തീയതി നിർണ്ണയവുമായി സാമ്യമുണ്ട്. സൂര്യചന്ദ്രന്മാരുടെ ചലനം അനുസരിച്ച് പെസഹാ പെരുന്നാളിന്റെ തീയതി നിർണ്ണയിച്ചിരുന്ന പാരമ്പര്യം ഈസ്റ്റർ ദിവസം കണക്കാക്കുന്നതിനും തുടർന്നുവരുന്നു. വസന്തവിഷുകം (Vernal Equinon) എന്ന രീതി ശാസ്ത്രമാണ് സൂര്യചന്ദ്രന്മാരുടെ ചലനത്തെപ്പറ്റി അറിവുകൾ നൽകുന്നത്. ആണ്ടിൽ രണ്ടുദിവസം പകലും രാത്രിയും ഭൂമദ്ധ്യരേഖയിൽ സമം സമം ആയി വരും (മാർച്ച് 21, സെപ്റ്റംബർ 23). അതുകഴിഞ്ഞുവരുന്ന പൗർണ്ണമിയുടെ പിറ്റേ ഞായറാഴ്ച ആണ് ഈസ്റ്റർ ദിനമായി കണക്കാക്കപ്പെടുന്നത്. പൗർണ്ണമി ഞായറാഴ്ച ആയാൽ അതിനടുത്ത ഞായറാഴ്ച ഈസ്റ്റർ ദിനമായി കണക്കാക്കപ്പെടുന്നു. ഈസ്റ്റർ ദിനത്തിനായി പരിഗണിക്കപ്പെടുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22 ഉം ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25 ഉം ആണ്.

ക്യംതാ പെരുന്നാൾ അനിശ്ചിത ഉത്സവമായും യൽദോ പെരുന്നാൾ നിശ്ചിത ഉത്സവമായിട്ടാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഈസ്റ്റർ തീയതി നിർണ്ണയിക്കുന്നതിന് പൗരസ്ത്യ സഭ ആകാശത്തിലെ പൗർണ്ണമിയുമായി ബന്ധമില്ലായെന്ന ചിന്തയും നിലവിലുണ്ട്. പുരാതനമായ "എപ്പകത്തി" കണക്കനുസരിച്ചാണ് പൗരസ്ത്യ സഭ ഈസ്റ്റർ തീയതി കണക്കാക്കുന്നത് എന്ന ചിന്തയും പ്രബലമാണ്.

നിഖ്യാസുന്നഹദോസിൽ ക്യംതാ യഹൂദന്മാരുടെ പെസഹാ ദിവസമോ അതിനുമുമ്പോ ആചരിച്ചുകൂടായെന്നും എല്ലാ ആണ്ടിലും അത് കഴിഞ്ഞുമാത്രം ആചരിക്കണം എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

പെരുന്നാളുകളും വാദ്യമേളങ്ങളും

പഴയനിയമ പെരുന്നാളുകളുടെ എല്ലാം പശ്ചാത്തലം കാർഷിക ഉത്സവങ്ങളായിരുന്നു. ഭൂമിയിൽ പണിയെടുത്ത് കഷ്ടപ്പെടുന്ന മനുഷ്യൻ വർഷത്തിൽ ഒരിക്കൽ ദൈവസന്നിധിയിൽ ഒത്തുകൂടുന്നത് അവരുടെ കൂട്ടായ്മയുടെയും സന്തോഷത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമായിട്ടായിരുന്നു. തപ്പുകളോടും താളങ്ങളോടും അവർ ഈ പെരുന്നാളുകളിൽ പങ്കെടുത്തിരുന്നു. അതുകൊണ്ടുതന്നെ വാദ്യമേളങ്ങൾ പെരുന്നാളുകളുടെ ഭാഗമാണ്. എന്നാൽ സമകാലീന ചുറ്റുപാടിൽ വാദ്യമേളങ്ങൾ പണക്കൊഴുപ്പിന്റെയും ലഹരിയുടെയും കൂത്തരങ്ങുകളായി മാറിയപ്പോൾ നിയന്ത്രണം എന്നനിലയിൽ മാത്രമാണ് ചില പിതാക്കന്മാർ വാദ്യമേളങ്ങളെ നിരുത്സാഹപ്പെടുത്തിയത്.

പെരുന്നാളുകളും പ്രദക്ഷിണവും

പ്രദക്ഷിണങ്ങൾക്ക് രണ്ട് രീതികൾ സഭ നിഷ്ക്കർഷിക്കുന്നു. പെരുന്നാളുകൾക്ക് ദേവാലയത്തിന്റെ വടക്കേ വാതിലുവഴി ഇറങ്ങി ദേവാലയത്തെ വലംവച്ച് തെക്കേ വാതിലുവഴി കയറുന്ന രീതിയും ദു:ഖവെള്ളിയാഴ്ച ശുശ്രൂഷകൾക്ക് തെക്കേവാതിലുവഴി ഇറങ്ങി ദേവാലയത്തെ വലംവച്ച് വടക്കേവാതിലുവഴി ഉള്ളിലേക്ക് പ്രവേശിക്കുന്ന രീതിയും. ആദ്യത്തേത് ക്രിസ്തുവിന്റെ ജയത്തേയും രണ്ടാമത്തേത് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തേയും കുറിക്കുന്നതു മൂലമാണ് ഈ വ്യത്യസ്ത ക്രമീകരണം.

പെരുന്നാൾ പ്രദക്ഷിണങ്ങളുടെ ക്രമീകരണം എപ്രകാരം?

രഹസ്യം എന്ന് സുറിയാനിയിൽ അർത്ഥമുള്ള റോസോ എന്നപദത്തിൽനിന്ന് ഉണ്ടായി എന്ന് വിശ്വസിക്കുന്ന റാസാ എന്ന പദമാണ് ഇന്ന് പൊതുവായി പെരുന്നാൾ പ്രദക്ഷിണത്തെ കുറിക്കുവാൻ ഉപയോഗിക്കുന്നു. റാസാ അതിന്റെ എല്ലാ അർത്ഥത്തിലും ഉപയോഗിക്കപ്പെടുവാൻ കഴിയുന്നത് കത്തോലിക്കാ പാരമ്പര്യത്തിൽ ആയതിനാൽ പൗരസ്ത്യ സഭ പ്രദക്ഷിണം എന്നപദത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. വിശുദ്ധ ബലിപീഠത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന വലിയ ദൗത്യമാണ് പ്രദക്ഷിണങ്ങൾക്കുള്ളത്. തീർത്ഥാടക സമൂഹമായ സഭയുടെ സാക്ഷ്യത്തിന്റെ പ്രഖ്യാപനമായി പ്രദക്ഷിണങ്ങളെ വ്യാഖ്യാനിക്കാം.

യഹൂദന്മാരുടെ ദേവാലയ ആരാധനയിൽ കത്തിച്ച ദീപവും പിടിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങൾ ഉണ്ടായി. ദൈവജനത്തിന്റെ വാഗ്ദത്തദേശത്തേയ്ക്കുള്ള മരുഭൂപ്രയാണം, യരീഹോ വൻമതിലിന്റെ ചുറ്റുമുള്ള ഏഴു പ്രദക്ഷിണം (സഖ്യ. 16:46-50) എബ്രായ ലേഖനത്തിലെ (എബ്രായ

11:30) ദേശത്തുനിന്ന് ബാധകളെ നീക്കുവാനുള്ള ധൂപാർപ്പണം തുടങ്ങിയവ പ്രദക്ഷിണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

കേരളീയ സംസ്കൃതിക്ക് ക്രൈസ്തവ മാനം നൽകിയ ഒന്നാണ് *പ്രദക്ഷിണം* എന്നും *റാസ* എന്നും പറയുന്ന, പെരുന്നാളുകളോട് അനുബന്ധിച്ച് പള്ളിമതിലിനു പുറത്തേയ്ക്കു നടത്തുന്ന *ഊരുവലത്തുകൾ*. യഥാർത്ഥ നസ്രാണി പ്രദക്ഷിണത്തിന് വ്യക്തമായ ഒരു രൂപരേഖയുണ്ട്.

ഏറ്റവും മുമ്പിൽ തീവെട്ടി. അതിനു പിന്നിൽ കൊടി, പിന്നീട് വെട്ടുകുട (*തഴകുട*), അതിനു പിന്നിൽ മുത്തുക്കുടകൾ, മുത്തുക്കുടയ്ക്കു ശേഷം തടിക്കുരിശ്, അതിനു പിമ്പിൽ ഏറ്റവും പിറകിൽ സ്വർണ്ണക്കുരിശു വരുന്ന രീതിയിൽ മറ്റു ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ കുരിശുകൾ. അതിനു പിന്നിൽ കോലുവിളക്ക്, അതിനു പിന്നിൽ ധൂപക്കുറ്റിയേന്തിയ ശുശ്രൂഷകൻ, അതിനു പിന്നിൽ വി. ഏവൻഗേലിയോനും അതിനു അകമ്പടിയായി മെഴുകുതിരികളും. ഏറ്റവും പിന്നിൽ മേക്കട്ടി (*നടപന്തൽ*), നടപന്തലിനുള്ളിൽ മറുവഹസകളാലും കിലുക്കുമണികളാലും അകമ്പടി സേവിക്കപ്പെടുന്ന പൂർണ അംശവസ്ത്രവും വെട്ടുതൊപ്പിയും ധരിച്ച് അരളിക്ക/സ്ലീബാ വഹിക്കുന്ന പട്ടക്കാരൻ. ഇതാണ് ഒരു പ്രദക്ഷിണത്തിന്റെ പരമ്പരാഗത രൂപം. എന്നാൽ തീവെട്ടി, അരുളിക്ക, കോലുവിളക്ക്, വെട്ടുതൊപ്പി മുതലായവ ചില പ്രദേശങ്ങളിൽ മാത്രം കാണുന്ന പാരമ്പര്യമാണ് (പ്രദക്ഷിണത്തിന്റെ മുമ്പിൽ, തീവെട്ടിക്കു പിമ്പിൽ, വേണമെങ്കിൽ ഒരു തടിക്കരിശുമാകാം.) തീവെട്ടിക്കു പിമ്പിലും കുരിശുകൾക്കു മുമ്പിലുമായി വാദ്യമേളങ്ങൾ ക്രമീകരിക്കും. അവയിൽ പ്രഥമ സ്ഥാനം നാടൻചെണ്ടയ്ക്കാണ്. നമ്മുടെ കർത്താവിന്റെ മുന്നോടിയായ വി. യോഹന്നാൻ സ്നാപകനെ പ്രതീകവൽക്കരിക്കുന്ന കോലുവിളക്ക് മുൻകാലങ്ങളിൽ പിറകോട്ടു തിരിച്ചാണ് പിടിച്ചിരുന്നത്. ഈ ക്രമീകരണത്തിന് വ്യക്തമായ വേദശാസ്ത്ര വിശദീകരണവും മലങ്കര സഭ നൽകിയിട്ടുണ്ട്.

5. റാസയോ പ്രദക്ഷിണമോ?

വാച്യാർത്ഥത്തിൽ *പ്രദക്ഷിണം* എന്നതും *റാസ* എന്നതും ശരിയല്ല. ദക്ഷിണഭാഗത്തേയ്ക്ക് (Clockwise) നടത്തുന്നതാണ് പ്രദക്ഷിണം. സുറിയാനി പാരമ്പര്യത്തിൽ ദുഃഖവെള്ളി, വദെ ദൽമിനെ ഇവയൊഴികെയുള്ളവയെല്ലാം അപ്രദക്ഷിണമാണ് (Anticlockwise). എന്നാൽ മലയാളത്തിൽ ഊരുചുറ്റുൽസവങ്ങൾക്ക് *ഊരുവലത്ത്* എന്നു പരക്കെ ഉപയോഗിക്കുന്നുണ്ട്. അതിനാൽ സാങ്കേതികമായി *പ്രദക്ഷിണം* എന്നുപയോഗിക്കുന്നതിൽ തെറ്റില്ല.

റോമൻ കത്തോലിക്കാ പ്രദക്ഷിണങ്ങളിൽ വി. കുർബാന അരളിയ്ക്കായ്ക്കുള്ളിൽ വഹിക്കുന്നതിനാലാണ് റാസ (രഹസ്യം - Mystery) എന്ന നാമം നിലവിൽ വന്നത്. മലങ്കരസഭ അരളിയ്ക്കാക്കുള്ളിൽ ഒരു കുരിശോ വിശുദ്ധരുടെ ചിത്രങ്ങളോ ആണ് സ്ഥാപിച്ചിരിക്കുന്നത്. അതിനാൽ *റാസാ* എന്ന വിശേഷണം അവയ്ക്ക് അനുയോജ്യമല്ല. എന്നാൽ പാടിപ്പതിഞ്ഞ ഒരു പദം എന്ന നിലയിൽ ആരെങ്കിലും റാസാ എന്നുപയോഗിച്ചാൽ അതിനെ വിലക്കേണ്ടതുമില്ല.

6. പ്രദക്ഷിണത്തിൽ വാദ്യമേളങ്ങൾ ഉപയോഗിക്കുന്നത് എന്തിന്?

അടിസ്ഥാനപരമായി ക്രിസ്തുമാർഗ്ഗത്തിന്റെ കേരളീയ വികസനത്തിന്റെ ഭാഗമാണ് പള്ളിമതിലിനു പുറത്തുള്ള പ്രദക്ഷിണങ്ങൾ. പൊതുകേരളീയ സംസ്കൃതിയിൽനിന്നും സമാന്തരമായി വികസിച്ച പള്ളി പ്രദക്ഷിണത്തിനും ക്ഷേത്ര ഊരുവലത്തുകൾക്കും തികച്ചും സമാനതയുണ്ട്. അതിന്റെ ഭാഗമാണ് ഇവയിൽ ഉപയോഗിക്കുന്ന വാദ്യമേളങ്ങൾ.

കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നരീതിയിലാണ് പെരുന്നാൾ പ്രദക്ഷിണങ്ങളെ മലങ്കരസഭ വ്യാഖ്യാനിക്കുന്നത്. ... *കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും* ... പുനരാഗമനം ചെയ്യും എന്ന പഠിപ്പിക്കലാണ് വാദ്യമേളങ്ങളാൽ പ്രതീകവത്കരിക്കപ്പെടുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ മെത്രാൻമ്മാർ പ്രദക്ഷിണത്തിനും വാദ്യമേളങ്ങൾക്കും എതിരായിരുന്നു. തന്റെ അറബിസംസ്ക്കാരമൊഴികെ മറ്റെല്ലാം അക്രൈസ്തവമെന്നു വിശ്വസിച്ചിരുന്ന പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ്, പ്രദക്ഷിണവും വാദ്യമേളങ്ങളും നിരോധിച്ചു. വെച്ചൂട്ടും പള്ളികളിലെ തൂക്കുവിളക്കുപോലും നിരോധിച്ച അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയത്തെപ്പറ്റിയുള്ള അജ്ഞതയും തികഞ്ഞ സങ്കുചിതത്വവുമല്ലാതെ ഈ നിരോധനത്തിനു വേദശാസ്ത്ര അടിത്തറയൊന്നുമില്ല.

കേരളസംസ്കാരം സംഭാവന ചെയ്ത പ്രദക്ഷിണത്തിൽ കേരളീയ വാദ്യങ്ങൾ മാത്രമാവണം ഉപയോഗിക്കുവാൻ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രം കേരളത്തിലെ റോമൻ കത്തോലിക്കർക്കിടയിൽ പ്രചരിച്ച *ബാന്റ്മേളം* എന്ന പാശ്ചാത്യവാദ്യവൃന്ദം പ്രദക്ഷിണങ്ങൾക്ക് ഉപയോഗിക്കുന്നത് അഭികാമ്യമല്ല. പാശ്ചാത്യമെല്ലാം

ക്രൈസ്തവമെന്നും കേരളീയമെല്ലാം വേദവിപരീതമെന്നുമുള്ള തികച്ചും തെറ്റായ കാഴ്ചപ്പാട് ചിലർ ഇക്കാര്യത്തിലും വെച്ചുപുലർത്തുന്നുണ്ട്.

പെരുന്നാൾ എന്നവാക്കിന്റെ അർത്ഥം വലിയ ദിവസങ്ങൾ എന്നാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾ എന്നിവ അനുസ്മരിക്കപ്പെടുവാനും അപ്പോസ്തോലന്മാർ, സഭാപിതാക്കന്മാർ തുടങ്ങിയവരുടെ ജീവിതമാതൃകകളെ സജീവമായി നിലനിർത്തുവാനും. പെരുന്നാളുകൾ നടത്തപ്പെടുന്നു. പെരുന്നാളുകളുടെ ആത്മീയാർത്ഥം നഷ്ടപ്പെടുത്തി ശക്തിപ്രകടനമായും മാറാൻ പാടില്ല. യെശയ്യാവ് 1:13–20, 58, ആമോസ് 4:16 തുടങ്ങിയ വേദഭാഗങ്ങൾ ആത്മീയാർത്ഥം നഷ്ടപ്പെടുത്തുന്ന പെരുന്നാളുകളെപ്പറ്റിയുള്ള ദു:ഖവും ശുദ്ധീകരണവുമാണ് ഉന്നംവെയ്ക്കുന്നത്. ഈ പ്രവാചക സന്ദേശങ്ങൾ കൂടുതൽ ആത്മീയബോധത്തോടെ പെരുന്നാളുകൾ ആചരിക്കുവാൻ ഏവരേയും നിർബന്ധിക്കുന്നു.

22

ഭവന കൂദാശ

ഫാ. ഡോ. ടി. ജെ. ജോഷ്വ

1. എന്തിനാണ് ഭവനകൂദാശ നടത്തുന്നത്?

ഭവനത്തിൽ ദൈവ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും തിന്മയുടെ ശക്തിയെയെല്ലാം ഉച്ചാടനം ചെയ്യുന്നതിനും വേണ്ടിയാണ് ഭവന കൂദാശ നടത്തുന്നത്.

2. ഭവന കൂദാശ നടത്തുന്നത് എപ്പോഴൊക്കെ?

പുതുതായി ഒരു ഭവനം നിർമ്മിച്ചു കഴിയുമ്പോഴും വീടിന്റെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും നിർബന്ധമായും നടത്തണം. സാധാരണയായി, ആണ്ടിലൊരിക്കൽ ഈസ്റ്ററു മുതൽ പെന്തിക്കോസ്തി വരെയുള്ള സമയത്ത് ഭവന കൂദാശ നടത്തുന്ന ഒരു പാരമ്പര്യമാണ് സഭയ്ക്ക് ഉള്ളത്. കൂടാതെ ഭവനത്തിൽ മരണമുണ്ടായാൽ 40-ാം ദിവസം അടിയന്തരത്തോട് ചേർന്ന് നടത്തുന്ന പാരമ്പര്യവും ഉണ്ട്. അതുപോലെ തന്നെ ഭവനത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുമ്പോഴും ഭവനകൂദാശ നടത്താവുന്നതാണ്.

3. ഭവന കൂദാശയ്ക്കുള്ള ക്രമീകരണങ്ങൾ ഏവ?

വെള്ളത്തുണി വിരിച്ച ഒരു മേശയും കുരിശും 2 മെഴുകുതിരികളും നിലവിളക്കും ശുദ്ധജലം വച്ചിരിക്കുന്ന ഒരു പാത്രവും വെള്ളം തളിക്കുവാനുള്ള തളിപ്പും ക്രമീകരിച്ചിരിക്കണം. ഭവനകൂദാശ ചെയ്യുമ്പോൾ പുറത്തേക്ക് ഉള്ള വാതിലുകൾ നിർബന്ധമായും റൂശ്മാ ചെയ്തിരിക്കണം. കാരണം വാതിൽ പടിമേൽ പൂശിയ രക്തത്താൽ ഇസ്രായേൽ ജനത സംഹാരദൂതനിൽ നിന്ന് രക്ഷപ്പെട്ടതുപോലെ പുറത്തേക്കുള്ള വാതിലിൽ ഉള്ള സ്ലീബായുടെ അടയാളം സാത്താന്യശക്തികളിൽ നിന്ന് ഭവനത്തെയും ഭവനക്കാരെയും രക്ഷിക്കുന്നു.

കൂടാതെ ഓരോ മുറിയുടെയും പ്രധാന വാതിലെങ്കിലും റൂശ്മാചെയ്തിരിക്കണം.

അതുപോലെ ഭവനകൂദാശയ്ക്ക് ശുദ്ധീകരിച്ച വെള്ളം സാധാരണയായി കിണറ്റിൽ ഒഴിക്കുന്ന ഒരു പതിവാണുള്ളത്. കാരണം വാഴ്ത്തിയ വെള്ളം ആയതിനാൽ പുറത്തേക്ക് കളയുവാൻ അനുവാദമില്ലാത്തതുകൊണ്ടും കിണറ്റിലെ വെള്ളം ശുദ്ധീകരിക്കുന്നതിനും വേണ്ടിയാണ്. പുറത്തേക്ക് കളഞ്ഞാൽ അതിൽ ചവിട്ടുവാൻ സാധ്യതയുമുണ്ട്.

23

പ്രത്യേക ശുശ്രൂഷകൾ

ഡോ. മാത്യൂസ് മാർ സേവേറിയോസ്

ജനന പെരുന്നാൾ - തീജ്വാല ശുശ്രൂഷ

കർത്താവിന്റെ ജനനപെരുന്നാളിന്റെ രാത്രിയിലാണ് തീജ്വാല ശുശ്രൂഷ നടത്തുന്നത്. ദൈവം ലോകത്തിന്റെ വെളിച്ചം ആണ്. ആ വെളിച്ചം ലോകത്തിലേയ്ക്ക് വന്നു. (വി. യോഹ: 1-ാം അദ്ധ്യായം). സർവ്വ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന പ്രകാശം ലോകത്തിലേക്ക് വന്നു. ആ പ്രകാശമാണ് ക്രിസ്തു. അതുകൊണ്ട് പ്രകാശത്തെ സ്വീകരിക്കുന്നതിനും, വെളിച്ചം ആകുന്ന ക്രിസ്തുവിനെ ഓർമ്മിക്കുന്നതിനും വേണ്ടി ആണ് തീജ്വാല ശുശ്രൂഷ നടത്തുന്നത്. പ്രകാശമായ ദൈവം ലോകത്തിൽ മനുഷ്യനായി അവതരിച്ച സന്ദേശം കേട്ട് സന്ദർശിക്കുവാൻ ആട്ടിടയന്മാർ ചെന്നതിന്റെ ഓർമയിലാണ് തീജ്വാല ശുശ്രൂഷയുടെ പ്രദിക്ഷിണം നടത്തുന്നത്. സർവ്വ ലോകത്തിന്റെ രക്ഷകൻ യേശുവാണ് എന്നതിനാൽ പ്രകാശം മനുഷ്യന്റെ രക്ഷയ്ക്ക് നിദാനമായിരിക്കുന്നു. ആ രക്ഷ മനുഷ്യനെ മാത്രമല്ല, പ്രപഞ്ചത്തിനു മുഴുവാനായിട്ടാണ് എന്നതിനാൽ ഈ ശുശ്രൂഷ മുറ്റത്ത് സൗകര്യമായി നടത്തുന്നു.

കുന്തിരിക്കം ഇടുന്നത്

കുന്തിരിക്കം വിശ്വാസികളുടെ പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് കയറുന്നതിന്റെ അടയാളമായി അർപ്പിക്കുന്നു. യേശുവിന്റെ സുഗന്ധം ലോകത്തിനെല്ലാം രക്ഷയുടെ സുഗന്ധമായി തീരുന്നതിന്റെ അടയാളം അതുപോലെ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ അണയ്ക്കുന്നതിന്റെയും നമ്മുടെ പ്രാർത്ഥനകൾ പരിശുദ്ധാത്മ കൃപയിൽ സ്വർഗത്തിലേക്ക് ഉയരുകയും ചെയ്യുന്നതിന്റെ അടയാളമായിട്ടാണ് കുന്തിരിക്കം സമർപ്പിക്കുന്നത് കണക്കാക്കുന്നത്. വാഴ്ത്തപ്പെട്ട കുരുത്തോല വീട്ടിൽ വച്ച് അലക്ഷ്യമാകാതിരിക്കാൻ വേണ്ടികത്തിച്ചു കളയുന്നു. വിശുദ്ധമായതിനെ അശുദ്ധമാകാതിരിക്കാൻ വേണ്ടി ചെയ്യുന്നു.

ദനഹ വെള്ളം വാഴ്വ്

ലോകത്തിലെ വെള്ളവും, പ്രപഞ്ചവും മനുഷ്യന്റെ പാപം മുഖാന്തിരം അശുദ്ധമായി. യേശുവിന്റെ കാലുകൾ വെള്ളത്തിൽ സ്പർശിച്ചപ്പോൾ ലോകത്തിലെ വെള്ളം മുഴുവൻ ശുദ്ധീകരിക്കപ്പെടുന്നു. ആ അർത്ഥത്തിൽ

കർത്താവിന്റെ സാന്നിധ്യത്തിൽ പ്രപഞ്ചത്തിലെ എല്ലാ വെള്ളവും വീണ്ടും വീണ്ടും ശുദ്ധീകരിക്കപ്പെടുന്നു. അതുകൊണ്ട് പ്രപഞ്ചത്തിന്റെ ഭാഗമായി നാം കുപ്പിയിൽ വെള്ളം വെയ്ക്കുന്നു. അതിന്റെ തലയ്ക്കൽ വയ്ക്കുന്ന കുരിശ് വെള്ളത്തിൽ സ്പർശിക്കത്തക്കവിധം വയ്ക്കുന്നത്. കർത്താവിന്റെ കാലുകൾ വെള്ളത്തിൽ സ്പർശിച്ചപ്പോൾ ലോകത്തിലെ വെള്ളം മുഴുവൻ ശുദ്ധീകരിക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. കർത്താവിന്റെ സ്നാനം, പ്രപഞ്ചത്തിലെ വെള്ളം മുഴുവനേയും, കർത്താവ് വാഴ്ത്തിയതിന്റെ അടയാളമാണ് ദനഹായിലെ വെള്ളം വാഴ്വ്.

ഓശാന - കുരുത്തോല വാഴ്വ്

പ്രപഞ്ചത്തിലെ വൃക്ഷങ്ങളെ മുഴുവനേയും വാഴ്ത്തുന്നതിന്റെ അടയാളം യേശുവിന്റെ രാജകീയ യാത്രയിൽ വൃക്ഷങ്ങൾ കർത്താവിനൊടൊപ്പം പങ്കെടുത്തതിന്റെ അടയാളമായി അന്ന് കുരുത്തോല ഉപയോഗിച്ചു. അതിനാൽ ഇന്നു നാമും അത് ഉപയോഗിക്കുന്നു.

ചില്ലകൾ വെട്ടി ഉപയോഗിച്ചതിന്റെ പ്രതീകമായി നാം പൂക്കൾ ഉപയോഗിക്കുന്നു. മക്കാബിയരുടെ പുസ്തകത്തിൽ പൂക്കളെപ്പറ്റി പറയുന്നു. യൂദ മക്കാബി യേറുശലേമിലേക്ക് വന്നപ്പോൾ പൂക്കൾ വിതറിയിരുന്നു. പൂക്കളും, ചില്ലുകളും, കുരുത്തോലയും പ്രപഞ്ചത്തിലെ മുഴുവൻ വൃക്ഷങ്ങളെ കാണിക്കുന്നു. എല്ലാ വൃക്ഷങ്ങളും മഹത്വരമായ തുല്യത്വത്തിൽ സന്തോഷിക്കുന്നു. അതു മുഖാന്തരമായി എല്ലാ വൃക്ഷങ്ങളും വാഴ്ത്തപ്പെടുന്നു. ഈ കുരുത്തോലയേയും വെട്ടപ്പെട്ട മരത്തേയും വാഴ്ത്തണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. എല്ലാ വൃക്ഷത്തിനുമുള്ള വാഴ്വാണ് നൽകുന്നത്.

വാദേദൽമീനോ

ഇത് ഒരു ശുശ്രൂഷയാണ്. സ്വർഗാരോഹണത്തിലേക്ക് നാം പ്രവേശിക്കുന്ന സമയത്ത് ദൈവം നമുക്ക് വേണ്ടി വാതിൽ തുറക്കുന്നതിന്റെ അടയാളം. മത്തായി 25:1-13-ൽ പത്ത് കന്യകമാരുടെ ഉപമ പറയുന്നു. ഒരുങ്ങിയിരുന്നവർ വാതിൽ തുറന്ന് പ്രവേശിച്ചു. കർത്താവിന് വേണ്ടി ഒരുക്കത്തോടെ വന്നിരിക്കുന്നു. അതുകൊണ്ട് വിരുന്നുശാലയായ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ അനുവാദം തരണം. അനുതാപത്തോടെ ദൈവത്തിന്റെ വാതിൽ മുട്ടുമ്പോൾ വാതിൽ തുറക്കുന്നു. വാതിൽ നമുക്കായി തുറക്ക്പ്പെടുന്നതിന്റെ അടയാളം (വെളി. 3:20).

ഹാശാ ആഴ്ചയിൽ തിങ്കൾ രാത്രി രണ്ടാം കൗമായോട് അനുബന്ധിച്ച് നടത്തുന്നു. ഉപമയിൽ മണവാളനെ മണവാട്ടി എതിരേറ്റ് യാത്ര ചെയ്യുന്നത് രാത്രിയിൽ. അതിനാൽ രാത്രിയിൽ നടത്തുന്നു.

വാദേദൽമീനോ – പ്രവേശനം എന്നാണ് അർത്ഥം. ലമീനോ എന്നതിന് Port or harbour എന്നാണ് പറയുന്നത് ഹാർബ്ബറിലേക്ക് പ്രവേശിക്കുന്നു. ലക്ഷ്യ സ്ഥാനത്ത് എത്തുന്നതിന്റെ അടയാളം. രക്ഷയുടെ തുറമുഖത്ത് പ്രവേശിക്കുന്നതിന്റെ അടയാളം എന്നൊക്കെ അർത്ഥം നൽകാം.

പെന്തക്കോസ്തി

പെന്തക്കോസ്തി ശുശ്രൂഷയ്ക്ക് മൂന്നു ശുശ്രൂഷകളാണ് ഉള്ളത്. മൂന്ന് ശുശ്രൂഷയ്ക്ക് മൂന്നു പാത്രത്തിൽ വെള്ളം എടുക്കണമെന്നില്ല ഒരു പാത്രത്തിൽ വെള്ളം മാറ്റി ഒഴിച്ചാലും മതി. ത്രിത്വത്തിന്റെ പ്രതീകമായി 3 പാത്രം വയ്ക്കുന്നു. 3 ശുശ്രൂഷയ്ക്ക് 3 പാത്രം വയ്ക്കുന്ന രീതിയുമുണ്ട്. ത്രിയേക ദൈവം ഏകമാണ്. ഏകത്വത്തിൽ ത്രിത്വം എന്ന രീതിയിലാണ് പാട്ടുകൾ....

പാതിനോമ്പിൽ ഗോഗുൽത്താ നാട്ടുന്നത്

അഗ്നി സർപ്പത്തിന്റെ കടിയിൽ നിന്നും രക്ഷ നേടുവാനായി മോശ പിത്തള സർപ്പത്തെ പാളയ മദ്ധ്യത്തിൽ ഉയർത്തി അതിൽ നോക്കിയവർ രക്ഷ പ്രാപിച്ചു. പിശാചിന്റെ ആക്രമണത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ലോകത്തിന്റെ നടുവിൽ ക്രിസ്തു ക്രൂശിക്കപ്പെട്ടു. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നോക്കുന്നവർ പാപത്തിൽ നിന്നും രക്ഷപ്രാപിക്കുന്നു. നോമ്പ് പാപത്തിൽ നിന്ന് രക്ഷപെടുവാനുള്ളതാണ്. അതിനാൽ നോമ്പിന്റെ മദ്ധ്യേ കുരിശിനെ നാം നാട്ടുന്നു.

ശുബ്ക്കോനോ

ഒരു പെരുനാളിലേക്ക് അനുതാപത്തോടെ പ്രവേശിക്കുന്നു. വിരുന്നിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി കാലു കഴുകുന്നു. അതുപോലെ ഹൃദയ ശുദ്ധീകരണമാണ് കുറിക്കുന്നത്. പരസ്പരം സമാധാനം നൽകിയുള്ള പ്രവേശനം.

കാൽ കാഴുകൽ

വിനയത്തിന്റെയും, സ്നേഹത്തിന്റെയും, അടയാളം വിരുന്നുശാലയിൽ ഇരിക്കുന്നവർ അതിഥികളെ കാൽ കഴുകുന്നതിന്റെ അടയാളം. കർത്താവ് അത്താഴത്തിന് ശേഷം കാൽ കഴുകുന്നു. സ്നേഹത്തിലും, വിനയത്താലും കാൽ കഴുകുന്നു. എല്ലാ ഓർത്തഡോക്സ് സഭയിലും, മെത്രാപ്പോലീത്താമാരും വൈദികരും, ചേർന്ന് കാൽകഴുകൽ ശുശ്രൂഷ നടത്തുന്നു. ശ്ലീഹന്മാരുടെ പ്രതീകമായി ആർക്കും ഇരിക്കാം.

24

ദൈവാലയം

ഡോ. എം. കുര്യൻ തോമസ്

ദൈവാലയത്തിന്റെ ഘടന?

യഹൂദ സിനഗോഗുകളിൽനിന്നാണ് പൗരസ്ത്യ ദേവാലയങ്ങളുടെ അടിസ്ഥാന രൂപമാതൃക വികസിച്ചത്. വാസ്തുവിദ്യാപരമായി പല പാശ്ചാത്യ സ്വാധീനങ്ങൾക്കും വിധേയമായിട്ടുണ്ടെങ്കിലും മലങ്കരയിലെ പള്ളികൾ ഇന്നും അടിസ്ഥാനപരമായി ഈ മാതൃകയിലാണ്. അനിവാര്യ സാഹചര്യങ്ങളിലൊഴികെ നസ്രാണി ദേവാലയങ്ങൾ കിഴക്കു പടിഞ്ഞാറായി മാത്രമേ സ്ഥാപിക്കൂ. കൗദാശികമായി പള്ളികൾക്കു മൂന്നു ഭാഗങ്ങളുണ്ട്. ഏറ്റവും കിഴക്ക് മദ്ബഹാ. വി. കുർബാന അർപ്പിക്കാനുള്ള ത്രോണോസ് സ്ഥിതിചെയ്യുന്നത് ഇതിനുള്ളിലാണ്. അതിനു പടിഞ്ഞാറ് അഴിക്കകം. ഇതിനു *ഹൈയ്ക്കല* എന്നു പ്രാദേശികമായി പറയും. മാമോദീസാ, വിവാഹം മുതലായ കൂദാശകൾ നടത്തുന്നത് ഇവിടെയാണ്. അതിനും പടിഞ്ഞാറ് പള്ളിയുടെ ഏറ്റവും വിശാലമായ *പ്രാകാരം* എന്ന ഭാഗം. ജനങ്ങൾ നിൽക്കുന്നത് ഇവിടെയാണ്. പ്രാകാരത്തിന് പുറത്ത് മൂന്നു വശങ്ങളിലും വരാന്തയുണ്ടാകും ഇതിന് ദൊർത്തോ (മുറ്റം) എന്നു പറയുന്നു. ഇതിന്റെ പടിഞ്ഞാറെ ഭാഗമാണ് നാടകശാല എന്നറിയപ്പെടുന്നത്. ദേവാലയത്തിന്റെ മദ്ധ്യ ഭാഗത്ത് ബീമായും ഉണ്ടാകും.

പഴയ നസ്രാണി ദേവാലയങ്ങൾക്ക് പ്രയേണ പടിഞ്ഞാറ്, വടക്ക്, തെക്ക് എന്നിങ്ങനെ മൂന്നു വാതിലുകൾ മാത്രമേ ഉണ്ടായിരുന്നൊള്ളു. അവയ്ക്ക് യാഥാക്രമം കരുണുടെ വാതിൽ, പ്രത്യാശയുടെ വാതിൽ, അനുതാപത്തിന്റെ വാതിൽ എന്നൊരു അർത്ഥസങ്കൽപ്പവും ഉണ്ടായിരുന്നു. കിഴക്കോട്ടുള്ള വാതിൽ മഹത്വത്തിന്റെ വാതിലാണ്. മനുഷ്യർ പ്രവേശിക്കരുതാത്ത ആ വാതിലിന്റെ പ്രതീകമായാണ് ഉയർന്ന ജനലോ, വർണ്ണച്ചില്ലിട്ട മൂന്ന് ദ്വാരങ്ങളോ കിഴക്കുവശത്ത് സ്ഥാപിക്കുന്നത്.

മദ്ബഹായോട് ചേർന്ന് തെക്കും വടക്കും മുറികൾ പണിയാറുണ്ട്. മദ്ബഹാ ഉപകരണങ്ങളും ചമയങ്ങളും സൂക്ഷിക്കുക, കുർബാനയപ്പം ഉണ്ടാക്കുക മുതലായവയ്ക്ക് മാത്രം ഉപയോഗിക്കുന്ന ഈ മുറികൾ ഡിയോക്കോനിൻ എന്നാണ് അറിയപ്പെടുക. ഹൈക്കലായ്ക്കു നേരേ തെക്കുവശത്ത് മാമോദീസായ്ക്കായി പ്രത്യേക മുറിയും ചിലയിടങ്ങളിൽ കാണാറുണ്ട്. നസ്രാണി ദേവാലയത്തിൽ മദ്ബഹായുടെ മേൽക്കൂര

ഇതര ഭാഗങ്ങളേക്കാൾ ഉയർന്നിരക്കണം. മദ്ബഹായ്ക്കു മുകളിൽ പ്രാകാരത്തിൽ നിന്നും അഗോചരമായ ഒരു ഭാഗം ഉണ്ടാകും ഇതു മിക്ക വാറും മേൽത്തട്ടിനു മുകൾ ഭാഗമാകും. *തോറാ* എന്നാണ് ഇതിനെ വിവക്ഷിക്കുന്നത്.

1. ത്രോണോസ്

1. a. ത്രോണോസ് പൂക്കളും മറ്റും വച്ച് അലങ്കരിക്കേണ്ടതുണ്ടോ?

നമുക്ക് ത്രോണോസ് വി. ത്രിത്വത്തിന്റെ സാന്നിധ്യമുള്ള സ്ഥലമാണ്. അതുകൊണ്ട് കുർബാനയ്ക്ക് ആവശ്യമുള്ള കുരിശ് മെഴുകുതിരിക്കാലുകൾ, തക്സാ സ്റ്റാൻഡ് മുതലായ സാധനങ്ങൾ അല്ലാതെ മറ്റൊന്നും വയ്ക്കാതിരിക്കുന്നതാണ് നല്ലത്. കാപ്പാകൂട്ടം പോലും ത്രോണോസിൽ വെയ്ക്കരുതെന്നാണ് കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പറഞ്ഞിരിക്കുന്നത്. ഈ വിഷയത്തെപ്പറ്റി ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അഭിപ്രായം... "ത്രോണോസിൽ പുഷ്പങ്ങൾ വെക്കുന്നതിൽ തെറ്റില്ല. പുഷ്പങ്ങൾ വെളുത്തതായിരുന്നാൽ നല്ലത്. പക്ഷേ പ്ലാസ്റ്റിക്ക് പുഷ്പങ്ങൾ അരുത്. ത്രോണോസിൽ പോടിയും മാറാമ്പലും ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് വൈദികന്റെ ചുമതലയാണ്" എന്നാണ്. ഇന്ന് മലങ്കരയിലെ ത്രോണോസുകളിൽ പരക്കെ ഉപയോഗിക്കുന്ന റംശേത്തി എന്ന തടികൊണ്ടുള്ള നിർമ്മിതി പൂച്ചെണ്ടിന്റെ പ്രതീകമാണ്. ഇത് കത്തോലിക്കാ പാരമ്പര്യത്തിൽ നിന്ന് വന്നതാണ്. ഏതായാലും പരമപ്രധാനം വൃത്തി തന്നെയാണന്നതിൽ സംശയമില്ല.

1. b. ഒന്നിലധികം ത്രോണോസുകളുടെ ആവശ്യം എന്തിന്.?

മലങ്കരയിലെ പള്ളികളിൽ ഒന്നിലധികം ത്രോണോസുകൾ ഉണ്ടായതും മൂന്നിന്മേലും അതിനുപരിയും കുർബാന ചൊല്ലുന്ന പതിവ് ഉണ്ടായതും നസ്രാണികളുടെമേൽ കാലാകാലങ്ങളിൽ ഉണ്ടായ വിദേശാധിപത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നസ്രാണി ദേവാലയങ്ങളിൽ ഒന്നിലധികം ത്രോണോസുകൾ അവതരിപ്പിച്ചത് 1500 - 1653 കാലട്ടത്തിലെ റോമൻ കത്തോലിക്കാ ബന്ധമാണ്. നസ്രാണി പാരമ്പര്യമനുസരിച്ച് പള്ളികൾ കിഴക്കു-പടിഞ്ഞാറായി മാത്രം സ്ഥാപിക്കുന്നതിനാൽ പുതുതായി സ്ഥാപിച്ച ത്രോണോസുകളും പള്ളിയുടെ കിഴക്കുവശത്തു മാത്രമായി. സ്വാഭാവികമായും പ്രധാന ത്രോണോസിനു തെക്കും വടക്കുമായി ഓരോ ത്രോണോസുകൾ കൂടി ഇതോടെ സ്ഥാപിതമായി. 1653-ൽ കൂനൻ കുരിശു സത്യത്തോടെ റോമൻ കത്തോലിക്കാ ബന്ധനം അവസാനിപ്പിക്കുകയും 1685-ൽ പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയം മലങ്കര സഭ ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു.

1500 – 1653 കാലഘട്ടത്തിലെ റോമൻ കത്തോലിക്കാ ബന്ധം വിശേഷ ദിവസങ്ങളിലെങ്കിലും ഒന്നിലധികം കുർബാന ചൊല്ലുന്ന രീതി നടപ്പിൽ വരുത്തി. അതോടൊപ്പം ഒന്നിലധികം പട്ടക്കാർ കാർമ്മികരാകുന്ന റാസാ കുർബാനയും. 1653-ൽ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലേയ്ക്കു മടങ്ങിയതോടെ ഇതുരണ്ടും നിഷിദ്ധമായി. ചുരുക്കത്തിൽ, പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ വ്യാപനത്തോടെ വിശേഷദിവസങ്ങളിൽ ഒന്നിലധികം ത്രോണോസുകളിൽ ഒരേസമയം വ്യത്യസ്ഥ വൈദീകർ ഒരേ അനാഫോറാ ഉപയോഗിച്ച് കുർബാന ചൊല്ലുന്ന രീതി നിലവിൽ വന്നു. അങ്ങനെ ആരംഭിച്ച മൂന്നിന്മേൽ കുർബാനയുടെ വികസിത രൂപ മാണ് അഞ്ച്, ഏഴ്, ഒൻപത് മുതലായവ (ഒറ്റ സംഖ്യകൾ മാത്രം.) ദുഃഖ ശനിയാഴ്ച കുർബാനയും പല പള്ളികളിലും ഇടദിവസ കുർബാനകളും ഇന്ന് ഉപത്രോണോസുകളിലാണ് ചെല്ലുന്നത്.

2. ഏവൻഗേലിയോൻ മേശ

2. a. മദ്ബഹായിൽ ഏവൻഗേലിയോൻ മേശയുടെ സ്ഥാനം എവിടെ?

സുറിയാനി പാരമ്പര്യപ്രകാരം മദ്ബഹായുടെ പടിഞ്ഞാറു ഭാഗത്ത് മദ്ധ്യത്തിൽ (വി. കുർബാനയുടെ ഏവൻഗേല്യോൻ വായിക്കുന്ന സ്ഥാ നത്ത്) ആണ് ഏവൻഗേല്യോൻ മേശ സ്ഥിരമായി വയ്ക്കുന്നത്. മെസ പ്പട്ടോമ്യായിലെ ചില സ്ഥലങ്ങളിൽ വി. കുർബാന പടിഞ്ഞാട്ട് എഴുന്ന ള്ളിക്കുമ്പോൾ മാത്രം ഏവൻഗേല്യോൻ മേശ വശത്തേയ്ക്കു മാറ്റും. ചിലടങ്ങളിൽ ഒരിക്കലും അപ്രകാരം മാറ്റാറേയില്ല. മലങ്കരയിൽ പഴയ പതിവനുസരിച്ച് ത്രോണോസിനും മദ്ബഹായുടെ വളവിനും മദ്ധ്യത്തിൽ വടക്കുവശത്ത് സ്ഥിരമായി സൂക്ഷിക്കുന്ന പാരമ്പര്യമാണ് ഉണ്ടായിരു ന്നത്. എന്നാൽ തെക്കുവശത്തു വയ്ക്കുന്ന പാരമ്പര്യവും ചില പ്രദേശ ങ്ങളിൽ നിലവിലുണ്ട്.

3. നമസ്കാരമേശ

3. a. നമസ്കാരമേശയുടെ പ്രാധാന്യം.

നമസ്ക്കാര മേശയുടെ സ്ഥാനവും പ്രാധാന്യവും നമസ്ക്കാരത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടാണ് നിർണ്ണയിക്കുന്നത്. പുരാതനമായിത്തന്നെ സുറിയാനി സഭയിൽ തെക്കും വടക്കും രണ്ടു ഗണങ്ങളായി ആണ് പള്ളി ക്കുള്ളിൽ കാനോനിക നമസ്ക്കാരം നിവർത്തിക്കുന്നത്. കാനോനിക നമസ്ക്കാരങ്ങൾ രചിച്ചിരിക്കുന്നതും ഈ രീതിയിലാണ്. ഇരു ഗണങ്ങ ൾക്കും അവരുടെ നമസ്ക്കാര പുസ്തകം വയ്ക്കത്തക്കവിധം ഇടത്തും വലത്തും രണ്ട് നമസ്ക്കാര മേശകളാണ് അഴിക്കുള്ളിൽ ഉണ്ടാവേണ്ടത്.

പഴയനിയമം വായിക്കുന്നത് ഈ മേശകളിലാണ്. റോമൻ കത്തോലിക്കാ പാരമ്പര്യത്തിൽ നമസ്ക്കാരത്തിന് ഇത്തരം ഒരു സംവിധാനം ഇല്ല.

3. b. എത്ര എണ്ണം? എവിടെ വയ്ക്കണം?

വിവാഹം, ദനഹാ മുതലായ ശുശ്രൂഷകൾ നടത്താനുള്ള മേശയേയും സ്ഥാനത്തേയും പലരും നമസ്ക്കാര മേശയായി തെറ്റിദ്ധരിക്കാറുണ്ട്. ക്രമപ്രകാരം അതിനായി പ്രത്യേക മേശ ക്രമീകരിക്കണമെന്നാണ്. അത്തരം മേശകൾ സ്ഥിരമായി നമസ്ക്കാര മേശകളുടെ മദ്ധ്യത്തിൽ സ്ഥാപിക്കുന്നത് തികച്ചും തെറ്റാണ്. ആവശ്യം വരുമ്പോൾമാത്രമാണ് അത്തരം മേശ അവിടെ ഇടേണ്ടത്. അല്ലാത്ത സമയം അവ എവിടെയെങ്കിലും സൗകര്യപ്രദമായി മാറ്റി വയ്ക്കണം.

പള്ളിയിൽ പ്രവേശിക്കുന്നവർ മദ്ധ്യത്തിലെ ഏവൻഗേല്യോൻ ചുംബിച്ചശേഷം യഥാസ്ഥാനങ്ങളിൽ നിൽക്കുക എന്നതാണ് സുറിയാനി പാരമ്പര്യം. അതു സാദ്ധ്യമാകത്തക്കവിധം ഇരു നമസ്ക്കാര മേശകളുടേയും നടുവിൽ സ്ഥിരമായി ഒരു ഏവൻഗേല്യോൻ മേശ ക്രമീകരിക്കുന്നത് ഉത്തമമാണ്. വിവാഹാദി ശുശ്രൂഷകൾക്കുള്ള മേശ അതത് സമയത്തു മാത്രം അതിനു മുമ്പിൽ ഇടുകയും അത്തരം ശുശ്രൂഷകളുടെ സുവിശേഷഭാഗം വായിക്കാൻ ഈ ഏവൻഗേല്യോൻ മേശ ഉപയോഗിക്കുകയും ചെയ്യാം.

4. മാമോദീസാതൊട്ടി

4. a. മാമോദീസാതൊട്ടിയുടെ സ്ഥാനം എവിടെ?

ഒരുവൻ മാമോദീസായിലൂടെ സഭയിലേയ്ക്കു പ്രവേശിക്കുന്നു എന്ന കാഴ്ചപ്പാടോടെ പള്ളിയുടെ പടിഞ്ഞാറെ വാതിനുള്ളിൽ വലത്തുവശത്തായി ചില സഭകൾ മാമോദീസാ തൊട്ടികൾ സ്ഥാപിക്കാറുണ്ട്. പക്ഷേ സ്നാനാർത്ഥിയെ പള്ളിക്കുള്ളിൽ പ്രവേശിപ്പിച്ച് മദ്ബഹാ മുമ്പാകെ കൊണ്ടുവന്ന് മാമോദീസാ ശുശ്രൂഷയുടെ ഭൂരിഭാഗവും നിവർത്തിച്ചശേഷം തിരികെ കൊണ്ടുപോയി മുക്കുന്നത് അർത്ഥരഹിതമാണ്. മലങ്കരയിൽ ഇന്നു നിലവിലിരിക്കുന്ന പാരമ്പര്യപ്രകാരം പള്ളിയുടെ കിഴക്ക് മദ്ബഹായ്ക്കു താഴെ വലത്തുവശത്തായി ആണ് മാമോദീസാതൊട്ടി സ്ഥാപിക്കുക. അതിനു ചേർന്നു പ്രത്യേക മുറിപണിതും സ്ഥാപിക്കാറുണ്ട്. മാമോദീസായാക്ക് ആവശ്യമായ എല്ലാ വസ്തുക്കളും അതിനു സമീപം തന്നെ സൂക്ഷിക്കും. മലങ്കര സഭ ഇന്നു അനുവർത്തിക്കുന്ന പാശ്ചാത്യ സുറിയാനിക്രമം അനുസരിച്ച് ഇതാണ് യുക്തമായ സ്ഥാനം.

5. തിരശ്ശീല

5. a. തിരശ്ശീലയുടെ പ്രാധാന്യം

തിരശ്ശീലയുടെ ഉപയോഗം പഴയ യഹൂദ ദേവാലയ ആരാധനയിൽ നിന്ന് ക്രമാനുഗതമായി കടമെടുത്തിട്ടുള്ളതാവാം. യെറുശലേം ദൈവാലയത്തിൽ 2 തിരശ്ശീലകൾ ഉണ്ടായിരുന്നു ആദ്യത്തേത് ബലികൾ അർപ്പിച്ചിരുന്ന വി. സ്ഥലത്തെ മറയ്ക്കുന്നതും രണ്ടാമത്തേത് നിയമപെട്ടകം വെച്ചിരുന്ന അതിവിശുദ്ധ സ്ഥലത്തെ മറയ്ക്കുന്നതിനുള്ളതുമായിരുന്നു. വേദപുസ്തകത്തിൽ യേശുക്രിസ്തുവിന്റെ ക്രൂശീകരണ സമയത്ത് ഇതിൽ ആദ്യത്തെ മറയാണ് ചീന്തിപ്പോയത് (വി. മത്തായി 27:51).

യേശുവിന്റെ സമ്പൂർണ്ണ ബലിമുഖാന്തരം വിശുദ്ധ സ്ഥലത്ത് നിലനിന്നിരുന്ന മൃഗബലി അപ്രസക്തമായി. അതേപോലെ സാധാരണക്കാർ നിന്നിരുന്ന സ്ഥലവും മൃഗബലി നടന്നിരുന്ന സ്ഥലവും തമ്മിലുള്ള വ്യത്യാസം ഇല്ലാതെയായി.

തിരശ്ശീല എന്നുള്ളത് സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വേർതിരിവും അതുപോലെ തന്നെ ദൈവവും മാലാഖമാരും തമ്മിലുള്ള വേർതിരിവുമാണ് സൂചിപ്പിക്കുന്നത്. വി. കുർബ്ബാനയിലെ തിരശ്ശീലയുടെ ഉപയോഗത്തെ ഇങ്ങനെ വ്യാഖ്യാനിക്കാം തൂയോബോയുടെ സമയത്ത് അടഞ്ഞിരിക്കുന്ന തിരശ്ശീല പൂർണ്ണമായി വെളിപാട് ലഭിക്കാത്ത സാഹചര്യത്തെ സൂചിപ്പിക്കുന്നു. അതായത് സ്വർഗ്ഗത്തിലെ രഹസ്യം ഇതുവരെ വെളിപ്പെട്ടില്ല എന്നാൽ പുറത്തെ ആരാധനയിലൂടെ നിബിയന്മാരും, പ്രവാചകന്മാരും വഴിയുള്ള ഭാഗിക വെളിപാടിനെ ദൃഷ്ടാന്തപ്പെടുത്തുന്നു. വി. കുർബ്ബാനയുടെ ആരംഭത്തിൽ തുറക്കുന്ന തിരശ്ശീലയിലൂടെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ വെളിപ്പെട്ട സത്യത്തെ സൂചിപ്പിക്കുന്നു. വീണ്ടും മറ അടയ്ക്കുന്നത് അൻപുടയോനെ എന്ന ഗീതം ആലപിക്കുന്ന സമയത്താണ്. ഈ സമയത്ത് മറ അടയുന്നതിലൂടെ കർത്താവിന്റെ കഷ്ടാനുഭവത്തെയും മറ തുറക്കുന്നതിലൂടെ കർത്താവിന്റെ ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു.

5. b. പ്രത്യേക നിറങ്ങൾ

തിരശ്ശീലയ്ക്ക് പ്രത്യേക നിറങ്ങൾ ഉപയോഗിക്കണം എന്ന് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. കാണാൻ ഭംഗിയുള്ളതും, തുറക്കുവാനും അടയ്ക്കുവാനും സാധിക്കുന്ന ഒന്നാകണമെന്നേ വ്യവസ്ഥയുള്ളൂ. പാരമ്പര്യമായി ചുവപ്പിന്റെ വ്യത്യസ്തങ്ങളായ ഭേദങ്ങളും അവയിൽ പച്ച, നീല, സ്വർണ്ണം എന്നീ നിറങ്ങളുടെ അലങ്കാരങ്ങളുമാണ് ഉപയോഗിച്ച് കാണാറുള്ളത്. തിരശ്ശീലയുടെ നടുവിൽ അനുയോജ്യ വലുപ്പത്തിലുള്ള സ്ലീബായുടെ അടയാളം പതിക്കുന്നതും പതിവാണ്. ചില ദേവാലയങ്ങ

ളിൽ വെളുപ്പിന്റെ നിറഭേദങ്ങളും ഉപയോഗിക്കാറുണ്ട്. ഹാശാ ആഴ്ച യിൽ പൊതുവെ കറുത്തനിറം ഉപയോഗിക്കുന്ന രീതി ഇപ്പോൾ സാധാ രണമാണ്.

5. c. എങ്ങനെ തുറക്കണം.

എങ്ങനെ തുറക്കണം എന്നുള്ളതിനെപ്പറ്റിയും വ്യക്തമായ നിർദ്ദേശ ങ്ങൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. വ്യത്യസ്തമായ രീതിയിൽ തുറ ക്കുന്നതിന് തടസ്സമില്ലാ എങ്കിലും പൊതുവെ ദേവാലയ തിരശ്ശീല തുറ ക്കുന്നത് തെക്കുനിന്ന് വടക്കിലേക്കാണ്. (അതായത് മദ്ബഹയ്ക്ക് അഭി മുഖമായി നിൽകുമ്പോൾ വലത്തുനിന്ന് ഇടത്തോട്ട്.)

5. d. എപ്പോഴൊക്കെ തുറക്കണം

ദേവാലയ മറ തുറക്കുന്നത് ധൂപാർപ്പണത്തിന് വേണ്ടിയാണ്. പ്രധാന കൂദാശകൾക്ക് ആദ്യാവസാനം മറ തുറന്നു വയ്ക്കാറുണ്ടെങ്കിലും തുറ ക്കുന്നതിന്റെ പ്രാധാന ഉദ്ദേശം ധൂപം അർപ്പിക്കുന്നതിനുവേണ്ടിയാണ്. ഉദാഹരണത്തിന്, രാത്രി നമസ്ക്കാരത്തിൽ ധൂപാർണ്ണം നടത്തുന്നത് നാലാം കൗമായ്ക്ക് മാത്രമാണ് തന്മൂലം ആ സമയത്ത് മറ തുറക്കുന്നു. ഒമ്പതാം മണി നമസ്ക്കാരത്തിന് ധൂപാർപ്പണം ഇല്ലാത്തതിനാൽ മറ തുറക്കുന്നില്ല. ഇത് വ്യക്തമാക്കുന്നത് ധൂപാർപ്പണം ഇല്ലായെങ്കിൽ മറ വലിക്കേണ്ടതില്ല. ഒരു ദേവാലയത്തിൽ സന്ധ്യാ നമസ്ക്കാരത്തിന് പട്ട ക്കാരൻ സന്നിഹിതനല്ലെങ്കിൽ (ധൂപക്കുറ്റിയിൽ കുന്തിരുക്കം ഇടാൻ ആളില്ല എങ്കിൽ) മറ തുറക്കേണ്ടതില്ല.

6. മെഴുകുതിരി

ആദിമക്രിസ്ത്യാനികൾ ആരാധന നടത്തിയിരുന്നത് ഒന്നുകിൽ വളരെ പുലർകാലത്തിലോ അല്ലെങ്കിൽ ഗുഹകൾക്കുള്ളിലോ ആണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രകാശത്തിന്റെ പ്രായോഗിക ആവശ്യം ഉണ്ടായിരുന്നു. ഇങ്ങനെ ആയിരിക്കാം മെഴുകുതിരി ആരാധ നയുടെ ഭാഗമായിത്തീർന്നത്. എന്നിരുന്നാലും ഇന്നത്തെ എല്ലാ ആരാ ധനയിലും കത്തിച്ച മെഴുകുതിരി ഒരു അടിസ്ഥാന ഘടകമായി മാറിയി രിക്കുന്നു. മെഴുകുതിരിയിലെ കത്തുന്ന തിരി പ്രകാശത്തിന്റെ സൂചനയും ആരാധന സജീവമാക്കുന്നതിന്റെ സൂചനയുമാണ്. ഒന്നുകിൽ പാരമ്പ ര്യമായി ഉപയോഗിക്കുന്നത് മെഴുകുകൊണ്ടുള്ള തിരികളാണെങ്കിലും സൗകര്യാർത്ഥം വൈദ്യുത വിളക്കുകളും ഉപയോഗിക്കാം.

6. a. എത്ര എണ്ണം:

എല്ലാ ആരാധനകൾക്കും കുറഞ്ഞത് ഒന്നും പരമാവധി പന്ത്രണ്ടും

കത്തിച്ച തിരികൾ ഉപയോഗിക്കേണ്ടതാണ്. മെഴുകുതിരികളുടെ എണ്ണവും അതിന്റെ ക്രമീകരണരീതിയും, ബലിപീഠത്തിന്റെ വലുപ്പത്തിനുസരിച്ച് അനുരൂപമാകണം എന്നുള്ളതാണ്. ചില ദേവാലയങ്ങളിൽ മെഴുകുതിരിക്കു പകരം നിലവിളക്കുകൾ ഉപയോഗിക്കുന്ന പതിവും ഉണ്ട്. അത് വി. സ്ലീബായുടെ ഇരുവശങ്ങളിലായി ഒന്നു മുതൽ ആറു തിരികൾ വരെയാണ് ഉപയോഗിക്കാറുള്ളത്.

6. b. എപ്പോഴൊക്കെ കത്തിക്കണം

മദ്ബഹായുടെ തിരശ്ശീല എപ്പോഴൊക്കെ തുറക്കുന്നുവോ അപ്പോഴൊക്കെ ഒരു തിരിയെങ്കിലും കത്തിച്ചിരിക്കേണ്ടതാണ്. വടക്കിനുള്ള പൊതു പ്രാധാന്യം പരിഗണിച്ച് തിരികൾ ത്രോണോസിൽ വടക്കുനിന്ന് കത്തിക്കേണ്ടതാണ്.

പൊതുവെ കാനോനിക നമസ്ക്കാരങ്ങൾക്ക് ഒരെണ്ണവും, വിപുലമായ കൂദാശകൾക്ക് എല്ലാ തിരികളും കത്തിക്കുന്ന രീതിയാണുള്ളത്. എപ്പോഴൊക്കെ വി. ത്രോണോസിൽ നിന്ന് തിരുശരീര രക്തങ്ങൾ എടുക്കുന്നുവോ അപ്പോഴൊക്കെ കത്തിച്ചതിരികൾ അനുധാവനം ചെയ്യേണ്ടതാണ്. ഇതേചട്ടം വി. ഏവൻഗേലിയോനും ബാധകമാണ്. സൂത്താറ നമസ്ക്കാരത്തിൽ രണ്ടു മെഴുകുതിരികൾ കത്തിക്കുന്നതിനെപ്പറ്റിയുള്ള വിവരണം 'കാനോനിക നമസ്ക്കാരങ്ങൾ" എന്നുള്ള ഭാഗത്ത് നല്കിയിരിക്കുന്നു.

7. നിലവിളക്ക്/കൽവിളക്കിന്റെ ഉപയോഗം

ഇതിനെപ്പറ്റിയും കാനോനിക നിർദ്ദേശങ്ങളില്ല. ഇത് പൊതുവെ അടുത്തകാലത്ത് പ്രാദേശിക പാരമ്പര്യങ്ങളിൽ നിന്ന് വളർന്നുവന്ന രീതി ആകാം. ദേവാലയത്തിനു നടുവിലുള്ള വിളക്ക് ഒരുപക്ഷെ ബീമയ്ക്ക് പകരം ക്രമീകരിച്ചതാകാം.

8. ധൂപക്കുറ്റി

ധൂപാർപ്പണം പഴയനിയമകാലത്തു മുതൽ ആരാധനയുടെ ഭാഗമായിരുന്നു. എന്നാൽ ധൂപകലശത്തിന്റെ ഘടന എപ്രകാരമായിരുന്നു എന്ന് നിശ്ചയമില്ല. ഇന്ന് നാം ഉപയോഗിക്കുന്ന ധൂപക്കുറ്റി രണ്ട് തട്ടും നാല് ചങ്ങലകളും ചങ്ങലയിൽ 12 മണികളും ഉണ്ട്. ധൂപക്കുറ്റിയുടെ തട്ടുകൾ ഭൂമിയേയും സ്വർഗ്ഗത്തേയും ചങ്ങലകൾ വിശുദ്ധ ത്രിത്വത്തെയും ചങ്ങലയിലെ 12 മണികൾ ശ്ലീഹന്മാരെയും ചങ്ങലയിലെ കൊളുത്തുകൾ അറിയിപ്പുകാരെയും സൂചിപ്പിക്കുന്നു.

8. a. ധൂപം വീശുന്നതിന്റെ രീതി

ആദ്യം ത്രോണോസ് വീശി മുത്തുകയും പിന്നീട് ഏവൻഗേലിയോനും, വടക്ക് തെക്ക് ത്രോണോസുകൾക്കും നേരെ വീശി വണങ്ങുകയും, തുടർന്ന് ജനത്തിന് നേരെ ധൂപം വീശുകയും ചെയ്യുന്നു. എന്നാൽ ഗോൽഗോത്താ മദ്ബഹായിലുള്ള സമയങ്ങളിൽ ഏവൻഗേലിയോനു ശേഷം അതിനു നേരെ വീശുകയും മുത്തുകയും മെത്രാപ്പോലീത്താ സന്നിഹിതനാണെങ്കിൽ അദ്ദേഹത്തിനു നേരെ വീശുകയും കൈമുത്തുകയും വേണം.

8. b. ധൂപം വീശുമ്പോൾ കുരിശു വരയ്ക്കുന്നത് എന്തിന്?

ധൂപം വീശുമ്പോൾ കുരിശ് വരയ്ക്കുന്നത് ധൂപത്തെ സ്വീകരിക്കുന്നതിന്റെയും അതിനെ ആദരിക്കുന്നതിന്റെയും അടയാളമായിട്ടാണ്.

9. മണി

ദേവാലയ മണിയുടെ പ്രധാന ഉദ്ദേശ്യം ആളുകൾക്ക് അറിയിപ്പ് നൽകുക എന്നതാണ്. വലിയമണി പ്രാർത്ഥനാ സമയത്തെയും, ചെറിയമണി ആരാധനയിലെ പ്രധാന ഭാഗത്ത് ജനങ്ങൾക്ക് ശ്രദ്ധലഭിക്കുന്നതിനുവേണ്ടിയും ഉപയോഗിക്കുന്നു.

9. a. എണ്ണം

മണി മുഴക്കുന്നതിനെ സംബന്ധിച്ച് എത്രഎണ്ണം വേണമെന്ന് വ്യക്തമായ രേഖകൾ കാണാനില്ല. എന്നാൽ പ്രാദേശിക രീതി അനുസരിച്ച് ഒറ്റമണിയും, ഇരട്ടമണിയും മുഴക്കാറുണ്ട്. ആകെ എത്ര മണി അടിക്കണമെന്നും പ്രത്യേകിച്ച് നിർദ്ദേശങ്ങളില്ല. 12, 24, 30 എന്നീ എണ്ണത്തിൽ മുഴക്കാറുണ്ട്. സാധാരണയായി പ്രഭാതത്തിൽ 30 ഉം സന്ധ്യയ്ക്ക് 33 ഉം മണി അടിക്കാറുണ്ട്. പ്രധാന ഉദ്ദേശ്യം പ്രാർത്ഥനാസമയത്തെക്കുറിച്ച് അറിവ് ജനങ്ങൾക്കു നൽകുക എന്നതുമാത്രമാണ്.

വി. കുർബ്ബാന ത്രോണോസിൽ നിന്ന് ഉയർത്തുമ്പോഴും, പടിഞ്ഞാറേക്ക് എഴുന്നള്ളിക്കുമ്പോഴും മണി ഉപയോഗിക്കാറുണ്ട്. പടിഞ്ഞാറോട്ട് കുർബ്ബാന എഴുന്നള്ളിക്കുമ്പോൾ മണിശബ്ദം സൂചിപ്പിക്കുന്നത് കർത്താവിന്റെ രണ്ടാംവരവിന്റെ സമയത്തെ മാലാഖമാരുടെ കാഹള ധ്വനിയാണെന്ന് വ്യാഖ്യാനം ഉണ്ട്.

പ്രദക്ഷിണ സമയത്തും, മെത്രാപ്പോലീത്തമാരുടെ എഴുന്നെള്ളത്തു സമയത്തും മണിമുഴക്കാറുണ്ട്. കഷ്ടാനുഭവ ആഴ്ചയിൽ ഒറ്റമണി നാദം മുഴക്കാറുണ്ട്. ഇത് ആ സമയത്തെ വിഷാദാത്മകതയും പ്രാധാന്യവും സൂചിപ്പിക്കുന്നതിനാണ്.

10. മറുബഹസ

മറുബഹസകൾ മാലാഖമാരുടെ സാന്നിധ്യത്തെയാണ് പ്രതീകവത്ക്കരിക്കുന്നത്. ആദ്യകാലത്ത് മറുബഹസകളുടെ പ്രായോഗിക പ്രയോജനം ഒരു വിശറി എന്നുള്ള തലത്തിലായിരുന്നു എന്നാൽ കാലക്രമത്തിൽ അത് ഇന്നത്തെ രൂപത്തിലേക്ക് വളർച്ച പ്രാപിച്ചു. ചെറുമണികൾ ഉപയോഗിക്കുന്നതുപോലെ ആരാധനയിലെ പ്രധാനഭാഗങ്ങളെ സൂചിപ്പിക്കുവാൻ മുഴുക്കുന്നു.

11. നടുഭാഗം ഒഴിച്ചിട്ടിരിക്കുന്നതിന്റെ ആവശ്യം എന്ത്?

ആദ്യ കാലങ്ങളിൽ പുരുഷന്മാർ മുൻപിലും സ്ത്രീകൾ പുറകിലുമായിട്ടാണ് ആരാധനയിൽ സംബന്ധിച്ചിരുന്നത്. ഇരുവശങ്ങളിലും ഉള്ള വേർതിരിവ് ഉണ്ടായിരുന്നില്ല. പ. ഔഗേൻ ബാവായുടെ കാലത്താണ് സ്ത്രീ പുരുഷന്മാർ ഇരുവശങ്ങളിലുമായി നിൽക്കുന്ന രീതി നിലവിൽ വന്നത്.

എന്നാൽ ഇന്ന് നടുഭാഗം വേർതിരിച്ച് ഇടുകയും അവിടെ സാധാരണയായി ചുവപ്പ് കാർപ്പെറ്റോ, ടൈലുകളോ ഇട്ട് ഭംഗിയാക്കുകയും ചെയ്യുന്നു. കൗദാശികമായി മുഖ്യശുശ്രൂഷകന് ധൂപം വീശുവാനുള്ള സൗകര്യം എന്നതിലുപരി, വാങ്ങിപ്പോയ പിതൃക്കളോടുള്ള ബഹുമാന സൂചകമാണ് ഈ ഒഴിച്ചിട്ട സ്ഥലം. ഇതിനെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. വി. കുർബാനയിൽ പങ്കെടുക്കുന്നത് ജീവിച്ചിരിക്കുന്നവർ മാത്രമല്ല. ദൃശ്യസഭയും അദൃശ്യസഭയും അതിൽ പങ്കാളികളാണ്. വാങ്ങിപ്പോയവരുടെ ആത്മാക്കൾക്കായി ആണ് പള്ളിയുടെ മദ്ധ്യഭാഗം ഒഴിച്ചിടുന്നതെന്നാണ് സാധാരണയായി പറയപ്പെടുന്ന പൗരസ്ത്യ പാരമ്പര്യം.

യഹൂദ സിനഗോഗുകളുടെ രൂപരേഖയിൽനിന്നാണ് പൗരസ്ത്യ ദേവാലയഘടന രൂപം കൊണ്ടത്. സിനഗോഗുകളിൽ വി. ഗ്രന്ഥം – തോറ – വായിക്കുന്ന ബീമായുടെ സ്ഥാനത്താണ് ഇന്ന് വലിയ വിളക്കു തൂക്കുന്നത്. ബീമായും വിളക്കും ഒഴികെ മറ്റു വസ്തുക്കൾകൊണ്ട് പള്ളിയുടെ മദ്ധ്യഭാഗം നിറയ്ക്കരുത്.

12. **ഇരിപ്പിടങ്ങൾ ഉപയോഗിക്കുന്നതിൽ വിലക്കുണ്ടോ?**

വിശ്വാസപരമായി പള്ളിക്കുള്ളിൽ ഇരിക്കാൻ അനുവദിച്ചിട്ടുള്ളതിനാൽ ഉചിതമായ ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നതിൽ തെറ്റില്ല. ഓർത്തഡോക്സ് സഭാവിജ്ഞാനീയം പള്ളിക്കുള്ളിലെ ഇരിപ്പിടങ്ങൾക്കെതിരായി യാതൊരു നിബന്ധനയും വെച്ചിട്ടില്ല. എന്നു മാത്രമല്ല, ഹൂദായകാനോൻ കശ്ശീശന്മാരെ വി. മദ്ബഹായ്ക്കുള്ളിൽ കസേരകളിൽ ഇരിക്കാൻ അനുവദിച്ചിട്ടുമുണ്ട്.

കേരളീയ സംസ്കാരം ദേവസ്ഥാനങ്ങളിലെ ഇരിപ്പിടത്തെ പ്രോൽസാഹിപ്പിക്കാത്തതിനാൽ അവയുടെ ഉപയോഗം യുക്തിഭദ്രമായിരിക്കണമെന്നുമാത്രം. ഒരു പ്രദേശത്ത് *ഇരിപ്പിട സംസ്ക്കാരം* രൂപപ്പെടുന്നത് യഥാർത്ഥത്തിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ടാണ്. കേരളത്തിൽ ഉയർന്ന ഇരിപ്പിടങ്ങൾ വികസിച്ചില്ല. ഉന്നതസ്ഥാനികൾക്കുമുമ്പിൽ ഇരിക്കുക എന്നതുതന്നെ കേരള സംസ്ക്കാരത്തിൽ വർജ്ജ്യമായിരുന്നു; ദേവസ്ഥാനത്ത് അചിന്ത്യവും. അതിനാൽ രാജ്യത്തെ ദിവാൻപോലും നിലത്ത് *ദണ്ഡുചാവട്ടയിൽ* ഇരുന്ന് ഭരണം നടത്തിയ കേരളത്തിലെ നസ്രാണി പള്ളികളിൽ ഉയർന്ന നാൽക്കാലി ഇരിപ്പിടങ്ങൾ ഉണ്ടായില്ല.

25

കുമ്പിടീൽ ആരാധനയിൽ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

? ഞായറാഴ്ച ദിവസങ്ങളിൽ കുമ്പിടാത്തത് എന്തുകൊണ്ട്?

☐ ഞായറാഴ്ച മാത്രമല്ല മോറോനോയോ (പ്രധാന) പെരുന്നാളുകളിലും ഉയിർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലും വി. കുർബ്ബാന മദ്ധ്യേയും കുമ്പിടേണ്ടതില്ലെന്നാണ് നിർദ്ദേശം.

കുമ്പിടീൽ (സാഷ്ടാംഗ പ്രണാമം) അനുതാപത്തിന്റെ അനുഷ്ഠാനമാകുന്നു. എന്നാൽ ഞായറാഴ്ചയും മോറോനോയോ പെരുന്നാളും ഉത്സവദിനങ്ങളത്രെ. സന്തോഷമാണ് ഈ ദിവസങ്ങളുടെ അടിസ്ഥാന ഭാവം. അതുകൊണ്ട് കുമ്പിടീൽ വേണ്ടെന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് എല്ലാ പെരുന്നാളുകളിലും വലിയ പെരുന്നാളത്രെ. എല്ലാ ഞായറാഴ്ചയും ഉയിർത്തെഴുന്നേൽപ്പിന്റെ ഓർമ്മയാണ് സഭ പുതുക്കുന്നത്. ഉയിർപ്പിന്റെ സന്തോഷം ഞായറാഴ്ച ദിവസങ്ങളിലും ഉയിർപ്പ് ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും നിറഞ്ഞു നിൽക്കുന്നു. പ്രധാന പെരുന്നാൾ ദിനങ്ങളിലും ഇതേ ഭാവം തന്നെയാണ് നിറഞ്ഞു നിൽക്കുന്നത്. എല്ലാ പെരുന്നാളുകളിലും അനുതാപത്തോടെയാണ് നാം സംബന്ധിക്കുന്നത്. അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലി നുറുങ്ങിയ ഹൃദയത്തോടെ പെരുന്നാളുകളിൽ സംബന്ധിക്കുന്നതിന് നാം ഒരുങ്ങുന്നു. എന്നാൽ ഞായറാഴ്ചകളുടെയും പ്രധാന പെരുന്നാളുകളുടെയും മുഖ്യമായ ഭാവം സന്തോഷത്തിന്റേതാണ്. ആയതിനാൽ ഈ ദിനങ്ങളിൽ കുമ്പിടേണ്ടതില്ല എന്ന് സഭ നിർദേശിക്കുന്നു. ഞായറാഴ്ചയും മോറോനായോ പെരുന്നാളുകളിലും ഉയിർപ്പുഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും കുമ്പിടേണ്ടതില്ലെന്ന് അനുശാസിക്കുന്നതിന് മറ്റൊരു കാരണവും കൂടിയുണ്ട്. ഈ ദിനങ്ങളെല്ലാം ഉയിർത്തെഴുന്നേല്പിന്റെ ഓർമ്മയാണ് പുതുക്കുന്നതെന്ന് ഓർമ്മിപ്പിച്ചുവല്ലോ. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശാരീരികനിലയും നിന്നുകൊണ്ടുള്ള ആരാധനയും തമ്മിൽ ശാരീരികതലത്തിൽ പരസ്പരം പൊരുത്തപ്പെട്ടിരിക്കുന്നു.

വി. കുർബാന അനുഭവിക്കുമ്പോൾ മുട്ടുകുത്തുന്ന പതിവ് പാശ്ചാത്യ സഭകളിലുണ്ട്. മധ്യകാല യുഗങ്ങളിൽ (12 മുതൽ 15 വരെ നൂറ്റാണ്ടുകൾ) പാശ്ചാത്യ സഭയിൽ ആവിർഭവിച്ചതാണ് ഈ പതിവ്. ആദിമ സഭയിൽ (പാശ്ചാത്യ സഭയിലും പൗരസ്ത്യ സഭയിലും) മുട്ടുകുത്തി വി.

കുർബാന അനുഭവിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. പൗരസ്ത്യ സഭകൾ ഈ പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുന്നു. എല്ലാ പൗരസ്ത്യ സഭകളിലും പുരോഹിതരായാലും വിശ്വാസികളായാലും നിന്നുകൊണ്ടാണ് വി. കുർബാന അനുഭവിക്കുന്നത്. ഇവിടെയെല്ലാം കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സന്തോഷത്തോടെ ആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്യണമെന്ന തത്വം സഭ സ്വീകരിച്ചിരിക്കുന്നുവെന്ന് കാണാം.

? വി. കുർബാനാനുഭവത്തിന് ശേഷം അന്നു തന്നെ കുമ്പിടാൻ പാടുണ്ടോ? മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കാമോ?

☐ കുമ്പിടുന്നതും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതും പ്രധാനമായും അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും ഭാഗമാണ്. എന്നാൽ ആഹ്ലാദമാണ് വി. കുർബാനയുടെ അടിസ്ഥാനഭാവം. അതുകൊണ്ട് വി. കുർബാനാനുഭവത്തിന് ശേഷം കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതുആരാധനയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ വി. കുർബ്ബാന അനുഭവിക്കുന്നതു തന്നെ നിന്നുകൊണ്ടാണ്. ഇത് പുരാതനകാലം മുതലുള്ള സഭയുടെ പാരമ്പര്യമാണ്. വി. കുർബ്ബാനാനുഭവത്തിനു ശേഷം മാത്രമല്ല വി. കുർബ്ബാനയുടെ അനുഷ്ഠാന സമയത്തും ആരാധക സമൂഹം കുമ്പിട്ടോ മുട്ടിന്മേൽ നിന്നോ പ്രാർത്ഥിക്കുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. ഇതും മുൻപറഞ്ഞ കാരണംകൊണ്ട് തന്നെയാണ്.

എന്നാൽ അതേസമയം വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ വി. കുർബ്ബാനാനുഷ്ഠാനത്തോടനുബന്ധിച്ച് നാലു പ്രാവശ്യം മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നുണ്ട്. മൂന്നു പ്രാവശ്യം രഹസ്യമായും ഒരു പ്രാവശ്യം പരസ്യമായും. ഒരുക്കശുശ്രൂഷയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവത്തിന് തൊട്ടു മുമ്പും വി. കുർബാനയുടെ അന്ത്യത്തിലും പുരോഹിതൻ രഹസ്യമായി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപ്രമാണം കഴിഞ്ഞ് വി. ത്രോണോസിന്റെ പദവിയിൽ നിന്നുകൊണ്ട് വി. കുർബ്ബാനയുടെ പ്രധാനഭാഗം ആരംഭിക്കുന്നതിന് മുമ്പ് പുരോഹിതൻ പരസ്യമായും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ജനത്തിന് മുഴുവനുംവേണ്ടി മദ്ധ്യസ്ഥത അണച്ചുകൊണ്ടും അതിനായി തന്നെ പ്രാപ്തനാക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുമാണ് പുരോഹിതൻ ഈ സമയം പ്രാർത്ഥിക്കുക. എന്നാൽ ഈ സന്ദർഭങ്ങളിലെല്ലാം ജനങ്ങൾ നിന്നുകൊണ്ടു തന്നെയാണ് പ്രാർത്ഥിക്കുന്നത്. ചുരുക്കത്തിൽ വി. കുർബാനയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവിച്ചതിനുശേഷം അന്നും കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതു ആരാധനയിൽ വേണ്ടതില്ല എന്നാണ് സഭയുടെ നിയമം. എന്നാൽ ജനങ്ങളുടെ പ്രതിനിധിയായി ദൈവസന്നിധിയിൽ മുട്ടുകുത്തി മദ്ധ്യസ്ഥത അണയ്ക്കുന്നതിന് പുരോഹിതന് വിശേഷാൽ അധികാരവും നൽകിയിരിക്കുന്നു.